കേരളപാഠാവലി

(രണ്ടാം ഫാറത്തിലേയ്ക്കു്)



തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിൽനിന്നും
നിയമിച്ച കമ്മിറ്റി തയ്യാറാക്കിയതു്.

[പകർപ്പവകാശം ഗവണ്മെൻറിനു്]

PRINTED BY
THE S. G. P. AT THE GOVERNMENT CENTRAL PRESS,
TRIVANDRUM
1955

കേരളപാഠാവലി

ANWARUL ISLAM HIGH SCHOOL
2495
ERNAKULAM

(രണ്ടാം ഫാറത്തിലേയ്ക്ക്)

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നും
നിയമിച്ച കമ്മിറ്റി രചിച്ചതു്.

[പകർപ്പവകാശം ഗവണ്മെൻറിനു്]

വില 12 ണ

1955

പരിഷ്കരണക്കമ്മിറ്റി അംഗങ്ങൾ:

ശ്രീ. പി. ഐ. ഗോപാലപിള്ള, എം. എ.,
പ്രൊഫസ്സർ, എം. ജി. കോളേജ്

" എം. രാമകൃഷ്ണൻനായർ, എം. എ., എൽ. റ്റി.,
ട്രെയിനിംഗ്കോളേജ്, തിരുവനന്തപുരം.

" കെ. നാരായണൻനായർ, എം. എ., ബി. എൽ.,
ടെക്സ്റ്റ്ബുക്ക് സ്പെഷ്യൽ ആഫീസർ.

(സംയോജകൻ)

———

NUR UL ISLAM HIGH SCHOOL
2495
EDAVANNA

പാഠാവലി

പാഠം.			പുറം.
1	പ്രാർത്ഥന	(നീലകണ്ഠരുപ്പ്)	1
2	പിതൃഭോജനം	(നാടകം)	2
3	തൊഴിലിന്റെ മേന്മ	....	17
4	തൈമാവ്	(ജീ. ശങ്കരക്കുറുപ്പ്)	22
5	ഹ്ളാറൻസ് നൈറ്റിംഗേൽ	....	24
6	മനുഷ്യരും മൃഗങ്ങളും	(ഒന്നാം ഭാഗം)	30
7	മനുഷ്യരും മൃഗങ്ങളും	(രണ്ടാം ഭാഗം)	35
8	കൊച്ചുകിളി	(എൻ. കുമാരനാശാൻ)	40
9	ജീമൂതവാഹനൻ	....	41
10	കണ്വാശ്രമം	(കുഞ്ഞിക്കുട്ടൻ തമ്പുരാൻ)	50
11	വീരനായ രാജകുമാരൻ	(നാടകം)	53
12	സ്വർണ്ണം	....	65
13	ഫലിച്ച പ്രാർത്ഥന	(ഉള്ളൂർ)	74
14	ഒരു തുള്ളി വെള്ളത്തിന്റെ ആത്മകഥ	....	77
15	ശക്തൻ തമ്പുരാൻ	....	86
16	ഉദ്യാനദേവത	(വള്ളത്തോൾ)	97
17	പഞ്ചേന്ദ്രിയങ്ങൾ	....	99
18	ചട്ടമ്പിസ്വാമികൾ	....	108
19	സേതുബന്ധനം	(ഇരുപത്തിനാലുവൃത്തം)	115
20	പിതൃകാരുണ്യം	....	119
21	ജവഹർലാലും ജയിലിലെ ജന്തുക്കളും	....	123
22	ഉണ്ണിയേശു	(മേരി ജാൺ)	133
23	ഡേവിഡ് ലിവിങ്സ്റ്റൺ	....	135
24	സഹകരണം	....	148
25	കാലനില്ലാത്ത കാലം	(നമ്പ്യാർ)	153
26	നഗരവും ഗ്രാമവും	....	155
27	ശശികല (ജ്ഞാനനാടകം)	....	163
		(പാലാ നാരായണൻ നായർ)	
28	അഗ്നിപർവ്വതങ്ങൾ	....	169

NAVIRUL ISLAM HIGH SCHOOL

കേരളപാഠാവലി

(രണ്ടാം ഫാറത്തിലേയ്ക്ക്)

പാഠം 1

പ്രാർത്ഥന

ചരൺ

ജഗദധീശ രാത്രിയും ശശാങ്കതാരകങ്ങളും
പകലുമർക്കബിംബവും നിറഞ്ഞ മേഘജാലവും
മൃഗഖഗപക്ഷിവൃക്ഷ പുഷ്പശൈലവൃന്ദവും
മികവിൽ നിന്നെറ വൈഭവങ്ങളും വാഴ്ത്തിടുന്നു
[ദൈവമേ. 1

ഗഗനമെന്തൊരത്ഭുതം! സമുദ്രമെന്തൊരത്ഭുതം!
നിഖിലജീവജാലജീവനെന്നതെന്തൊരത്ഭുതം!
സകലതും രചിച്ചതോക്കിലഖിലനാഥനായ നീ
സകലശക്ത, നിൻപദം നമിച്ചിടുന്നു ഞാൻ
[വിഭോ. 2

ദീനരിൽ കൃപാരസം കലർന്നലിഞ്ഞിടേണമെൻ-
മാനസം, ഭവാനതിന്നു കരുണ ചെയ്ക സന്തതം
ഊനമററ ചിത്തശുദ്ധി കൃത്യസക്തി തൃപ്തിയും
ഞാനിളച്ചിടായ്വതിന്നു നീ കടാക്ഷമേകണം. 3

ശോഭയിജ്ജഗത്തിനുള്ളതൊക്കെ നഷ്ടമാക്കിടും
താപമച്ഛനമ്മമാക്കുമാക്കുമാന്നിടാതെയും
കോപമത്സരാദിയെൻ മനസ്സിലേശിടാതെയും
നീ തരിച്ചു കാത്തുകൊൾക ഞങ്ങളെട്ടയാനിധേ. 4

രമ്യമായ മേടമേൽ സുഖിച്ചു ഞാനിരിക്കിലും
കമ്മശക്തികൊണ്ടു വല്ല ചെറ്റയിൽ കിടക്കിലും
എന്മനസ്സുധർമ്മചിന്ത വിട്ടിരിപ്പതിന്നു നീ
ചിന്മയ പ്രഭോ, കനിഞ്ഞനുഗ്രഹിക്ക ദൈവമേ. 5

ക്ഷണമൊരേടമന്നു പോകവേ ക്ഷയിച്ചിടുന്ന ജീവിതം
ഗുണമസംഖ്യമാളുകൾക്കു ചെയ്തിടേണ്ടതുണ്ടു വൻ
ഉണ്ണുവ്വൊടെന്നുമെൻ പ്രവൃത്തി സമയനിഷ്ഠയോടു ഞാൻ
അണുവിടാതെ ചെയ്യുമാറനുഗ്രഹിക്ക ദൈവമേ. 6

തുഷ്ടി ഞാൻ നിമിത്തമെന്റെ നാട്ടിനും ജഗത്തിനും
പുഷ്ടിയാൻ കാണ്മതിന്നെനിക്കു ഭാഗ്യമേകണം
ശിഷ്ടസംഗമത്തിനുള്ള യോഗവും ഭവിക്കണം
വിഷ്ടപേശ, ഭക്തലോകപാല, നാഥ, പാഹിമാം. 7

[നീലകണ്ഠക്കുറുപ്പ്.

———

പാഠം 2

പിതൃദർശനം

(ഗദ്യനാടകം)

കഥാപാത്രങ്ങൾ:—

1. റസ്റ്റം—പുരാതന പേർഷ്യാ രാജ്യത്തിലെ സുപ്രസിദ്ധനായ ഒരു രാജാവു്
2. സോറാബ്—റസ്റ്റത്തിന്റെ പുത്രൻ
3. ഖെയ്ഖുശ്രു—പേർഷ്യയിലെ രാജാവു്
4. താനിമാ—സോറാബിന്റെ മാതാവു്

രംഗം 1

[സ്ഥലം—അസർബൈജാൻ രാജ്യം—അരമനയിലെ അന്തഃപുരം. സമയം—രാത്രി പത്തരമണി. താനിമായും പുത്രനും കസേരകളിൽ ഇരിക്കുന്നു.]

താനിമ—കുഞ്ഞേ, അത്താഴം കഴിഞ്ഞിട്ടു വളരെ നേരമായല്ലോ, നീ ഉറങ്ങാൻ പോകാത്തതെന്തു്? വെളുപ്പിനു് പുറപ്പെടാനുള്ളതല്ലേ? (സൂക്ഷിച്ചു നോക്കീട്ടു്) നിനക്കു് ഇന്നെന്താണു് ഒരു വല്ലായ്മ?

സോറാബു്—അമ്മയോടു് മുൻപു പലപ്പോഴും ഞാൻ ചോദിച്ചിട്ടുള്ള കാര്യത്തിനു് ഇന്നു് മറുപടി പറയണം. അതു കേട്ടിട്ടേ ഞാൻ ഉറങ്ങുന്നുള്ളൂ.

താ—ആവശ്യമില്ലാത്തതൊന്നും അറിയേണ്ട. ആക്രമണത്തിനു് ആരംഭിക്കുന്ന ആ ഷായെ ആട്ടിയോടിച്ചു് നമ്മുടെ നാടിനെ രക്ഷിക്കാം. ഈശ്വരൻ നിന്നെ അനുഗ്രഹിക്കും.

സോ—അമ്മയുടെ അനുഗ്രഹംകൊണ്ടു് നാളത്തെ പുറപ്പാടിൽത്തന്നെ അതു സാധിക്കാം. എന്നാൽ എന്റെ അപേക്ഷ സാധിക്കാതെ ഒഴികഴിവു പറഞ്ഞാൽ—

താ—നീ ജയിച്ചുവന്നിട്ടു് എല്ലാം പറയാം.

സോ—(എഴുനേറ്റിട്ടു്) അതു പോരാ അമ്മേ, ഇന്നുതന്നെ പറയണം.

താ—അങ്ങനെ ശാഠ്യം പിടിക്കരുതു കുഞ്ഞേ! ഇളയ നാളത്തെ ഈ ശാഠ്യം ഇരുപതു വയസ്സായിട്ടും മാറാതിരുന്നാലോ!

സോ—അതുതന്നെയാണ് എന്റെ സങ്കടം. ഇരുപതു വയസ്സായിട്ടും എനിക്ക് അച്ഛനെ കാണാൻ സാധിച്ചില്ലല്ലോ!

താ—കഴിഞ്ഞ കഥകൾ ഓർത്തു് എന്റെ ഉള്ളു നീറിപ്പോകുന്നു. കഷ്ടം! പേഷ്വാരാജ്യം അഭിമാനംകൊള്ളുന്ന ഒരു മഹാവീരനാണു നിന്റെ പിതാവു്.

സോ—അദ്ദേഹം എവിടെയാണു് എന്നു പറയണം.

താ—നിന്റെ അച്ഛൻ എന്നെ വിവാഹം ചെയ്തതു് ദായാദികളുടെ സമ്മതത്തോടുകൂടെ അല്ലായിരുന്നു. അതിനാൽ ഞങ്ങളുടെ വിവാഹം രഹസ്യമായി സൂക്ഷിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു.

സോ—അദ്ദേഹത്തിന്റെ പുത്രനോടും ആ പരമാർത്ഥം പറഞ്ഞുകൂടെന്നോ?

താ—പറയാം; എന്നാൽ അതു് നീ ആരെയും അറിയിക്കരുതു്. പ്രസിദ്ധിയേറിയ സാഹൻവംശക്കാരെപ്പറ്റി എന്റെ മകൻ കേട്ടിട്ടുണ്ടോ?

സോ—അവർ പേർഷ്യയിലെ ഒന്നാമത്തെ കുടുംബക്കാരാണല്ലോ.

താ—സാഹനു് വളരെ പ്രായമായിട്ടും സന്താനമുണ്ടായില്ല. അനേകം നോയ്മുകളും വഴിപാടുകളും കഴിച്ചു് ഉണ്ടായ ഉണ്ണിയാണു് സാൽ. അദ്ദേഹം നിന്റെ അച്ഛന്റെ അച്ഛൻ.

സോ—അതു ഞാൻ കേട്ടിട്ടില്ല.

താ—സാലിന്റെ തലമുടി മുഴുവൻ വെളുത്തിരുന്നു. അതു് ദുർലക്ഷണമാണെന്നു് ജോത്സ്യന്മാരും മറ്റു പലരും

പറഞ്ഞു. സാഹൻ അതുകേട്ടു വിശ്വസിച്ചു് ആപത്തുണ്ടാകുമെന്നു ഭയന്നു് കുട്ടിയെ അകലെ ഒരു പാറപ്പുറത്തു് ഉപേക്ഷിച്ചുപോന്നു.

സോ—ക്രൂരമായ അന്ധവിശ്വാസം!

താ—അതുകൊണ്ടു തരക്കേടൊന്നും പറ്റിയില്ല. ദിവ്യമായ ഒരു കഴുകൻ ശിശുവിനെ കൊത്തിയെടുത്തു് മലമുകളിലേയ്ക്കു കൊണ്ടുപോയി. പറന്നുപോകുമ്പോൾ ഒരു അശരീരിവാക്യം കേട്ടു. "ഇതിനെ നീ നല്ലവണ്ണം രക്ഷിക്കണം. ഇവന്റെ പുത്രൻ പേഷ്യയ്ക്കു് ഒരു രക്ഷാകവചവും പഴ്സസ്യരാജ്യങ്ങൾക്കു് ഒരു ദീപവും ആയി ശോഭിക്കും." റസ്സം എന്നുവച്ചാൽ രക്ഷാകവചം എന്നാണു് അർത്ഥം.

സോ:—(തുള്ളിച്ചാടിക്കൊണ്ടു്) സുപ്രസിദ്ധനായ റസ്സമാണോ എന്റെ അച്ഛൻ? ഞാൻ ഭാഗ്യവാൻതന്നെ.

താ:—മുഴുവൻ കേൾക്കൂ. ആ കഴുകൻ മനുഷ്യശിശുവിനെ ഏറെനാൾ വളർത്തി. ഇതിനിടയ്ക്കു് പുത്രനെ ഉപേക്ഷിച്ചതിനാൽ സാഹൻ കഠിനമായി പശ്ചാത്തപിച്ചു കാലംകഴിച്ചുകൂട്ടി. അദ്ദേഹം വൃദ്ധനും ആയി. ഒരു രാത്രി അദ്ദേഹത്തിനു് ഒരു സ്വപ്നമുണ്ടായി. പുത്രൻ മരിച്ചിട്ടില്ലെന്നും, എൽബഴ്സിലെ ചന്ദനക്കാടുകളിൽ അന്വേഷിച്ചാൽ കണ്ടുകിട്ടുമെന്നും സ്വപ്നത്തിൽ ഒരു ദിവ്യൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. സാഹൻ കാടുകളിൽ തേടിനടക്കുമ്പോൾ ദിവ്യാശ്വം പുത്രനെക്കൊണ്ടുചെന്നു് കാഴ്ചവയ്ക്കുകയും ചെയ്തു. മലമുകളിൽ പാർത്തിരുന്ന കാലത്തു് അത്ഭുതശക്തികളും സാലിനസിദ്ധിച്ചു. അതെല്ലാം പിതൃസ്വത്തായി നിന്റെ അച്ഛനും ലഭിച്ചു.

സോ—വെറുതെയല്ല അച്ഛൻ അമാനുഷമായ വീര്യശൗര്യങ്ങളും കാണിക്കുന്നതു്.

താ—ശരിയാണു്. അദ്ദേഹത്തിനു ദിവ്യശക്തിയുണ്ടു്. സപനാമധേയം തന്നെയാണു് അദ്ദേഹത്തിന്റെ പോർവിളി. "റസ്റ്റം, റസ്റ്റം" എന്നു് അട്ടഹസിച്ചുകൊണ്ടു് അദ്ദേഹം പാഞ്ഞടുക്കുമ്പോൾ ഒരു പെരുമ്പടവരുന്നതുപോലെ എതിരാളിക്കു തോന്നും. ആ സമയത്തു് റസ്റ്റത്തിനെ എതിർത്തവർ ഒരുത്തനും ജീവനോടെ മടങ്ങിപ്പോയിട്ടില്ല!

സോ—അച്ഛൻ എന്താണമ്മേ നമ്മെ കാണാൻ വരാതിരിക്കുന്നതു്?

താ—രാജധാനിയിൽ യുദ്ധം ഉണ്ടായിരിക്കുന്നതിനാൽ ഉടനെ എത്തണമെന്നു് ഷായുടെ ആജ്ഞ വന്നു. അല്ലെങ്കിൽ അദ്ദേഹം പോകയില്ലായിരുന്നു. പോകുന്ന സമയത്തു്, പുത്രൻ ജനിച്ചാൽ അറിയിക്കണമെന്നു് പ്രത്യേകം ചട്ടംകെട്ടി. പുത്രനു സമ്മാനം കൊടുക്കാൻ അദ്ദേഹം ഒരു വിശിഷ്ടരത്നം എന്നെ ഏൽപ്പിക്കയും ചെയ്തു. അതാണു് നിന്റെ വലത്തെ കൈയ്യിൽ കെട്ടിയിട്ടുള്ളതു്. അതു വെറും ഒരു ആഭരണമല്ല. അതിന്റെ കേവണത്തിന്റെ മഹത്വശക്തിയും, ദുഷ്ടരായ സാലിനെ തിരിച്ചുകൊടുക്കുന്ന മുദ്ര കൊത്തീട്ടുണ്ടു്.

സോ—(കൈക്കെട്ടഴിച്ചു് രത്നം നോക്കീട്ടു് അതു് മൂന്നിൽ വച്ചു നമസ്കരിക്കുന്നു) നാളത്തെ യാത്രയിൽ ഷായെ തോൽപ്പിക്കാനുള്ള ഉത്സാഹം തീരെ പോയിരിക്കുന്നു. അച്ഛനെ കാണാനാണു് ഇനി എന്റെ ശ്രമം.

താ—ആൺകുട്ടിയാണു ജനിച്ചതു് എന്നറിഞ്ഞാൽ അദ്ദേഹം വന്നു കൊണ്ടുപൊയ്ക്കളയുമെന്നു് ഞാൻ വിചാരിച്ചു. അതിനാൽ ജനിച്ചതു് ഒരു പുത്രിയാണെന്നേ ഞാൻ അറിയിച്ചുള്ളൂ. അതു് ഒരു തെറ്റായിപ്പോയി. അതിനു ഞാൻ എന്തു പശ്ചാത്തപിച്ചിട്ടുണ്ടെന്നു് എനിക്കേ അറിയാവൂ.

സോ—(താനിമായുടെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു്) അമ്മയുടെ അനുഗ്രഹംകൊണ്ടു് ഞാൻ ഉദ്ദേശം സാധിക്കും.

താ—നിനക്കു വിജയമുണ്ടാകട്ടെ.

(രണ്ടുപേരും പോകുന്നു.)

രംഗം 2

[സ്ഥലം:—പേർഷ്യാരാജാവിന്റെ കൊട്ടാരം. സമയം—രാത്രി ഏഴുമണി. ഷാ ഖെയ്ഖുശ്രു സിംഹാസനത്തിൽ ഇരിക്കുന്നു. റസ്തം ഷായോടു ചേർന്നു നിൽക്കുന്നു]

ഷാ—എന്തിനാണു നാം റസ്തമിനെ വരുത്തിയതെന്നു മനസ്സിലായോ?

റസ്തം—വരുംവഴിക്കു് അടിയൻ ചിലതൊക്കെ കേട്ടു.

ഷാ—ഒരു പയ്യൻ—എന്താണവന്റെ പേരു്?—ഓ!—സോറാബ്—അവൻ നമ്മുടെ രാജസ്ഥാനംകൈയ്യേറാൻ വരുന്നുവത്രേ!

റ—തിരുമേനിക്കു് എന്താണു് ഇത്ര പരിഭ്രമം? ഒരു പയ്യൻ വിചാരിച്ചാൽ എന്തു സാധിക്കും?

ഷാ—അങ്ങനെയല്ല. അവനെ സഹായിക്കാൻ പലരും കൂടീട്ടുണ്ടത്രെ. ടാർടർപ്പടയ്ക്കു പുറമേ പല വമ്പുക്കാരും ചേന്നിട്ടുണ്ട്.

റ—നമ്മുടെ സൈന്യവും ചെറുതല്ലല്ലോ.

ഷാ—സൈന്യത്തെ അയയ്ക്കാതിരുന്നില്ല. എന്നാൽ ഇപ്പോൾ അവൻ അടവു് ഒന്നു മാറ്റിയിരിക്കയാണു്. ഓരോരുത്തരെയായി ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചിരിക്കുന്നു.

റ—അതു നല്ലതാണല്ലോ. അധികം നാശം കൂടാതെ കഴിക്കാം.

ഷാ—ദ്വന്ദ്വയുദ്ധത്തിൽ അവനു കുറേ സാമർത്ഥ്യമുണ്ടെന്നു തോന്നുന്നു. നമ്മുടെ മല്ലന്മാരും പല സേനാനായകന്മാരും പരീക്ഷിച്ചുനോക്കി. ഭരയസ്സു്, ഹസ്രുസ്സു്, ഡ്യൂർസ് എല്ലാവരും പോയി. ഇന്നു മൊറുദും വീണ എന്നു് അല്പം മുൻപു് അറിഞ്ഞു.

റ—(അല്പം ആലോചനയോടെ) സാരമാക്കാനില്ല. നമുക്കു വേറെയും ആളുണ്ടല്ലോ.

ഷാ—അതു പോരാ. കൂടുതൽ നാശംകൂടാതെ കഴിക്കണം അതിനായിട്ടാണു് റസ്റ്റത്തിനുതന്നെ നാം അയച്ചതു്.

റ—ചെറുപ്പക്കാർ ആരെങ്കിലും പോകുന്നതല്ലേ നല്ലതു്? യുവാക്കന്മാരോടു് എതിരിടാൻ യുവാക്കന്മാർ തന്നെ വേണം.

ഷാ—എന്താണു റസ്റ്റം പരിഭവിക്കുന്നതു്? നാം ഈയിടെ ചില ചെറുപ്പക്കാരെ പട്ടാളത്തിൽ എടുത്തതിനെ

സൂചിപ്പിച്ചാണോ പറയുന്നതു്? അവക്കെല്ലാം താഴ്ന്ന സ്ഥാനങ്ങളല്ലേ കൊടുത്തിട്ടുള്ളു. നായക സ്ഥാനം റസ്റ്റത്തിനെ ഉദ്ദേശിച്ചു വച്ചിരിക്കയാണു്.

റ—അടിയനു് ഇനി ഉദ്യോഗത്തിനു മോഹമില്ല; സൗകര്യവുമില്ല. പിതാവിനു് വാർദ്ധക്യമായി. അദ്ദേഹത്തിന്റെ കണ്ണുകാലികളെ മോഷ്ടിക്കുവാനും ഭൂമി കയ്യേറാനും അഫ്ഗാൻകാരും മറ്റു കൊള്ളക്കാരും തക്കം നോക്കിയിരിക്കയാണു്. ഇടയിടെ ചില ആക്രമണങ്ങളും നടക്കുണ്ടായി. അടിയൻ അടുത്തുണ്ടെങ്കിൽ അവയ്ക്കൊക്കെ ഒരു ശമനമുണ്ടു്. അദ്ദേഹത്തിന്റെ തൃശ്രൂഷയ്ക്കും മറ്റാരുമില്ല. ഈ സോറാബിനെപ്പോലെ പരാക്രമശാലിയായ ഒരു പുത്രൻ ഉണ്ടാകണമെന്നു് എത്ര ആഗ്രഹിച്ചു! ഒരു പെൺകുട്ടിയെയാണു് ഇടയശ്വരൻ തന്നതു്.

ഷാ—(ചൊടിപ്പിക്കാൻ) ഇതെന്തു്? ധീരനായ റസ്റ്റം നിരാശനാകുന്നോ? ശത്രു വാതിൽക്കൽ വന്നു വെല്ലുവിളിക്കുമ്പോഴാണോ പെണ്ണുങ്ങളെപ്പോലെ കരയാൻ തുടങ്ങുന്നതു്? ഛായ്—മോശം, മോശം—ഇതാ വന്നിരിക്കുന്ന യുവാവു് റസ്റ്റത്തിനെത്തന്നെ ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചിരിക്കയാണു്, മനസ്സിലായോ? റസ്റ്റമോ, ഒരു കിഴട്ടുലുബ്ബനെപ്പോലെ കിട്ടിയ യശോനിധി പുറത്തെടുക്കാതെ ഉപയോഗിക്കുന്നു. ചെറുപ്പക്കാർ അതു തട്ടിക്കൊണ്ടുപോകുമെന്നു് ഭയപ്പെടുന്നു. ഇപ്പോൾ പിൻവലിഞ്ഞാൽ ഇതുവരെ സമ്പാദിച്ച യശസ്സെല്ലാം പൊയ്പോകയില്ലേ?

റ:—(അമർഷത്തോടെ) എന്താണു് ഇങ്ങനെ ഭയയില്ലാതെ കല്പിക്കുന്നതു്? റസ്റ്റത്തിനെ തിരുമനസ്സിലേയ്ക്കു നല്ല

പരിചയമുണ്ടല്ലോ ! ഒരിടത്തെങ്കിലും പിൻവാങ്ങിയതായി കേട്ടിട്ടുണ്ടോ ? യുവാവായാലെന്ത് ? പ്രൗഢനായാലെന്ത് ? വീരനായാലെന്ത് ? പടക്കളത്തിൽ റസ്റ്റത്തിനു് എല്ലാവരും ഒന്നുപോലെ തന്നെ. റസ്റ്റം നിധി കാക്കുന്നതെങ്ങനെയെന്നു നാളെ കാണിച്ചു കൊടുക്കാം.

ഷാ—(സന്തോഷം മറച്ചുകൊണ്ടു്) റസ്റ്റം ക്ഷോഭിക്കാനല്ല നാം പറഞ്ഞതു്! പേർഷ്യാരാജ്യത്തിന്റെ കീർത്തി ഇതുവരെ ശുഭ്രമായിത്തന്നെ കാത്തു. നമ്മുടെ കാലത്തു് അതിനു കളങ്കം പറ്റിയാൽ—

റ—(അടങ്ങിട്ടു്) തിരുമേനി ഒട്ടും വ്യാകുലപ്പെടേണ്ട. (കുറെ ആലോചിച്ചിട്ടു്) അടിയൻതന്നെ പോകാം. എന്നാൽ—

ഷാ—തടസ്സം ഒന്നും പറയേണ്ട. റസ്റ്റംതന്നെ പോകണം.

റ—തടസ്സമല്ല, മീശ മുളയ്ക്കാത്ത ഒരു പയ്യനോടു് എതിരിടാൻ റസ്റ്റം പോകേണ്ടിവന്നു എന്നു വരുന്നതു് പേർഷ്യാരാജ്യത്തിനുതന്നെ കുറവല്ലേ ?

ഷാ—പിന്നെ എന്തു വേണം എന്നാണു് അഭിപ്രായം ?

റ—അടിയൻ വേഷംമാറി പൊയ്ക്കൊള്ളാം. റസ്റ്റം പടയ്ക്കു പോകുന്നു എന്നു് ആരും അറിയാതിരുന്നാൽ മതി.

ഷാ—നല്ല അഭിപ്രായം. നമുക്കും അതു സമ്മതംതന്നെ. ഈ വർത്തമാനം രഹസ്യമായി വയ്ക്കാം.

റ—അടിയൻ.

ഷാ—നാളെ വൈകുന്നേരം നമുക്കു് വിജയവർത്തമാനം കൊണ്ടുവരണം.

റ:—പേർഷ്യാരാജസ്ഥാനത്തെ ദൈവം രക്ഷിക്കട്ടെ.

(രണ്ടുപേരും പോകുന്നു.)

രംഗം 3

[സ്ഥലം—ഓക്ലസ് നദിയുടെവിശാലമായ മണൽപ്പുറം. സമയം—പകൽ രണ്ടുമണി. പടക്കളത്തിന്റെ ഇരുഭാഗത്തുമായി രണ്ടുപക്ഷത്തുമുള്ള സൈന്യങ്ങൾ അണിനിരന്നു. സോറാബ് യുദ്ധത്തിനു തയ്യാറായി നിൽക്കുന്നു.]

സോറാബ്—ഇന്നു് ഒരു പുതിയആൾ വരുന്നെന്നു കേട്ടു. ആരെങ്കിലും വരട്ടെ. (അങ്ങോട്ടുമിങ്ങോട്ടും ലാത്തിക്കൊണ്ടു്) എത്ര മല്ലന്മാരെ വീഴ്ത്തി. ഇതുവരെ ഞാൻ ആഗ്രഹിച്ച ആളെ കണ്ടില്ലല്ലോ! എവിടെയെല്ലാം ആരോടെല്ലാം അന്വേഷിച്ചു? ഒരിടത്തുമില്ല. ആക്കും അറിഞ്ഞുകൂടാ. റസ്റ്റം അത്ര അപ്രസിദ്ധനോ?

(കുതിരക്കുളമ്പടി കേൾക്കുന്നു.)

സോ—(ശ്രദ്ധിച്ചിട്ടു് പിൻതിരിഞ്ഞു നോക്കിക്കൊണ്ടു്) അതാ ഒരാൾ കുതിരപ്പുറത്തു വന്നിറങ്ങി. അയാൾ ആയിരിക്കും ഇന്നത്തെ എതിരാളി. (സൂക്ഷിച്ചു നോക്കിയിട്ടു്) അമ്പോ ഈയാളുടെ ഉയരം! മാറിന്റെ വിരിവു്!

റസ്റ്റം—(സാവധാനം എതിർഭാഗത്തുകൂടെ പ്രവേശിക്കുന്നു. സോറാബിനെ നോക്കിയിട്ടു് ആത്മഗതം) ഷാ പറഞ്ഞതു പരമാർത്ഥംതന്നെ. ഇയാൾക്കു് മീശ കുരുത്തുതുടങ്ങിയതേ ഉള്ളു. നല്ല സുമുഖൻ. എനിക്കു് ഉണ്ടായതു് ആൺകുട്ടിയായിരുന്നെങ്കിൽ ഇവനെപ്പോലെയിരുന്നേനെ. ഇവനോടു് എന്തോ എനിക്കു വാത്സല്യം തോന്നുന്നു. (അടുത്തുചെന്നിട്ടു്) നീ എന്താണു് ഈ പ്രായത്തിൽ മല്ലയുദ്ധത്തിനു് ഇറങ്ങിയതു്? എനിക്കു്

അതിൽ വളരെ പരിചയമുണ്ട്. എന്നുമാത്രമല്ല, നോക്കൂ, എനിക്കും ഇരുമ്പു തൊപ്പിയും ഇരുമ്പു ചട്ടയും ഉണ്ട്. നിനക്കു കവചം ഇല്ലല്ലോ.

സോ—ചട്ടകളല്ല യുദ്ധത്തിനു കായ്യം. ആകട്ടെ, അങ്ങു് ആരാണു്?

റ—അതു് എന്തിനു് അറിയുന്നു?

സോ—എതിരാളി ആരെന്നു് അറിഞ്ഞാൽ യുദ്ധം ചെയ്യാൻ രസം കൂടും.

റ—പേർഷ്യായിലെ ഒരു പ്രഭു എന്നു മാത്രം അറിഞ്ഞാൽ മതി.

സോ—അങ്ങു് ആണോ റസ്റ്റം?

റ—(പുച്ഛത്തോടെ) റസ്റ്റം! റസ്റ്റം നിന്നോടു യുദ്ധത്തിനു വരുമെന്നു വിചാരിക്കുന്നോ?

സോ—കഷ്ടം! ഞാൻ റസ്റ്റത്തിനെ കാണാമെന്നു് ആശിച്ചിരുന്നു.

റ—റസ്റ്റത്തിനെ കാണാൻ ഇത്ര ആഗ്രഹം എന്തു്?

സോ—(സ്വാഭിപ്രായം മറച്ചുകൊണ്ടു്) അദ്ദേഹത്തെ തോല്പിക്കാൻ തന്നെ.

റ—അത്ര അഹങ്കാരമോ നിനക്കു്. പേർഷ്യായിലെ ഏകവീരനായ റസ്റ്റത്തിനെ തോല്പിച്ചുകളയാമെന്നോ? റസ്റ്റത്തിനെ കാണുമ്പോൾ മഹാരഥന്മാർ പിൻതിരിഞ്ഞു് ഓടും. നിന്റെ അതിമോഹങ്ങൾ കെട്ടിവച്ചിട്ടു ഞാൻ പറയുന്നതു കേൾക്കൂ. വാൾവച്ചു കീഴടങ്ങു്. അല്ലെങ്കിൽ നിന്റെ പ്രേതം ഈ മണൽക്കാടിലെ നരികൾക്കും കഴുകന്മാർക്കും തീറ്റിയാകും.

സോ—എന്റെ ശബ്ദം വാക്കിലല്ലെന്നു മനസ്സിലാക്കണം.

റ—എന്നാൽ വാക്കു വേണ്ട, ഇനി ആയുധംതന്നെ ഉത്തരം പറയും.

(റസ്റ്റം കുന്തംകൊണ്ടു കുത്തുന്നു. സോറാബ് ചാടി ഒഴിയുന്നു. സോറാബ് വാൾ വീശി പൊങ്ങിച്ചാടി വെട്ടുന്നു. റസ്റ്റത്തിന്റെ ഇരുമ്പുതൊപ്പിയിൽ തട്ടി ഒച്ച കേൾക്കുന്നു. തൊപ്പിക്കു മുകളിലുള്ള അങ്കവാൽ അറ്റു വീഴുന്നു.)

റ—ആഹ്ഹാ! അത്രയ്ക്കായോ? ഇതേവരെ ആരും എന്റെ തൊപ്പി തട്ടീട്ടില്ല.

(റസ്റ്റം ഒരു ഉഗ്രൻ ഗദയെടുത്ത് ആഞ്ഞു അടിക്കുന്നു. സോറാബ് ഒഴിഞ്ഞുകളയുന്നു. അടി നിലത്തുകൊണ്ടു ഗദ തെറിച്ചുപോകയും റസ്റ്റം കാൽവഴുതി വീഴുകയും ചെയ്യുന്നു.)

സോ:—(വാളുമായി അടുത്തു ചെന്നിട്ട്) ഇത്ര ഭയമില്ലാതെ അടിക്കാമോ? ഗദയാണല്ലോ ഓക്സസ് മണൽപ്പുറത്തു ചിതറിയതു; എന്റെ എല്ല് അല്ലല്ലോ. ഈ കിടപ്പിൽ അങ്ങയെ കൊല്ലാൻ എനിക്കു കഴിയും. എങ്കിലും ഞാൻ അതു ചെയ്യുന്നില്ല. ചെറുപ്പമാണെങ്കിലും ഞാൻ പലരോടും പൊരുതിയിട്ടുണ്ട്. ഒരു എതിരാളിയോടും എനിക്ക് ഇത്ര ബഹുമാനം തോന്നിയിട്ടില്ല.

റ—(വേഗത്തിൽ എഴുന്നേറ്റിട്ട്) ഫ്? നിന്റെ ദയ വേണമോ എനിക്ക്? നൂറ്റം വയ്ക്കുന്ന പെൺകുട്ടികളെപ്പോലെയാണോ അങ്കം വെട്ടുന്നതു? ആണുങ്ങളെപ്പോലെ നേരെ നിന്നു പൊരുതു. എന്നെ അവമാനിച്ചതിന്റെ ഫലം കാണിച്ചുതരാം.

(രണ്ടുപേരും ഭയങ്കരമായി യുദ്ധം ചെയ്യുന്നു.)

റ—(ആത്മഗതം) എന്തു്! ഇവനെ ജയിക്കാൻ പ്രയാസമെന്നു തോന്നുന്നല്ലോ. നേരം എരിഞ്ഞടങ്ങാറായി. എനിക്കു കൈ തളരുന്നു. നാവു വരളുന്നു. അവനു് ഒരു ക്ഷീണവും കാണുന്നില്ല. ആകട്ടെ, അവസാനത്തെ കൈതന്നെ നോക്കാം.

(പിന്നോക്കം വാങ്ങിനിന്നു് 'റസ്റ്റം, റസ്റ്റം' എന്ന പോർവിളിയോടു് കുന്തവും നീട്ടി അടുക്കുന്നു.)

സോ—(ആത്മഗതം) അഹോ! അമ്മ പറഞ്ഞുകേട്ട ആ പോർവിളിതന്നെ; അതേ വാക്കുകളും! ഞാൻ ഭാഗ്യവാൻ!

(യുദ്ധം ചെയ്യാതെ നോക്കിക്കൊണ്ടു നിൽക്കുന്നു. വാളും കൈയിൽ നിന്നു വീഴുന്നു. റസ്തത്തിന്റെ കുന്തം മാറത്തേറ്റു് സോറാബു് 'അച്ഛാ അച്ഛാ!, എന്നു വിളിച്ചുകൊണ്ടു നിലത്തു വീഴുന്നു.)

റ—(വിളി ശ്രദ്ധിക്കാതെ അടുത്തു ചെന്നിട്ടു്) കഷ്ടം! അതിമോഹത്തിന്റെ ഫലം ഇങ്ങനെതന്നെ. പേർഷ്യയുടെ മാനം അപഹരിച്ചുകളയാമെന്നായിരുന്നു നിന്റെ വിചാരം.

സോ—(കിടക്കുന്ന കിടപ്പിൽത്തന്നെ) വമ്പു പറയേണ്ട. അങ്ങല്ല, റസ്റ്റമാണു് എന്നെ വീഴ്ത്തിയതു്. റസ്റ്റം എന്ന ആ വിളി കേട്ടില്ലായിരുന്നെങ്കിൽ—എന്റെ അച്ഛന്റെ നാമധേയം കേട്ടില്ലായിരുന്നു എങ്കിൽ—അങ്ങയെപ്പോലെ പത്തു പേർ എതിർത്താലും ഞാൻ വീഴുകയില്ലായിരുന്നു.

റ—(ആദ്യം സംശയിച്ചിട്ട്; പിന്നീട് ധൈര്യത്തോടെ) എന്തു്! അസംബന്ധം പുലമ്പുന്നോ? റസ്റ്റം നിന്റെ അച്ഛനോ? റസ്റ്റത്തിനു് ഒരു മകളേ ഉള്ളല്ലോ.

സോ—അങ്ങനെയല്ല. അദ്ദേഹത്തിനു മകളല്ല, മകനാണു് ഉള്ളതു്. ആ മകനാണു് ഈ മരിക്കുന്ന സോറാബു്. മകളാണെങ്കിലായതെന്നു് അമ്മ വെറുതെ പറഞ്ഞതാണു്; അച്ഛൻ ചെന്നു കൊണ്ടുപോരാതിരിക്കാൻ. കഷ്ടം! അമ്മ ഈ വർത്തമാനം അറിയുമ്പോൾ എങ്ങനെ സഹിക്കും? അമ്മാ! താനിമാ! [1] അമ്മയ്ക്കു് ഇനി ആരുണ്ടു്?

റ—(ഈ പേരുകൾ കേട്ടു്, യൗവനകാലത്തെ കഥകൾ ഓർമ്മിച്ചു നിന്നുപോകുന്നു. കുറെ നിന്നിട്ടു്) എനിക്കു വിശ്വാസമാകുന്നില്ല. നീ റസ്റ്റത്തിന്റെ മകനാണെന്നു മറവുള്ളവർ നിന്നെ പറഞ്ഞു വിശ്വസിപ്പിച്ചതായിരിക്കണം.


സോ—കഷ്ടം! ഞാൻ മരിക്കാൻ തുടങ്ങുകയാണു്. മരണസമയത്തു സത്യമല്ലാതെ ഒരുത്തരുടേയും മുഖത്തു നിന്നു വീഴുകയില്ല. ഞാൻ ഇതേവരെ കള്ളം പറഞ്ഞിട്ടും ഇല്ല. വിശ്വാസമാകുന്നില്ലെങ്കിൽ ഇതാ ഇതു നോക്കണം. അച്ഛൻ അമ്മയ്ക്കു കൊടുത്ത രത്നവും മുദ്രയുമാണു്. (പ്രയാസപ്പെട്ടു് ഒരു കൈകുത്തി ഉയർന്നു് ഉടുപ്പു് അല്പം താഴ്ത്തി കൈയ്യിട്ടു കാണിക്കുന്നു)

റ—(കുനിഞ്ഞു സൂക്ഷിച്ചു നോക്കീട്ടു്) അയ്യോ! എന്റെ കുഞ്ഞേ! ദൈവം ചതിച്ചല്ലോ! (മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു് ബോധം കെട്ടു് പിറകോട്ടു വീഴുന്നു. സോറാബു് ഇഴഞ്ഞു ചെന്നു് അച്ഛനെ തലോടി വിളിക്കുന്നു.)

സോ—അച്ഛാ—അച്ഛാ—അച്ഛാ....

റ—(ഉണർന്ന് ഭ്രാന്തനെപ്പോലെ പലതും പുലമ്പിക്കൊണ്ട്. അയ്യോ! എന്റെ കണ്ണേ! എന്റെ കൈകൊണ്ടുതന്നെ നീ മരിക്കാൻ ഇടയായല്ലോ. ഇനി ഞാൻ എന്തിനു ജീവിക്കുന്നു? (റസ്റ്റം സമീപത്തു കിടന്ന വാളെടുത്തു് തന്നെത്താൻ വെട്ടാൻ ഓങ്ങുന്നു; സോറാബു് കൈയ്യ്ക്കു് കടന്നുപിടിക്കുന്നു:)

സോ—അച്ഛൻ വ്യസനിക്കേണ്ട. ഇതു വിധിയാണു്. ആദ്യം കണ്ടപ്പോൾത്തന്നെ അവിടുന്നു് എന്റെ പിതാവാണെന്നു് എനിക്കു് ഊഹമുണ്ടായിരുന്നു. എന്നാൽ സത്യം അറിയാൻ അന്നേരം ഭാഗ്യം ഉണ്ടായില്ല. വിധി ഇടയ്ക്കു കടന്നു് തടഞ്ഞു. അയ്യോ! അച്ഛൻ എന്റെ അടുത്തു ചേർന്നിരിക്കണം. എന്നെ തലോ



ടണം. ഞാൻ ആ സുഖം അനുഭവിച്ചിട്ടില്ലല്ലോ. (റസ്റ്റം അടുത്തിരുന്നു തലോടുകയും കരയുകയും ചെയ്യുന്നു.)

സോ—(സംതൃപ്തനായി) ഞാൻ ഇന്നു മഹാഭാഗ്യവാനായി. യാത്രാസമയത്തു് അമ്മ എന്നെ തലയിൽ കൈവച്ചു് അനുഗ്രഹിച്ചു—എന്റെ ആഗ്രഹം സാധിക്കുമെന്നു്. അതു ഫലിച്ചു. അമ്മാ! അമ്മയെ ആശ്വസിപ്പിക്കാൻ ആരുമില്ല. അച്ഛൻ അമ്മയ്ക്കു് ആശ്വാസം നല്കണം ഇനിയെങ്കിലും അമ്മ സുഖമായിരിക്കട്ടെ. അയ്യോ. അയ്യോ!

(വേദനയാൽ സോറാബു് കുന്തം മാറത്തുനിന്നും വലിച്ചൂരി എടുക്കാൻ ശ്രമിക്കുന്നു; റസ്റ്റം അതു് ഊരിക്കൊടുക്കുന്നു! രക്തം പ്രവഹിക്കുന്നു സോറാബിന്റെ കണ്ണുകൾ അടയുന്നു. ശരീരത്തിനു ചേഷ്ടയില്ലാതാകുന്നതുവരെ റസ്റ്റം സോറാബിനെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു.)

റ—അയ്യോ! എന്റെ കുഞ്ഞേ! (വീണ്ടും ബോധംകെട്ടു വീഴുന്നു.)

(കർട്ടൻ)

പാഠം 3

തൊഴിലിന്റെ മേന്മ

ജീവജാലങ്ങളെല്ലാം അവയുടെ ജീവസന്ധാരണത്തിനു വേണ്ടി അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. അല്പപ്രാണികളായ ഉറുമ്പും തേനീച്ചയും പോലും എത്രത്തോളം ഉത്സാഹത്തോടുകൂടി പ്രവൃത്തിയിൽ ഏർപ്പെടുന്നു എന്നു് അല്പം ശ്രദ്ധി

ച്ചാൽ മനസ്സിലാകും. ഉറുമ്പുകൾ അരിയും മറ്റു് ആഹാര സാധനങ്ങളും അവയുടെ മാളത്തിലേയ്ക്കു് വലിച്ചിഴച്ചു കൊണ്ടുപോകുന്നകാഴ്ച നിങ്ങളെ ആകർഷിച്ചിരിക്കും. പൂക്കൾതോറും പറന്നുചെന്നു തേൻ ശേഖരിക്കാനും, പശയും മണ്ണുംകൊണ്ടു് അറകൾ നിർമ്മിക്കാനും തേനീച്ചകൾ ബദ്ധപ്പെടുന്നതും നിങ്ങളെല്ലാം കണ്ടിരിയ്ക്കും. അതുപോലെ മനുഷ്യനും സ്വജീവിതം നയിക്കാൻ ആവശ്യമായ തൊഴിൽ ചെയ്യണമെന്നുള്ളതു് പ്രകൃതിയുടെ ഒരു സാധാരണ നിയമമാകുന്നു. "എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെത്തിന്നാം." ഹാ! എന്തർത്ഥമുള്ള പഴഞ്ചൊല്ല്!

നമ്മുടെ പൂർവ്വികന്മാർ ആടുമാടുകളെ വളർത്തിയും കാടുവെട്ടിത്തെളിച്ചു കൃഷിചെയ്തും ദിനവൃത്തികഴിച്ചിട്ടുള്ളവരാണു്. അചിരേണ മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ പല മാറ്റങ്ങളും കടന്നു കൂടി. അവർ പല വർഗ്ഗമായിത്തിരിഞ്ഞു താമസം തുടങ്ങി. വർഗ്ഗങ്ങൾ തമ്മിൽ കലഹം ഉണ്ടാവുകയും വർഗ്ഗത്തലവന്മാർ ആവിർഭവിക്കുകയും ചെയ്തു. വർഗ്ഗത്തലവന്മാരുടെ ആവിർഭാവം സമുദായത്തിൽ ഉച്ചനീചഭാവം ഉളവാക്കി. ഉയർന്നമണ്ഡലങ്ങളിലുള്ളവർ ഏളിയവരെക്കൊണ്ടു് അദ്ധ്വാനിപ്പിച്ചു് അവരുടെ പ്രയത്നത്തിന്റെ ഫലം അനുഭവിച്ചുവന്നു. ഇങ്ങനെയുള്ള സാമൂഹ്യജീവിതത്തിന്റെ വളർച്ച ഒരു വിഷമപ്രശ്നത്തെ സൃഷ്ടിച്ചു. ലോകത്തു് തൊഴിലാളി എന്നും, മുതലാളി എന്നും രണ്ടു വിഭാഗക്കാരുണ്ടായി. ജനസമുദായത്തിന്റെ ഒരു വിഭാഗം അദ്ധ്വാനിച്ചു ജീവിക്കുന്ന തൊഴിലാളികളും, മറ്റൊരു വിഭാഗം അന്യരുടെ പ്രയത്നഫലം അനുഭവിക്കുന്ന മുതലാളികളുമായി. മുതലാളിമാർ തൊഴിലാളികളെ നിഷ്ഠുരായും, തൊഴിൽ നിഷ്ഠുരമായും ഗണിച്ചുവന്നു. ക്രമേണ മുതലാ

ളിമാരോട് തൊഴിലാളികൾക്ക് വെറുപ്പും സ്പർദ്ധയും ജനിക്കുകയും ചെയ്തു.

ഈ വിഷമപ്രശ്നത്തിനു് ഒരേ ഒരു പോംവഴി മാത്രമാണുള്ളതു്. ആദ്യമായി ഇന്നു നിലവിലിരിക്കുന്ന തൊഴിലാളി മുതലാളി ഭേദം ഇല്ലാതാകണം. അഭ്യസ്തവിദ്യരും വിദ്യാവിഹീനരും തൊഴിൽ ചെയ്യുന്നതു് അഭിമാനമായികരുതണം. വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് തൃപ്തിയായും, കാര്യമറിഞ്ഞും പ്രവൃത്തികൾ ചെയ്യാൻ കഴിയും. അവർക്ക് തൊഴിലാളികളെ സ്നേഹിക്കാനും തൊഴിലിനെ ആദരിക്കാനും സാധിക്കും. അതു് മറവുള്ളവർക്ക് മാർഗ്ഗദർശകമായിത്തീരുകയും ചെയ്യും.

തൊഴിൽ എന്നു സാധാരണ പറയുമ്പോൾ ധരിക്കേണ്ടതു് കായികാദ്ധ്വാനം എന്നാണു്. അഭ്യസ്തവിദ്യർക്ക് കായികാദ്ധ്വാനത്തിൽ തഴക്കമില്ല. അതിനാൽ അവർ ഗുമസ്താപണിക്കും അദ്ധ്യാപകവൃത്തിക്കും മറവുമുള്ള അപേക്ഷകളുമായി അലഞ്ഞു തിരിയുന്ന സങ്കടകരമായ കാഴ്ചയാണു് നാം ഇന്നു കാണുന്നതു്. കായികാദ്ധ്വാനമില്ലാത്തതിനാൽ ആരോഗ്യത്തിലും അവർ അധഃപതിച്ചിരിക്കുന്നു. ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ എല്ലാപേർക്കും ഇത്തരത്തിലുള്ള ഉദ്യോഗം കൊടുക്കാൻ ആർക്കും കഴിയും? അതുകൊണ്ടാണു് നമ്മുടെ ശ്രദ്ധയെ കൃഷിയിലേയ്ക്കും, വ്യവസായ രംഗങ്ങളിലേയ്ക്കും നേതാക്കന്മാർ ആകർഷിക്കുന്നതു്. വിദ്യാഭ്യാസപരിപാടിയിൽ കായികാദ്ധ്വാനത്തെ പിഴുതെറിഞ്ഞതാണു് ഇന്നത്തെ ദയനീയ സ്ഥിതിയ്ക്കു കാരണം. ഈ ന്യൂനത പരിഹരിച്ചു് വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലോചിതമായ പരിവർത്തന

ങ്ങളും നടപ്പിൽ വരുത്താൻ വിദ്യാഭ്യാസപ്രവർത്തകർ ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിന്റെ മുന്നോടിയായിട്ടാണു് അടുത്തകാലത്തു് നമ്മുടെ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ തൊഴിൽവാരം ഏർപ്പെടുത്തിയതു്.

വിദ്യാഭ്യാസം ജീവിത നിർവ്വഹണത്തിനുള്ള പരിശീലനമാണല്ലോ. ആ നിലയ്ക്കു്, വിദ്യാലയങ്ങളിൽ തൊഴിൽവാരം ഏർപ്പെടുത്തിയതു് ഏറ്റവും അഭിനന്ദനീയം തന്നെ. സ്കൂൾ വർഷത്തിൽ കുറേ ദിവസം കായികാഭ്യാസത്തിനായി വിനിയോഗിക്കണമെന്നാണു് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതു്. കഴിഞ്ഞ തൊഴിൽവാരക്കാലത്തു വിദ്യാർത്ഥിലോകം ഉണർവ്വോടും അഭിമാനത്തോടുംകൂടി പ്രവർത്തിച്ചു എന്നതു് ചാരിതാർത്ഥ്യജനകമായ വസ്തുതയാണു്. ഉന്മേഷം തുളുമ്പുന്ന ബാലന്മാരും ബാലികമാരും ചൂല്, കുട്ട, തുമ്പ, മൺവെട്ടി മുതലായ ഉപകരണങ്ങളുമായി ജീവിതായോധനത്തിനുള്ള പരിശീലനം സമ്പാദിക്കാൻപോകുന്ന കാഴ്ച ആരെയാണു് കോൾമയിർ കൊള്ളിക്കാത്തതു്. അവർ ഗ്രാമപ്രദേശങ്ങളിൽ റോഡുവെട്ടി. ഉപയോഗശൂന്യങ്ങളായ കിടങ്ങുകളൊക്കെ കുഴിച്ചു് വെടിപ്പാക്കി. പുതിയ കുളിസ്ഥലങ്ങൾ നിർമ്മിക്കുകയും, സ്കൂൾക്കെട്ടിടങ്ങളും പരിസരങ്ങളും ശുചിയാക്കി മോടിപിടിപ്പിക്കുകയുംചെയ്തു. പട്ടണങ്ങളിലെ ഓടകൾ കുഴകാനും മലിനപദാർത്ഥങ്ങൾ നീക്കം ചെയ്യാനും യാതൊരു വൈമനസ്യവും അവർ പ്രദർശിപ്പിച്ചില്ല. ചുരുക്കത്തിൽ, തൊഴിലുകൾ പരിശീലിക്കുക അത്യന്താപേക്ഷിതമാണെന്നുള്ള വസ്തുത ഈ ചുരുങ്ങിയ കാലംകൊണ്ടു് വിദ്യാർത്ഥിലോകം ഗ്രഹിച്ചു കഴിഞ്ഞു.

തൊഴിൽവാരം ആചരിക്കുന്നതുകൊണ്ടു് വേറെയും പല ഗുണങ്ങളുണ്ടു്. അഭ്യാനക്കൂട്ടുതലുള്ള പ്രവൃത്തികൾ

ചെയ്യാൻ കുട്ടികളെ സന്നദ്ധരാക്കുന്നു. തൊഴിലിനോടുള്ള അവജ്ഞ ദൂരീകരിക്കപ്പെടുന്നു. സാമൂഹ്യജീവിതത്തിലെ ഉദ്ഗ്രഥനത്തെ ഇല്ലായ്മ ചെയ്യാനും ഈ പ്രസ്ഥാനം ഉതകുന്നു. എല്ലാപേരും ഏകോദരസഹോദരങ്ങളെപ്പോലെ പെരുമാറണമെന്നുള്ള മനഃസ്ഥിതി ഉളവാകുന്നു. സംഘം ചേർന്നുള്ള പ്രവർത്തനത്തിന്റെ മധുരഫലങ്ങൾ ആസ്വദിക്കാനുള്ള അവസരം ലഭിക്കുന്നു. അച്ചടക്കത്തോടുകൂടി ജീവിക്കുവാനുള്ള പരിശീലനം സിദ്ധിക്കും. മനസ്സിനും ശരീരത്തിനും വേണ്ടപോലെ വ്യായാമം സിദ്ധിക്കുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ ആരോഗ്യവും വർദ്ധിക്കും.

ഇന്നു നമ്മുടെ രാജ്യത്തു നിലവിലിരിക്കുന്നതു് ജനകീയ ഭരണമാണല്ലൊ. ജനകീയയുഗത്തിൽ വ്യക്തികൾ സമൂഹത്തിനുവേണ്ടി പ്രവർത്തിച്ചേ മതിയാവൂ. അങ്ങനെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള വാസനയും പരിചയവും വികസിപ്പിക്കാൻ ശക്തിയുള്ള തൊഴിൽവാരത്തിനു രാഷ്ട്രനിർമ്മാണപരിപാടിയിൽ പ്രധാന സ്ഥാനം നൽകിയിട്ടുള്ളതു് അത്യന്തം ഉചിതമായിട്ടുണ്ടു്.

ഭാവിയിൽ, തൊഴിൽ ചെയ്യുകയെന്നതു് ആർക്കും അനപേക്ഷണീയമായ ഒരു പരിപാടിയായിരിക്കും. നമുക്കു് രാഷ്ട്രീയമായി ഒട്ടധികം മുന്നേറേണ്ടതുണ്ടു്. അതിനുവേണ്ടി ജീവിതത്തെ ക്രമപ്പെടുത്തേണ്ടതു് നമ്മുടെ കർത്തവ്യമാകുന്നു. ദിവസവും തൊഴിലിനുവേണ്ടി കുറെ സമയം വിനിയോഗിച്ചാലേ അതു സാധിക്കുകയുള്ളു. മഹാത്മാഗാന്ധി വിഭാവനം ചെയ്ത അടിസ്ഥാനവിദ്യാഭ്യാസത്തിൽ തൊഴിലിനു് ഗണ്യമായ സ്ഥാനം നൽകിയിട്ടുള്ളതു് പ്രത്യേകം സ്മരണീയമാകുന്നു. നമ്മുടെ സംസ്ഥാനത്തു്

അടിസ്ഥാനവിദ്യാഭ്യാസം നടപ്പിൽ വരുത്താൻ ശവ
മ്മെൻറിൽ നിന്നും പ്രതികൂല മായ സൂത്രണം ചെയ്യുവരിക
യാണു്. അത്തരത്തിലുള്ള വിദ്യാഭ്യാസത്തിൻെറ പ്രചാര
ത്തോടുകൂടി തൊഴിലിനു് അതർഹിക്കുന്ന മേന്മയും പ്രാധാ
ന്യവും സിദ്ധിക്കുമെന്നു് ആശിക്കാം.

പാഠം 4

തൈമാവു്

വിത്തിന്നകത്തൊളിച്ചീ ഞാൻ
വിരിമാറത്തുറങ്ങവേ,
എല്ലാക്കുമമ്മയാം ഭൂമി-
യെന്നെ രക്ഷിച്ചിതാർദ്രയായ്. 1

വെയിലാലന്നെനിക്കേകീ
വേണ്ട ചൂടു ദിവാകരൻ,
കാലക്കേടേതുമേലാതെ
കഴിഞ്ഞു ചില നാളുകൾ. 2

വേനൽക്കാലം കഴിഞ്ഞാറ്റു
വേഗമെത്തിയ കാർമുകിൽ
വിട്ട നീരുള്ളി വന്നെന്നെ
വിളിച്ചു മധുരസ്വരം:— 3

"പുഴുപ്പുതപ്പുടൻ മാറി-
പ്പുറപ്പെട്ടുക സോദരാ!
വെളിക്കു കാത്തുനിൽക്കുന്നു
വെളിച്ചു,മെഴുനേൽക്കുക! 4

'നവരത്നങ്ങളാൽ തീർത്ത
നല്ല കാവടി പോലതാ,
വാനിൽ കാർവില്ലു കാണുന്നു;
വരൂ, വൈകരുതല്ലവും.'' 5

തണുത്ത ചുണ്ടാൽ ചുംബിക്കെ-
ത്താണ നീർത്തുള്ളിയെൻറെമേൽ,
ഉണർന്നു തലപൊക്കി ഞാ-
നുത്സാഹത്തോടുകൂടവേ. 6

തളിരാലമ്മതാൻ തുന്നി-
ത്തന്ന ചെമ്പൊന്നുടുപ്പുമായ്
പുറപ്പെട്ടോരെന്നെ നോക്കി-
പ്പുഞ്ചിരിക്കൊണ്ടു കുട്ടികൾ. 7

തടവീ കൊച്ചുകാറ്റെന്നെ-
ത്താവും സ്നേഹമുദിക്കയാൽ;
പാരിടം കണ്ടു ഞാൻ നാലു-
പാടുമെത്ര മനോഹരം! 8

മനം കവരുമീമട്ടിൽ
മന്നു തീർത്താരു നൽകിയോ!
എനിക്കിതിലിടം തന്ന-
തേതു കാരുണ്യപൂരമോ! 9

ശങ്കരക്കുറുപ്പ്

പാഠം 5

ഫ്ളാറൻസ് നൈറ്റിംഗേൽ

ആശുപത്രികളിൽ നിങ്ങൾ പോയിരിക്കും. അവിടെ വേദനകൊണ്ട് പിടയുന്ന രോഗികളെ കണ്ടിട്ട് നിങ്ങൾക്കു വ്യസനം തോന്നിയിട്ടില്ലേ? ഈ രോഗികൾക്കു വേണ്ട ശുശ്രൂഷ നല്കുന്നതു് ആരാണെന്നു് നിങ്ങൾക്കറിയാമോ? ആശുപത്രികളിൽ രോഗികളെ ശുശ്രൂഷിക്കുന്നതു് നേഴ്സുകളാണു്. തൂവെള്ള വസ്ത്രം ധരിച്ചു് കരുണയുറഞ്ഞ മുഖഭാവവുമായി സമീപിക്കുന്ന ആ സഹോദരിമാർ രോഗികൾക്കു് തീച്ചൂയായും ഒരനുഗ്രഹം തന്നെയാണു്.

ഒരു ശതാബ്ദത്തിനുമുമ്പു് ആശുപത്രികളിലെ സ്ഥിതി തുലോം ശോചനീയമായിരുന്നു. അന്നു് ആശുപത്രികൾ വൃത്തികേടിന്റെ കേന്ദ്രങ്ങളായിരുന്നു. രോഗികൾക്കു വേണ്ട ശുശ്രൂഷ ആശുപത്രികളിൽനിന്നും ലഭിച്ചിരുന്നില്ല. ആതുര ശുശ്രൂഷ ഹീനമായ ഒരു പണിയായിട്ടാണു് അന്നു കരുതിയിരുന്നതു്. അതുകൊണ്ടു് അന്തസ്സുള്ള യുവതികളാരും തന്നെ ആ തൊഴിലിനു് ഇറങ്ങിയിരുന്നില്ല. ശരിയായ ശുശ്രൂഷയുടെ അഭാവം നിമിത്തം രോഗികൾ ധാരാളമായി മരണമടഞ്ഞിരുന്നു. ഈ ദുഃസ്ഥിതി മാറ്റി ആശുപത്രികളെ യഥാർത്ഥശുശ്രൂഷാകേന്ദ്രങ്ങളും ആതുരാലയങ്ങളുമാക്കാൻ ജനസാമാന്യത്തെ സഹായിച്ച ഒരു മഹതിയാണു് ഫ്ളാറൻസ് നൈറ്റിംഗേൽ.

1820–ൽ ഇറ്റലിയിലെ ഫ്ളാറൻസ് എന്ന നഗരത്തിലാണു് നൈറ്റിംഗേൽ ജനിച്ചതു്. അവരുടെ മാതാപിതാക്കൾ ഇംഗ്ലീഷുകാരായിരുന്നു. ഫ്ളാറൻസു കുട്ടിയായിരിക്കുമ്പോൾത്തന്നെ ആ കുടുംബം ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി.

സമൃദ്ധിയുടെ മടിത്തട്ടിലാണ് ആ ബാലിക വളർന്നത്. എന്നാൽ ആ ജീവിതം അവൾക്ക് അത്ര രുചിച്ചില്ല. കാലം കഴിയുന്തോറും പുതിയ ചിന്തകൾ ആ ബാലികയിൽ കടന്നുകൂടി. ആതുരശുശ്രൂഷണത്തിൽ ബാല്യംമുതല്ക്കുതന്നെ ഫ്ളോറൻസ് ബദ്ധശ്രദ്ധയായിരുന്നു. യാതൊരു ജീവിയും കഷ്ടപ്പെടുന്നതു് അവൾക്ക് സഹിക്കാമായിരുന്നില്ല. പട്ടിയുടെ കാൽ ഒന്നു മുറിഞ്ഞാൽ മതി ഫ്ളോറൻസ് മരുന്നും തുണിയുമായി ഓടിയെത്തുവാൻ. സമീപത്തുള്ള വീടുകളിൽപ്പോയി കഷ്ടപ്പെടുന്ന രോഗികളെ ആ ബാലിക ശുശ്രൂഷിച്ചുപോന്നിരുന്നു.

ആതുരശുശ്രൂഷണത്തിലുള്ള താത്പര്യം ഫ്ളോറൻസിനു് അനുദിനം വർദ്ധിച്ചുവന്നു. വളരെക്കാലം കഴിയുന്നതിനു മുമ്പു് താൻ ഒരു നേഴ്സ് ആകാൻ ആഗ്രഹിക്കുന്നുവെന്നു് ഫ്ളോറൻസ് അച്ഛനമ്മമാരെ അറിയിച്ചു. എന്തൊരു വിപ്ലവകരമായ ആഗ്രഹം! അവർ അമ്പരന്നുപോയി. ഉന്നത കുടുംബത്തിൽ പിറന്ന തങ്ങളുടെ പുത്രി രോഗികളെ ശുശ്രൂഷിക്കാൻ പോവുക! അതു് അവർക്ക് സഹിക്കാമായിരുന്നില്ല. എന്നാൽ ഫ്ളോറൻസിന്റെ ദൃഢനിശ്ചയത്തിനു് യാതൊരു ഇളക്കവും തട്ടിയില്ല. അവർ ലണ്ടനിലും പരിസരങ്ങളിലുമുള്ള ആശുപത്രികൾ സന്ദർശിച്ചു. ജാൺ ഹൊവാർഡു് എന്ന മഹാനെപ്പോലെ അവർ ജയിലുകളും ജയിലാശുപത്രികളും സന്ദർശിച്ചു. ഫ്രാൻസു്, ജർമ്മനി, ഈജിപ്റ്റു് എന്നീ വിദേശരാജ്യങ്ങളിലും പര്യടനം നടത്തുകയും അവിടങ്ങളിൽ നിലവിലിരുന്ന ചികിത്സാസമ്പ്രദായം ഗ്രഹിക്കുകയും ചെയ്തു.

ഒരു വിദഗ്ദ്ധ നേഴ്സിനു വേണ്ട പരിശീലനം സമ്പാദിക്കാൻ ഫ്ളോറൻസു് നിശ്ചയിച്ചു. ജർമ്മനിയിൽ

കെയ്സ്വെർത്ത് എന്ന സ്ഥലത്തുള്ള ഒരു കേന്ദ്രത്തിൽ അവർ പരിശീലനം നടത്തി. ഉപരിപരിശീലനത്തിനായി അവർ പാരീസിലേയ്ക്കു പോയി. ഏകദേശം പത്തു കൊല്ലത്തെ അഭ്യസനത്തിനുശേഷം അവർ ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. അനന്തരം കുടുംബബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് ആ യുവതി ലണ്ടനിലെ ഒരാശുപത്രിയിൽ ആതുരശുശ്രൂഷണത്തിലേർപ്പെട്ടു.

ഇക്കാലത്താണ് ക്രീമിയൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ക്രീമിയയിലെ ഒരു റഷ്യൻ തുറമുഖമായ സെബാസ്റ്റോപോളിനു സമീപമായിരുന്നു യുദ്ധരംഗം. ആയിരക്കണക്കിനു ബ്രിട്ടീഷുടേന്മാർ യുദ്ധക്കളത്തിൽ മുറിവേറ്റു വീണു. അവരെ വേണ്ടവിധത്തിൽ ശുശ്രൂഷിക്കുന്നതിനു് ആരുമുണ്ടായിരുന്നില്ല. അനേകംപേർ മരണത്തിനു് ഇരയായി. അവരുടെ ജീവനെ രക്ഷിക്കേണ്ടതു് രാഷ്ട്രത്തിന്റെ ആവശ്യമാണെന്നു് പത്രദ്വാരാ ആഹ്വാനം ചെയ്യപ്പെട്ടു. ആ ആഹ്വാനം ഫ്ളാറൻസ് കൈക്കൊണ്ടു. ഉടൻ തന്നെ ക്രീമിയയിലേയ്ക്കു പോകാൻ അവർ സന്നദ്ധയായി. ഇംഗ്ലണ്ടിൽ അന്നുണ്ടായിരുന്നതിൽ ഏറ്റവും നല്ല മുപ്പത്തെട്ടു നേഴ്സുകളെ അവരെ അനുഗമിച്ചു.

ഫ്ളാറൻസ് സ്കുട്ടാരി എന്ന സ്ഥലത്തു സ്ഥാപിച്ചിരുന്ന സൈനികാശുപത്രിയിൽ എത്തിച്ചേർന്നു. അവിടത്തെ സ്ഥിതിഗതികളെ കണ്ടപ്പോൾ അവർ നടുങ്ങിപ്പോയി. സ്കുട്ടാരിയിലെ ആശുപത്രി ഒരു നരകം തന്നെയായിരുന്നു. ഓടകളിൽ മലിനജലം കെട്ടിനിന്നു് ചീഞ്ഞുനാറി വിഷം വമിച്ചുകൊണ്ടിരുന്നു. ചുവരുകളെ മൂട്ട, ചെള്ള്, കൊതുക്, ഈച്ച മുതലായ ക്ഷുദ്രജീവികളുടെ സങ്കേതമായിരുന്നു. വൈദ്യസഹായം നൽകുന്നതിനു വേണ്ട മരുന്നുകളും ഉപ

കരണങ്ങളും വിരളമായിരുന്നു. രോഗികളെ തണുപ്പിൽ നിന്നും രക്ഷിക്കാനുള്ള കമ്പിളിപ്പുതപ്പുകൾപോലും ഉണ്ടായിരുന്നില്ല. നിരവധി രോഗികൾ അനുദിനം മരണത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. മരിച്ചുവരെ സംസ്കരിക്കുന്നതിനോ മരിക്കാറായവരെ ശുശ്രൂഷിക്കുന്നതിനോ വേണ്ടിടത്തോളം ജോലിക്കാരും അവിടെ ഉണ്ടായിരുന്നില്ല.

ആശുപത്രിയും പരിസരങ്ങളും വൃത്തിയാക്കുന്നതിലാണ് ഫ്ളോറൻസിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. ആശുപത്രിയിൽ ചിട്ടയും വൃത്തിയും ഉണ്ടാക്കി. വസ്ത്രങ്ങൾ അലക്കി ശുചിയാക്കുന്നതിനും, ആഹാരസാധനങ്ങൾ നല്ല വണ്ണം പാകം ചെയ്യുന്നതിനും വേണ്ട ഏർപ്പാടുകൾ അവർ ചെയ്തു.

പിന്നീടു് അവരുടെ ശ്രദ്ധ പതിഞ്ഞതു് രോഗികൾക്കു വേണ്ട സാധനങ്ങളുടെ സംഭരണത്തിലായിരുന്നു. കൂടുതൽ കിടക്കകളും മരുന്നുകളും, മറ്റുപകരണങ്ങളും ആവശ്യമാണെന്നവർ കണ്ടു. ഫ്ളോറൻസ് ഇംഗ്ലണ്ടിലേയ്ക്കു് എഴുതി. കഷ്ടപ്പെടുന്ന തങ്ങളുടെ സഹോദരന്മാർക്കുവേണ്ടി കയ്യയച്ചു സംഭാവന ചെയ്യാൻ അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന വളരെ ആദരവോടുകൂടിയാണു് ഇംഗ്ലീഷുകാർ സ്വീകരിച്ചതു്. സംഭാവനകൾ ധാരാളമായി ലഭിച്ചുതുടങ്ങി. രോഗികളുടെ ആവശ്യങ്ങളെല്ലാം ഒന്നൊന്നായി നിറവേറിവന്നു. വൃത്തികേടിന്റെ കേന്ദ്രമായിരുന്ന ആശുപത്രി അല്പദിവസംകൊണ്ടു് ഒരു മാതൃകാസ്ഥാപനമാക്കിമാറ്റാൻ ഫ്ളോറൻസിനു സാധിച്ചു. ഫ്ളോറൻസ് രാപ്പകലുമില്ലാതെ മുഷിഞ്ഞു ജോലിചെയ്തു. രാത്രിയിൽ

എല്ലാ നേഴ്സുകളും ഉറങ്ങിക്കഴിഞ്ഞാൽപ്പോലും അവർ ജോലിയിൽനിന്നും വിരമിച്ചിരുന്നില്ല. ഒരു ചെറിയ ദീപവും കൈയിലേന്തി ആ മഹതി രോഗികളെ ശ്രുശ്രൂഷിച്ചും വേദനകൊണ്ടു് പിടയുന്നവരെ ആശ്വസിപ്പിച്ചും അവരോടു സ്നേഹപൂർവ്വം സംഭാഷണം ചെയ്തും കഴിച്ചുകൂട്ടി. ആ മഹതിയുടെ കൂർമ്മ നൽകുന്ന ഒരു സ്പർശനം; പുഞ്ചിരിക്കൊണ്ടു് ആശ്വാസവചനങ്ങളുതിർക്കുന്ന ആ മുഖത്തിന്റെ ദർശനം; അവരെന്നെ രോഗികൾക്കു് ഔഷധമായിരുന്നു. ദീപവുമായി നടന്നകലുന്ന ആ മഹതിയെ അവർ ആരാധിച്ചു. The Lady with the Lamp എന്ന പേരാണു് അവർ ഫ്ളാറൻസിനു നല്കിയിരുന്നതു്.

പ്രകൃത്യാ കഠിനചിത്തരായിരുന്ന ഭടന്മാരുടെ ഹൃദയം ഫ്ളാറൻസിന്റെ സ്നേഹപ്രകടനത്താൽ ആർദ്രമായിത്തീർന്നു. വിശ്രമവേളകളിൽ വിനോദിക്കുന്നതിനും വിജ്ഞാനം സമ്പാദിക്കുന്നതിനും വേണ്ട സൗകര്യങ്ങളുണ്ടാക്കുകയും ഭടന്മാരെ അങ്ങനെ സംസ്കാരമുള്ളവരാക്കാൻ ശ്രമിക്കുകയും ചെയ്തു. യുദ്ധാനന്തരം സകല ഭടന്മാരും ഇംഗ്ലണ്ടിലേയ്ക്കു് കപ്പൽ കയറുന്നതുവരെ അവർ അവിടെ സേവനമനുഷ്ഠിച്ചു.

ആ മഹതി തിരിച്ചെത്തുമ്പോൾ രാജോചിതമായ ഒരു സ്വീകരണം നല്കി ബഹുമാനിക്കുവാൻ ഇംഗ്ലീഷുകാർ തയ്യാറായി. എന്നാൽ ആർഭാടം നിറഞ്ഞ സ്വീകരണങ്ങളിൽ പങ്കു കൊള്ളാൻ അവർ ഇഷ്ടപ്പെട്ടില്ല. രഹസ്യമായിട്ടാണ് ഫ്ളാറൻസ് ഇംഗ്ലണ്ടിൽ എത്തിയതു്. എങ്കിലും ഇംഗ്ലണ്ടിലെ രാജ്ഞി ആ മഹതിയെ സ്വീകരിച്ചു ബഹുമാനിച്ചു. ജനങ്ങൾ പിരിച്ചെടുത്ത ഒരു വലിയ തുക ആ ത്യാഗസമ്പന്നയ്ക്കു സമ്മാനിക്കുകയുണ്ടായി. സ്ക്യൂട്ടാരിയിലെ കഠിനാദ്ധ്വാനം അവരുടെ ആരോഗ്യത്തെ നശിപ്പിച്ചു. അവരുടെ ക്ഷീണം

ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. എന്നിട്ടും ആ സ്നേഹമൂർത്തി സ്വപ്രവർത്തനങ്ങളിൽനിന്നും പിന്മാറിയില്ല. ആശുപത്രികളും പരിഷ്കരിക്കുന്ന വിഷയത്തിൽ അവർ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിവന്നു. വിദഗ്ദ്ധോപദേശം ആരാഞ്ഞുകൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഫ്ളാറൻസിനു് അനവധി കത്തുകളും ദൈനംദിനം ലഭിച്ചുകൊണ്ടിരുന്നു. അവയ്ക്കെല്ലാം വിശദമായ മറുപടി അയയ്ക്കുവാൻ ആ മഹതി പ്രത്യേകം ശ്രദ്ധിച്ചു. ആതുരശുശ്രൂഷണത്തിനു ലഭിക്കുന്ന സന്ദർഭം ആ മനസ്വിനി പാഴാക്കുമോ?

നേഴ്സുകൾക്കു് ശരിയായ പരിശീലനം നൽകുന്നതിനു് വേണ്ട സ്ഥാപനങ്ങൾ ധാരാളമായി ഉണ്ടാക്കുവാനായിരുന്നു ഫ്ളാറൻസിന്റെ അടുത്ത ശ്രമം. ഏതാനും കൊല്ലത്തെ നിരന്തരമായ പ്രയത്നംകൊണ്ടു് ആ ശ്രമത്തിലും അവർ വിജയിയായി.

തൊഴിൽശാലകളിലെ രോഗികളുടെ ദയനീയസ്ഥിതിയാണു് ഫ്ളാറൻസിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു കാര്യം. തൊഴിൽശാലകളുടെ അന്തരീക്ഷം മലീമസമായിരുന്നു. യാതൊരുവിധത്തിലുള്ള ശുശ്രൂഷയോ വൈദ്യസഹായമോ തൊഴിലാളികൾക്കു് അന്നു ലഭിച്ചിരുന്നില്ല. ഈ സ്ഥിതി അഭിലഷണീയമല്ലെന്നു ഫ്ളാറൻസിനു തോന്നി. തൊഴിൽ കേന്ദ്രങ്ങളോടനുബന്ധിച്ചു് ആശുപത്രികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അവർ വ്യക്തമാക്കി. ആ ആഗ്രഹവും അചിരേണ സഫലമാവുകതന്നെ ചെയ്തു.

ഇങ്ങനെ ലണ്ടനിലെ ഒരു മുറിയിൽ ഇരുന്നുകൊണ്ടു് ലോകത്താകമാനമുള്ള രോഗികൾക്കു് ആശ്വാസം നൽകുന്നതിനു് ഫ്ളാറൻസ് നൈറ്റിംഗേലിനു സാധിച്ചു. 1910-ൽ തന്റെ തൊണ്ണൂറാമത്തെ വയസ്സിൽ ആ മഹതി

ഇഹലോകവാസം വെടിഞ്ഞു. ഇന്നു് ആശുപത്രികളിൽ രോഗശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന നേഴ്സുകളെ കാണുമ്പോൾ നാം ആധുനികശുശ്രൂഷാസമ്പ്രദായത്തിന്റെ മാതാവായ ഫ്ളാറൻസ് നൈറ്റിംഗേലിനെയായിരിക്കും ഓർക്കുക.

പാഠം 6

മനുഷ്യരും മൃഗങ്ങളും

(ഒന്നാം ഭാഗം)

മനുഷ്യന്റെ പുരോഗതിക്കു മൃഗങ്ങൾ വളരെ സഹായിച്ചിട്ടുണ്ടു്. മനുഷ്യനു സ്വയം നിർവ്വഹിക്കാൻ സാധിക്കാത്ത പല പണികളും എത്രയോ സഹസ്രാബ്ദങ്ങളായി മൃഗങ്ങളെക്കൊണ്ടാണു ചെയ്യിച്ചുവരുന്നതു്. ജലം, വായു, നീരാവി, വിദ്യുച്ഛക്തി മുതലായ ശക്തികളെ നിയന്ത്രിച്ചു് അവയെക്കൊണ്ടു പ്രവർത്തിപ്പിക്കുന്ന പല യന്ത്രങ്ങളും ഇന്നു നമുക്കു സാദ്ധ്യമാക്കിയിട്ടുണ്ടു്. ഭാരം വലിക്കുക, തോട്ടം കഴിക്കുക, നിലം ഉഴുക മുതലായ പല കായ്ക്കളും വളരെ വേഗത്തിലും, ചെലവും പ്രയത്നവും തുലോം കുറഞ്ഞ രീതിയിലും ഈ യന്ത്രങ്ങൾകൊണ്ടു നാം സാധിക്കുന്നു. എന്നാൽ എത്രയോ ഉന്നതമായ ഒരു പരിഷ്കാരപദ്ധതിയിൽ എത്തിക്കഴിഞ്ഞശേഷമാണു് മേൽപ്പറഞ്ഞ പ്രകൃതിശക്തികളെ നമ്മുടെ ആവശ്യത്തിനനുസരണമായി നിയന്ത്രിക്കാൻ നാം പഠിച്ചതു്. ആ നിലയിൽ എത്തിച്ചേരുവാൻ നമ്മെ ഏറ്റവും സഹായിച്ചിട്ടുള്ളതു മൃഗജാതികളാണു്. ഇന്നും അവ നമുക്കു പല പ്രകാരത്തിൽ ഉപകരിച്ചുവരുന്നു.

ജീവധാരണത്തിനു് അത്യാവശ്യമായ ആഹാരമായ് ട്ടേ ആദിമമനുഷ്യർ മൃഗങ്ങളെ കരുതിയിരുന്നുള്ളൂ. അവയെ മറ്റു പ്രകാരത്തിലും ഉപയോഗിക്കാമെന്നുള്ള ബുദ്ധി മനുഷ്യർക്കുണ്ടായതു് വളരെക്കാലം കഴിഞ്ഞശേഷമാണു്. അതു കേവലം യാദൃച്ഛികസംഭവം ആയിരുന്നിരിക്കാം.



മനുഷ്യനോട് ആദ്യമായി ഇണങ്ങിയ മൃഗം ശുനാവാണ്. ശുനാവ് പൂർവ്വാവസ്ഥയിൽ കുറുക്കനായിരുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നു. ആദികാലത്തു മനുഷ്യർ പാർപ്പിടങ്ങൾക്കു ചുറ്റും എറിഞ്ഞുകളഞ്ഞ മാംസാദികളുടെ ഉച്ഛിഷ്ടങ്ങൾ തിന്നാൻ കൂട്ടമായി കുറുക്കന്മാർ എത്തിയിരുന്നിരിക്കാം. വിനോദത്തിനുവേണ്ടി കൂട്ടിക്കുറുക്കന്മാരെ പിടിച്ചുകൂട്ടി തീറ്റിപ്പോറ്റി വന്നുവെന്നും, കാലക്രമേണ ഏതാനും ചില കുറുക്കന്മാരെ ഇണക്കുവാൻ മനുഷ്യനു സാധിച്ചു എന്നും ഊഹിക്കപ്പെടുന്നതാണ്. ഗന്ധംകൊണ്ടു മൃഗങ്ങളുടെ വാസസ്ഥലങ്ങൾ കണ്ടുപിടിക്കാനുള്ള സാമർത്ഥ്യം ഈ ജന്തുക്കൾക്ക് എത്രയോ കൂടുതൽ ഉണ്ടെന്നു മനസ്സിലായപ്പോൾ മനുഷ്യർ ഇവയെക്കൂടി വേട്ടയ്ക്കു കൊണ്ടുപോവുക പതിവായിത്തീർന്നിരിക്കാം. ഇതായിരിക്കണം മനുഷ്യർ മൃഗജാതിയെക്കൊണ്ട് ആദ്യമായി നേടിയ പ്രയോജനം. മൃഗങ്ങൾക്കു പൊതുവേ അഗ്നി ഭയഹേതുവായിരിക്കെ, ശുനാവിനുമാത്രം അങ്ങനെയല്ല എന്നുള്ള വസ്തുതയും ശുനാവും മനുഷ്യനുമായുള്ള ദീർഘപരിചയത്തെ വ്യക്തമാക്കുന്നു. വൻകാടുകൾക്കു നടുവിൽ കത്തിക്കൊണ്ടിരുന്ന തീയ്ക്കു് അരികിലായി ഒരു മനുഷ്യനും അവന്റെ പട്ടിയുംകൂടി വിശ്രമിക്കുന്ന കാഴ്ച ലോകരംഗത്തിൽ പ്രത്യക്ഷപ്പെട്ടിട്ട് വളരെക്കാലമായിട്ടുണ്ട്. മനുഷ്യന്റെ ഗന്ധം, ശബ്ദം, മുഖത്തെ ഭാവഭേദങ്ങൾ എന്നല്ല വാക്കുകൾപോലും സൂക്ഷ്മമായി മനസ്സിലാക്കാനും മനുഷ്യനെ ശാഠ്യമായി സ്നേഹിക്കാനും ശുനാവിനെപ്പോലെ വേറൊരു ജന്തുവിനും സാധിക്കുന്നില്ല.


പിന്നീട് മനുഷ്യർക്ക് വശപ്പെട്ട ജന്തു പൂച്ചയാണ്. പൂച്ചക്കുട്ടികളെയും ആദ്യം വിനോദത്തിനുവേണ്ടി പിടിച്ചു വളർത്തി ഇണക്കിയതായിരിക്കണം. ധാന്യങ്ങളെ രക്ഷിക്കു

ന്നതിനും ക്ഷുദ്രജന്തുക്കളുടെ ഉപദ്രവം ഇല്ലാതാക്കുന്നതിനും പൂച്ച ഉപയോഗപ്പെട്ടുമെന്നു കണ്ടപ്പോൾ അതുമായുള്ള ബന്ധം സുദൃഢമായിത്തീർന്നു. വീട്ടുപൂച്ചയ്ക്കു പൂർവ്വാഗമിയായ ഒരു കാട്ടുജന്തുവർഗ്ഗം ഉണ്ടായിരുന്നിരിക്കണമെന്നും, അതു് ഇപ്പോൾ നിശ്ശേഷം നശിച്ചിരിക്കണമെന്നും ജന്തുശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. വേട്ടക്കാരനായ പുരുഷൻ പട്ടിയെയും, വീട്ടുകാരിയായ സ്ത്രീ പൂച്ചയെയും ഇണക്കി ഉപയോഗത്തിൽ കൊണ്ടുവന്നിട്ടുള്ളതാണെന്നു കരുതുന്നതിനുള്ള യുക്തി സ്പഷ്ടമാണു്.

പല്ലു ധാരാളം വളരുന്ന വിശാലങ്ങളായ മൈതാനങ്ങളിലാണു് കുതിരകൾ അധികമുള്ളതു്. കുതിരകളെയും ആദ്യമായി മനുഷ്യർ മറ്റു മൃഗങ്ങളെ എന്നപോലെ കൊന്നുതിന്നുകയാണു ചെയ്തതു്. എന്നാൽ കുതിരയെ പഴക്കി വശപ്പെടുത്തിയാൽ അതിന്മേൽ കയറി സഞ്ചരിച്ചു് ഏറ്റവേഗമുള്ള ജന്തുവിനെയും വേട്ടയാടാനും, ഏതു് ആപത്തിൽനിന്നും ഓടി രക്ഷപ്പെടാനും സാധിക്കുമെന്നു കണ്ടപ്പോൾ പട്ടിയെ എന്നപോലെ കുതിരയേയും പഴക്കിത്തുടങ്ങി. പിൽക്കാലങ്ങളിൽ കുതിരയുടെ മാംസം ഭക്ഷിക്കാൻ പാടില്ലെന്നുവച്ചതു് ആ മൃഗത്തെക്കൊണ്ടുള്ള പ്രയോജനം ഓർത്തായിരിക്കണം.

വേട്ടയ്ക്കു സഹായിക്കാൻ പുരുഷന്മാർ കുതിരയെ ബന്ധുവാക്കിയ സമയംതന്നെ സ്ത്രീകൾ ഗൃഹത്തിലെ ഉപയോഗത്തിനുവേണ്ടി ആടു്, മാടു് മുതലായവയെയും വളർത്തിത്തുടങ്ങി. ഭക്ഷണത്തിനുവേണ്ടി മാംസം, കുടാതെ പാൽ തോൽ, ചൂടു നല്കുന്ന വസ്ത്രങ്ങൾ മുതലായവകൂടി ലഭിക്കുമെന്നു കണ്ടിട്ടാണു് അവർ അങ്ങനെ ചെയ്തതു്.

ആട്ടമാട്ടകൾ മനുഷ്യനു സ്വാധീനമായിത്തീർന്ന ഘട്ടം അതിപ്രധാനമായി കരുതേണ്ടതാണു്. പരിഷ്കാരം യഥാർത്ഥമായി ആരംഭിക്കുന്നതു് അപ്പോഴാണു്. അതിനു മുൻപു്, രണ്ടു തരം ഭയങ്ങൾക്കു് മനുഷ്യൻ വിധേയനായിരുന്നു: ഏതു നിമിഷത്തിലും താൻതന്നെ മറ്റു ജന്തുക്കൾക്കു് ഇരയായേയ്ക്കാം എന്ന ഭയം ഒന്നു്; തനിക്കു് ഇരകിട്ടാതെ പട്ടിണി കിടന്നു ചാകാൻ ഇടവന്നേയ്ക്കാമെന്ന ഭയം മറ്റൊന്നു്. കന്നുകാലികളെ പറ്റമായി പിടിച്ചുകൊണ്ടു



വന്നു വളർത്തിത്തുടങ്ങിയതു മുതൽ പട്ടിണിയെപ്പറ്റിയുള്ള ഭയത്തിനു കുറവുണ്ടായി. പാർപ്പിടം ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ട ചുമതല വന്നുകൂടിയെങ്കിലും വന്യമൃഗങ്ങളുടെ മുമ്പിൽ താനേചെന്നു ചാടേണ്ട ആവശ്യം മുമ്പിലത്തെപ്പോലെ അവനു നേരിട്ടുമില്ല. ഇതിന്റെ ഫലമായി വിശ്രമം ലഭിച്ചു. അന്നു മുതൽ അവൻ ചിന്തിക്കാൻ തുടങ്ങി. തന്റെ പാറങ്ങൾക്കു പുല്ലും വെള്ളവും ധാരാള

മായി നല്ലകുന്ന കാറ്റ്, മഴ മുതലായ പ്രകൃതിവിലാസങ്ങൾ മനസ്സിൽ പതിഞ്ഞു. ഏതോ ഒരു ഈശ്വരനേയും അവനു സങ്കല്പിക്കാൻ കഴിഞ്ഞു. ഒഷ്ടമൃഗങ്ങളെ ഭയപ്പെടുത്താനും, ഇരയെ ആകർഷിക്കാനും, കൂട്ടുകാരെ മനസ്സിലാക്കാനും ഉള്ള ഹുംകാരങ്ങളും ക്രൂരവിളികളും മറന്ന് അവൻ ദേവന്മാരെ വാഴ്ത്തിപ്പാടാനും വേണ്ടുവോളം മുതലായവ കൊണ്ട് മധുരങ്ങളായ സ്വരങ്ങൾ പുറപ്പെടുവിച്ച് ആനന്ദിക്കാനും പഠിച്ചു. ആധുനിക പരിഷ്കാരത്തിന്റെ പടിവാതിലിനു പുറത്തുനിന്നു കൊണ്ട് ഉള്ളിലേയ്ക്ക് അവൻ ഇങ്ങനെയാണ് എത്തി നോക്കിത്തുടങ്ങിയതു്.


പാഠം 7

മനുഷ്യരും മൃഗങ്ങളും

(രണ്ടാം ഭാഗം)

കാളയെക്കൊണ്ട് ഒരു നൂതനമായ പ്രയോജനം ഈ ഘട്ടത്തിൽ കണ്ടുപിടിച്ചു. വേട്ടയാടാനുള്ള ഉടപ്പുകൾ മുതലായി പല പണ്ടങ്ങളും അവൻ ഉണ്ടാക്കി സംഭരിച്ചു. അവയെ ഒരു ദിക്കിൽനിന്നും മറ്റൊരു ദിക്കിലേയ്ക്കു മാറേണ്ട ആവശ്യം അപ്പോൾ വന്നുചേർന്നു. എന്തെന്നാൽ വേട്ടയിൽ മൃഗങ്ങൾ കിട്ടാതെ വരികയോ കന്നുകാലികൾക്കു ജലവും മേയാനുള്ള സൗകര്യവും കുറഞ്ഞുപോകയോ ചെയ്യുമ്പോൾ പല കാടും മേടും കടന്ന് വളരെ വഴിനടന്ന് സകല കായ്കളും തികഞ്ഞ ഒരു പുതിയ സ്ഥലത്തു് എത്തണം. അങ്ങനെ യാത്രചെയ്യുമ്പോൾ ചുമടുകൾ വഹിക്കാൻ


കാളയെ ഉപയോഗപ്പെടുത്തി. ഇത്തരത്തിലുള്ള ഉപയോഗം ഇന്നും നടന്നുപോരുന്നു. ചില സ്ഥലങ്ങളിൽ കുതിരകളെക്കൊണ്ടു ഭാരങ്ങളും വഹിപ്പിക്കയും വണ്ടികളും വലിപ്പിക്കയും ചെയ്യാറുണ്ടു്.



മിക്ക രാജ്യങ്ങളിലും കഴുത ഭാരം വലിക്കാൻ ഉപകരിക്കുന്ന ഒരു മൃഗമാണു്. കുതിരകൾക്കും കാളകൾക്കും വേണ്ടുന്നിടത്തോളം പുല്ലും മറ്റും സുലഭമല്ലാത്ത ടിക്കുകളിലും കഴുതയെ വളർത്താൻ സാധിച്ചു എന്നു വരാം. എന്നു മാത്രമല്ല, ഭാരവും ചുമന്നുകൊണ്ടു് പാറകളും നിറഞ്ഞ കുന്നുകളും കയറാനും ഇറങ്ങാനും ഒക്കെ കഴുതകൾക്കേ സാധിക്കയുള്ളു.

ഹിമാലയപർവ്വതത്തിന്റെ ചില ഭാഗങ്ങളിൽ ഒരു തരം ആടുകളാണു് ഇതിലേയ്ക്കുപകരിക്കുന്നതു്. എപ്പോഴും മഞ്ഞു് ഉറഞ്ഞുകിടക്കുന്ന അലാസ്കാ മുതലായ ദേശങ്ങളിൽ ഉരുളില്ലാതെ മഞ്ഞുകട്ടിയിൽ വേഗത്തിൽ വഴുതി ഓടുന്ന ഒരു തരം വണ്ടികളും ഉണ്ടു്. അവയെ വലിക്കുന്നതു് ഒരു തരം പട്ടികളാണു്. ലാപ്‌ലൻഡ് ദേശത്തു്

ഒരു വക കടമാനിനെക്കൊണ്ടാണ് ഈ ജോലി ചെയ്യിക്കുന്നതു്. ആഹാരത്തിനു് അതിന്റെ ഇറച്ചിയും വസ്ത്രത്തിനു് അതിന്റെ തോലും ഇല്ലായിരുന്നുവെങ്കിൽ ലാപ്‌ലൻഡുകാക്കു ജീവിതം തന്നെ അസാദ്ധ്യമാകുമായിരുന്നു.




സഹാറ മുതലായ മരുപ്രദേശങ്ങളിൽ താമസിക്കുന്നവർ ഒട്ടകത്തെ ശരണം പ്രാപിക്കുന്നു. മണൽക്കാടുകളിൽ നീണ്ട സഞ്ചാരം ചെയ്യേണ്ട ഒരു ജന്തുവിനു് ആവശ്യമുള്ള സകല സൗകര്യങ്ങളും അതിനു പ്രകൃത്യാ സിദ്ധിച്ചിട്ടുണ്ടു്. അവയുടെ നീണ്ട പാദങ്ങൾ മണലിൽ താണുപോകാത്ത ഉള്ളടികളോടുകൂടിയവയാണു്. ചുഴലിക്കാറ്റുകൾ വീശുമ്പോൾ എങ്ങും ഊക്കോടെ പറക്കുന്ന മണൽത്തരികൾ ഉള്ളിൽ കയറി അസഹ്യപ്പെടുത്താതിരിക്കത്തക്ക വിധത്തിൽ മൂക്കു് നല്ലപോലെ അടച്ചുകൊള്ളാനും ഏതാനും ദിവസത്തേയ്ക്കു് ആവശ്യമുള്ള വെള്ളം ആമാശയത്തിൽ സംഭരിച്ചുവയ്ക്കാനും ഉള്ള കഴിവു് ഒട്ടകത്തിനുണ്ടു്. ദാഹംകൊണ്ടു വലഞ്ഞ

പഥികന്മാർ ഒട്ടകങ്ങളെ കൊന്ന് അവയുടെ ഉള്ളിൽനിന്ന് വെള്ളം എടുത്തുകുടിച്ചിട്ടുള്ളതായി കേൾവിയുണ്ട്.

ഉഷ്ണമേഖലയിലെ വൻകാടുകളിൽ ധാരാളമായി കാണാവുന്ന ഒരു മൃഗമാണ് ആന. ഇത്ര ശക്തിയും ബുദ്ധിയും, ഭാരം വഹിക്കാൻ ത്രാണിയും ഉള്ള വേറൊരു മൃഗവുമില്ല. നല്ലപോലെ പഴകിയ ആനകൾ ചെയ്യുന്ന പ്രവൃത്തികൾ കണ്ടാൽ നമുക്ക് അത്ഭുതം തോന്നും.

വേട്ടയെക്കാൾ കന്നുകാലി വളർത്തൽ, എന്നപോലെ കന്നുകാലി വളർത്തലിനെക്കാൾ കൃഷിയാണ് മനുഷ്യർക്ക് ഉപജീവനവിഷയത്തിൽ അധികം ഉറപ്പു നല്കുന്നതു്. അലച്ചിൽ വിട്ട് സ്ഥിരവാസം സ്വീകരിക്കുകനിമിത്തം കൃഷിക്കാർക്ക് പരിഷ്ക്കാരവൽക്കരണത്തിനു സൗകര്യം ഉണ്ടാകുന്നു. കാള, കുതിര, പോത്തു് എന്നീ മൃഗങ്ങളുടെ സഹായം കൃഷിക്കു് അപരിത്യാജ്യവുമാണല്ലോ.



മനുഷ്യന്റെ പുരോഗതിയിൽ അടുത്ത പടിയായി പറയേണ്ടതു് വാണിജ്യത്തെപ്പറ്റിയാണു്. ജന്തുക്കളെ ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിൽ വാണിജ്യം വർദ്ധിക്കയില്ലായിരുന്നു. വിദൂരദേശങ്ങൾ തമ്മിൽ വാണിജ്യം നടത്തിപ്പോന്നതു് മൃഗങ്ങളുടെ സഹായത്തോടുകൂടി ആയിരുന്നു. ആഫ്രിക്കാ, യൂറോപ്പു് എന്നീ ഭൂഖണ്ഡങ്ങളിൽനിന്നു പേർഷ്യയിലേയ്ക്കും, പേർഷ്യയിൽ നിന്നും കാബൂൾ—കാൻഡഹർവഴി ഇൻഡ്യയിലേയ്ക്കും നീണ്ടു കിടക്കുന്ന വാണിജ്യപഥത്തെ സുഗമമാക്കിയിട്ടുള്ളതു് എത്രയോലക്ഷം ഒട്ടകങ്ങളുടെയും കുതിരകളുടെയും കഴുതകളുടെയും കാളകളുടെയും കാലുകളാണു്!

ഇനിയും മൃഗങ്ങളോടുള്ള മനുഷ്യരുടെ പെരുമാറ്റത്തെപ്പറ്റി അല്പം ചിന്തിക്കാം. മനുഷ്യനു കാലക്രമത്തിൽ മനഃപരിഷ്ക്കാരം വർദ്ധിച്ചുതന്നെയാണു് വരുന്നതു് എന്നു സംശയം കൂടാതെ പറയാം. പല സ്ഥലങ്ങളിലും നടപ്പിലിരുന്ന കോഴിപ്പോരു്, കാളപ്പോരു്, പ്രാപ്പോരു്, ആട്ടുമാട്ടു കുരുതി എന്നിവയിൽ നമുക്കു വെറുപ്പു തോന്നിയെന്നുള്ളതുതന്നെ നമ്മുടെ മനഃപരിഷ്ക്കാരത്തിനു് ഉത്തമലക്ഷ്യമാണല്ലോ. ഇപ്പോഴും മത്സ്യമാംസങ്ങൾ നമ്മിൽ പലരും ഉപയോഗിക്കുന്നുണ്ടെങ്കിലും, ജന്തുക്കളെക്കൊണ്ടു വാഹനങ്ങൾ വലിപ്പിക്കുന്നുണ്ടെങ്കിലും, കായ്ക്കുമില്ലാതെ അവയെ വേദനിപ്പിക്കരുതെന്ന ബുദ്ധി നമുക്കുണ്ടു്. കഴിയുന്നത്ര സുഖവും വിശ്രമവും അവയ്ക്കു നല്കാനും നാം ശ്രമിക്കുന്നു. മൃഗപരിപാലന സംഘങ്ങൾ പല സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ടു്. പുതിയ യന്ത്രങ്ങൾ മുഖേന നമുക്കു കാട്ടിയ്ക്കുള്ള സംഹാരശക്തി പ്രയോഗിച്ചു വന്യമൃഗങ്ങളെ കൊന്നൊടുക്കാതെയിരിക്കാൻ നാം കരുതലുകൾ ചെയ്തി

രിക്കുന്നു. ആദ്യം മുതൽ നമ്മുടെ പരിഷ്ക്കാരാഭിവൃദ്ധിക്കു് അത്യന്തം ഉപകരിച്ചിട്ടുള്ള ഈ എളിയ സഹോദരങ്ങളോടു് ദയാപൂർവ്വം പെരുമാറേണ്ടതു് നമ്മുടെ ധർമ്മമാണെന്നു നാം ഒരിക്കലും മറന്നുപോകരുതു്.

പാഠം 8

കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി, നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ചപോലുയരെ നീ പറപ്പതും
മെച്ചമെന്നിവയെനിക്കുകൂടുമോ?

കാലുയർത്തിയയി, കാറിലാടുമൂ-
ഞ്ഞാലിൽമേവി രസമേലുമെത്ര ഞാൻ!
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്തിതിൽ നിനക്കൊരുങ്ങുമോ?

ചിത്രമിങ്ങു, പുഴ കുന്നിവറ്റ തെ-
ല്ലുത്തലെന്നി കിളി, നീ കടപ്പതും
എത്തി വമ്പുതലമേലുമാനതൻ
മസ്തകത്തിലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാന്നൊരേമന—
പ്രാണി, നിൻ തടവകന്ന ലീലകളം
കാണുകിൽ കൊതിവരും—പാർക്കുവാൻ
പോണ—കൊച്ചുകിളിയായതില്ല ഞാൻ!

പഷ്ണവാടി] [എൻ. കുമാരനാശാൻ.

പാഠം 9

ജീമൂതവാഹനൻ

പ്രാചീനകാലത്ത് ഹിമാലയപർവ്വതത്തിന്റെ പാർശ്വരങ്ങളിൽ ജീമൂതകേതു എന്നൊരു രാജാവു് വാണിരുന്നു. വിദ്യാധരന്മാരുടെ അധിപനായിരുന്ന ആ പുണ്യപുരുഷൻ. അദ്ദേഹത്തിന്റെ പുത്രനായ ജീമൂതവാഹനൻ, സകല സദ്ഗുണങ്ങളുടെയും വിളനിലമായിരുന്നു. പുത്രന്റെ അഭിലാഷം അനുസരിച്ചു് ജീമൂതകേതു കുടുംബസമേതം മലയപർവ്വതത്തിൽപോയി വസിക്കുകയുണ്ടായി. അവിടെവച്ചു് ജീമൂതവാഹനൻ, മലയവതി എന്ന വിദ്യാധരകുമാരിയെ വിവാഹം കഴിച്ചു. രൂപവതിയും ശീലവതിയും ആയ പ്രേയസിയോടൊരുമിച്ചു് ആ യുവാവു് ആനന്ദപൂർണ്ണമായി ജീവിതം നയിച്ചുവന്നു.

ഒരു ദിവസം ജീമൂതവാഹനൻ സമീപത്തുള്ള സമുദ്രം കാണുന്നതിനു പുറപ്പെട്ടു. ഏകാകിയായിട്ടായിരുന്ന അദ്ദേഹം സഞ്ചരിച്ചതു്. അന്തിക്കാറുമേറുകൊണ്ടു് ഉന്മേഷഭരിതനായി അദ്ദേഹം കുറേനേരം കടൽത്തീരത്തു് ഉലാത്തിക്കൊണ്ടിരുന്നു.

സന്ധ്യാരാഗം മങ്ങിത്തുടങ്ങുന്നതു കണ്ടു് ജീമൂതവാഹനൻ വസതിയിലേയ്ക്കു തിരിച്ചു. മാർഗ്ഗമദ്ധ്യേ ഒരു വനപ്രദേശത്തു കണ്ട കാഴ്ച അദ്ദേഹത്തെ വിസ്മയസ്തബ്ധനാക്കി. അതു് മലയപർവ്വതത്തിന്റെ സാനുക്കളെ മൂടിക്കിടക്കുന്ന ശുഭ്രമേഘപടലമാണെന്നായിരുന്നു അദ്ദേഹം വിചാരിച്ചതു്. എന്നാൽ സമീപത്തു ചെന്നപ്പോൾ വേറെ എന്തോ ആയിരിക്കണമെന്നു് അദ്ദേഹത്തിനു തോന്നി. വാസ്തവം മനസ്സിലാക്കുന്നതിനായി ആ വഴി പോയ ഒരാളെ അടുത്തു വിളിച്ചു ചോദിച്ചു. ആ പഥികൻ ഇങ്ങനെ പറഞ്ഞു:—

"നാഗമാതാവായ കദ്രു സപത്നിയായ വിനതയെ പണ്ടൊരിക്കൽ ചതിച്ചു ദാസ്യയാക്കി. വിനതയുടെ പുത്രനായ ഗരുഡൻ ഇന്ദ്രനെ തോല്പിച്ചു് അമൃതം കൊണ്ടുവന്നു വിനതയെ മോചിപ്പിച്ചു. എങ്കിലും തന്റെ മാതാവിനു് അവമാനം ഉണ്ടാക്കിയ നാഗങ്ങളുടെ ഉന്മൂലനാശം വരുത്തണമെന്നു ഗരുഡൻ തീർച്ചയാക്കി. അതനുസരിച്ചു് അവയെ ഭക്ഷിച്ചുകൊള്ളുന്നതിനു് ഇന്ദ്രനിൽനിന്നു് വരം വാങ്ങി. അന്നുമുതൽ ഗരുഡൻ പാതാളലോകത്തുചെന്നു നാഗങ്ങളെയഥേഷ്ടം ഭക്ഷിച്ചുവന്നു. ഇങ്ങനെയായാൽ വംശവിച്ഛേദം വരുമെന്നു നാഗരാജാവായ വാസുകി ഭയപ്പെട്ടു. ദിവസംതോറും ഓരോ സർപ്പത്തെ ആ വനഭൂമിയിൽ അയച്ചുകൊടുക്കാമെന്നും അതുകൊണ്ടു തൃപ്തിപ്പെടണമെന്നും അയിരുന്നു വാസുകിയുടെ അപേക്ഷ. ഗരുഡൻ അതു സമ്മതിച്ചു. അങ്ങനെ ഭക്ഷ്യമായിത്തീർന്ന സർപ്പങ്ങളുടെ അസ്ഥികളാണു് ആ കൂമ്പാരം."

യാത്രികൻ പിരിഞ്ഞുപോയി. ജീമൂതവാഹനൻ ചിന്താനിമഗ്നനായി. ആത്മത്യാഗം ചെയ്യേണ്ടിവന്നാലും അന്നേദിവസം ഗരുഡനു് ആഹാരമായി വരുന്ന സർപ്പത്തെ രക്ഷിക്കണമെന്നു് ആ യുവാവു് നിശ്ചയിച്ചു.

പെട്ടെന്നു് ഒരു വിലാപം കേട്ടു. അതു് സമീപസ്ഥമായ ഒരു ഗുഹയിൽനിന്നു പുറപ്പെട്ടതായിരുന്നു. ജീമൂതവാഹനൻ വേഗം അങ്ങോട്ടു് ഓടിച്ചെന്നു. ഗരുഡനു് അന്നു് ഇരയാകേണ്ട ശംഖചൂഡൻ എന്ന സർപ്പത്തിന്റെ മാതാവു് ദീനദീനം വിലപിക്കുന്നതാണു് അദ്ദേഹം കണ്ടതു്. ജീമൂതവാഹനൻ പറഞ്ഞു:—"അമ്മേ, കരയേണ്ട, ശംഖചൂഡനു പകരം ഞാൻ പോകാം. ഗരുഡന്റെ ഇന്നത്തെ ആഹാരം എന്റെ ശരീരം ആയിക്കൊള്ളട്ടെ."

ആ മാതാവു ധാരധാരയായി അശ്രു പ്രവാഹത്തല്ലാതെ ഒരു അക്ഷരം ഉരിയാടിയില്ല. മറുപടിയായി ശംഖചൂഡൻ ഇങ്ങനെ പറഞ്ഞു:—"സഹോദരാ, അങ്ങനെ പറയരുതു്. രാജകല്പന അലംഘ്യമാണു്. അങ്ങയുടെ കാരുണ്യത്തെ ഞാൻ ആദരിക്കുന്നു. എങ്കിലും എന്റെ കർത്തവ്യം നിറവേറ്റാൻ എന്നെ അനുവദിക്കണം."

ജീമൂതവാഹനൻ വീണ്ടും വീണ്ടും അപേക്ഷിച്ചു. എന്നാൽ ആ അപേക്ഷകളെല്ലാം മരുഭൂമിയിൽ വീണ മഴത്തുള്ളികൾപോലെ നിഷ്ഫലമായതേ ഉള്ളു.

കുറേനേരം കഴിഞ്ഞപ്പോൾ നാഗരാജാവിന്റെ ഒരു ഭൃത്യൻ അവിടെ എത്തി. ഗരുഡനു ഭക്ഷണമായി ചെല്ലുന്നവൻ അണിയേണ്ട ചുവന്ന പട്ടു് അയാൾ ശംഖചൂഡനെ ഏൽപ്പിച്ചു. ആ പട്ടു് തനിക്കു തരണമെന്നും അതു ധരിച്ചുകൊണ്ടു് വധശിലയിൽ കയറിക്കിടക്കാൻ തന്നെ അനുവദിക്കണമെന്നും ജീമൂതവാഹനൻ ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചു. ശംഖചൂഡൻ അപ്പോഴും വിസമ്മതിക്കുകതന്നെചെയ്തു. ധർമ്മവ്രതനായ ആ സർപ്പം അന്ത്യമായ സാമിദർശനത്തിനു് സമീപത്തുള്ള ശിവക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടു.

ഭഗവാനായ ജീമൂതവാഹനൻ ഭവനത്തിലേയ്ക്കു മടങ്ങുമ്പോൾ ഒരു പരിചാരകൻ വരുന്നതു കണ്ടു. വിവാഹത്തിനു ശേഷം മൂപ്പുതുദിവസത്തേയ്ക്ക് വധൂഗൃഹത്തിൽനിന്നു കൊടുക്കാറുള്ള വസ്ത്രങ്ങളായിരുന്നു അവൻ വഹിച്ചിരുന്നതു്. അക്കൂട്ടത്തിൽ ഒരു ചുവന്ന പട്ടും ഉണ്ടായിരുന്നു. അതു കണ്ടപ്പോൾ, ജീമൂതവാഹനനു് എന്തെന്നില്ലാത്ത ആനന്ദം ജനിച്ചു. പട്ടു വാങ്ങിയ ഉടൻതന്നെ അദ്ദേഹം ഭൃത്യനെ പറഞ്ഞയച്ചു. ശംഖചൂഡനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നു തീർച്ചയാക്കിയിരുന്ന ആ വിദ്യാധരകുമാരൻ പട്ടുടുത്തുകൊണ്ടു് ദ്രുതഗതിയിൽ നടന്നുചെന്നു് വധശിലയിൽ കയറിക്കിടന്നു.

സമയമായപ്പോൾ ഗരുഡൻ വധശിലയിലേയ്ക്കു പറന്നുതുടങ്ങി. ആ പക്ഷിരാജാവിന്റെ ചിറകടികളാൽ മേഘപടലങ്ങൾ ചിന്നിച്ചിതറി; വൃക്ഷവല്ലരികൾ ഞെരിഞ്ഞു നിലംപതിച്ചു; മൃഗങ്ങൾ ഭയവിഹ്വലരായി വനാന്തരത്തിലേയ്ക്കു് ഓടി.

തനിക്കു് ഇരയായി വന്നിട്ടുള്ള സർപ്പം നിശ്ശേഷമായി കിടക്കുന്നതു കണ്ടപ്പോൾ ഗരുഡനു സംശയം ഉണ്ടാകാതിരുന്നില്ല. ആ ഫണിരാജാന്തകൻ വരുമ്പോൾ വധശിലയിൽ കിടക്കുന്ന സർപ്പം പേടിച്ചു വിറയ്ക്കുകയായിരുന്നു പതിവു്. എന്നാൽ അന്നത്തെക്കാഴ്ച ഗരുഡനെ അത്ഭുതപ്പെടുത്തി. ധൈര്യശാലികളായ സർപ്പങ്ങളും ഉണ്ടാകാമെന്നു് ആ പക്ഷിശ്രേഷ്ഠൻ വിചാരിച്ചു.

ജീമൂതവാഹനനുണ്ടോ കൂലുങ്ങുന്നു? പ്രാണനെ തൃണവൽഗണിച്ചു്, സച്ചിന്തനിദ്രയിൽ മുഴുകിയവനെപ്പോലെ ആ ത്യാഗസമ്പന്നൻ അവിടെക്കിടന്നു. ഗരുഡൻ അദ്ദേഹത്തെ കൊത്തിയെടുത്തുകൊണ്ടു് മലയശൃംഗത്തിലേയ്ക്കു

പറന്നു. അപ്പോൾ ജീമൂതവാഹനന്റെ ചൂഡാരത്നം താഴെ വീഴാനിടയായി. അദ്ദേഹത്തിന്റെ വസതിയുടെ മുൻവശത്തായിരുന്ന അതു വീണതു്. ആത്മവല്ലഭന്റെ ചൂഡാരത്നം രക്തപങ്കിലമായി അവിടെ പതിച്ചതുകണ്ടു് മലയവതി ഞെട്ടിപ്പോയി. അതു് ശരുഡൻ നിഗ്രഹിച്ച ഏതോ സർപ്പത്തിന്റെ വകയായിരിക്കാമെന്നു പറഞ്ഞു് ജീമൂതകേതു നവോഢയെ സാന്ത്വനപ്പെടുത്തി.

ശിവക്ഷേത്രത്തിൽനിന്നു തിരിച്ചുവന്നു് വധശിലയിൽ വളരെനേരം കിടന്നിട്ടും ശരുഡനെ കാണാഞ്ഞതുകൊണ്ടു് ശംഖചൂഡനു സംശയം വർദ്ധിച്ചു. തന്നെ ജീമൂതവാഹനൻ വഞ്ചിച്ചിരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ ഊഹം. നിലത്തു സൂക്ഷിച്ചു നോക്കിയപ്പോൾ രക്തം നെടുനീളെ ഇറ്റിറ്റു വീണിരിക്കുന്നതു കണ്ടു് അതിനെ പിൻതുടർന്നു നടന്നുതുടങ്ങി. കുറേദൂരം ചെന്നപ്പോൾ പുത്രനെത്തിരക്കി വരുന്ന ജീമൂതകേതുവിനെയാണു കണ്ടതു്. വസ്തുത മനസ്സിലായപ്പോൾ ആ പിതാവിന്റെ ഹൃദയം തകർന്നുപോയി. ദുഃഖനിമഗ്നമായ ആ വിദ്യാധരകുടുംബം അഗ്നിയിൽച്ചാടി ശരീരം ത്യജിക്കാൻ സന്നദ്ധമായി. അവരെ തടഞ്ഞുകൊണ്ടു് ശംഖചൂഡൻ ഇങ്ങനെ പറഞ്ഞു:—

"ശരുഡൻ പട്ടുമാറിയിട്ടു ഭക്ഷിക്കാൻ ആരംഭിക്കുമ്പോൾ സർപ്പമല്ലെന്നു മനസ്സിലാക്കി ജീമൂതവാഹനനെ വിടുമെന്നു നിശ്ചയമാണു്. അതിനിടയിൽ ഈ സാഹസത്തിനു് ഒരുമ്പെടരുതു്."

ശംഖചൂഡന്റെ അനുമാനം ശരിയല്ലെങ്കിൽ ചിതാരോഹണമല്ലാതെ ആ കുടുംബത്തിനു ഗത്യന്തരമുണ്ടായിരുന്നില്ല. അതുകൊണ്ടു് മലയാചലത്തിലേയ്ക്കു ശംഖ

ചൂഡനെ പറഞ്ഞയച്ചിട്ട് ജീമൂതകേതു അഗ്നിയെട്ടുകൂട്ടം കുടുംബസമേതം അനുഗമിച്ചു.

അസഹ്യമായ വിശപ്പുണ്ടായിരുന്നതുകൊണ്ട് ഗരുഡൻ ജീമൂതവാഹനന്റെ ശരീരം ദ്രുതഗതിയിൽ ഭുജിച്ചുകൊണ്ടിരുന്നു. ക്ഷുത്തു് ഏതാണ്ടു് ശമിക്കാറായപ്പോഴാണു് ഭക്ഷ്യത്തെ സൂക്ഷിച്ചു നോക്കിയതു്. കുത്തുമൂത്ത നഖങ്ങൾ ഊന്നി കുറേനേരം മാംസം കൊത്തിവലിച്ചു തിന്നുകൊണ്ടിരുന്നിട്ടും ഇരയുടെ മുഖത്തു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം മന്ദഹാസവും പ്രസന്നതയും കളിയാടുന്നുണ്ടായിരുന്നു. പക്ഷിപ്രവരൻ അത്ഭുതാധീനനായി. തന്റെ ഭോജനം തെറ്റിപ്പോയെന്നു് അദ്ദേഹത്തിനു തോന്നി. അദ്ദേഹം ചോദിച്ചു:—

"താങ്കൾ ആരെന്നു പറയണം."

ജീ. വാ:—വിശപ്പു തീരുന്നതുവരെ ഭക്ഷിച്ചുകൊള്ളണം. ഞാൻ ആരെന്നു് അങ്ങു് അറിയേണ്ടാ.

ഗരുഡൻ:—ആരെന്നു് എനിക്കു് അറിയണം; ആരെന്നറിഞ്ഞാലേ ഇനി ഞാൻ ഭക്ഷിക്കുകയുള്ളൂ.

ജീ. വാ:—അങ്ങയുടെ വിശപ്പു ശമിച്ചാൽ മാത്രമേ ഞാൻ ആരെന്നു പറയുകയുള്ളൂ.

ഇങ്ങനെ രണ്ടുപേരും തർക്കിച്ചു് ഇരിപ്പായി.

ഇത്രയുമായപ്പോഴേയ്ക്കും ശംഖചൂഡൻ അവിടെ ഓടിയെത്തി ഇങ്ങനെ വിളിച്ചു പറഞ്ഞു:—

"പക്ഷിരാജാവേ, അങ്ങേയ്ക്കു തെറ്റിപ്പോയി. അതു സർപ്പമല്ല, മഹാനായ ജീമൂതവാഹനനാണു്. ഞാനാണു സർപ്പം. അദ്ദേഹത്തെ വിട്ടിട്ടു് എന്നെ ഭക്ഷിച്ചുകൊള്ളണം."

സുകൃതിയായ ജീമൂതവാഹനന്റെ ശരീരമാണ് താൻ ഭുജിച്ചതെന്നറിഞ്ഞപ്പോൾ ഗരുഡൻ വിഷണ്ണനായി. പാപനിവാരണത്തിനുവേണ്ടി അദ്ദേഹം ആത്മഹത്യയ്ക്കൊരുങ്ങി. ഉടനെ അകലെനിന്നും ഏതാനും ആളുകൾ വരുന്നതു കാണാറായി. അവരുടെ കൈയിൽ തീ ഇരിക്കുന്നതുകണ്ട് ഗരുഡൻ സമാധാനപ്പെട്ടു.

ശംഖചൂഡൻ വൃത്താന്തമെല്ലാം വിസ്തരിച്ചു പറഞ്ഞു. ജീമൂതവാഹനന്റെ മാതാപിതാക്കന്മാരും ധർമ്മപത്നിയും ആണ് വരുന്നതെന്നറിഞ്ഞപ്പോൾ ഗരുഡൻ ലജ്ജിച്ചുപോയി. അഗ്നിയിൽച്ചാടി ആത്മഹത്യ ചെയ്യാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു.

ജീമൂതകേതുവും ക്ലേശിതരും തമസ്സായതെ അവിടെ എത്തി. എന്തു ചെയ്യേണ്ടു എന്നറിയാതെ നിന്നിരുന്ന പക്ഷീന്ദ്രനെ ജീമൂതവാഹനൻ സമാധാനപ്പെടുത്തി. പിതാവിന്റെ അനുമതിയോടുകൂടി വിദ്യാധരകുമാരൻ അനുതാപം, അഹിംസ, പുണ്യസമ്പാദനം എന്നിവ ഗരുഡനു് ഉപദേശിച്ചുകൊടുത്തു. ഗരുഡൻ യഥാവിധി അവ നിർവ്വഹിക്കുകയും അന്നേദിവസംമുതൽ സർപ്പാശനത്തിൽനിന്നു വിരമിച്ചിരിക്കുന്നുവെന്നു സത്യം ചെയ്യുകയും ഉണ്ടായി.

ജീമൂതവാഹനന്റെ ശരീരത്തിൽനിന്നു രക്തം ധാരാളം വാർന്നുപോയിരുന്നു. മാംസവും വളരെയൊന്നും ശേഷിച്ചിരുന്നില്ല. ആ ത്യാഗിയുടെ ആത്മാവു് ശരീരപഞ്ജരത്തിൽനിന്നു പറന്നുപോയി. മർമ്മഭേദകമായ ആ കാഴ്ച കണ്ട് മലയവതിയും ജീമൂതകേതുവും പത്നിയായ മഹാപുണ്യയും മൂർച്ഛിച്ചുവീണു. കുറേനേരം കഴിഞ്ഞപ്പോൾ ഗരുഡന്റെയും ശംഖചൂഡന്റെയും ശീതോപചാരം നിമിത്തം

അവർ മോഹാലസ്യത്തിൽനിന്നു് ഉണർന്നു. സ്നേഹാർദ്രചിത്തയായ ആ മാതാവു് ഇങ്ങനെ പ്രാർത്ഥിച്ചു:—

"അല്ലയോ ലോകപാലന്മാരെ, അമൃതം തളിച്ചെങ്കിലും എന്റെ ഒരു മനപ്പുത്രനെ ജീവിപ്പിക്കേണമേ! അവൻ ഇല്ലാത്ത ഈ ലോകത്തിൽ എങ്ങനെ ഞാൻ ജീവിച്ചിരിക്കും?"

ഇതു കേട്ടപ്പോഴാണു് അമൃതം തനിക്കു് അധീനമാണെന്ന വസ്തുത ശരുഡന്റെ സ്മൃതിപഥത്തിൽ എത്തിയതു്. ഉത്തരക്ഷണത്തിൽ അദ്ദേഹം ദേവലോകത്തേയ്ക്കു പറന്നു.

ജീമൂതകേതുവിന്റെ നിർദ്ദേശം അനുസരിച്ചു് ശംഖചൂഡൻ ചിതയൊരുക്കി. പുത്രശോകാർത്തരായ വൃദ്ധദമ്പതിമാർ ജീവത്യാഗത്തിനു് ഒരുമ്പെട്ടു. മലയവതിയാകട്ടെ സമചിത്തതകൈവിടഞ്ഞില്ല. "ആപൽക്കാലത്തു ഞാൻ നിന്നെ രക്ഷിക്കും" എന്നു ശ്രീപാർവ്വതി പണ്ടു് അരുളിച്ചെയ്തിരുന്നതു് ആ സതീരത്നം ഓർമ്മിച്ചു. അവർ ഭഗവതിയെ ധ്യാനിച്ചുതുടങ്ങി.

പെട്ടെന്നു് ഒരു ദിവ്യതേജസ്സു് അവിടെ പ്രസരിച്ചു. കനകമയമായ ഒരു ദിവ്യയാനത്തിൽ ശ്രീപാർവ്വതി വന്നിറങ്ങി. ജീമൂതകേതുവും മഹാപുണ്യയും മലയവതിയും ദേവിയുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു. ദേവി അവരെ പിടിച്ചെഴുന്നേല്പിച്ചിട്ടു് അനുഗ്രഹം നല്കി. ഒരു സപ്തകലശത്തിൽനിന്നു് അല്പം അമൃതം എടുത്തു് ആ ദേവിതന്നെ ജീമൂതവാഹനന്റെ ശരീരത്തിൽ തളിച്ചു. സ്വപ്നത്തിൽനിന്നു് ഉണർന്നതുപോലെ ആ യുവാവു ചാടിയെണീറ്റു് ദേവിയുടെ പാദങ്ങളിൽ നമസ്കരിച്ചു. ആ വിദ്യാധരകുടുംബത്തിന്റെ ഹൃദയത്തിൽ ആനന്ദം നിറഞ്ഞു

ളുമ്പി. അവർ പലവുരു ശ്രീപാർവ്വതിയെ നമസ്കരിച്ചു് സ്തുതിച്ചു.



വിശേഷപ്പെട്ട ഒരു ഖഡ്ഗവും ദിവ്യമായ ഒരു അശ്വവും ജീമൂതവാഹനനു സമ്മാനിച്ചിട്ടു് ദേവി ഇങ്ങനെ അരുളിച്ചെയ്തു:—"സുകൃതചരിതനായ കുമാരാ, ഇന്നുമുതൽ വിദ്യാധരന്മാരുടെ ചക്രവർത്തിയായി സകല സുഖങ്ങളോടും കൂടി വാണുകൊൾക."

ജീമൂതവാഹനന്റെ ശത്രുവായിരുന്ന മാംഗധൻ ഉടൻ തന്നെ അവിടെ എത്തി താൻ ജീമൂതവാഹനന്റെ സാമന്തനാണെന്നു സമ്മതിച്ചുകൊണ്ടു് വിനീതനായി നിന്നു.

ഈ സമയത്തു ദേവലോകത്തു പോയിരുന്ന ഗരുഡൻ ഇന്ദ്രനിൽനിന്നു ലഭിച്ച അമൃതം ഭൂമിയിലേയ്ക്കു വർഷിക്കുകയുണ്ടായി. എന്നാൽ അതു വന്നുവീണതു പർവ്വതാകാരത്തിൽ കിടന്നിരുന്ന സർപ്പാസ്ഥികളിൽ ആയിരുന്നു. തൽക്ഷണം തന്നെ അവ ഒന്നൊഴിയാതെ സർപ്പങ്ങളായിത്തീർന്നു.

തിരിച്ചുവന്നപ്പോൾ ഗരുഡൻ കാര്യങ്ങളെല്ലാം മനസ്സിലാക്കി. താൻ കൃതകൃത്യനായെന്നു് അദ്ദേഹം വിചാരിച്ചു. മംഗളാത്മികയായ പാർവ്വതീദേവി എല്ലാവരെയും അനുഗ്രഹിച്ചിട്ടു് അന്തർദ്ധാനം ചെയ്തു.

സന്തോഷപരവശനായ ശംഖചൂഡൻ പാതാളലോകത്തു ചെന്നു് വിശേഷങ്ങളൊന്നൊഴിയാതെ മാതാവിനെ അറിയിച്ചു. സത്യാവസ്ഥ മനസ്സിലായപ്പോൾ സർപ്പങ്ങളുടെ ഭയംനീങ്ങി. ജീമൂതവാഹനന്റെ ത്യാഗമഹിമയെ എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

പാഠം 10

കണ്വാശ്രമം

പൂത്തവൃക്ഷം കലന്നിട്ടും
പച്ചപ്പുല്ലുനിരന്നുമേ
പരന്നും സരസം പക്ഷി-
വിരുതങ്ങളിയന്നുമേ

കയിൽനാദം പരന്നീട്ടും
ഝ ല്ലീ ഝങ്കാരമാർന്നമേ
നാനാശാഖാനിഴലെഴും
നാനാവൃക്ഷം നിരന്നുമേ.

വണ്ടിനങ്ങളും മുരണ്ടേറേറം
കൊണ്ടാട്ടം ഭംഗിയാണ്ടുമേ
പൂക്കാത്തവൃക്ഷമങ്ങില്ല
കായ്ക്കാത്തവയുമങ്ങനെ.

മുള്ളുള്ളവയുമേ ഭംഗ—
മില്ലാതേകണ്ടുമാവനേ
പക്ഷിനാദം കലർന്നേറേറം
പുഷ്പങ്ങളും വികസിച്ചഹോ.

സവ്വർത്തുപുഷ്പവൃക്ഷങ്ങളും
ചൊവ്വോട്ട നിഴലാന്നതായ്
ഭംഗിയേറും രമ്യവന—
മങ്ങുകേറി നരാധിപൻ.

ആ വനം കണ്ടു കയറീ—
ട്ടവൻ തൃഷ്ടദ്വിജാകുലം
അഴകുള്ളാശ്രമം കണ്ടു
വഴിയേ നരനായകൻ.

അനേകം മാമരം പൂണ്ടു—
മനലൻ പ്രജ്വലിച്ചുമേ
പുണ്യാശ്രമം നൃപൻ കണ്ടു
ധന്യൻ നന്ദിച്ചിതേറേറവും

യതീന്ദ്രരാം ബാലഖില്യ—
രത്‌ലുണ്ട മുനീന്ദ്രരും
പുഷ്പാർച്ചന കഴിച്ചുള്ളോ—
രഗ്നിശാലകളുണ്ടതിൽ.

പുണ്യതുല്യാംബുവൊഴുകും
മാലിനീനദി ചുഴവേ
മണൽപ്പുറങ്ങളെക്കൊണ്ട
മനോജ്ഞതരമാസ്ഥലം.

നാനാപക്ഷികളുള്ളോരാ
നദി ചേരും തപോവനേ
അതിൽ വാഴും വ്യാളമൃഗ—
തതി കണ്ട നൃപൻ തദാ.

അതിശ്രീയുള്ള തേരാളി
മതിമാനായ മന്നവൻ
ദേവലോകാഭമായുള്ളോ—
രാസ്ഥലത്തിൽ കരേറിനാൻ.

നന്മയിൽ ജീവജാലങ്ങൾ-
ക്കമ്മയെന്ന കണക്കിനെ
കണ്ടാനങ്ങാശ്രമം ചുറ്റി—
പ്പുണ്യയാം നദി പോവതും.
ചക്രാഡ്യപ്പുളിനം ചേർന്നും
നരയായ് പൂവൊലിച്ചുമേ
കിന്നരാവലി സേവിച്ചും
കീശർക്ഷങ്ങൾ കൂടിച്ചുമേ.

സ്വാധ്യായശബ്ദം കേൾക്കുന്ന
കരപ്പുറമിയന്നുമേ

ആനയും പുലിയും പാമ്പും
സേവിപ്പോന്നാകുമാ നദി.
അതിൻ വക്കിൽ കാശ്യപനാം
ഭഗവാൻമുനിതന്നുടെ
മഹർഷിശ്രേഷ്ഠർ വാണീടു-
മാശ്രമം കണ്ടു മന്നവൻ.
ആശ്രമത്തെച്ചുഴന്നാറു-
മാശ്രമത്തെയുമാ നൃപൻ
കണ്ടിട്ടതിൽ പ്രവേശിച്ചു-
കൊണ്ടീടാൻ കരുതീടിനാൻ.
തരുത്തെഴും മാലിനിയാം
പുഴയ്ക്കലെ മനോഹരം
നരനാരായണസ്ഥാനം
ഗംഗയാലെന്നവണ്ണമേ.

മഹാഭാരതം തർജ്ജമ] [കുഞ്ഞിക്കുട്ടൻ തമ്പുരാൻ


പാഠം 11

വീരനായ രാജകുമാരൻ

[സ്ഥലം—വാല്മീകി മഹർഷിയുടെ തപോവനം.
സമയം—പ്രഭാതം]

(ലവനും രണ്ടു മുനികുമാരന്മാരും പ്രവേശിക്കുന്നു.)

ഒന്നാമൻ—(സംഭ്രമത്തോടുകൂടി) കുമാരാ, കുതിര, കുതിര എന്നൊരു മൃഗം നാട്ടിലുണ്ടെന്നു കേട്ടിട്ടില്ലേ? ഞങ്ങൾ ഇപ്പോൾ അതിനെ നമ്മുടെ തപോവനത്തിൽ കണ്ടു.



ലവൻ:—അതുവ്വോ ? ആ മൃഗം എങ്ങനെ ഇരിക്കും?

ഒന്നാമൻ—പിന്നിൽ ഒരു വലിയ വാലുണ്ട്. അതു് കുടെ കുടെ ആട്ടിക്കൊണ്ടിരിക്കും. നീണ്ട കഴുത്തുണ്ട്. നാലു കാലുമുണ്ട്. പുല്ലുതിന്നും, കൊമ്പില്ല, വേഗത്തിൽ ഓടുന്ന ഒരു ജന്തുവാണ്. നമുക്കു പോയിനോക്കാം.

ലവൻ—അതു് ഇങ്ങോട്ടുതന്നെ വരുന്നുണ്ടല്ലോ. ഒന്നാംതരം വെള്ളക്കുതിര. ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. കാണ്മാൻ നല്ല കൗതുകം ഉണ്ടു്. ഓ, അതു് നമ്മുടെ മുമ്പിൽ എത്തിക്കഴിഞ്ഞു. നോക്കുവാൻ കുതിര മാത്രമല്ല, പുറകെ ഒരു ഭടനും ഉണ്ടു്.

മുനികുമാരന്മാർ—(ഭയത്തോടുകൂടി) നമുക്കു് ഓടിച്ചെന്നു ആശ്രമത്തിൽ കയറിക്കളയാം.

ലവൻ—കൊള്ളാം. അങ്ങനെയാണോ കുതിരയെ കാണുന്നതു്?

മുനി—ഭടൻ ആയുധപാണിയാണു്. അയാൾ നമ്മെ ഉപദ്രവിച്ചെങ്കിലോ?

ലവൻ—കുറേ ഭോതമുണ്ടു്! ഈ കുതിരയെ നമ്മൾമാത്രം കണ്ടാൽ പോരാ. നമുക്കു പരിചയമില്ലാത്ത ജന്തുവല്ലേ? ചങ്ങാതിമാർ എല്ലാവരും കാണണം. അതുവരെ ഇതിനെ ഈ താലവൃക്ഷത്തിന്റെ ചുവട്ടിൽ ഒരു വള്ളികൊണ്ടു കെട്ടിയിടാം. (മുൻപിൽ എത്തിയ കുതിരയെ അപ്രകാരം ചെയ്യുന്നു. മുനികുമാരന്മാർ ഓടിപ്പോകുന്നു.)

ഭടൻ—(പ്രവേശിച്ചു്) ആരാണു് കുതിരയെ തട്ടിക്കൊണ്ടു കെട്ടിയതു്?

ലവൻ—ഈ നിൽക്കുന്ന ഞാൻ തന്നെയെന്നു വയ്ക്കുക.

ഭടൻ—എന്തിനു്? ഇതു് ഞങ്ങളുടെ കുതിരയല്ലേ?

ലവൻ—ആവോ? അതിനെ എന്തിനിവിടെ കൊണ്ടുവന്നു? ഇതു് ഞങ്ങളുടെ തപോവനമല്ലേ? ഇവിടെ ആ മൃഗത്തെ പ്രദർശിപ്പിക്കാനാണെങ്കിൽ ഞാൻമാത്രം കണ്ടാൽ മതിയോ?

ഭടൻ—കുട്ടീ, കരുതിക്കളിക്കൂ. ഇതു് ഭാരതചക്രവർത്തിയായ ശ്രീരാമചന്ദ്രന്റെ അശ്വമേധത്തിനുള്ള കുതിരയാണു്.

ലവൻ—എവിടത്തെ ചക്രവർത്തിയായാലെന്തു്? മഹർഷിമാരുടെ തപോവനത്തെ ഉപരോധിക്കുവാൻ നിങ്ങൾക്കു് അദ്ദേഹത്തിന്റെ ആജ്ഞയുണ്ടോ?

ഭടൻ—കുമാരാ, ശാന്തമായി കേൾക്കൂ. അശ്വമേധത്തിനു് അഴിച്ചുവിട്ട കുതിരയ്ക്കു് യഥേഷ്ടം എവിടെ വേണമെങ്കിലും സഞ്ചരിക്കാം. അതിനെ രക്ഷിക്കുവാൻ വീരന്മാരായ മുന്നൂറു ഭടന്മാർ കൂടെയുണ്ടു്. അതിൽ ഒരാളാണു ഞാൻ. ശേഷമുള്ളവർ തപോവനത്തിനു വെളിയിൽ നിൽക്കുന്നു. കുതിരയെ വിട്ടുതരൂ. അതാണു് നല്ലതു്.

ലവൻ—അമ്പടാ, അല്ലെങ്കിൽ?

ഭടൻ—ആ സൈന്യം യുദ്ധത്തിനു വരും.

ലവൻ—എനിക്കും അരുതേ യുദ്ധം?

ഭടൻ—ബാലാ, അങ്ങു പറയുന്ന വാക്കിന്റെ അർത്ഥം എന്തെന്നു് അങ്ങേയ്ക്കു മനസ്സിലായിട്ടില്ല. മഹാവീരനായ ശ്രീരാമചന്ദ്രനോടു് അങ്ങു് യുദ്ധം ചെയ്യും, അല്ലേ?

ലവൻ—അതേ, വേണ്ടിവന്നാൽ; അതുതന്നെയാണു് ഞാൻ പറഞ്ഞതു്.

ഭടൻ—അങ്ങേയ്ക്കു് സൈന്യം ഉണ്ടോ? ശ്രീരാമചന്ദ്രനു് എണ്ണിയാലൊടുങ്ങാത്ത ചതുരംഗബലമുണ്ടെന്നു കേട്ടിട്ടില്ലേ?

ലവൻ —ഉണ്ടെങ്കിലെന്ത് ?

ഭടൻ—വാല്മീകി മഹർഷിയെക്കൊണ്ട് ശപിപ്പിക്കാമെന്നായിരിക്കും ഭാവം !

ലവൻ—അങ്ങനെയൊന്നും ഭയപ്പെടേണ്ട. ഞാൻ ഒറ്റയ്ക്കു നേരിട്ടുനിന്നു യുദ്ധം ചെയ്യും; അത്ര മാത്രമേ ഉള്ളൂ. എന്തിനാണ് അമ്പരക്കുന്നത് ? അതിൽ എന്താണ് ആശ്ചര്യം ?

ഭടൻ—കുട്ടീ, യുദ്ധമെന്നാലെന്താണെന്നു കുട്ടിക്ക് അറിയാമോ ?

ലവൻ—അതു് തമ്മിൽ നേരിടുമ്പോൾ കാണാമല്ലോ ?

ഭടൻ—വികൃതിക്കുട്ടീ! ഞങ്ങൾ കൈയും മെയ്യും ഉറച്ച കഠിനഹൃദയന്മാരായ പോരാളിമാരാണ്. ശത്രുക്കളുടെ കഴുത്തു് വാരിക്കൊണ്ടു വെട്ടി കുറുക്കനും കഴുകനും തീനിട്ടുന്നതാണ് ഞങ്ങളുടെ നിത്യവൃത്തി. ദയ എന്നൊരു വികാരം ഞങ്ങളെ ഇതുവരെ തീണ്ടിയിട്ടില്ല. വില്ലിൽനിന്നും വിട്ടാൽ, കണയ്ക്കു് ശത്രു ബാലനോ യുവാവോ എന്നു നോക്കുവാൻ കണ്ണില്ല. അതു ചെന്നുകൊണ്ടാൽ മജ്ജം പിളരും; രക്തം പ്രവഹിക്കും; പ്രാണൻ പോകും. സൂക്ഷിച്ചു സംസാരിക്കൂ.

ലവൻ—കൊള്ളാം. പ്രശാന്തമായ ഈ തപോവനത്തിൽ വന്നു ലഹളയുണ്ടാക്കുന്ന നിങ്ങളോ, ഇവിടെ മഹർഷിമാരുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സ്വസ്ഥനായി നിൽക്കുന്ന ഞാനോ, ആരാണ് സൂക്ഷിച്ചു സംസാരിക്കേണ്ടതു് ? ഇതുകൊണ്ടൊന്നും കുതിരയെ തിരയെ കിട്ടുമെന്നു മോഹിക്കേണ്ട. നാട്ടിൽ നിങ്ങൾ ഈ ജാതിയിൽപ്പെട്ട സാധുക്കളായ മൃഗങ്ങളെക്കൊണ്ടു

നിങ്ങളേയും നിങ്ങളുടെ ശകടങ്ങളേയും വഹിപ്പിച്ചു് ക്ലേശിപ്പിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ടു്. അവയിൽ ഒന്നെങ്കിലും ഞങ്ങളുടെ മാൻകൂട്ടത്തിൽ ചേന്നു് സൈരമായി വിഹരിക്കട്ടെ; സുഖമായി ജീവിക്കട്ടെ.



ഭടൻ—മുനികുമാരാ!

ലവൻ—ഞാൻ മുനികുമാരനല്ല. ക്ഷത്രിയകുമാരനാണ്. ഇതാ കേൾക്കുക ക്ഷത്രിയനായ എന്റെ പ്രതിജ്ഞ—"എതിരാളിയെ ഞാൻ യുദ്ധത്തിൽ തോൽപ്പിച്ചതിനു മേലല്ലാതെ ഈ അശ്വത്തെ കെട്ടഴിച്ചു വിടുകയോ കൊണ്ടുപോകുന്നതിനു അനുവദിക്കയോ ചെയ്യുകയില്ല." ഈ പ്രതിജ്ഞയ്ക്കു അഷ്ടദിക്പാലന്മാരും പഞ്ചഭൂതങ്ങളും സാക്ഷി.

ഭടൻ—എന്നാൽ യുദ്ധം ചെയ്യാം.

ലവൻ—ആരോട്? ഒരു വീരക്ഷത്രിയൻ കേവലം ശമ്പളം പറ്റി ഉപജീവിക്കുന്ന ഒരു സാധാരണ ഭടനോടു് യുദ്ധം ചെയ്യുന്നതു് ലാഘവമാണെന്നു് നിങ്ങൾ ഇത്ര കാലമുള്ള സൈന്യസേവനത്തിൽനിന്നു ധരിച്ചിട്ടില്ലേ? വിളിച്ചുകൊണ്ടുവരൂ, നിങ്ങളുടെ ശ്രീരാമചന്ദ്രനെ. ഞാൻ യുദ്ധം ചെയ്യുന്നതെങ്കിൽ മറ്റവശ്യം അദ്ദേഹവും നില്ക്കേണ്ടിവരും.

ഭടൻ—കുട്ടിക്കു് തലയിലെ ആണികളെല്ലാം ഇളകിപ്പോയിരിക്കുന്നു. യാഗദീക്ഷയ്ക്കു് ഭംഗംവരുത്തി, യുദ്ധസന്നദ്ധനായി കോദണ്ഡപാണിയായി ആ മഹാരഥൻ ഇവിടെ എഴുന്നള്ളുവാൻ പോകുന്നു! അല്ലേ? എന്തിനു്? മുലകുടിമാറാത്ത ഒരു കുഞ്ഞിന്റെ മൂഢവാക്കുകൾക്കു പകരം ചോദിക്കാൻ! അതു നടക്കുന്ന കാര്യമാണോ കുമാരാ?

ലവൻ—ഈ കുതിര വേണ്ടെന്നുവച്ചാൽ അദ്ദേഹം വരണമെന്നില്ല.

ഭടൻ—ഇതു് എന്തു ധർമ്മസങ്കടം? ഇതു് തപോവനം. പോരെങ്കിൽ മഹാത്മാവായ വാല്മീകി മഹർഷിയുടെ വാസസ്ഥാനം. അല്ലെങ്കിൽ, കോസല രാജ്യത്തിലെ പോരാളിമാരുടെ കൈയുക്കിന്റെ ചൂടു് ഈ വിട്ട വായനായ ബാലനെ ഒട്ടൊന്നു് അനുഭവിപ്പിക്കാമായിരുന്നു. കൂട്ടീ, ഞാൻ പോകുന്നു. ഇന്നു അപചാരങ്ങളും ഞങ്ങളുടെ സേനാപതിയായി കൂടെ എഴുന്നള്ളിയിട്ടുള്ള രാജകുമാരൻ ചന്ദ്രകേതുവിനെ അറിയിച്ചു് കല്പനപോലെ ചെയ്യാം. അതാണു് എന്റെ കൃത്യം.

ലവൻ—ആരാണു് ചന്ദ്രകേതു?

ഭടൻ—ശ്രീരാമസ്വാമിയുടെ കനിഷ്ഠസഹോദരനായ ലക്ഷ്മണമഹാരാജാവു തിരുമനസ്സിലെ സീമന്തപുത്രൻ. വീരൻ, വിക്രാന്തൻ, വിഖ്യാതൻ.

ലവൻ—അങ്ങനെയായാൽ പോരിനു് ആ സേനാനി വന്നാലും മതി. അദ്ദേഹം ആയുധവിദ്യയിൽ പലതും പഠിച്ചിട്ടുണ്ടാകും. ഞാനും ചിലതു അഭ്യസിച്ചിട്ടുണ്ടു്. ഞങ്ങളും തമ്മിൽ ഒരു ബലാബലപരീക്ഷ കഴിക്കുന്നതു കൊള്ളാം.

[ഭടൻ പുരികം ചുളിച്ചുകൊണ്ടുപോകുന്നു. ലവൻ പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്നു.]

സീതാദേവി—(പ്രവേശിച്ചു്) ഓമനേ.

ലവൻ—എന്തമ്മേ?

സീത—ഒരു വലിയ സൈന്യം നമ്മുടെ തപോവനത്തെ വളഞ്ഞിരിക്കുന്നതായി മഹർഷികുമാരന്മാർ വന്നു് എന്നോടു പരിഭ്രമത്തോടുകൂടി പറഞ്ഞു. ഈ കുതിരയെ വിട്ടുകളയു.

ലവൻ—ഇല്ല അമ്മേ, ഇതിനെ ഞാൻ വിടുകയില്ല. എതി, രാളിയെ തോല്പിച്ചുകഴിഞ്ഞാൽ വിടാം. അങ്ങനെ ഞാൻ ശപഥം ചെയ്തിരിക്കുന്നു. ഞാൻ ഒരു ക്ഷത്രിയ രാജകുമാരൻ ആണെന്നല്ലേ അമ്മ പറഞ്ഞതു്. ക്ഷത്രി യന്റെ ശപഥത്തിനു ഭംഗം വരാമോ അമ്മേ? പറയൂ. ഒരു ടേൻ ഇവിടെ വന്നു്, ഇതു് അയോദ്ധ്യാധിപതി യായ ശ്രീരാമചന്ദ്രന്റെ കുതിരയാണെന്നും വിട്ടുതരണ മെന്നും അഹങ്കാരത്തോടുകൂടി ഗളഗർജ്ജനം ചെയ്തു. ഞാൻ കൂട്ടാക്കിയില്ല. അയാൾ പോയി സേനാധി പതിയായ ചന്ദ്രകേതുവിനെ വിളിച്ചുകൊണ്ടുവരും എന്നു പറഞ്ഞു. വരട്ടേ; വന്നാലെന്തു്? എനിക്കു പേടിയോ? അതു പോരാ. ശ്രീരാമചന്ദ്രനെത്തന്നെ യുദ്ധത്തിനായി വരുത്തണമെന്നാണു് ഞാൻ പറ ഞ്ഞതു്. പക്ഷേ അദ്ദേഹം യാഗദീക്ഷയിലിരിക്ക കൊണ്ടു് അതിനു തരമില്ലപോലും. പോകട്ടെ.

സീത—(ആത്മഗതം) മനസ്സേ, ആനന്ദിക്കു. എന്റെ കുഞ്ഞു് പ്രാണനാഥന്റെ ശരിപ്പകർപ്പുതന്നെ. അ ദ്ദുഷ്പ്രതിജ്ഞ, അ ധീരോദാത്തത! (പ്രകാശം) മകനേ, നീ പറഞ്ഞതു ശരിതന്നെ. കുതിരയെ വിടണമെ ന്നില്ല. യുദ്ധത്തിൽ നിനക്കു സകലവിജയങ്ങളും സിദ്ധിക്കട്ടെ. (നെറുകയിൽ ചുംബിച്ചിട്ടു പോകുന്നു.)

ചന്ദ്രകേതു—(സുമന്ത്രർ തെളിക്കുന്ന തേരിൽ ഇരുന്നു കൊണ്ടു്) കുമാരാ, കുമാരൻ തന്നെയാണോ യാഗാ ശ്വത്തെ പിടിച്ചുകെട്ടിയതു്?

ലവൻ—അതെ, ഞാൻതന്നെ.

ചന്ദ്ര—എന്തിനു് ആ സാഹസം പ്രവർത്തിച്ചു?

ലവൻ—ആ യാഗാശ്വം ബോധിച്ചു സ്ഥലത്തു നടക്കുമെന്നും അതിനെ ആരും തടഞ്ഞുപോകരുതെന്നും കേട്ടു. അങ്ങനെയായാലേ ശ്രീരാമചന്ദ്രമഹാരാജാവിന്റെ ചക്രവർത്തിപദം ഉറയ്ക്കുപോലും. അതുപ്പോലെ വീരന്മാരില്ലാത്ത ഒരു രാജ്യമായിപ്പോയോ ഈ ഭാരതവർഷം? ഒരാൾ ഒരു കുതിരയെ അഴിച്ചുവിടുകയും മറവുള്ളവരെല്ലാം കൈയുംകെട്ടി അതു നോക്കിക്കൊണ്ടു നില്ക്കുകയും! ആ പ്രവൃത്തിയല്ലേ സാഹസം. അങ്ങല്ലേ അശ്വരക്ഷകസേനയുടെ നായകനായ ചന്ദ്രകേതു? ഓടിച്ചെന്നു് അറിയിക്കു നിങ്ങളുടെ സ്വാമിയോടു്, അതിനൊന്നും അത്ര എളുപ്പമില്ലെന്നു്.

ചന്ദ്ര—കുട്ടീ, കാടുകളിൽ മൃഗശിക്ഷകളോടൊത്തു വളരുന്ന നിനക്കു് ഞങ്ങളുടെ ചക്രവർത്തിയുടെ പ്രഭാവത്തെപ്പറ്റി യാതൊരു അറിവും ഇല്ല. ആ അജ്ഞതയാണു നിന്നെ ഇത്രമാത്രം മുഖരനാക്കുന്നതു്. രാവണാന്തകനായ ആ മഹാപുരുഷൻ രാവണമർദ്ദകനായ ബാലിയെ വധിക്കയും രാവണനെ കൈയാമംവച്ചു് കാരാഗൃഹത്തിൽ പാർപ്പിച്ച കാർത്തവീര്യാർജുനന്റെ വംശച്ഛേദം വരുത്തിയ പരശുരാമനെ തോല്പിക്കയും ചെയ്ത ലോകൈകവീരനാണു്.

ലവൻ—ഇവിടെ ഞങ്ങളുടെ വളർത്തച്ഛനായ വാല്മീകി മഹർഷി ആ മഹാരാജാവിന്റെ അപദാനങ്ങളെ വർണ്ണിച്ചു് ഒരു വലിയ കാവ്യം നിർമ്മിച്ചു് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടു്. രാമായണം എന്നാണു് അതിനു പേരു്. ആ കാവ്യത്തിൽനിന്നു് അദ്ദേഹത്തെപ്പറ്റി ചിലതെല്ലാം ഞങ്ങളും ധരിച്ചുവച്ചിട്ടുണ്ടു്. പാവപ്പെട്ട ഒരു കുരങ്ങിനെ ഒളിയമ്പെയ്തു കൊന്നു. പട്ട

കിഴവനായ ഒരു ബ്രാഹ്മണനെ പരാജയപ്പെടുത്തുകയും ചെയ്യ. ഇതൊക്കെയല്ലേ അങ്ങ് അഭിമാനത്തിൽ കാണുന്ന മേന്മ? (ചിരിച്ചുകൊണ്ട്) സേനാപതേ, ഞാൻ അറിവില്ലാതെ ചോദിക്കയാണ്, ക്ഷമിക്കണം. അങ്ങ് വൈതാളികനോ ഭടനായകനോ?

ചന്ദ്ര—(ആത്മഗതം) ഓജസ്വിയായ ഈ ബാലനു് ഔദ്ധത്യം ഒരു അലങ്കാരമായിരിക്കുന്നു. എന്താണു് എനിക്കു് ഈ ഉണ്ണിയുടെ മേൽ അകാരണമായി ഇത്ര വാത്സല്യം തോന്നുന്നതു്? അഥവാ ആകർഷണശക്തി രമണീയതയ്ക്കു സ്വതന്ത്രസിദ്ധമല്ലേ? അതിൽ എന്തുണ്ടു് അത്ഭുതപ്പെടുവാൻ? (പ്രകാശം) കുമാരാ! ഞാൻ ഭടനായകൻ തന്നെ. പക്ഷേ കുഞ്ഞുമുത്തുള്ള എന്റെ ശരീരം കുസുമകോമളമായ നിന്റെ ദേഹത്തെ സ്പർശിക്കുന്നതു ന്യായമല്ല. തപോവനത്തിലെ ഒരു വടുവിനു്, അവൻ എത്ര ധൃഷ്ടനായാലും, ഞാൻ നിമിത്തം അകാലമൃത്യു സംഭവിക്കുന്നതു് എനിക്കു് അപകർഷവുമാണു്.

ലവൻ—ആ ഭയം വേണ്ട. യുദ്ധത്തിൽ അങ്ങു തോറ്റുപോയെങ്കിലോ? അതു് അങ്ങേയ്ക്കു് അപകർഷമോ ഉൽക്കർഷമോ?

ചന്ദ്ര—എന്തു പറഞ്ഞു നീ? ചന്ദ്രകേതുവിനു പരാജയം! ഹിമവൽപർവതത്തിനു താഴ്ച!! പ്രളയാഗ്നിക്കു് തണുപ്പു്!!! തുടങ്ങാം യുദ്ധം. ഞാൻ തേരിൽനിന്നു് ഇതാ താഴെ ഇറങ്ങുന്നു.

ലവൻ—വേണ്ട വേണ്ട. അങ്ങു് ആ രഥത്തിൽത്തന്നെ ഇരുന്നുകൊണ്ടു യുദ്ധം ചെയ്താൽ മതി. രാജമന്ദിരത്തിൽ താമസിക്കുന്ന അങ്ങേയ്ക്കു് കണ്ടകങ്ങളുള്ള ഈ

പ്രദേശം പാദന്യാസത്തിനു് അത്ര സുഖമുള്ളതാവില്ല. എന്നെപ്പോലെയുള്ള ആരണ്യവാസികം രഥാരോഹണം ചെയ്തു പരിചയിച്ചവരുമല്ല.

ചന്ദ്ര—അതു മയ്യാദയല്ല. ഞാനിതാ താഴെ ഇറങ്ങി. ഇനി നമുക്കു യുദ്ധം ചെയ്യാം.



ലവൻ—ഓഹോ വളരെ സന്തോഷം. (രണ്ടുപേരും കുറേ നേരത്തേയ്ക്കു യുദ്ധം ചെയ്യുന്നു. ലവൻ ജൃംഭകാസ്ത്രം പ്രയോഗിച്ചു ചന്ദ്രകേതുവിനെ തോല്പിക്കുന്നു.)

സുമന്ത്രർ—(ചന്ദ്രകേതുവിനോടു്) കുമാരാ! പോരു മതിയാക്കൂ. ഇതു ജൃംഭകാസ്ത്രപ്രയോഗമാണു്. (ലവനോടു്) ഉണ്ണീ! ഉണ്ണിയുടെ അമ്മയുടെ പേരു് എന്താണു്?

ലവൻ—സീതാദേവി. സാരഥേ, ആ പ്രശ്നത്തിനു് ഇവിടെയെന്താണു് പ്രസക്തി?

സുമന്ത്രർ—ഉണ്ണീ, ചന്ദ്രകേതു ഉണ്ണിയുടെ ജ്യേഷ്ഠനാണ്. ഉണ്ണി ശ്രീരാമചന്ദ്രന്റെ പുത്രനുമാണ് ഈ ജ്ഞാനകാസ്സം ഭഗവാൻ കുശാശ്വൻ വിശ്വാമിത്രമഹർഷിക്കും വിശ്വാമിത്രൻ ശ്രീരാമചന്ദ്രനും രഹസ്യമായി ഉപദേശിച്ചു. ഇതു ശ്രീരാമസന്താനങ്ങൾക്കല്ലാതെ മറ്റാർക്കും വിധേയമാവുന്നതല്ലെന്നു് ഉപദേശകാലത്തിൽ ത്രികാലവേദിയായ വിശ്വാമിത്രൻ പ്രസ്താവിച്ചിട്ടുണ്ടു്. (അണിയറയിൽ) ഉണ്ണീ! സുമന്ത്രർ പറയുന്നതു സത്യമാണു്. ദിവ്യാസ്ത്രങ്ങളെ ഉപസംഹരിക്കൂ. ജ്യേഷ്ഠനെ നമസ്കരിക്കൂ.

ലവൻ—അമ്മയുടെ വാക്കാണല്ലോ കേൾക്കുന്നതു്. ഇതാ ഞാൻ അസ്ത്രത്തെ ഉപസംഹരിച്ചിരിക്കുന്നു. ജ്യേഷ്ഠാ! എന്റെ അവിനയത്തെ ക്ഷമിക്കണേ. അവിടുത്തേയ്ക്കു് ഈ ബാലന്റെ സാഷ്ടാംഗമായ നമസ്കാരം. അതു സ്വീകരിച്ചു് ഇവനെ അനുഗ്രഹിക്കണേ. (ചന്ദ്രകേതുവിനെ നമസ്കരിക്കുന്നു. എല്ലാവരും വിസ്മയിക്കുകയും ആനന്ദാശ്രു പൊഴിക്കുകയും ചെയ്യുന്നു.)

(കർട്ടൻ)

പാഠം 12

സപ്തം

"എന്റെ പൊന്നുമകനേ കരയാതിരിക്കൂ." "എന്റെ തങ്കമല്ലേ ഒരു ഉരുളച്ചോറു് ഉണ്ണുമോ?" എന്നൊക്കെ അമ്മമാർ പലപ്പോഴും പറയാറുണ്ടല്ലോ. വാത്സല്യം വഴിഞ്ഞൊഴു

ഉകന്ന ഈ വാക്യങ്ങൾ പരിശോധിച്ചുനോക്കുക. അമ്മമാരുടെ വാത്സല്യം മുഴുവൻ തങ്കമേ, പൊന്നേ എന്നീ പദങ്ങളിൽ തെളിഞ്ഞു കാണാം. വാത്സല്യപ്രകടനത്തിനു് ഇവയേക്കാൾ നല്ല പദങ്ങൾ അവക്കില്ല. സ്നേഹഭാജനങ്ങളായ കുഞ്ഞുങ്ങളെ സ്വർണ്ണത്തോടു സാമ്യപ്പെടുത്തുന്നതാണു് അവക്കു് ഇഷ്ടം. അത്രമാത്രം വിലയാണു് സ്വർണ്ണത്തിനു് അവർ കല്പിച്ചിരിക്കുന്നതു്.

അപൂർവ്വം ചിലരൊഴിച്ചു്, ലോകത്തിലുള്ള സകലരും സ്വർണ്ണത്തെ വിലമതിക്കുകയും, ആരാധിക്കുകയും ചെയ്യുന്നു: നമ്മുടെ ചില ആചാരങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഒരു ശിശു ജനിക്കുന്ന ദിവസം തന്നെ സ്വർണ്ണമുരച്ചു തേനിൽ ചാലിച്ചു് അതിന്റെ നാക്കിൽ തേയ്ക്കണമെന്നുള്ളതു് പ്രാചീനകാലം മുതൽ തന്നെ നാം അനുഷ്ഠിച്ചുപോരുന്ന ഒരു ആചാരമാണു്. സ്വർണ്ണം കൊണ്ടു നാക്കിൽ എഴുതിയോ, സ്വർണ്ണശകലങ്ങൾ ഇട്ടിട്ടുള്ള അരിയിൽ എഴുതിച്ചോ ആണു് വിദ്യാരംഭകർമ്മം നിർവ്വഹിക്കാറുള്ളതു് വിഷുക്കണിയൊരുക്കുന്ന സാധനങ്ങളുടെ കൂട്ടത്തിൽ സ്വർണ്ണത്തിനു ഒരു പ്രധാനസ്ഥാനം ഉണ്ടു്. പൊന്നും വിളക്കും വച്ചു സത്യം ചെയ്താൽ പിന്നെ ഒരിക്കലും ആ സത്യം ലംഘിക്കയില്ലെന്നാണു് വിശ്വസിച്ചുപോരുന്നതു്. കല്യാണത്തിനു പൊന്നുകൊണ്ടുള്ള മിന്നുകെട്ടുക മുഖ്യമായ ഒരു ചടങ്ങാണു്. ശവശരീരത്തിലും ഒരു പൊൻപൊടിയെങ്കിലും ചാർത്തണമെന്നു് ചിലർക്കു നിർബ്ബന്ധമുണ്ടു്. ഇതിൽ നിന്നെല്ലാം സ്വർണ്ണത്തിനു കല്പിച്ചിരിക്കുന്ന സ്ഥാനം എന്താണെന്നു മനസ്സിലാക്കാം.

മറ്റു ലോഹങ്ങളേക്കാൾ സ്വർണ്ണത്തിനു പ്രാധാന്യം സിദ്ധിക്കുവാൻ പല കാരണങ്ങളുണ്ടു്. ഒന്നാമതു്

അതിന്റെ ദൗർലഭ്യം. വെള്ളി, ചെമ്പ്, ഇരുമ്പ് മുതലായ ലോഹങ്ങളെ അപേക്ഷിച്ച് സ്വർണ്ണം വളരെക്കുറച്ചേ ലഭിക്കുന്നുള്ളൂ. ഉർല്ലങ്ങളായ സാധനങ്ങളോട് നമുക്കു പ്രതിപത്തി കൂടുമല്ലോ.

സ്വർണ്ണത്തിന്റെ വൈശിഷ്ട്യത്തിനുള്ള ഒരു പ്രധാന കാരണം അതിന്റെ അനശ്വരമായ സൗന്ദര്യമാണ്. കനകത്തിന്റെ കാന്തി ചിന്തുന്ന മഞ്ഞനിറം പ്രാചീനരെ ആകർഷിച്ചു. അവർ സ്വർണ്ണക്കട്ടകളെ ഇടിച്ചു പരത്തിയും, അടിച്ചുനീട്ടിയും ആഭരണങ്ങളും ഉണ്ടാക്കി അണിഞ്ഞു. ഇങ്ങനെ സുവർണ്ണകാന്തികൊണ്ട് ശരീരശോഭ വർദ്ധിപ്പിക്കുവാൻ ആരംഭിച്ചതു് എന്നു മുതലാണെന്ന് അറിവാൻ നിവൃത്തിയില്ല. എങ്കിലും പുരാണികകാലത്തു് പല വിധത്തിലുള്ള സ്വർണ്ണാഭരണങ്ങളും അണിഞ്ഞിരുന്നതായി രാമായണം, ഭാരതം മുതലായ ഗ്രന്ഥങ്ങളിൽ നിന്നു് ഗ്രഹിക്കാം. ഏഴാം യിരം കൊല്ലങ്ങൾക്കു മുൻപു് ഈജിപ്ഷ്യർ അണിഞ്ഞിരുന്ന ആഭരണങ്ങളും അവിടത്തെ ശവകുടീരങ്ങളിൽ നിന്നു ഇപ്പോൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇക്കാലത്തും സ്വർണ്ണാഭരണങ്ങളോടുള്ള പ്രതിപത്തിക്കു യാതൊരു കുറവും സംഭവിച്ചിട്ടില്ല. ആഭരണങ്ങളിടുവാൻ കാതും മൂക്കും കുത്തുക ഇവിടെ സാധാരണമാണല്ലോ. മെക്സിക്കോ ദേശക്കാർ ചുണ്ടുകുത്തി, പൊൻപാണ്ടം ,അണിയുന്നപോലും! അത്രമാത്രം ഭ്രമമാണ് അവർക്കും സ്വർണ്ണത്തോടുള്ളതു്. ഈ ഭ്രമത്തിനു കാരണം സ്വർണ്ണത്തിന്റെ സൗന്ദര്യമാണല്ലോ.

മറവു ലോഹങ്ങളെപ്പോലെ നശിക്കുന്നില്ലെന്നുള്ളതാണ് സ്വർണ്ണത്തിനുള്ള മറ്റൊരു മെച്ചം. അന്തരീക്ഷവായുവിന്റെ സ്പർശം കൊണ്ട് ഇരുമ്പ് തുരുമ്പുപിടിച്ചു

നശിച്ചുപോകുന്നു. ക്ലാവുപറഞ്ഞിയും മറ്റും ചെമ്പിനു തേയ്മാനം സംഭവിക്കുന്നു. എന്നാൽ സ്വർണ്ണത്തിന്റെ പരിമാണത്തിനോ തൂക്കിക്കോ ഈ വിധത്തിൽ യാതൊരു ന്യൂനതയും സംഭവിക്കുന്നില്ല.

ഈ ഗുണവൈശിഷ്ട്യങ്ങളാണ് സ്വർണ്ണസംഭരണത്തിനു ജനങ്ങളെ പ്രേരിപ്പിച്ചതു്. ഇങ്ങനെ സംഭരണമാരംഭിച്ചു തോട്ടുകൂടി സ്വർണ്ണം വളരെ വിലയുള്ള ഒരു സാധനമായിത്തീർന്നു. സ്വർണ്ണം കൊടുത്താൽ എതു സാധനവും കിട്ടുമെന്നുള്ള നിലയായി. ക്രമേണ സ്വർണ്ണത്തെ ആസ്പദമാക്കി ക്രയവിക്രയമാരംഭിച്ചു. സ്വർണ്ണം അധികമുള്ള രാജ്യങ്ങളിൽ സ്വർണ്ണനാണയങ്ങളും നടപ്പിലായി. ബി. സി. ആയിരാമാണ്ടിനു മുൻപുതന്നെ ചൈനാരാജ്യത്തു് സ്വർണ്ണനാണയങ്ങൾ പ്രചാരത്തിലിരുന്നിരുന്നു. വൈദികകാലത്തുതന്നെ ഇൻഡ്യയിലും സ്വർണ്ണനാണയങ്ങൾ നടപ്പിലിരുന്നതിനു തെളിവുണ്ടു്. ഇപ്പോൾ ഇംഗ്ലണ്ടു്, അമേരിക്ക, ഫ്രാൻസു്, ആസ്ത്രേലിയാ, തെക്കേ ആഫ്രിക്കാ മുതലായ രാജ്യങ്ങളിൽ സ്വർണ്ണനാണയങ്ങൾ പ്രചാരത്തിലിരിക്കുന്നുണ്ടു്. മുൻകാലത്തു് നമ്മുടെ സംസ്ഥാനത്തിലും സ്വർണ്ണനാണയങ്ങൾ നടപ്പിലിരുന്നു. അവയിലൊന്നാണു് അനന്തവരാഹൻ പണം. അതിനു് ഇന്നത്തെ ചില്ലിക്കാശിന്റെ വലുപ്പമേ ഉണ്ടായിരുന്നുള്ളു.

ഇത്ര വിലയുള്ള സ്വർണ്ണം എവിടെ നിന്നും എങ്ങിനെ ലഭിക്കുന്നു എന്നു മനസ്സിലാക്കേണ്ടതാണല്ലോ. പ്രാചീനകാലത്തു് നദീതടങ്ങളിൽ നിന്നുമായിരുന്നു സ്വർണ്ണം ശേഖരിച്ചുവന്നതു്. സ്വർണ്ണം വിളയുന്ന പ്രദേശങ്ങളിൽ കൂടി നദികൾ പ്രവഹിക്കുമ്പോൾ കല്ലും, മണ്ണും സ്വർണ്ണക്കട്ടകളും

സ്വർണ്ണപ്പൊടിയുമെല്ലാം പ്രവാഹത്തിൽപ്പെടുന്നു. നദീപ്രവാഹം മന്ദീഭവിക്കുമ്പോൾ ഇവയെല്ലാം നദീതടത്തിൽ അടിയുന്നു. ഇങ്ങനെ അടിയുന്ന സ്വർണ്ണത്തെ വേനൽക്കാലത്ത് വെള്ളം വറ്റുമ്പോഴാണ് സംഭരിച്ചുവന്നത്. ആദ്യകാലത്ത് സ്വർണ്ണക്കട്ടകൾ ശേഖരിക്കുന്നതിൽ മാത്രമേ ജനങ്ങൾ താത്പര്യം കാണിച്ചിരുന്നുള്ളൂ. നദികളിൽക്കൂടെ ഒഴുകിവരുന്ന സ്വർണ്ണപ്പൊടിയും പിൽക്കാലത്ത് ശേഖരിക്കുവാൻ ആരംഭിച്ചു. ഇതിനു് ഉപയോഗിച്ചിരുന്നതു് രോമത്തോടുകൂടിയ ചർമ്മങ്ങളാണ്. നദികൾ മന്ദമായി ഒഴുകുന്ന സ്ഥാനങ്ങളിൽ ഈ രോമചർമ്മങ്ങൾ വിരിച്ചിടും. അപ്പോൾ സ്വർണ്ണപ്പൊടി രോമങ്ങളുടെ ഇടയ്ക്കു് അടിയും. രോമങ്ങളുടെ ഇടനിറഞ്ഞു കഴിഞ്ഞാൽ ഉടൻ ചർമ്മങ്ങൾ വെള്ളിയിലെടുത്തു് ഉണക്കി സ്വർണ്ണപ്പൊടി തട്ടിയെടുക്കുന്നു. പ്രാചീനകാലങ്ങളിൽ സിന്ധുനദീതീരത്തിൽ നിന്നും നമ്മുടെ പെരിയാറ്റിൽനിന്നും കനകപ്പൊടി എടുത്തുവന്നിരുന്നു. അതെല്ലാം ശേഖരിച്ചുവന്നതു് ഈ വർഗ്ഗത്തിലായിരിക്കാം. പെരിയാറ്റിലെ സ്വർണ്ണം ചീനന്മാരുടെ സഹായത്തോടുകൂടിയാണ് അരിച്ചെടുത്തു വന്നതു്.

പിൽക്കാലങ്ങളിൽ നദീതടങ്ങളിലെ മണ്ണിൽ നിന്നും സ്വർണ്ണം അരിച്ചെടുക്കുവാൻ ആരംഭിച്ചു. ഇതിനായി നദീതടങ്ങളിൽ ആഴമുള്ള കുഴികൾ കുഴിച്ച് സ്വർണ്ണം കലർന്ന മണ്ണ് എടുത്താണ് അരിച്ചുവന്നതു് അരിക്കാൻ ഉപയോഗിച്ചിരുന്നതു് വളരെ വിസ്താരമുള്ള പാത്രങ്ങളാണ്. അണ്ണാനിറച്ചിട്ടുള്ള ഈ പാത്രങ്ങളിൽ ഉടക്കോടുകൂടി വെള്ളം പായിക്കുന്നു. ജലപ്രവാഹത്തിന്റെ ശക്തികൊണ്ട് മണ്ണ് നല്ലവണ്ണം കലങ്ങുന്നു. അപ്പോൾ മണ്ണിനേക്കാൾ സ്വർണ്ണ

പ്പൊടിക്കു് ഘനം കൂട്ടുന്നതുകൊണ്ടു് അതു് പാത്രത്തിൽ അടിയുന്നു. അനന്തരം പൊടിമണ്ണു കലങ്ങിയ വെള്ളം ഊറ്റിക്കളയുന്നു. ഇങ്ങനെ പല തവണ അരിച്ചുശേഷം പാത്രത്തിൽ അടിയുന്ന സ്വർണ്ണം എടുത്തു് തൂക്കിചെയ്യുന്നു. ഇപ്പോൾ നമുക്കു ലഭിക്കുന്ന സ്വർണ്ണം മുഴുവനും ഒരുതരം വെള്ളാരമ്പാറകളിൽ നിന്നു് എടുക്കുന്നതാണു്.

ഇത്തരം പാറകൾ വലിയ അടുക്കുകളായിട്ടാണു് ഭൂമിയുടെ അന്തർഭാഗത്തു കാണുന്നതു്. ഇവയെ ഖനനം ചെയ്തു മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ. ഇന്നത്തെപ്പോലെ യന്ത്രസാമഗ്രികൾ ഇല്ലാതിരുന്ന മുൻകാലങ്ങളിൽ ഖനനം അത്ര ലഘുവായ കൃത്യമല്ലായിരുന്നു. വളരെ ആഴമുള്ള കുഴികൾ കുഴിക്കുവാനും, പാറകൾ പൊട്ടിക്കുവാനും സ്വർണ്ണം കലർന്ന പാറക്കല്ലുകൾ കുഴിക്കു മുകളിൽ കൊണ്ടുവരുവാനും അത്യുഷ്കരം വളരെ പണിപ്പെട്ടിരുന്നു. വളരെ ആഴമുള്ള ഖനികളിൽ അസഹ്യമായ ചൂടുള്ളതുകൊണ്ടു് ജോലിക്കാർക്കു വേണ്ടപോലെ സമയം നിന്നു ജോലിചെയ്യുവാനും സാധിച്ചിരുന്നില്ല. ആധുനികയന്ത്രവും വിദ്യുച്ഛക്തിയും കണ്ടുപിടിച്ചതോടുകൂടി ഈ പ്രയാസങ്ങൾക്കെല്ലാം പരിഹാരമുണ്ടായി.

ഇക്കാലത്തു് വിദ്യുച്ഛക്തികൊണ്ടു് ഓടുന്ന യന്ത്രങ്ങളാണു് കുഴികൾ കുഴിക്കുന്നതും പാറകൾ പൊട്ടിക്കുന്നതും. തുരന്നിടുന്ന മണ്ണു മാറ്റുക, സ്വർണ്ണം കലർന്ന പാറകൾ ഖനികൾക്കു വെളിയിൽ കൊണ്ടുവരിക എന്നീ ജോലികളും യന്ത്രങ്ങളാണു നിർവഹിക്കുന്നതു്. മൂന്നും നാലും മൈൽ ആഴമുള്ള ഖനികളിൽ നിന്നും പത്തും പന്ത്രണ്ടും ടൺ ഭാരമുള്ള കരിങ്കൽക്ഷണങ്ങളെ മുകളിൽ കൊണ്ടുവരുവാൻ

ഇപ്പോൾ അഞ്ചോ ആറോ മിനിറ്റ് മതിയാകുന്നതാണ്. കൂലിക്കാരെ ഖനിക്കുള്ളിൽ കൊണ്ടുപോകാനും വെളിയിൽ കൊണ്ടുവരാനും യന്ത്രങ്ങൾ സഹായിക്കുന്നു. ഈ യന്ത്രങ്ങൾ ഇല്ലായിരുന്നെങ്കിൽ ആഫ്രിക്കയിലെ ഒന്നര മൈൽ ആഴമുള്ള റാൻഡ് ഖനിയുടേയും മൈസൂരിലെ അഞ്ചുമൈൽ ആഴമുള്ള കോളാർ ഖനിയുടേയും അടിയിൽ കൂലിക്കാർക്ക് ചെന്നെത്തുവാൻ ഏറ്റ സമയം വേണ്ടിവരുമായിരുന്നു!

ആധുനിക ഖനികളുടെ അന്തർഭാഗം ഒരു വലിയ പട്ടണംപോലെയാണ്. വൈദ്യുത ദീപങ്ങളാൽ എല്ലായിടവും പ്രകാശപൂർണ്ണമായിരിക്കും. മിനുസമുള്ള റോഡുകൾ ഒരു പട്ടണത്തിലെന്നപോലെ നീണ്ടുനീണ്ടുകിടക്കുന്നതു കാണാം. ആഴമുള്ള ഖനികളിൽ ഒന്നിനടിയിലൊന്നായി അനേകം റോഡുകൾ ഉണ്ടായിരിക്കും. ഈ റോഡുകളിൽകൂടി വൈദ്യുതവാഹനങ്ങൾ സദാ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കും. പട്ടണങ്ങളിലെ ശബ്ദകോലാഹലമെല്ലാം അവിടെയും ഉണ്ടായിരിക്കും. പാറകൾ തുരക്കുകയും പൊട്ടിക്കുകയും ചെയ്യുമ്പോൾ എന്തുമാത്രം ശബ്ദമാണ് ഉണ്ടാകുന്നതെന്നു ഊഹിച്ചുനോക്കുക. ചുരുക്കത്തിൽ മനുഷ്യവാസമുള്ള ഒരു പട്ടണത്തിന്റെ ലക്ഷണങ്ങൾ ഒരു ഖനിക്ക് ഉണ്ടായിരിക്കും.

ഖനികളുടെ ഉപരിതലത്തിലെത്തുന്ന പാറക്കല്ലുകളിൽ നിന്നും സ്വർണ്ണം വേർപെടുത്തുന്നതെങ്ങനെ എന്നാണ് ഇനി നമുക്കു നോക്കുവാനുള്ളത്. ആദ്യമായി പാറക്കല്ലുകളെ യന്ത്രങ്ങളിൽ വച്ചു പൊടിക്കുന്നു. അനന്തരം ഈ പൊടി, രസമൊഴിച്ചിട്ടുള്ള തട്ടുകളിലേക്കു പകരുന്നു. കുറച്ചു സമയംകൊണ്ട് പാറപ്പൊടിയിലുള്ള സ്വർണ്ണത്തിന്റെ

ഒരു അംശം രസത്തിൽ അലിഞ്ഞുചേരുന്നു. ഈ രസത്തെ യന്ത്രങ്ങളിൽ വച്ചു തിളപ്പിക്കുകയാണ് അടുത്ത ജോലി. തിളയ്ക്കുമ്പോൾ രസം ആവിയാവുകയും രസത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന സ്വർണ്ണം പാത്രത്തിനടിയിൽ ശേഷിക്കുകയും ചെയ്യുന്നു. അടുത്തഭാഗം രസത്തുള്ളികളിൽ കൂടി പുറത്തു വരുന്ന പാഠപ്പൊടിയിലുള്ള സ്വർണ്ണം വേർതിരിക്കുകയാണ്. ഇതിനായി പാഠപ്പൊടിയെ വെള്ളത്തിൽ കലക്കി രോമവസ്ത്രങ്ങൾ വിരിച്ചിട്ടുള്ള ചരിഞ്ഞ മേശകളിൽക്കൂടി ഒഴുക്കുന്നു. അപ്പോൾ ഘനം കുറഞ്ഞ് സ്വർണ്ണപ്പൊടി മുറവൻ എഴുന്നുനിൽക്കുന്ന രോമങ്ങളിൽ പറ്റിപ്പിടിച്ചു കൊള്ളും. ഈ വിധത്തിൽ അരിച്ചെടുത്തശേഷം രോമവസ്ത്രങ്ങളിൽ നിന്നും ഒഴുകി വീഴുന്ന കലക്കൽ വെള്ളത്തെ ഉപാട്ടാസ്യം സൈനൈഡ് കലക്കിവച്ചിട്ടുള്ള പാത്രങ്ങളിലേയ്ക്കു പകരുന്നു. ഈ ദ്രാവകത്തിൽ കൂടി വിദ്യുച്ഛക്തി പ്രവഹിപ്പിക്കുമ്പോൾ സ്വർണ്ണപ്പൊടി മുഴുവനും പാത്രത്തിൽ അടിയും പിന്നീടുപാത്രത്തിൽ ശേഷിക്കുന്ന മണലിൽ സ്വർണ്ണത്തിന്റെ ലാഞ്ഛനപോലും ഉണ്ടായിരിക്കയില്ല.

അനന്തരം ഈ സ്വർണ്ണപ്പൊടിയെല്ലാം ഉരുക്കി കട്ടകളാക്കുന്നു. ഒരു കട്ടയ്ക്ക് ഏകദേശം 29 പൗണ്ട് ഘനമുണ്ടായിരിക്കും. ഇവയെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതു ബാങ്കുകളാണ്. അതുകൊണ്ട് ബാങ്കുബാർ എന്ന പേരിലാണ് ഇവ അറിയപ്പെടുന്നതു്.

ഈ സ്വർണ്ണക്കട്ടകൾ ഒരിക്കലും പരിശുദ്ധമായിരിക്കയില്ല. സാധാരണമായി ഇവയിൽ വെള്ളിയും ചെമ്പും കലർന്നിരിക്കും. അതുകൊണ്ടു സ്വർണ്ണം വിലയ്ക്കു വാങ്ങുമ്പോൾ

അതു് എത്രത്തോളം ശുദ്ധമാണെന്നു പരിശോധിക്കേണ്ടതാണു്. തട്ടാന്മാർ ഉരകല്ലിൽ ഉരച്ചാണു് സ്വർണ്ണത്തിന്റെ മാറ്റമറിയുന്നതു്. ഉരയ്ക്കുമ്പോൾ കല്ലിൽ പറ്റുന്ന സ്വർണ്ണത്തിന്റെ നിറത്തിൽ നിന്നും അതിൽ കലർന്നിട്ടുള്ള ചെമ്പും, വെള്ളിയും എത്രയെന്നു് കറക്കനോട്ടത്തിൽ അവർക്കു പറയുവാൻ സാധിക്കും. ഇക്കാലത്തു് ആസിഡുകളും, വില്യച്ചക്തിയും ഉപയോഗിച്ചു് സ്വർണ്ണത്തിന്റെ മാറ്റം കൃത്യമായി നിശ്ചയിച്ചുവരുന്നു.

പരിശുദ്ധമായ സ്വർണ്ണത്തിനു് തങ്കമെന്നാണു പേരു്. തങ്കത്തിനു് ദാർഢ്യം കുറയും. അതിനാൽ ആഭരണങ്ങളും നിത്യോപയോഗത്തിനുള്ള മറ്റു സാധനങ്ങളും നിർമ്മിക്കുന്നതിനു് ചെമ്പുകലർന്ന സ്വർണ്ണമാണുപയോഗിക്കുന്നതു്. പവൻ നാണയത്തിൽ എട്ടരശതമാനത്തോളം ചെമ്പു ചേർത്തിരിക്കുന്നു. ചില രാജ്യങ്ങളിൽ വെള്ളിചേർത്തും സ്വർണ്ണനാണയങ്ങൾ അടിക്കാറുണ്ടു്.

ഇക്കാലത്തു് ഖനനംമൂലം മാത്രമേ സ്വർണ്ണം ലഭിക്കുന്നുള്ളൂ. ലോകത്തിന്റെ പല ഭാഗത്തും ഇപ്പോൾ സ്വർണ്ണഖനികൾ ഉണ്ടു്. ട്രാൻസ്വാൾ, റോഡേഷ്യ, ബ്രിട്ടീഷ് കൊളംബിയാ, കാലിഫോർണിയാ, മൈസൂർ എന്നീരാജ്യങ്ങളിലെ സ്വർണ്ണഖനികൾ പ്രസിദ്ധങ്ങളാണു്. ഈ ഖനികളിൽ നിന്നു് ആണ്ടുതോറും അനേകലക്ഷം പവൻ വിലക്കുള്ള സ്വർണ്ണം കുഴിച്ചെടുക്കുവരുന്നു. ഈ രാജ്യങ്ങളുടെയെല്ലാം അഭിവൃദ്ധിക്കു നിദാനം സ്വർണ്ണഖനികളാണു്.

———

പാഠം 13

ഫലിച്ച പ്രാർത്ഥന

ഏറെനാളായൊരു നാട്ടിൽ—ദൈവം
മഴപെയ്യിക്കാതിരുന്നു.

തീരെയന്നാട്ടമറന്നേ—പോയി
നീരുണ്ടകാർകൊണ്ടലെല്ലാം.

മുറവും കളവും കിണറു—മങ്ങു
പാറി വരണ്ടുകഴിഞ്ഞു.
കാലികൾ ചത്തുമറഞ്ഞു—ചോര—
റാലുകൾ കൂടിയും വീണു.

തീയുടെ തോഴർ താൻ കാറ്റെ—ന്നതു
മായമറിയാരുമറിഞ്ഞു.

തിങ്കളും രാവിൽജ്ജനങ്ങൾ—ക്കൊരു
ചെങ്കതിരോനെന്നതോന്നി.

ഒന്നു നുകരുവാൻ പാറി—ലൊരു
കണ്ണുനീർത്തുള്ളിയുമാക്കും.

ക്ഷേത്രത്തിൽച്ചെന്നവരോരോ—വിധം
പ്രാർത്ഥന എന്നും നടത്തി.

കണ്ണുതുറന്നീല ദൈവ—മവ-
ക്കെണ്ണം വിഫലമായ്ത്തീർന്നു.

അങ്ങനെ പോയ് കാലമാശ—ച്ചെടി-
യെണ്ടുമെല്ലാക്കും കരിഞ്ഞു.

പത്തുമൊരുനാളശേഷം—പേരും
പ്രാർത്ഥനയ്ക്കായ് വീണ്ടുംപോയി.

തൻകൂട കയ്യിലെടുത്ത—തൊരു
പെൺകിടാവും നടകൊണ്ടു.
"ഓലക്കൂട വേണ്ട കുഞ്ഞേ,—നമ്മടെ
വെയ്ല്ന മുമ്പിങ്ങു പോരും.

ചുട്ടപഴുത്ത മണലിൽ—നിൻടെ
പട്ടകഴൽ പതിയേണ്ട."

അച്ഛനമ്മയുമോതും—മൊഴി
കൊച്ചമ്മ കൈയ്ക്കൊണ്ടില്ലേതും.

അൻപിൽക്കുടയുമായ്ത്തന്നെ—പൈത-
ലമ്പലത്തിങ്കൽ ചെന്നെത്തി.

പ്രാർത്ഥന പെട്ടെന്നു പാറി—മുകിൽ
മേൽത്തരമാം മഴ പെയ്തു.

വാണിയൊന്നപ്പൊഴുതാരും—കേൾക്കെ
വാനത്തുനിന്നുളവായി.

"പ്രാർത്ഥനയാക്കും ഫലിക്കാൻ—വേണം
പ്രാർത്ഥനയിങ്കൽ വിശ്വാസം.

ക്ഷത്രമെടുക്കാത്തതെന്തേ—നിങ്ങടെ
നിത്യവും മാരിക്കിരപ്പോർ!

മാരിവരുമെന്നൊരുള്ളം—തന്നെ
തീരെ നിനച്ചീരുന്നീല.

വല്ലതും പേർന്നു കാട്ടി—ക്കൂട്ടി-
യെല്ലാമൊഴിക്കുവാൻ വന്നു.

തക്കമില്ലീ മഴയിപ്പോഠം—പെയ്യ-
തിക്കൊച്ചുകുഞ്ഞിനു വേണ്ടി."

ആ മൊഴി കേട്ടു ജനങ്ങ—ളാ പൊ-
ന്നോമനയെപ്പുണ്ണും വാഴ്ത്തീ.

എങ്ങും നനഞ്ഞുകൊണ്ടോടി—വേഗ-
തങ്ങളിതൻ വീടുകളിൽ തേടി,

നമ്മുടെ കണ്ണണിയാളോ—തെല്ല-
മമ്മഴ കൊണ്ടുഴലാതെ.

തേജസ്വിനിയായ് നടന്നാ—ളൊരു
രാജകുമാരി കണക്കേ.

ആയവളിതൻ നൻമുടിക്കു—മീതെ-
യായതടങ്ങുമാം ഛത്രം

കോടിവി പെരുക്കുകമൂലം—പുത്തൻ
തുവെൺ നിറത്തൊട്ടു കൂടി

മാറുമഴകിൽ വിളങ്ങി—യൊരു
കൊറവുകൂടാതെയന്നപോലെ.

[മഹാകവി ഉള്ളൂർ.

അർത്ഥധാര]

പാഠം 14

ഒരു തുള്ളി വെള്ളത്തിന്റെ ആത്മകഥ

തിരുവനന്തപുരത്തു് നിർമ്മല എന്നു പേരായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളെ "വെള്ളക്കാരി" എന്നായിരുന്നു കൂട്ടുകാർ കളിയായി വിളിച്ചിരുന്നതു്. നമ്മെ മറ്റുള്ളവർ പട്ടപ്പേർ പറഞ്ഞു വിളിക്കുന്നതു് നമുക്കത്ര ഇഷ്ടമുള്ള കാര്യമല്ലല്ലോ. എന്നാൽ നിർമ്മലയ്ക്കു് വെള്ളക്കാരി എന്നു വിളിക്കുന്നതാണു് ഇഷ്ടം. അവൾക്കു വെള്ളത്തോടു് അത്രമാത്രം സ്നേഹമാണു്. കളിക്കാൻ പോയാൽ അവൾ വളരെ നേരം വെള്ളം കോരി കളിക്കും. പല്ലു തേയ്ക്കാൻ പോയാലും വെള്ളം കവിൾക്കൊണ്ടു് മേല്പോട്ടു തുപ്പി ഒരു മഴവില്ലെങ്കിലും സൃഷ്ടിക്കാതെ ആ ജോലി അവസാനിപ്പിക്കാറില്ല. ഒരു ദിവസം അവൾക്കു് അത്ഭുതകരമായ ഒരു അനുഭവം ഉണ്ടായി. അവൾ തോട്ടത്തിൽ പൂ പറിച്ചുകൊണ്ടു നിൽക്കയായിരുന്നു. അപ്പോൾ അടുത്തു് ഒരു ചെമ്പിലയിൽ തങ്ങിനിന്ന വെള്ളം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. നല്ല വെള്ളിപോലെ തിളങ്ങുന്ന വെള്ളം അവൾ ആനന്ദത്തോടുകൂടി കുറെനേരം നോക്കിക്കൊണ്ടു നിന്നു. "ഇതിനു് എന്നോടു സംസാരിക്കാൻ കഴിഞ്ഞെങ്കിലോ" എന്നു് അവൾ അറിയാതെ പറഞ്ഞുപോയി അത്ഭുതം! പെട്ടെന്നു് ആ വെള്ളം ചലിച്ചുതുടങ്ങി. നേരിയ സ്വരത്തിൽ അതു് ഇങ്ങനെ പറഞ്ഞു: "വെള്ളക്കാരീ, പേടിപ്പെടേണ്ട. ഞാൻ നിങ്ങളുടെ കൂട്ടുകാരിയാണേ."

നിർമ്മല—എനിക്ക് അത്ഭുതം തോന്നുന്നു. നിങ്ങൾ സംസാരിക്കുമോ?

വെള്ളം:—കൊള്ളാം! സംസാരിക്കുമെന്നോ? സാധാരണമായി ഞാൻ സംസാരിക്കാറുള്ളതു് ചെടികളോടും പക്ഷികളോടും മറ്റുമാണു്. അവയ്ക്കു ഞങ്ങളോടു് അത്യധികമായ സ്നേഹമുണ്ടു്.

നിർമ്മല—നിങ്ങളോടു് എനിക്കും എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു. ഒരു കഥയോ നിങ്ങളുടെ ചരിത്രമോ ഒന്നു പറയാമോ?

വെള്ളം—ഓഹോ, അതിനെന്തു്? എനിക്കും അതിൽ സന്തോഷമേ ഉള്ളു. എന്നാൽ കഥ കുറച്ചു നീണ്ടതാണു്. ക്ഷമയോടുകൂടി കേൾക്കണം.

നിർമ്മലയ്ക്കു സന്തോഷമായി. അവൾ അടുത്തുള്ള ഒരു വൃക്ഷത്തിൽ ചാരിനിന്നും വെള്ളത്തുള്ളി ഇങ്ങനെ പറഞ്ഞു തുടങ്ങി:

"എന്റെ ജനനം എന്നാണെന്നു് എനിക്കുതന്നെ ഒരു നിശ്ചയമില്ല. ലോകത്തു് ജീവികൾ ഉണ്ടാകുന്നതിനു് എത്രയോ മുമ്പുതന്നെ ഞാൻ ജനിച്ചുകഴിഞ്ഞു. അന്നുമുതലുള്ള കഥ പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. എന്നാൽ ഹിമാലയത്തിൽ എന്റെ കൂട്ടുകാരൊന്നിച്ചു് ജീവിച്ചിരുന്നതു മുതലുള്ള കഥയേ എനിക്കു് ഓർമ്മയുള്ളു. അതുകൊണ്ടു് അക്കാലംതൊട്ടുള്ള കഥ പറയാം.

"ഹിമാലയത്തിൽ ജീവിച്ചിരുന്ന കാലത്തു ഞാൻ എത്ര സുന്ദരിയായിരുന്നു! നക്ഷത്രങ്ങൾപോലും എന്നെ നോക്കി അസൂയപ്പെട്ടിരിക്കണം! ജീവിതം മുഴുവൻ ആ അത്യുന്നതമായ പർവ്വതത്തിൽ കൂട്ടുകാരൊന്നിച്ചു കഴിച്ചുകൂട്ടണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ അതു സാധിച്ചില്ല.

ഞാൻ കൂട്ടുകാരുമായി വഴുതിയിറങ്ങിപ്പോയി. അന്നേ ദിവസം മന്ദമായി സഞ്ചരിച്ചശേഷം ഞങ്ങൾ ഒരു പുഷ്പകേസരത്തിൽ ചെന്നു വീണു. എന്തൊരു ഭയങ്കരമായ വീഴ്ച! അതു് ഓർക്കുമ്പോൾത്തന്നെ ഞാൻ ഞെട്ടിപ്പോകുന്നു. ആ വീഴ്ചയിൽ ഞങ്ങൾ ചിന്നിച്ചിതറിപ്പോയി. അവിടെ ഞങ്ങൾക്കു വളരെക്കാലം കഴിച്ചുകൂട്ടേണ്ടിവന്നു. പുഷ്പകേസരത്തിലും സുഖമുണ്ടെന്നു ഞാൻ മനസ്സിലാക്കിയതു് അപ്പോഴായിരുന്നു. കൊടുമുടിയെ അപേക്ഷിച്ചു് അവിടെ ചൂടു കൂടുതലായിരുന്നു.

"അങ്ങനെ കഴിയുമ്പോൾ നല്ല വെയിലുള്ള ഒരു ദിവസം അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി. എനിക്കു ഒരു ചെറിയ പുകച്ചുരുൾ തോന്നി. ക്രമേണ എന്റെ ശരീരത്തിനു ഭാരക്കുറവും കുറഞ്ഞു; മാർദ്ദവം വർദ്ധിച്ചുവന്നു. അതോടുകൂടി വെളുത്തു തടിച്ചിരുന്ന ശരീരത്തിന്റെ നിറം മാറി, പുഷ്ടിയും കുറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഞാൻ നിശ്ശ്വേഷം അലിഞ്ഞുപോയി. ആ മാറ്റത്തിൽ എനിക്കും എന്റെ കൂട്ടുകാർക്കും വളരെ ദുഃഖമുണ്ടായി. എങ്കിലും ആ ദുഃഖം അധികനേരമുണ്ടായിരുന്നില്ല. അവിടെ അനേകം കൂട്ടുകാർ വന്നു ചേർന്നു. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ കുഴിയും ഞങ്ങളുടെ കൂട്ടുകാരെക്കൊണ്ടു നിറഞ്ഞു.

"അങ്ങനെയിരിക്കെ ഒരുദിവസം ഒരു വെള്ളത്തുടിച്ചു സാധനം ഞങ്ങളുടെ പുറത്തു വന്നുവീണു. പെട്ടെന്നു് അതു ഞങ്ങളുടെ ഉള്ളിലേയ്ക്കു താണു. ഉടൻതന്നെ കൂടിച്ചേരുകയും ചെയ്തു. അതിനോടുകൂടി കുറേ കുമിളകളും തുരുതുരെ മേല്പോട്ടു പാഞ്ഞു. ഞാൻ അതെല്ലാം കണ്ടു് അമ്പരന്നു. അല്പം കഴിഞ്ഞു് അതു ചാഞ്ചാടുവാൻ തുടങ്ങി. അപ്പോൾ

അതിന്റെ മുക്കാൽ പങ്കും ഞങ്ങളുടെ ഉള്ളിലായിരുന്നു. കാൽഭാഗം മാത്രമേ ഉപരിതലത്തിൽ ഉണ്ടായിരുന്നുള്ളൂ. അതു് എന്തു വസ്തുവാണെന്നു് അറിയുവാൻ ഞാൻ ചുറ്റുമുള്ള നീന്തിനോക്കി. അപ്പോഴാണു് കായ്യും മനസ്സിലായതു്. എന്റെ സ്നേഹിതന്മാരുടെ ഒരു സംഘം! ഞങ്ങൾ ഹിമാലയത്തിൽ വച്ചു കൂട്ടുകാരായിരുന്നു.''

നിർമ്മല ചോദിച്ചു: ''നിങ്ങളെ കണ്ടപ്പോൾ അവർ മനസ്സിലാക്കിയോ?''

വെള്ളം—ആദ്യം മനസ്സിലാക്കിയില്ല. മൂന്നു നാലു മണിക്കൂർ കഴിഞ്ഞു് അവരും ഞങ്ങളെപ്പോലെ രൂപം മാറി. അപ്പോഴാണു് അവർ ഞങ്ങളെ തിരിച്ചറിഞ്ഞതു്.

നിർമ്മല—എന്നിട്ടു് ?

വെള്ളം—ഞാൻ അവിടെ കുറേക്കാലം കഴിച്ചുകൂട്ടി. ഒരു ദിവസം എനിക്കു് ഒരു ഇളക്കം നേരിട്ടു. എന്റെ മുമ്പിൽ നിന്നിരുന്ന കൂട്ടുകാർ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നതായിരുന്നു കാരണം. ഞാനും അവരും ഒന്നിച്ചു താഴോട്ടു സഞ്ചരിക്കുവാൻ നിർബന്ധിതരായി. നാലഞ്ചു മൈൽ അങ്ങനെ സഞ്ചരിച്ചപ്പോൾ അനേകം കൂട്ടുകാർ ഞങ്ങളോടു ചേർന്നു. ഞങ്ങളും അവരുമൊന്നിച്ചു സഞ്ചാരം തുടർന്നു. എന്തൊരു ആനന്ദമാണു് അന്നു ഞാൻ അനുഭവിച്ചതു്. ആടിയും പാടിയും കളിച്ചും ഇടയ്ക്കിടെ പാറക്കെട്ടുകളിൽ നിന്നു കുതിച്ചുചാടിയും ഞങ്ങൾ സമയം പോക്കി. ഈ സവാരിക്കിടയിൽ മാൻ, ആന, കടുവാ, പുലി എന്നിങ്ങനെ ഒട്ടുവളരെ മൃഗങ്ങളെ എനിക്കു് കാണാൻ കഴിഞ്ഞു.

നിർമ്മല—അതുമാണു് ഈ പേരൊക്കെ പറഞ്ഞുതന്നതു്.

വെള്ളം—മത്സ്യങ്ങളും. ഞങ്ങളെ ആശ്രയിച്ചാണ് അവ ജീവിച്ചിരുന്നതു്. കഥ തുടരാം.

ഒരു ദിവസം എനിക്കു് ഒരു അപകടം പിണഞ്ഞു. ഞാൻ ഒരു അരികുപറ്റി സഞ്ചരിക്കയായിരുന്നു. അപ്പോൾ ഒരു കൂട്ടവാ അടുത്തുവന്നു്, എന്റെ കൂട്ടുകാരിൽ കുറേപ്പേരെ പിടിച്ചു വിഴുങ്ങി. ഞാൻ അതിന്റെ താടിയിൽ പറ്റിയെങ്കിലും പെട്ടെന്നു് താഴെ ചാടിക്കളഞ്ഞു. ആ സംഭവത്തിനുശേഷം എനിക്കു് ഒരു തലക്കറക്കം ഉണ്ടായി. ആ വിധത്തിൽ എത്രകാലം സഞ്ചരിച്ചുവെന്നു എനിക്കു നിശ്ചയമില്ല. ഞാൻ കണ്ണു തുറന്നപ്പോൾ കണ്ടതു് അനേകായിരം ജനങ്ങൾ മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നതാണു്. അവരെല്ലാം ഞങ്ങളെ ഭക്തിപൂർവ്വം ആരാധിച്ചു. അന്നാണു് എന്റെ മഹിമയെപ്പറ്റി എനിക്കു മനസ്സിലായതു്.

നിർമ്മല—ആ സ്ഥലത്തിന്റെ പേരു് ?

വെള്ളം—കാശി.

നിർമ്മല—അപ്പോൾ നിങ്ങൾ വന്നുചേർന്നതു് ഗംഗാനദിയിൽ ആയിരുന്നു, അല്ലേ ?

വെള്ളം—അതെ. ഞാൻ സന്തോഷംകൊണ്ടു് അലകളിൽ മുങ്ങിയും പൊങ്ങിയും ചാഞ്ചാടി. കുറച്ചുകാലം അവിടെ ജീവിച്ചാൽ കൊള്ളാമെന്നു് ഞാൻ ആഗ്രഹിച്ചു. എങ്കിലും അതു ഫലിച്ചില്ല. കൂട്ടരുമൊത്തു സഞ്ചരിക്കുവാൻതന്നെ ഞാൻ നിർബ്ബന്ധിതയായി. അവസാനത്തിൽ ഒരു പുരോഹിതന്റെ കടവയറിനു ചുറ്റും ഒരു പ്രദക്ഷിണവും വച്ചു് ഞാൻ യാത്രയായി. ഇടയ്ക്കിടെ ചുഴികളിൽപ്പെട്ട വട്ടംകറങ്ങിയും, പിഴുതു

വീണ മരങ്ങളിൽ തട്ടി ഞെരിഞ്ഞും, വൃക്ഷങ്ങളിൽ നിന്നും പൊഴിഞ്ഞുവീണ പുഷ്പങ്ങളിൽ കയറി വിശ്രമിച്ചും ഞാൻ ബഹുദൂരം സഞ്ചരിച്ചു. എത്രായിരം വള്ളങ്ങളും ബോട്ടുകളുമാണ് എന്റെ പുറത്തുകൂടെ സഞ്ചരിച്ചതു്! ഒരൊറ്റ ദിവസംതന്നെ ആയിരം വള്ളം എണ്ണിയതായി ഞാൻ ഓർക്കുന്നുണ്ടു്.

അങ്ങനെ പോകുമ്പോൾ ഒരു വലിയ ഇരമ്പൽ കേട്ടു. അതു നിമിഷംപ്രതി വർദ്ധിച്ചുവന്നു. അതു് എന്താണെന്നറിയുവാൻ എനിക്കു് ആഗ്രഹം ഉണ്ടായി. പെട്ടെന്നു് ആ ഇരമ്പൽ ഉണ്ടായിടത്തു ചെന്നുചേരണമെന്നു് ഞാൻ ആഗ്രഹിച്ചു. മുന്നിൽ പോയവരുടെ ഗതി മന്ദീഭവിച്ചതുകൊണ്ടു് എന്റെ ആഗ്രഹം ഫലിച്ചില്ല. ഇരമ്പലിന്റെ മാധുര്യത്തിൽ മനംമയങ്ങി ഞാൻ മുന്നോട്ടുപോയി. അല്പം കഴിഞ്ഞു് ഞാൻ ചുറ്റും നോക്കി. എങ്ങും നീലനിറം എവിടെയും എന്റെ കൂട്ടുകാരെ മാത്രമേ കാണ്മാൻ ഉണ്ടായിരുന്നുള്ളു. അവിടെ ചെന്നുചേർന്നതോടുകൂടി എനിക്കും ഘനം വർദ്ധിച്ചു. ശരീരത്തിനുതന്നെ ഉപ്പിന്റെ ചുവ ഉണ്ടായി. ഈ മാറ്റം എന്നെ രസിപ്പിച്ചു. അലയായും നുരയായും മാറി ഞാൻ ആഹ്ലാദിച്ചു. എത്തെല്ലാം നിറത്തിലും തരത്തിലുമുള്ള മത്സ്യങ്ങളെയാണ ഞാൻ അവിടെ കണ്ടതു്! അവ ഞങ്ങളുടെ ഇടയിൽക്കൂടി നീന്തിക്കളിച്ചു. അവയോടൊന്നിച്ചു് ജീവിതം നയിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ വിധിവൈപരീത്യംകൊണ്ടു് അതു സാധിച്ചില്ല.

അങ്ങനെ സഞ്ചരിക്കുമ്പോൾ ഒരു ദിവസം എന്റെ ശരീരത്തിനു് അല്പം ചൂടുതോന്നി. ക്രമേണ ചൂടു് അസഹ്യ

മായിത്തീർന്നു. ഞാൻ ശക്തിഹീനയായി മേൽപ്പോട്ടു പൊങ്ങി. എനിക്കു മഹത്വം കൂടിയെങ്കിലും സുഖമില്ലാതായി. കുറച്ചു് ഉയർന്പോൾ ഞങ്ങളെപ്പോലെ നിരവധി ലക്ഷംപേർ അവിടെ തിങ്ങിനിൽക്കുന്നുണ്ടായിരുന്നു. അവരുമായി ഞാൻ ഒത്തുചേർന്നു. അപ്പോൾ ഒരു വലിയ കാറ്റു വീശി. ആ കാറ്റിൽപ്പെട്ടു് ഞങ്ങൾ അനേകം നാഴിക ഉയർന്നു സഞ്ചരിച്ചു. ഉയരുംതോറും തണുപ്പു കൂടിക്കൂടിവന്നു. ക്രമേണ ഞങ്ങൾ വെളുത്തു.

നിർമ്മല—നിങ്ങൾ മേഘമായിത്തീർന്നു. അല്ലേ?

വെള്ളം—അതേ, എന്നു പിന്നീടു പക്ഷികൾ പറഞ്ഞു ഞാൻ മനസ്സിലാക്കി.

എവിടെ നോക്കിയാലും അപ്പോൾ നീലനിറമേ കാണ്മാൻ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ വെള്ളമേഘമായി സഞ്ചരിക്കുമ്പോഴുള്ള ആനന്ദം അനുഭവിച്ചുതന്നെ അറിയണം. പെട്ടെന്നു് എന്റെ ഗതിക്കു വേഗം വർദ്ധിച്ചു. ഞാൻ വടക്കു കിഴക്കായി പറഞ്ഞു. വഴിക്കു വച്ചു് പണ്ടത്തിക്കൈട്ടപോലെ പറന്നുപോകുന്ന ഒരു കൂട്ടുകാരിയെ കണ്ടെത്തി. പതുക്കെ പറന്നിരുന്ന അതിനു എന്നെ കണ്ടപ്പോൾ ആശ്വാസം തോന്നി. ഞാൻ അവളുടെ കയ്യിൽ കൈയിട്ടു മാറോടണച്ചുകൊണ്ടു് സഞ്ചാരം തുടങ്ങി. സായാഹ്നമായപ്പോൾ താഴെ വളരെ അകലെ ആയി നെടുനീളത്തിൽ വെള്ളനിറം കണ്ടുതുടങ്ങി. ഞങ്ങളുടെ കൂട്ടുകാർ തിങ്ങി ഞെരുങ്ങി നില്ക്കുന്ന എന്നാണു് ഞാൻ വിചാരിച്ചുപോയതു്. എന്നാൽ ഒന്നു സൂക്ഷിച്ചുനോക്കിയപ്പോൾ കാര്യം മനസ്സിലായി. അതു കടൽത്തീരമായിരുന്നു. അത്രയ്ക്കുള്ള ഒരു പ്രദേശം എന്റെ ജീവിതത്തിൽ വേറെ കണ്ടിട്ടില്ല. ഈ വണ്ണമെന്തിനെയെല്ലാം കണ്ടുകൊണ്ടു സഞ്ചരി

ക്കുമ്പോൾ കുറേ പക്ഷികൾ എന്റെ സൗന്ദര്യത്തെപ്പറ്റി പാടിക്കൊണ്ട് സമീപത്തുകൂടി പറന്നുപോയി. പറന്നു മാത്രം പറന്ന് ഞങ്ങളുടെ ഇടയ്ക്കു കയറി, "കൃഷ്ണാ, കൃഷ്ണാ" എന്നു ജപിച്ചുകൊണ്ടു വട്ടമിട്ടു. ഈ അവസരത്തിൽ അസ്തമയസൂര്യന്റെ കിരണങ്ങളേറ്റ് എന്റെയും കൂട്ടരുടെയും വർണ്ണം പകർന്നു. പച്ച, മഞ്ഞ, ചുവപ്പ് എന്നിങ്ങനെ പല നിറത്തിൽ ഞങ്ങൾ ആകാശത്തു് അണിനിരന്നു. ഞങ്ങൾക്കു് അപ്പോൾ സീമാതീതമായ ആനന്ദമുണ്ടായി. സന്തോഷാതിരേകംകൊണ്ട് ഞങ്ങൾ ആനയായും പുലിയായും മറ്റും വേഷം മാറിക്കളിച്ചു.

അപ്പോഴേയ്ക്കും സന്ധ്യ കഴിഞ്ഞിരുന്നു. കാറ്റ് ഇല്ലാതായതുകൊണ്ട് ഞങ്ങൾ നിശ്ചലരായി ആകാശത്തിൽ കഴിച്ചുകൂട്ടി. അന്നു രാത്രി വലിയ തണുപ്പായിരുന്നു. തണുപ്പു വർദ്ധിച്ചപ്പോൾ താഴെയുള്ള വായുമണ്ഡലം ചാമ്പൽനിറമായി. കാരണമറിയുവാൻ ഞങ്ങൾ അല്പം താണു സൂക്ഷിച്ചുനോക്കി. അവിടെയെല്ലാം ഞങ്ങളുടെ കൂട്ടരെത്തന്നെയാണു കണ്ടതു്. അവർ ഞങ്ങളെപ്പോലെ ഞെരുങ്ങിച്ചേർന്നിരുന്നില്ല എന്നേയുള്ളൂ.

അടുത്ത പ്രഭാതത്തിൽ ഞാൻ വീണ്ടും സഞ്ചാരം ആരംഭിച്ചു. കുറച്ചൂരം പോയപ്പോൾ എന്റെ മുകളിൽ കുറെ കറുത്ത കൂട്ടുകാരെ കണ്ടു. അവർ ഞങ്ങളെ സമീപിച്ചതോടുകൂടി എനിക്ക് ഒരു എരിച്ചിൽ തുടങ്ങി. ചുട്ടുപഴുത്ത എന്തോ സാധനം വിഴുങ്ങിയതുപോലുള്ള ഒരു അനുഭവം. ഞങ്ങളെല്ലാം പൊട്ടിപ്പൊടിയുകയും മിന്നിത്തിളങ്ങുകയും ചെയ്തു. പെട്ടെന്ന് ആ കരിംകുറവന്റെയും ഞങ്ങളുടെയും ഇടയിൽക്കൂടി ഒരു മിന്നൽ പാഞ്ഞു. അതിനെ തുടർന്ന്

ഒരു ഇടിമുഴക്കവും ഉണ്ടായി. ഇടിയും മിന്നലും വളരെ നേരം തുടർന്നു. ഇതിനിടയ്ക്കു ഞങ്ങളുടെ കൂട്ടുകാരൻ പൊടിഞ്ഞുതകർന്നു താഴെ വീഴാൻ തുടങ്ങി. ഇതെല്ലാം കണ്ടു ഞാൻ അന്ധാളിച്ചു.

അന്നുച്ചയ്ക്കു് രസകരമായ മറ്റൊരു സംഭവം ഉണ്ടായി. എന്റെ ശരീരത്തിൽ വിവിധവർണ്ണങ്ങളിലുള്ള അനേകം രേഖകൾ വീണു. സൂര്യരശ്മികളാണു് ആ വർണ്ണങ്ങൾ എനിക്കു സമ്മാനിച്ചതു്. അതുപോലെ സന്തോഷവും മറ്റൊരു കാലത്തും എനിക്കു് ഉണ്ടായിട്ടില്ല.

ഈ സംഭവത്തിനുശേഷം ഒരു കാറ്റിൽപ്പെട്ടു് ഞാൻ മുന്നോട്ടു നീങ്ങി. ഗതിവേഗംകൊണ്ടു് എനിക്കു് തിരിഞ്ഞുനോക്കുവാൻപോലും സാധിച്ചില്ല. എന്റെ മുൻപിലും അനേകംപേർ പായുന്നുണ്ടായിരുന്നു. പെട്ടെന്നു് ഞങ്ങളുടെയെല്ലാം ഗതി നിലച്ചു. ഞങ്ങളുടെ മുൻപിൽ തിങ്ങിഞെരുങ്ങിനിന്ന കരിങ്കൂറമ്മാരാണു് ഞങ്ങളെ തടഞ്ഞതു്. ഞാൻ ചുറ്റും നോക്കി. ആകാശം മുഴുവൻ കറുത്തിരുണ്ടുകഴിഞ്ഞിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ എന്റെ മുൻപിൽ നിന്നവർ ഭൂമിയിലേയ്ക്കു പൊഴിയുന്നതു് ഞാൻ കണ്ടു. ഒന്നുരണ്ടു നിമിഷങ്ങൾക്കുള്ളിൽ എന്റെ ഘനം വർദ്ധിച്ചു. ഞാൻ കൂട്ടരിൽനിന്നു വേർപെട്ടു. ഞാൻ പേടിച്ചുപോയി. പറന്നു സഞ്ചരിച്ചിരുന്ന ഒരു ചെറിയ പൊടിയെ ഞാൻ കെട്ടിപ്പിടിച്ചു. അപ്പോൾ ഞാൻ ഒരു മുത്തുപോലെയായി. പെട്ടെന്നു ഞാൻ ചുറ്റും ഒന്നു കണ്ണോടിച്ചു. എന്നെപ്പോലെ തന്നെയായിരുന്ന എന്റെ കൂട്ടരും. ഒരൊറ്റനിമിഷംകൊണ്ടു് ഞങ്ങൾ ഒന്നിച്ചു വീഴാൻ ആരംഭിച്ചു. താഴോട്ടു വരുന്തോറും ഞങ്ങളുടെ ഗതിവേഗം വർദ്ധിച്ചു

താഴെ വീണ ചിതറിപ്പോകുമെന്നാണ് ഞാൻ വിചാരിച്ചതു്. എന്നാൽ ദൈവാനുഗ്രഹത്താൽ ഒരു പൂവിനകത്താണ് ഞാൻ വീണതു്. അവിടെനിന്നും ഇന്ന കാലത്തു് ഈ ഇലയിലേയ്ക്കു ചാടി.

നിർമ്മല—ഇതിൽ വന്ന വീണതു് എന്റെ ഭാഗ്യംകൊണ്ടാണ്. അല്ലെങ്കിൽ നിങ്ങളെപ്പോലെയുള്ള ഒരു പരോപകാരിയെ കണ്ടു സംസാരിക്കുവാൻ സാധിക്കുകയില്ലായിരുന്ന. നിങ്ങൾ മഞ്ഞുകട്ടയായും മൂടൽ മഞ്ഞായും ആവിയായും മേഘമായും മഴയായും ജീവികൾക്കു് എത്രയുപകാരമാണ് ചെയ്യുന്നതു്. നിങ്ങളില്ലെങ്കിൽ ഈ ലോകവും ഇല്ല. അതുകൊണ്ടു് സകല ജീവികളും നിങ്ങളോടു നന്ദയുള്ളവരായിരിക്കണം.

ആവള്ളം—മറവുള്ളവരുടെ നന്ദി ഞാൻ കാംക്ഷിച്ചിട്ടേ ഇല്ല. "പരോപകാരാർത്ഥമിദം ശരീരം" എന്നുള്ള തത്ത്വമനസരിച്ചു് ഞാൻ പ്രവർത്തിക്കുന്ന. ജീവിതം മുഴുവനും ആ വിധത്തിൽ പ്രവർത്തിക്കുകയും ചെയ്യും.

പാഠം 15

ശകുന്തൻ തമ്പുരാൻ

ആധുനിക വഞ്ചിരാജ്യത്തിന്റെ സ്ഥാപകൻ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവാണല്ലോ. തിരുമനസ്സിലെ വീര്യപരാക്രമങ്ങൾ അഭിമാനപൂർവ്വം നാം സ്മരിക്കുന്ന.

ഇതുപോലെ കൊച്ചീരാജ്യത്തിലെ പ്രജകളും എന്നും സ്മരിക്കുന്ന ഒരു മഹാരാജാവുണ്ട്. ആ രാജകേസരിയത്രേ ശക്തൻ തമ്പുരാൻ എന്നു കേട്ടുകേട്ട രാമവർമ്മമഹാരാജാവു്. ധർമ്മരാജാവു വേണാടു ഭരിച്ചിരുന്ന കാലത്തു് കൊച്ചിയിൽ വാണിരുന്നതു് ഇദ്ദേഹമായ രുന്നു. എല്ലാ പ്രകാരത്തിലും ശക്തനായിരുന്നതുകൊണ്ടു് അവിടത്തെ എല്ലാവരും അങ്ങനെ കൊണ്ടാടിവിളിച്ചുപോന്നു. ആ ഖ്യാതികരങ്ങളായ അനേകം ഐതിഹ്യങ്ങൾ അവിടത്തെപ്പറ്റി ഇന്നും കേരളമൊട്ടുക്കു പ്രചരിക്കുന്നുണ്ടു്. അവയിൽനിന്നു ആ മഹാന്റെ പുരുഷവും ഭരണശേഷിയും ഊഹിക്കുവാൻ കഴിയും.

കൊച്ചീരാജ്യത്തെ പ്രധാന ഗ്രാമങ്ങളിൽ ഒന്നാണു് വെള്ളാരപ്പിള്ളി. ഇതു് ആലുവാപ്പുഴയുടെ തീരത്തു ശങ്കരാചാര്യസ്വാമികളുടെ ജന്മഭൂമിയായ കാലടിക്കു സമീപം ആകുന്നു. അവിടെ കൊച്ചീരാജകുടുംബത്തിന്റെ ഒരു തായ്വഴിയുണ്ടു്. ആ കോവിലകത്തു് കൊല്ലവർഷം 926-ാമാണ്ടു് ശക്തൻ തമ്പുരാൻ ജനിച്ചു. അവിടത്തെ മാതാവു് അംബികത്തമ്പുരാട്ടിയായിരുന്നു. ആ തമ്പുരാട്ടിയുടെ ആദ്യത്തെ രണ്ടു സന്താനങ്ങളും സ്ത്രീകൾ ആയിരുന്നു. പിന്നെ ഒരു പുത്രൻ ഉണ്ടാകണമെന്നു കൊതിച്ചു് ഉണ്ടായ പുത്രനായിരുന്നു ശക്തൻ. എങ്കിലും അവിടത്തെ ജനനം ആശങ്കയ്ക്കും പരിഭ്രമത്തിനും കാരണമായി. കർക്കടകമാസത്തിലെ അമാവാസിയിലായിരുന്നു ഉണ്ണിയുടെ ജനനം. കർക്കടകമാസം, അമാവാസി, രാത്രി സമയം, പൂയം നക്ഷത്രം! ജ്യോതിഷത്തിൽ വിശ്വാസമുണ്ടായിരുന്ന രാജകുടുംബാംഗങ്ങളെ അമ്പരപ്പിക്കുവാൻ ഇനിയെന്തുവേണം? ആ രാജകുടുംബത്തിലെ ഗുരുവായിരുന്ന കല്ലേക്കരപ്പിഷാരടി അന്നു് അവിടെ കോവിലകത്തു വന്നിരുന്നു. "ഈ രാജകുമാരൻ



ഈ രാജ്യത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തു എത്തിക്കും; അശേഷം സംശയിക്കാനില്ല'' എന്നു പറഞ്ഞു് അദ്ദേഹം അവരെയെല്ലാം ആശ്വസിപ്പിച്ചു. എന്നിട്ടും ആശങ്ക അടങ്ങിയില്ല. അന്നൊരു ദിവസം അവിടെ അടുത്തുള്ള

ക്ഷേത്രത്തിൽ ഒരു യോഗി വന്നുചേർന്നു. ഉണ്ണിത്തമ്പുരാനെക്കുറിച്ചുള്ള മനഃസ്സല്യം അമ്മതമ്പുരാട്ടി യോഗിയെ അറിയിച്ചു. അപ്പോൾ ആ ദിവ്യൻ കുറേ പൂവും വെള്ളവും വരുത്തിച്ചു് അല്പം നേരം ജപിച്ചിട്ടു്, "ഈ പൂവു് ഉണ്ണിയെ കിടത്തിയിരിക്കുന്ന കിടക്കയുടെ ചുവട്ടിൽ വയ്ക്കണം; ഈ തീർത്ഥം അവിടെ തളിക്കുകയും വേണം. ഒന്നും ഭയപ്പെടേണ്ട; ഉണ്ണി യശസ്വിയും പരാക്രമിയും ആയിത്തീരും" എന്നു പറഞ്ഞു് അവ തമ്പുരാട്ടിയുടെ കൈയിൽ കൊടുത്തു. യോഗി നിർദ്ദേശിച്ചതുപോലെ അവർ പ്രവർത്തിച്ചു. ഇക്കഥ വാസ്തവമോ അല്ലയോ എന്നു തീർത്തു പറയാവുന്നതല്ല. ഏതായാലും കാലക്രമത്തിൽ ഉണ്ണി യശസ്വിയും പരാക്രമിയും ആയിത്തീർന്നു. എന്നാൽ പുത്രന്റെ യോഗ്യത കാണുവാനുള്ള ഭാഗ്യം അമ്മതമ്പുരാനുണ്ടായില്ല. ശക്തന്റെ മൂന്നു വയസ്സു തികയുന്നതിനുമുമ്പു് ആ സാധ്വി കാലധർമ്മം പ്രാപിച്ചു. പിന്നീടു് അവിടത്തെ വളർത്തിയതു് ആ തമ്പുരാട്ടിയുടെ സഹോദരീയായിരുന്നു.


ശക്തൻതമ്പുരാൻ ബാല്യത്തിൽത്തന്നെ ആയുധവിദ്യയിൽ നൈപുണ്യം സമ്പാദിച്ചു. വാളേറു്, കുന്തമേറു്, കുതിരകയറ്റം, പരിചപ്പയറ്റു് എന്നിവയിൽ അവിടത്തെ നൈപുണ്യം അത്ഭുതകരമായിരുന്നു. അടവു്, തടവു്, ഓട്ടം, ചാട്ടം, ആകാശപ്പയറ്റു്, പരിചയൊളിപ്പു്, വായുസ്തംഭനം എന്നീ വിദ്യകളിലും അസാമാന്യമായ പാടവം പ്രകടിപ്പിച്ചു. ആയുധവിദ്യയിലും മറ്റും തമ്പുരാനോടു് ഏതാണ്ടു കിടനിൽക്കുവാൻ അന്നു് കൊച്ചിരാജ്യത്തു് ഒരാളേ ഉണ്ടായിരു

രുന്നുള്ളൂ. അദ്ദേഹമായിരുന്നു പണിക്കരുകുപ്പിത്താൻ. ആ ആയുധനിപുണൻ തമ്പുരാന്റെ അംഗരക്ഷകനുമായിരുന്നു.

ശങ്കരൻതമ്പുരാന്റെ കുട്ടിക്കാലത്തെ വിനോദങ്ങളിൽ ഒന്നായിരുന്നു കവിണേറ്. എത്ര ഉയർന്ന വൃക്ഷങ്ങളുടെയും തുഞ്ചത്തുള്ള പൂക്കുലകളും കായ്കളും എറിഞ്ഞു വീഴ്ത്തുവാൻ അവിടത്തേയ്ക്കു യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. അവിടത്തെ വേറൊരു വിനോദമായിരുന്നു വെള്ളത്തിനടിയിൽ വളരെ നേരം മുങ്ങിക്കിടക്കുക. എത്രവട്ടം അവിടത്തെ കൂട്ടുകാർ അമ്പരന്നു വിളിച്ചുകൂകിയിട്ടുണ്ടു്! ചിറമ്മത്തമ്പുരാൻ എത്ര തവണ വല്ലാതെ പരിഭ്രമിച്ചിട്ടുണ്ടു്!

കുതിരകയറ്റമായിരുന്നു മറ്റൊരു വിനോദം. കേവലം ബാലനായിരുന്ന കാലത്തു് അവിടുന്നു് ഒരു വലിയ കുതിരയുടെ പുറത്തു ചാടിക്കയറി ജീനിയും കടിഞ്ഞാണും കൂടാതെ ഓടിച്ചു് ആ കുതിരയുടെ ഉടമസ്ഥനെക്കൂടി വിസ്മയിപ്പിച്ചു. അശ്വഹൃദയമന്ത്രം വശമായിരുന്ന എന്നു് കാണികൾക്കു തോന്നുമാറു് ഏതു പടക്കുതിരയേയും മരുക്കിയോടിക്കുവാൻ ഒരു വിഷമവും ഉണ്ണിത്തമ്പുരാനുണ്ടായിരുന്നില്ല. നല്ല കുതിരകളെ എവിടെക്കണ്ടാലും വിലകൊടുത്തു വാങ്ങിക്കുവാൻ മടിച്ചു നിന്നില്ല. അവിടത്തെ കുതിരലായത്തെപ്പറ്റിയും അവിടുന്നു് എന്നും സ്വരിക്കുപയോഗിച്ചിരുന്ന "പഞ്ചകല്യാണ"് എന്ന കുതിരയെപ്പറ്റിയും ഉള്ള പ്രസിദ്ധി അന്നെവിടെയും വ്യാപിച്ചിരുന്നു.

പ്രച്ഛന്നവേഷനായി നടക്കുന്നതിനു് അവിടുന്നു് ചെറുപ്പത്തിൽത്തന്നെ പ്രകടിപ്പിച്ച പാടവം ആരെയും



ഖിന്നയിപ്പിച്ചു. അവിടത്തേയ്ക്ക് ഏതു വേഷവും കെട്ടുന്നതിനു് ഒരു ക്ലേശമുണ്ടായിരുന്നില്ല. ജോനകനായും സൂതനായും ബ്രാഹ്മണനായും പട്ടാണിയായും ലാടനായും വേടനായും ഒക്കെ വേഷം പകരുവാൻ ഒരു ഞൊടിയിടയേ

ഭാര്യയിരുന്നുള്ളൂ. അവിടത്തെ ആസ്ഥാനമാറാട്ടവിദ്വയെ കുറിച്ച് പല കഥകളും ഉണ്ട്. കുട്ടിക്കാലത്തു് ഒരിക്കൽ അവിടുന്നു് ഒരു മൊട്ടച്ചി അമ്മാരുടെ വേഷംകെട്ടി, ചിറ്റമ്മത്തമ്പുരാന്റെ അടുക്കൽ ചെന്നു യാചിച്ചു് കുറേ ക്ഷേണസാധനങ്ങളും ഓട്ടുപാത്രങ്ങളും തട്ടിച്ചു. അല്പം കഴിഞ്ഞു് ഉണ്ണിത്തമ്പുരാൻ അവയെല്ലാം എടുത്തുംകൊണ്ടു് തമ്പുരാട്ടിയുടെ മുമ്പിലെത്തി, "അയ്യോ! ഉണ്ണീ!—ആ പാവപ്പെട്ട സ്ത്രീയുടെ പക്കൽനിന്നു് എന്തിനിതു പിടിച്ചു പറിച്ചു? അവർക്കു ഞാൻ കൊടുത്തതായിരുന്നല്ലോ ഇതെല്ലാം" എന്നു് അവർ ശങ്കരനെ കുറ്റപ്പെടുത്തി. "അമ്മയുടെ ആ പാവപ്പെട്ട സ്ത്രീയാണു് ഈ നിൽക്കുന്ന ഉണ്ണി" എന്നു് അദ്ദേഹം ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. അതു കേട്ടപ്പോൾ തമ്പുരാട്ടി അത്ഭുതപരവശയായി. ഇങ്ങനെയുള്ള ആസ്ഥാനമാറാട്ടങ്ങൾ ചെറുപ്പത്തിൽ വിനോദത്തിനുവേണ്ടിയായിരുന്നെങ്കിലും പിന്നീടു് രാജ്യത്തു് അച്ചടക്കം പാലിക്കുന്നതിനു് അവിടുത്തേയ്ക്കു് അത്യന്തം ഉപകരിച്ചു. അവിടുന്നു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വേഷംമാറി നടന്നു്, നേരിട്ടു കാര്യങ്ങൾ ഗ്രഹിക്കുകയും ആവശ്യമുള്ളപ്പോൾ യഥാർത്ഥവേഷമെടുത്തു ന്യായം നടത്തുകയും ചെയ്യുമായിരുന്നു.

ശങ്കരൻതമ്പുരാന്റെ ജനനകാലത്തോടു് അടുത്തുള്ള കാലത്തിൽ കൊച്ചിരാജ്യം ഏറ്റവും ദുർഘടസ്ഥിതിയിലായിരുന്നു. രാജ്യത്തിലും രാജകുടുംബത്തിലും സമാധാനം ഉണ്ടായിരുന്നില്ല. രാജസ്ഥാനത്തെ ക്രമാധികം വിഷമിപ്പിച്ചിരുന്നതു് തെക്കുഴിഞ്ഞക്കവും ഇടപ്രഭുക്കന്മാരുടെ ധിക്കാരവും ഒക്കെയുക്കും കണ്ണോട്ടവും ഉള്ള ചില മാടമ്പിമാർ രാജ്യത്തു് അന്തച്ഛിദ്രം

ഉണ്ടാക്കിക്കൊണ്ടിരുന്നു. കേരളചക്രവർത്തിപദം സ്വപ്നം കണ്ടുകൊണ്ട് അയൽരാജ്യങ്ങളെല്ലാം ആക്രമിക്കുവാൻ ഒരുമ്പെട്ട സാമൂതിരി ചില ഭാഗങ്ങൾ കൈയടക്കിയും തക്കവും തരവും നോക്കി കൊള്ളയിട്ടും കൂടെക്കൂടെ കൊച്ചിയെ ശ്വാസംമുട്ടിച്ചുവന്നു. പറവിയും പരുങ്ങിയും നിന്നിരുന്ന കർത്താക്കന്മാരും കയ്മഹന്മാരും ഈ ഘട്ടങ്ങളിൽ ശത്രുക്കളെ ശ്രദ്ധമായി സഹായിച്ചുകൊണ്ടിരുന്നു. സാമൂതിരിയോട് ഏറ്റവും തോറ്റവും കൊച്ചിയുടെ വീഴ്ചയും മിക്കവാറും ഒടുങ്ങിയമട്ടായി. ഈ സമയത്തായിരുന്ന വീരമാർത്താണ്ഡവർമ്മ മഹാരാജാവ് കൊല്ലം മുതൽ വടക്കോട്ടുള്ള രാജ്യങ്ങളെല്ലാം കീഴടക്കി വിജയഭേരി മുഴക്കിയതു്. വേണാടിന്റെ ഈ വടക്കോട്ടുള്ള പുറപ്പാട്, കുനിൽ കുത എന്നപോലെ കൊച്ചിയെ പരിഭ്രമിപ്പിച്ചു. ഉന്തക്കാരുടെ സഹായമായിരുന്ന കൊച്ചീരാജ്യത്തിന്റെ ഏകാവലംബം. എന്നാൽ അവരുടെ ശക്തിയും ഈ ഘട്ടത്തോടുകൂടി ക്ഷയിച്ചുപോയിരുന്നു. അതുമല്ല, മേൽക്കോയ്മയെ ധിക്കരിച്ചു ഇടപ്രഭുക്കന്മാരെ അവരും തരംപോലെ ശ്രദ്ധമായി സഹായിക്കുകയും പ്രേരിപ്പിക്കുകയുമാണുണ്ടായതു്. ഇങ്ങനെ അധോഗതി പ്രാപിച്ചിരുന്ന കൊച്ചിയെ ഉദ്ധരിക്കുവാൻ പിറന്ന കർമ്മമൂർത്തിയായിരുന്ന ശക്തൻതമ്പുരാൻ.

കഷ്ടിച്ചു് പ്രായപൂർത്തിയായതോടുകൂടി, തനിക്കുമീതെ രണ്ടു രാജാക്കന്മാർ—വല്യതമ്പുരാനും, ഇളയതമ്പുരാനും—ഉണ്ടായിരുക്കെ, അന്നു് ഇളയതമ്പുരാൻ മാത്രമായിരുന്ന ശക്തൻതമ്പുരാൻ രാജ്യഭാരം കൈയേറ്റു. അങ്ങനെ ഇരുപതുകൊല്ലത്തോളം ആ രണ്ടു മഹാരാജാക്കന്മാരുടെയും പ്രധാനപുരുഷനായും പതിനാറുകൊല്ലം വല്യതമ്പുരാനായും

അവിടുന്നു രാജ്യഭരണം നിർവ്വഹിച്ചു. കൈക്കരുത്തും കരളുറപ്പും ഉണ്ടായിരുന്ന അവിടുന്ന് ഭരണസാരഥ്യം ഏറ്റതോടുകൂടി രാജ്യാന്തരീക്ഷത്തിന്റെ ആകപ്പാടെയുള്ള ഭാവം ഒന്നുമാറി. ഇടഞ്ഞും എതിർത്തും നിന്നിരുന്ന ഇടപ്രഭുക്കന്മാർ ഒന്നോടെ ഒതുങ്ങി. മുഷ്ക്കരന്മാരെയും തസ്കരന്മാരെയും കൊണ്ടുള്ള ഉപദ്രവങ്ങൾ എല്ലാം ഒടുങ്ങി. രാജദ്രോഹവും ക്ഷുദ്രമത്സരവും ഇല്ലാതായി. രാജ്യത്തിന്റെ ഏതൊരുകോണിലും പണ്ടെങ്ങുമില്ലാത്തവിധം സുഖവും സുരക്ഷിതയും കളിയാടി.

ഇതുപോലെ രാജ്യരക്ഷയ്ക്കും പ്രജാസുഖത്തിനുംവേണ്ടി അഹോരാത്രം ചെയ്ത ഒരു മഹാരാജാവ് കൊച്ചിയിൽ ഉണ്ടായിട്ടില്ല. രാജ്യത്ത് ആദ്യമായി കണ്ടെഴുത്തും കരംപിരിവും നടപ്പിലാക്കിയതു് അവിടുന്നായിരുന്നു. അക്കാലത്ത് കൊച്ചിക്ക് ഒരു സ്ഥിരസൈന്യം ഉണ്ടായിരുന്നില്ല. ആ കുറവ് അവിടുന്നു പരിഹരിച്ചു. സൈനികപരിശീലനം നടപ്പാക്കി. "തണ്ടും തടിയും" ഉള്ളവരെല്ലാം സൈന്യത്തിൽ ചേരണമെന്ന് വ്യവസ്ഥചെയ്തു. കടൽക്കള്ളന്മാരെ ഒതുക്കുവാൻ ഒന്നാംതരം ഓടിവള്ളങ്ങളോടുകൂടിയ ഒരു വാലസൈന്യം രൂപവൽക്കരിച്ചു. ആദ്യമായി പൊതുമരാമത്തുകളും തുടങ്ങി. വഴികൾ വെട്ടിക്കുക, കുളങ്ങൾ കഴിപ്പിക്കുക, പാലങ്ങൾ പണിയിക്കുക എന്നിവയിലെല്ലാം പ്രത്യേകം ശ്രദ്ധചെലുത്തി. കച്ചവടമാണ് രാജ്യശ്രേയസ്സിനുള്ള പ്രധാന മാർഗ്ഗമെന്നുകണ്ട് ചന്തകൾ മിക്കസ്ഥലങ്ങളിലും സ്ഥാപിക്കുകയും പണ്ടകശാലകൾ പണിയിച്ച് കച്ചവടക്കാർക്ക് വാടകയ്ക്കു കൊടുക്കുകയും ചെയ്തു. അവിടുത്തെ സ്വന്തം വകയായിത്തന്നെ വളരെ കച്ചവടക്കപ്പലുകൾ ഉണ്ടായിരുന്നു. കർഷികാഭിവൃദ്ധിക്കും അവിടുന്നു

കഴിയുന്നത്ര യത്നിച്ചു. പണം കടംകൊടുത്തും, കേടുപിഴകൾ നോക്കിക്കണ്ടു് നികുതിപാട്ടങ്ങൾ ഇളവുചെയ്തും കർഷകരെ സഹായിച്ചു. വേണ്ടിടത്തെല്ലാം അണകളും ചിറകളും കെട്ടിച്ചു. ചുരുക്കത്തിൽ രാജ്യാഭിവൃദ്ധിക്കുതകുന്ന ഏതൊരു കാര്യത്തിലും അവിടത്തെ കണ്ണും കരളും ചെന്നെത്താതിരുന്നില്ല.

നീതി നടത്തുന്നതിനു് ചാരസംഘമാണു് തിരുമനസ്സിലേയ്ക്കു് ഉറ്റ തുണയായി നിന്നതു്. ചാരന്മാരാണു് രാജാവിന്റെ കണ്ണു്; ദൂതന്മാർ നാവും. ഈ തത്ത്വം അവിടുന്നു സൂക്ഷ്മമായി ഗ്രഹിച്ചിരുന്നു. 'ശക്തൻതിരുമേനിയുടെ ചാരന്മാർ ചെന്നെത്താത്തടിക്കില്ല; കണ്ടുപിടിക്കാത്ത അഴിമതിയുമില്ല. പക്ഷേ മറ്റാർക്കും അറിഞ്ഞുകൂടായിരുന്ന ചാരന്മാർ ആരൊക്കെയെന്നും എവിടെയൊക്കെയെന്നും. ഒരിക്കൽ ബോട്ടിൽ സഞ്ചരിച്ചിരുന്ന ഒരു നമ്പൂരിയെ ഉപദ്രവിക്കുവാൻ ഒരു മുഹമ്മദീയൻ അടുത്തുകൂടി. ഒരുകണക്കിൽ അയാൾ രക്ഷപ്പെട്ടു് കോവിലകത്തെത്തി. കുളിയും ഊണുംകഴിഞ്ഞു് നമ്പൂരി വഴിയിലുണ്ടായ സംഭവങ്ങൾ തിരുമനസ്സറിയിക്കുവാൻ ചെന്നപ്പോഴേയ്ക്കും ആ മുഹമ്മദീയനെ തിരുമുമ്പിൽ ഹാജരാക്കിക്കഴിഞ്ഞിരുന്നു. ഇങ്ങനെയായിരുന്ന അവിടത്തെ ചാരന്മാരുടെ കർമ്മകൗശലം. വേറൊരിക്കൽ ഒരു സ്ത്രീ കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ടു. 'എന്റെ ശക്തൻതമ്പുരാനേ' എന്നു നിലവിളിച്ചപ്പോഴേയ്ക്കും തമ്പുരാൻതന്നെ അവിടെ പ്രത്യക്ഷനായി കൊള്ളക്കാരെ മുഴുവൻ കൊന്നൊടുക്കിയത്രേ. ചാരന്മാരിൽനിന്നും കൊള്ളക്കാരുടെ ഉദ്ദേശവും പുറപ്പാടും നേരത്തെതന്നെ മനസ്സിലാക്കിയിരുന്നതുകൊണ്ടാണു് തിരുമനസ്സിലേയ്ക്കു് മിന്നൽപോലെ അവിടെ ചെന്നെത്തുവാൻ സാധിച്ചതു്.

നീതിനടത്തുന്ന കാര്യത്തിൽ ശക്തൻതമ്പുരാൻ ജാതി തൊലിഭേദങ്ങളൊന്നും നോക്കാറില്ലായിരുന്നു. അനീതി ചെയ്യുന്നവനാരായിരുന്നാലും അവൻ ശിക്ഷ അനുഭവിക്കണമെന്നുള്ളതായിരുന്നു തിരുമേനിയുടെ ആദർശം. തന്റെ കുപ്പിത്തൊമ്മാരിൽ ഒരാൾതന്നെ മയ്യാദകേട്ട പ്രവർത്തിച്ചപ്പോൾ അയാളെ ഒരു ഇരുമ്പുകൂറിയിൽ ചേർത്തുകെട്ടി, തുണിചുറ്റി എണ്ണയൊഴിച്ചു് ദഹിപ്പിച്ചുകളഞ്ഞു എന്നൊരു കഥയുണ്ടു്. ഇങ്ങനെ കുറവാളികൾക്കു് അവിടുന്നു കൊടുത്ത ശിക്ഷകൾ ക്രൂരങ്ങളും ബീഭത്സങ്ങളുമായിരുന്നു. എന്നാൽ അക്കാലത്തെ ദണ്ഡനരീതിയും കൊച്ചിയുടെ അന്നത്തെ നിലയും വച്ചുനോക്കിയാൽ അങ്ങനെ തീർത്തു പറയാമോ എന്നു സംശയമുണ്ടു്. ഏതായാലും അധർമ്മത്തോടു് അവിടത്തേയ്ക്കുണ്ടായിരുന്ന കഠിനവിദ്വേഷമാണു് നിർണ്ണയമായ ശിക്ഷാവിധികൾക്കു പ്രേരകമായതെന്നു് ആരും സമ്മതിക്കും. യഥാർത്ഥത്തിൽ ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഹൃദയം ദീനാനുകമ്പകൊണ്ടു് ആർദ്രവും ധർമ്മതൽപരതകൊണ്ടു് നിർമ്മലവും ആയിരുന്നു. എത്രയോ പാവങ്ങളെ—അനാഥരെ—അവിടുന്നു് ഉള്ളഴിഞ്ഞും കൈയയച്ചും സഹായിച്ചിരുന്നു.

ഇപ്പോഴത്തെ കൊച്ചിയുടെ സ്ഥാപകൻ ശക്തൻതമ്പുരാനാണെന്നുള്ളതിനു് രണ്ടുപക്ഷമില്ല. രാജ്യം ഏകശാസനത്തിലാക്കുവാൻ അവിടുന്നു ചെയ്ത യത്നങ്ങളാണു് അന്നുമുതൽ ഇന്നോളം ആ രാജ്യത്തെ പുലർത്തിക്കൊണ്ടുപോന്നതു്. ഉള്ളതു കളയാതിരിക്കുന്നതിനും കിട്ടേണ്ടതു വാങ്ങിക്കുന്നതിനുംവേണ്ടി എത്രതവണ ലന്തക്കാരോടും പറങ്കികളോടും ന്യായവാദംചെയ്തു? തിരുവിതാംകൂറി

നോട്ട സ്നേഹബന്ധം പുലർത്തുന്നതിനും ഇംഗ്ലീഷുകാരോട് ഇണങ്ങിയിരുന്നപ്പോഴും ഫ്രഞ്ചുകാരിൽനിന്ന് വല്ല സഹായവും കിട്ടുമോ എന്നു പരീക്ഷിക്കുന്നതിനും കശാഗ്രബുദ്ധിയായ ശക്തൻതമ്പുരാൻ ഒരുമ്പെട്ടതു് രാജ്യരക്ഷയെ ലാക്കാക്കിയായിരുന്നു.

കൊല്ലവർഷം 981-ൽ അവിടുന്നു തീപ്പെട്ടപ്പോഴേയ്ക്കും കൊച്ചീരാജ്യം പലതരത്തിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നു. രാജ്യത്തിന്റെ അതിർത്തി അധികം വിപുലമായില്ലെങ്കിലും രാജാധികാരം അത്യന്തം പുഷ്ടമായി; മുതലെടുപ്പു വർദ്ധിച്ചു; നാട്ടിലെങ്ങും സുഖവും സമാധാനവും കൂടികൊണ്ടു. കുന്നിലക്കോനാതിരിയുടെയും മൈസൂർ വ്യാഘ്രത്തിന്റെയും പടയേറ്റങ്ങളിലൊന്നും തകർന്നുപോകാതെ, അനേകശതാബ്ദങ്ങളും അഴിമതികളും അടിച്ചുമത്തി കൊച്ചിയെ കാത്തുരക്ഷിച്ചു്, രാജ്യത്തിന്റെ അസ്ഥിവാരമുറപ്പിച്ച ശക്തൻതമ്പുരാൻ വാസ്തവത്തിൽ ഒരു മഹാശക്തൻ തന്നെ!

———

പാഠം 16

ഉദ്യാനദേവത

[കിളിക്കൊഞ്ചൽ എന്ന കവിതയിൽനിന്നും എടുത്തതു്]

ഓരോ മലരിലുമോരോ തളിരിലു-
മോടിക്കുഴങ്ങേണ്ടാ നേത്രമേ നീ-
ഉദ്യാനദേവത താൻ തന്നെയല്ലയോ,
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ. 4

അഞ്ചുവയസ്സായ പെൺകിടാവായ് ചുമ-
ന്നഞ്ചിതകേളികളാടി വാഴ്വൂ!
ചെമ്പകപ്പൂവാണീപ്പൊൺ പൈതൽ തന്നുടൽ;
ചെമ്പനിനീർപ്പൂവിക്കൊച്ചുമുഖം;

കായാമ്പൂകൊണ്ടത്രേ കല്പിതമായ് തുലോ-
മായാമ രമ്യമാമക്ഷിയുഗ്മം;
തോല്പം കവിഞ്ഞഗ്രം ചുരുണ്ടുകിടക്കുന്ന
വാർകുഴലായതോ വണ്ടിണ്ടതാൻ;

വല്ലികാ ശാഖകളാകുന്ന കയ്യകൾ,
പല്ലവം തന്നെയിപ്പാണി രണ്ടും.
ഉണ്ടാക്കിവച്ച വിചിത്രജന്തുക്കളെ-
യുണ്മാനിരുത്തിഗ്ഗ്രഹേശ്വരിയായ്,

പഞ്ചാര കല്ക്കണ്ടം പാൽ പഴം തേനിവ
പിഞ്ചുകൈകൊണ്ടു വിളമ്പുകയും;
കൂട്ടിക്കനകക്കുടത്താൽപ്പുളങ്കുകൾ-
ത്തൊട്ടിയിൽ നിന്നു തണ്ണീരുമുക്കി,

ചേലിൽശിരസ്സാട്ടം നാനാചെടികളെ-
ച്ചേടിയായ് നിന്നു നനയ്ക്കുകയും;
വാരി വലിച്ചുടുത്തോരു നൽപ്പട്ടഴി-
ച്ചാരാൽ നിലത്തുവീരിച്ചതിങ്കൽ

പാവക്കിടാവെക്കിടത്തി, ക്കിലുങ്ങിന
തുവളച്ചാത്തോടതിൻ തുടമേൽ
അമ്മലർക്കയ്യിനാൽത്താളം പിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും;

* * * *

ഭൂലോകരംഗത്തെയ്ക്കീവക നാട്യങ്ങൾ
ശീലിക്കുമച്ചെറു നത്തകിയെ
നിന്നിമേഷാക്ഷിയായ് സാദരം വീക്ഷിച്ചു
നിന്നിതു ഭാസിമാർ നാലുപാട്ടും. 32

സാഹിത്യമഞ്ജരി iv] [വള്ളത്തോൾ നാരായണമേനോൻ

പാഠം 17

പഞ്ചേന്ദ്രിയങ്ങൾ


ശരീരത്തിനു വെളിയിൽ നടക്കുന്ന സംഗതികൾ ഗ്രഹിക്കുന്നതിനു് നമുക്കു് അഞ്ചു മാർഗ്ഗങ്ങൾ ഉണ്ടു്. ഈ മാർഗ്ഗങ്ങൾക്കു് പഞ്ചേന്ദ്രിയങ്ങൾ എന്നു പേർ പറയുന്നു. അവ കണ്ണും ചെവിയും ത്വക്കും നാക്കും മൂക്കും ആകുന്നു. കണ്ണു് ദർശനത്തിനും, ചെവി ശ്രവണത്തിനും, ത്വക്കു് സ്പർശനത്തിനും, നാക്കു് രുചിക്കും, മൂക്കു് ഘ്രാണത്തിനും ഉള്ള മാർഗ്ഗങ്ങളാണു്. പഞ്ചേന്ദ്രിയങ്ങളിൽവിശിഷ്യ ആദ്യത്തെ മൂന്നും നമുക്കു് അതിപ്രധാനങ്ങളാകുന്നു. അവയിൽ ഏതെങ്കിലും ഒന്നിനു് വൈകല്യം സംഭവിച്ചാൽ നമുക്കു വളരെ അസുഖവും നമ്മെക്കൊണ്ടുള്ള പ്രയോജനത്തിനു ന്യൂനതയും സംഭവിക്കും. അതുകൊണ്ടു് ജ്ഞാനേന്ദ്രിയങ്ങളായ അവയെ സൂക്ഷിക്കേണ്ടതും, അവയ്ക്കു ദോഷം നേരിടാതെ രക്ഷിക്കേണ്ടതും ആകുന്നു.

ജ്ഞാനേന്ദ്രിയങ്ങളിൽ ഓരോന്നിനേയും തലച്ചോറിൽ ഓരോ സ്ഥാനത്തോടു ഘടിപ്പിക്കുന്നതിനു് സൂക്ഷ്മങ്ങളായ

ഞരമ്പുകളും ഉണ്ട്. തലച്ചോറാണ് ഇന്ദ്രിയങ്ങളുടെ വ്യാപാരങ്ങളെ സ്വീകരിച്ച് സകല ചേഷ്ടകളെയും നിയന്ത്രിക്കുന്നത്. ലഹരിപദാർത്ഥങ്ങളും തലച്ചോറിനെയും ഞരമ്പുകളെയും ബലഹീനമാക്കി ഇന്ദ്രിയങ്ങളെ മന്ദീഭവിപ്പിക്കുന്നു. മദ്യപാനം ചെയ്യുന്നവനു് ദർശനാദിശക്തികൾക്കു് മന്ദതയും അസ്വസ്ഥതയും നേരിടുന്നു. അതുകൊണ്ടു് ഇന്ദ്രിയരക്ഷയ്ക്കു് ലഹരിപദാർത്ഥങ്ങളെ വർജ്ജിക്കേണ്ടതാകുന്നു.

കണ്ണു് തലയോടിന്റെ മുൻവശത്തുള്ള രണ്ടു സുഷിരങ്ങളിൽ ഗോളരൂപത്തിൽ സ്ഥിതിചെയ്യുന്നു. വല്ല ഉപദ്രവവും നേരിടാൻ തുടങ്ങുമ്പോൾ കൺപോളകൾ കണ്ണിനെ ആവരണംചെയ്തു രക്ഷിക്കുന്നു. കണ്ണിൽ പൊടി വീഴാതെയും സൂക്ഷ്മമായ പ്രകാശമാത്ര ലഘൂപ്പെടുത്തിയും സൂക്ഷിക്കുന്നതു് ഇമകളാണു്. അക്ഷിഗോളത്തിന്റെ ചലനത്തിനു് ഉപകരിക്കുന്ന ചില മാംസപേശികളും ഉണ്ടു്. അവയുടെ സങ്കോചവികാസങ്ങൾ അനുസരിച്ചാണു് കണ്ണു് ഇളകുന്നതു്. മേൽപ്പോളകൾക്കു് അടിയിലായി അശ്രുഗ്രന്ഥികൾ (Tear glands) ഉണ്ടു്. അക്ഷിഗോളത്തെ പൊതിഞ്ഞിരിക്കുന്ന പാടപോലെയുള്ള തൊലി എപ്പോഴും ആർദ്രമായിരിക്കുന്നതിനു് ഈ ഗ്രന്ഥികളിൽനിന്നു് കണ്ണുനീർ ഊറിക്കൊണ്ടിരിക്കുന്നു. കണ്ണു് അടയ്ക്കുകയും തുറക്കുകയും ചെയ്യുമ്പോൾ കൺപോളകൾ അക്ഷിഗോളത്തിന്റെ മുൻവശത്തു കണ്ണുനീരിനെ പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്ഷിഗോളത്തിന്റെ മുൻവശത്തു പ്രസരിപ്പിച്ചശേഷം കണ്ണുനീർ മൂക്കിന്റെ സമീപസ്ഥമായ കൺകോണകത്തിലൂടെ വാർന്നു പോകുന്നു. മനഃക്ഷോഭംകൊണ്ടു് കണ്ണുനീർ അധികമാകുമ്പോൾ അതു് ബാഷ്പവാഹിനികളെ (Tear Ducts) കവിഞ്ഞു വെളിയിലേയ്ക്കു് പ്രവഹിക്കയാണു് ചെയ്യുന്നതു്.

കണ്ണിനു വിശ്രമം ആവശ്യമുണ്ട്. ഉറക്കമാണ് അതിനേയ്ക്കു് ഉത്തമമായ മാർഗ്ഗം. തുന്നുക, വളരെ ചെറിയ അക്ഷരങ്ങൾ വായിക്കുക മുതലായ പ്രവൃത്തികൾ കണ്ണിനെ



ക്ലേശിപ്പിക്കുന്നവയാണ്. കണ്ണിന്റെ സൂക്ഷ്മവ്യാപാരം വളരെ നേരം ഉണ്ടാകുമ്പോൾ തലവേദനയും ക്രമേണ കാഴ്ചക്കുറവും വരാവുന്നതാണ്. അതിദീപ്രമായ പ്രഭയിലോ തീരെ മങ്ങിയ വെളിച്ചത്തിലോ വായിക്കുന്നതും കണ്ണിനു കേടാകുന്നു. നമ്മുടെ നാട്ടിൽ മിക്കപ്പോഴും പൊടിയുടെ ഉപദ്രവം ഉള്ളതുകൊണ്ട്, കണ്ണിനു പീഡ തട്ടാറുണ്ട്. അതിനാൽ കാലത്തും വൈകീട്ടും ശുചിയായ ശീതജലം കൊണ്ട് കഴുകേണ്ടതാകുന്നു. കണ്ണു കലിക്കുമ്പോൾ കൈകൊണ്ടു തിരുമ്മാതെ കണ്ണു കഴുകുന്നതാണ് ഉത്തമം. സ്വച്ഛവും സമർത്ഥവും ആയ നേത്രങ്ങൾ കാഴ്ചയ്ക്കു മനോഹര

ങ്ങളും കാര്യത്തിൽ പ്രയോജനകരങ്ങളും ആകകൊണ്ട് അവയുടെ രക്ഷണത്തിൽ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.


സാക്ഷാൽ ശ്രവണേന്ദ്രിയം ശ്രോത്രദ്വാരങ്ങളുടെ അന്തർഭാഗത്തു സ്ഥിതിചെയ്യുന്നു. സൂക്ഷ്മങ്ങളായ അസ്ഥികളും, പേശികളും, ഞരമ്പുകളും [ഇവയെ വിസ്മയകരമായി സംഘടിപ്പിച്ചാണ് ഇതിനെ [സൃഷ്ടി. വായുവിൽക്കൂടി സഞ്ചരിക്കുന്ന ശബ്ദം ശ്രവണത്തിൽ വന്നു തട്ടുകയും, ഞരമ്പുകൾവഴി തലച്ചോറിന്റെ നിർദ്ദിഷ്ടവിഭാഗങ്ങളിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. അന്തർഭാഗത്തുള്ള ശ്രവണം തലയോട്ടിനുള്ളിൽ ഗാഢമായി നിഗ്രഹനം ചെയ്തിരിക്കുന്നതുകൊണ്ട് സുരക്ഷിതമാകുന്നു.

പുറത്തെ ചെവി ശ്രവണദ്വാരത്തെ രക്ഷിക്കാൻ ഉപകരിക്കുന്നു. അതിലും കൂടുതലായി ചെവികൊണ്ടുള്ള ഉപയോഗം ശബ്ദവീചികളെ ശേഖരിച്ച് ശ്രവണദ്വാരത്തിലേയ്ക്ക് നയിക്കുകയാകുന്നു. ഏതെങ്കിലും ഒരു ശബ്ദം കേൾക്കേണ്ടിവരുമ്പോൾ കൈയ്യ് ചെവിക്കു പുറകിൽ കോട്ടിപ്പിടിയ്ക്കാറുണ്ടല്ലോ. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ശ്രവണപുടം കുറേക്കൂടി വിശാലമാക്കി ശബ്ദം ഗ്രഹിക്കുന്നതിനു സാധിക്കുന്നു.

ശ്രവണത്തിൽനിന്നു കണ്ണാന്തിലേയ്ക്ക് ഒരു ചെറിയ കുഴൽ ഉണ്ട്. ആ കുഴലിനു് ജലദോഷംകൊണ്ട് ചിലപ്പോൾ തടസ്സം നേരിടാറുണ്ട്. അപ്പോൾ ചെവിക്കു വേദന ഉണ്ടാകയും ശ്രവണശക്തി ക്ഷീണിക്കയും ചെയ്യുന്നു. ജലദോഷമോ തൊണ്ടനോവോ ഉണ്ടാകുമ്പോൾ രോഗബീജങ്ങളും ഈ കുഴൽവഴി ശ്രവണേന്ദ്രിയത്തിന്റെ അന്തർഭാഗത്തു പ്രവേശിച്ച് അവിടം ദുഷിപ്പിക്കുന്നു. ഇതു് അസഹ്യവും

ഗൗരവപ്പെട്ടതുമായ ശല്യമാണ്. അതു നിമിത്തം പഴുപ്പു തട്ടി കർണ്ണപടം (Tympanum) പൊട്ടി ചലം പുറത്തേയ്ക്കു കലിച്ചുവെന്നും വരാം. ഈ സുഷിരം എളുപ്പത്തിൽ ശരിപ്പെടാത്തപക്ഷം അതു് ശാശ്വതമായ ബധിരതയ്ക്കു് ഇടയാക്കുന്നതാണു്.


കുത്തു കഠിനപദാർത്ഥങ്ങൾ ഒന്നും ചെവിക്കകത്തേയ്ക്കു തള്ളിക്കയറ്റരുതു്. അവ കർണ്ണപടത്തെ വേധനം ചെയ്യുമെന്നു വരാം. ശ്രവണഭാരത്തെ ശ്രുചീകരിക്കുന്നതിനു് ചെവിരൽ ഉപയോഗിച്ചാൽ മതിയാകുന്നതും, അതിലും



ചെറുതായ യാതൊന്നും ഉപയോഗിച്ചു കൂടാത്തതും ആകുന്നു ശ്രവണമാർഗ്ഗത്തിൽ മെഴുകുപോലെ മൃദുവായ ഒരു പദാർത്ഥം


എപ്പോഴും ഉണ്ട്. അതിനു് കണ്ണുമലം (ചെവിക്കായം) എന്നു പറയുന്നു. അതു ചിലപ്പോൾ വല്ലിച്ചു കട്ടപിടിച്ചു് ശ്രവണശക്തിയെ ക്ഷയിപ്പിക്കുന്നു. അതു തന്നത്താൻ എടുക്കാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലതു് ഡാക്ടർമാരെക്കൊണ്ടു് എടുപ്പിക്കുകയാണു്.

ത്വഗിന്ദ്രിയം ശരീരത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. അതിന്റെ കോശങ്ങൾ (Cells) ഞരമ്പുനൂലുകളോടു ചേർന്നു് അണ്ഡാകൃതിയിൽ തൊലിയുടെ അകവശത്തു സ്ഥിതിചെയ്യുന്നു. ഇവ ചുണ്ടുകളിലും നാക്കിന്റെ തുമ്പിലും വിരലുകളുടെ അഗ്രങ്ങളിലും മറ്റു ഭാഗങ്ങളിലുള്ളതിനെ



ക്കാൾ അധികമായുണ്ടു്. അതുകൊണ്ടാണു് ഈ ഭാഗങ്ങൾ സ്പർശനവിഷയത്തിൽ കൂടുതൽ കുശലങ്ങളായിരിക്കുന്നതു്.

സ്പർശനംകൊണ്ട് മറ്റു വസ്തുക്കളുടെ സാന്നിദ്ധ്യം അറിയുക മാത്രമല്ല, അവയുടെ സ്വഭാവം ഗ്രഹിക്കുന്നതിനും സാധിക്കുന്നു. ഒരു പദാർത്ഥം പരുഷമോ, മസൃണമോ, കഠിനമോ, മൃദുവോ, ഉഷ്ണമോ, ശീതമോ, ഒട്ടുന്നതോ, തറയ്ക്കുന്നതോ എന്നു നിർണ്ണയിക്കുന്നതിന് പ്രത്യേകം ഞരമ്പുകൾ ഉണ്ട്. പുറംതൊലിക്കു ഹാനി തട്ടിയാൽ ഈ വ്യത്യാസങ്ങൾ തിരിച്ചറിയാൻ പ്രയാസമാണ്. അപ്പോൾ വേദനാബോധമല്ലാതെ മറ്റൊന്നും അവശേഷിക്കയില്ല.




സ്പർശനംകൊണ്ടു വസ്തുതകൾ ഗ്രഹിക്കുന്നതിനു വിരലുകളുടെ അഗ്രങ്ങൾ സവിശേഷം സമർത്ഥങ്ങളാണ്. നഖങ്ങൾ ചെറിയ പരിചകൾപോലെ അവയെ സംരക്ഷിക്കുന്നു. അതുകൂടാതെ നഖങ്ങൾ അംഗുലികളുടെ അഗ്രങ്ങളെ ദൃഢ

പ്പെടുത്തുകയും സൂക്ഷ്മപദാർത്ഥങ്ങളെ നല്ലിയെടുക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. നഖം കടിച്ചുകളഞ്ഞാൽ വിരൽത്തുമ്പുകളുടെ ദാർഢ്യവും പാടവവും പൊയ്പോകുന്നതാണു്. അതുകൊണ്ടു സൂക്ഷ്മവും സുകുമാരവും ആയ പ്രവൃത്തികൾ ശരിയായി ചെയ്യുന്നതിനുള്ള പ്രാപ്തി ലോപിച്ചുപോകയും ചെയ്യുന്നു.

രസം അറിയുന്നതു നാക്കിന്റെയും വായുടെയും അടിയിലുള്ള ചില ഞരമ്പുകൾ വഴിയാകുന്നു. ഈ ഞരമ്പുകൾ രസനേന്ദ്രിയത്തിൽ നിന്നു രസബോധത്തെ തലച്ചോറിലേയ്ക്കു നയിക്കുന്നു. ഏതെങ്കിലും രസം അറിയണമെങ്കിൽ അതു് അടങ്ങിയിരിക്കുന്ന പദാർത്ഥത്തെ ദ്രവീകരിക്കേണ്ടതാകുന്നു. ഒരു ഘനപദാർത്ഥമാണെങ്കിൽ ഉമിനീരുകൊണ്ടു് അലിയിക്കാതെ രസം ഗ്രഹിക്കാവുന്നതല്ല. ലഘുപദാർത്ഥങ്ങൾ ഉപയോഗിക്കുകയും തീക്ഷ്ണങ്ങളായ വ്യഞ്ജനങ്ങൾ ചേർന്ന ഭക്ഷണസാധനങ്ങൾ കഴിക്കുകയും ചെയ്യുന്നതുകൊണ്ടു് നാക്കിന്റെ തൊലി ക്രമേണ ദൂഷിതമായി രസഭേദങ്ങൾ തിരിച്ചറിയുന്നതിനുള്ള ശക്തി ക്ഷയിക്കുന്നു.

മൂക്കിനകത്തു തൊലിക്കടിയിൽ സ്ഥിതി ചെയ്യുന്ന ഗന്ധതന്ത്രികൾ വഴിക്കാണു് ഘ്രാണേന്ദ്രിയം വ്യാപരിക്കുന്നതു്. വിഷയഗ്രഹണത്തിനു് തച്ചേന്ദ്രിയത്തിൽ എന്നപോലെ മറ്റു ജ്ഞാനേന്ദ്രിയങ്ങളിലും കോശങ്ങൾ ഉണ്ടു്. ഈ കോശങ്ങളുടെ പച്ചങ്ങൾപോലെ നീണ്ട ഞരമ്പുകൾ അവയെ തലച്ചോറിനോടു ഘടിപ്പിക്കുന്നു. ഗ്രഹിച്ച വിഷയത്തിന്റെ ബോധം ഉണ്ടാകുന്നതു് ഇവ നിമിത്തമാണു്. ഇങ്ങനെ ഗന്ധവാഹികളായ ഞരമ്പുകൾ മൂക്കിൽ ഉണ്ടു്. ചില പദാർത്ഥങ്ങൾ അവയുടെ ധൂളികളെ നിരന്തരമായി

വിസർജ്ജിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ധൂളികളെ കാണുന്നതിനും സ്പർശിക്കുന്നതിനും സാധിക്കയില്ലെങ്കിലും അവയെ ഘ്രാണേന്ദ്രിയം വഴി ഗ്രഹിക്കാൻ കഴിയും. പ്രത്യേ



കമായി ഒരു പദാർത്ഥത്തിന്റെ ഗന്ധം അറിയാൻ താത്പര്യമുള്ളപ്പോൾ നാം മണംപിടിച്ചുനോക്കുന്നതു ഗന്ധധൂളികളെ മൂക്കിലേയ്ക്കു വലിച്ചു കയറ്റുന്നതിനാണ്.

രുചിയുടെ ഭേദങ്ങളും താരതമ്യങ്ങളും തിരിച്ചറിഞ്ഞു് ആഹാരസാധനങ്ങളെ ആസ്വദിക്കുന്നതിനും ഘ്രാണേന്ദ്രിയം അനുകൂലിക്കുന്നുണ്ടു്. രസനേന്ദ്രിയവും ഘ്രാണേന്ദ്രിയവും തമ്മിൽ ബന്ധം ഉള്ളതുകൊണ്ടു്, ഘ്രാണേന്ദ്രിയത്തിനുണ്ടാകുന്ന പ്രതിബന്ധങ്ങൾ രസഗ്രഹണത്തെയും ബാധിക്കുന്നു. ശ്വാസവായുവിനെ തിരിച്ചറിയുന്നതിനും ഘ്രാണേന്ദ്രിയം ഉപകരിക്കുന്നു. പുഷ്പങ്ങളുടെ ഭംഗി കണ്ണുകൊണ്ടു

ആനന്ദം ജനിപ്പിക്കുന്നതുപോലെ - സുഗന്ധം, ഘ്രാണേന്ദ്രിയത്തെയും രസിപ്പിക്കുന്നതുകൊണ്ടാണ് അവ അധികം ആകർഷകങ്ങളായിരിക്കുന്നത്.

——

പാഠം 18

ചട്ടമ്പിസ്വാമികൾ

കേരളഭൂമി ഒരു വീരപ്രസൂവാണ്. ആത്മീയവും, ലൗകികവുമായ പ്രവൃത്തിരംഗങ്ങളിൽ പേരും പെരുമയും പുലർത്തിയ അനേകം സ്ത്രീപുരുഷന്മാർ കേരളത്തിൽ ജനിച്ചിട്ടുണ്ട്. ശങ്കരാചാര്യർ, മേല്പത്തൂർ നാരായണഭട്ടതിരി, തുഞ്ചത്ത് എഴുത്തച്ഛൻ തുടങ്ങിയ ആത്മീയഗുരുക്കന്മാരും, ചെറുശ്ശേരി നമ്പൂതിരി, പുനംനമ്പൂതിരി, കുഞ്ചൻ നമ്പ്യാർ, ഉണ്ണായി വാര്യർ തുടങ്ങിയ കവിപുംഗവന്മാരും, തച്ചോളി ഒതേനൻ, ആരോമൽ ചേവകർ, ഏടച്ചേന കുങ്കൻ, ഇരവിക്കുട്ടിപ്പിള്ള തുടങ്ങിയ വീരയോദ്ധാക്കളും, ഉണ്ണിയാർച്ച, കൊങ്കിയമ്മ തുടങ്ങിയ വീരവനിതകളും കേരളത്തിന്റെ അഭിമാനം പുലർത്തിയിട്ടുള്ളവരാണ്. രാജഭക്തനും രാജ്യഭക്തനുമായ കേശവദാസൻ, ദേശാഭിമാനിയായ വേലുത്തമ്പി, ത്യാഗസമ്പന്നനായ അയ്യപ്പൻ മാത്താണ്ഡപ്പിള്ള എന്നീ രാജ്യതന്ത്രജ്ഞന്മാർ കേരളസന്താനങ്ങളാണ്. തിരുവിതാംകൂറിലെ മാത്താണ്ഡവർമ്മ മഹാരാജാവ്, കൊച്ചിയിലെ ശക്തൻ തമ്പുരാൻ എന്നീ പുരുഷകേസരികളെ ഇന്നും ജനങ്ങൾ പ്രകീർത്തിച്ചുകൊണ്ടാണിരിക്കുന്നത്.

ആധുനികകാലത്തും കേരളീയരായ അനേകം വിശിഷ്ട വ്യക്തികൾ സുപ്രസിദ്ധരായിത്തീർന്നിട്ടുണ്ട്. കവിതാമണ്ഡലത്തിൽ ഉള്ളൂരും, വള്ളത്തോളും, കുമാരനാശാനും മായാത്ത മുദ്രകൾ പതിച്ചുകഴിഞ്ഞിരിക്കുന്നു. അതുപോലെ ആത്മീയ മണ്ഡലത്തിൽ പ്രവർത്തിച്ചിട്ടുള്ള രണ്ടു പുരുഷന്മാരാണ് ചട്ടമ്പിസ്വാമികളും, നാരായണഗുരുസ്വാമികളും.

തിരുവനന്തപുരം നഗരത്തിനടുത്തുള്ള കൊല്ലൂർ ഗ്രാമത്തിലെ ഒരു ചെറുവേനത്തിൽ 1029-ാമാണ്ടു് ചിങ്ങമാസത്തിലെ ഒരുണി നക്ഷത്രത്തിന്നാൾ ജനിച്ച ബാലനാണ് പിന്നീടു് ചട്ടമ്പിസ്വാമികൾ എന്ന പേരിൽ വിഖ്യാതനായിത്തീർന്നതു്. അച്ഛന്റെ പേർ വാസുദേവൻ എന്നും അമ്മയുടെ പേർ നങ്ങ എന്നും ആയിരുന്നു. കുഞ്ഞൻ എന്നായിരുന്നു കുട്ടിയുടെ പേർ. വിദ്യാഭ്യാസം തുടങ്ങിയ ശേഷം കുഞ്ഞൻ മലയാളവും, തമിഴും, സംസ്കൃതവും പഠിച്ചു. സംസ്കൃതാഭ്യാസം ചെയ്തതു് പരദേശബ്രാഹ്മണനായ സുബ്ബജടാപാഠികളിൽനിന്നാണ്

ചെറുപ്പത്തിൽ തന്നെ ആത്മീയകാര്യങ്ങളിൽ ഈ ബാലന്നു് പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു. ഒരു ദിവസം അടുത്തുള്ള ഒരു നായർ ഭവനത്തിൽ ഒരു സദ്യ നടക്കുന്നുണ്ടായിരുന്നു. ഭക്ഷണാർത്ഥികളായി വന്നിരുന്ന യാചകരുടെ കൂട്ടത്തിൽ ഒരു പട്ടികീഴവനും കാണപ്പെട്ടു. ആ മനുഷ്യൻ എച്ചിലിലയ്ക്കു് കടിപിടികൂടുന്ന പട്ടികളുടെ ഇടയിൽ ചെന്നു് ഇലകൾ പിടിച്ചുവലിച്ചു് വടിച്ചുനക്കിക്കൊണ്ടിരുന്നു. ചില കുസൃതിപ്പിള്ളേർ ഇതുകണ്ടു് ആ സാധുവിനെ കല്ലുവലിച്ചു് എറിയുകയും അയാൾ അവരെ നോക്കി ചിരിച്ചുകൊണ്ടു് എഴുന്നേറ്റു പോവുകയും ചെയ്തു.

ഇതെല്ലാം കണ്ടുകൊണ്ടിരുന്ന കുഞ്ഞൻ എന്തു കാരണത്താലോ വൃദ്ധനെ അനുഗമിച്ചു. പത്തു നാഴികയോളം നടന്നതിനുശേഷം വൃദ്ധൻ ഒരു കാട്ടുവഴികടന്നു. കുഞ്ഞനും പിറകേ കൂടി. വൃദ്ധൻ തിരിഞ്ഞുനോക്കുകയോ കുഞ്ഞൻ എന്തെങ്കിലും ചോദിക്കുകയോ ഉണ്ടായില്ല. ഒടുവിൽ അവർ കാടിന്റെ നടുവിലുള്ള ഒരു വെളിസ്ഥലത്തു് എത്തി. നേരവും അസ്തമിക്കാറായി. വൃദ്ധൻ ഒരു ഭയങ്കരശബ്ദം പുറപ്പെടുവിച്ചതും ബാലൻ ബോധംകെട്ടു നിലംപതിച്ചതും ഒപ്പം കഴിഞ്ഞു. പിറേന്നു രാവിലെയാണു് കുഞ്ഞനു് ബോധം വീണതു്. അപ്പോൾ വൃദ്ധൻ ബാലനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയാണു്. "അപ്പനെ, നീ എന്തിനു് എന്റെ കൂടെ വന്നു? നിനക്കു് എന്തുവേണം?" എന്നു് വൃദ്ധൻ സ്നേഹപൂർവ്വം ചോദിച്ചു. "വികൃതിപ്പിള്ളേർ കല്ലെറിയുന്നതുകണ്ടു് കൂടെപ്പോന്നതാണു്. വഴിയിലെങ്ങാനും വീണുപോയെങ്കിലോ എന്ന ശങ്കയും ഉണ്ടായി." എന്നായിരുന്നു മറുപടി. "നീ ഇനി എന്റെ കൂടെ വരണ്ടാ, വീട്ടിലേയ്ക്കു് പോവുക. ഇവണ്ട സമയത്തു് ഞാൻ നിന്റെ മുൻപിൽ ഉണ്ടായിരിക്കും." എന്നു പറഞ്ഞിട്ടു് കുട്ടിയുടെ നാക്കിൽ എന്തോ എഴുതി. കുഞ്ഞൻ യാത്രപറഞ്ഞു പിരിയുകയും അന്നുതന്നെ വീട്ടിൽ എത്തുകയും ചെയ്തു.

ആ കാലം മുതൽ കുഞ്ഞന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും വ്യത്യാസങ്ങൾ കാണപ്പെട്ടു. ഒരു ചിന്താശീലത്തിനു് ബാലൻ വിധേയനായി. കുറച്ചുകാലം കഴിഞ്ഞു് ഒരു കർക്കടകമാസത്തിൽ കരമനയാറ്റിൽ കുഞ്ഞൻ കുളിച്ചുകൊണ്ടിരിക്കുമ്പോൾ മറുകരയിൽനിന്നു്, "കുഞ്ഞേ" എന്നു് ഒരു വിളികേട്ടു. കുഞ്ഞൻ നോക്കിയപ്പോൾ

കണ്ടതു് പഴയ വൃദ്ധനെയായിരുന്നു. നടി നീന്തിക്കടന്നു ബാലൻ മറുകരയിലെത്തി. വൃദ്ധൻ ബാലനെ മാറോടണച്ചു തഴുകിയിട്ടു് എങ്ങോ പോയി. വൃദ്ധൻ ഒരു അവധൂതനായിരുന്നു എന്നും ബാലന്റെ നാവിലെഴുതിയതു് സുബ്രഹ്മണ്യമന്ത്രം ആയിരുന്നുവെന്നും പറയപ്പെടുന്നു. എന്തായാലും 'ഷൺമുഖദാസൻ' എന്ന പേർ കുഞ്ഞൻ സ്വീകരിച്ച വൃത്താന്തം സുവിദിതമാണു്. അദ്ദേഹം സുബ്രഹ്മണ്യസ്തുതികളായും ചില കീർത്തനങ്ങളും ഇക്കാലത്തു രചിച്ചിട്ടുണ്ടു്.

തിരുമധുരപ്പെട്ടയിൽ രാമൻപിള്ള ആശാന്റെ എഴുത്തുപള്ളിയിൽ കുഞ്ഞൻ കുറേക്കാലം പഠിക്കയുണ്ടായി. ഇപ്പോഴത്തെ പേട്ട പോലീസു സ്റ്റേഷനു സമീപമായിരുന്നു ഈ പള്ളിക്കൂടം. അന്നു് അവിടെ പഠിച്ചുരുന്ന കുട്ടികളിൽ പ്രായക്കൂടുതൽ കുഞ്ഞനായതുകൊണ്ടു് ആശാൻ കുഞ്ഞനെ ചട്ടമ്പിയാക്കി. മുതിർന്ന കുട്ടികളിൽ മിടുക്കനെയാണു ചട്ടമ്പി (മോണിട്ടർ) ആക്കുക. അങ്ങനെയാണു് കുഞ്ഞൻ പിള്ള ചട്ടമ്പി എന്ന പേർ സിദ്ധിച്ചതു്. കൊച്ചുകുട്ടികളെ പഠിപ്പിക്കുക, ഗ്രഹപാഠങ്ങൾ ചെയ്തിട്ടുണ്ടോ എന്നു പരിശോധിക്കുക, മുതലായവ ചട്ടമ്പിയുടെ ചുമതലയിൽപ്പെട്ടവയാണു്. ആശാന്റെ വീട്ടിൽ വച്ചു് ചട്ടമ്പി, എഴുത്തച്ഛന്റെ രാമായണ ഭാഗവതാദി ഗ്രന്ഥങ്ങൾ രാഗത്തിൽ വായിക്കുക പതിവുണ്ടായിരുന്നു. അതു കേൾക്കാൻ ഒട്ടധികം ജനങ്ങളും കൂടാറുണ്ടായിരുന്നു. അന്നു് അദ്ദേഹത്തിനു് പതിനാറു വയസ്സു പ്രായമുണ്ടായിരുന്നു.

ഈ പള്ളിക്കൂടത്തിൽ ഇതേകാലത്തുതന്നെ പഠിച്ചിരുന്ന മറ്റൊരു വിദ്യാർത്ഥിയായിരുന്ന ശ്രീനാരായണഗുരുസ്വാമികൾ എന്നു പഴമക്കാർ പറയുന്നു. ഏതാണ്ടു സമവയസ്കരായിരുന്നു ഇവർ.

ഠസിഡൻസി മാനേജരായിരുന്ന "അയ്യാ"വിന്റെ അടുക്കൽനിന്നും ഇവർ യോഗാഭ്യാസം ശീലിച്ചു. കുറേ നാൾ കഴിഞ്ഞപ്പോൾ കുഞ്ഞൻപിള്ള ചട്ടമ്പി സന്ന്യാസിയായിത്തീർന്ന വിവരം ലോകം ഗ്രഹിച്ചു. രണ്ടുപേരും കൂടി മരുതാമലയിൽ താമസിച്ചു് യോഗനിഷ്ഠയിലിരുന്ന കാര്യം പ്രസിദ്ധമാണു്. സ്വാമികൾ ആത്മജ്ഞാനിയും, ലോകബന്ധാതീതനും ആയിത്തീർന്നു. മാതൃമരണം സംബന്ധിച്ചു് സ്വഗൃഹത്തിലെത്തി സംസ്കാരാദികർമ്മങ്ങൾ നിർവ്വഹിച്ചതിനു ശേഷം അദ്ദേഹം അവിടെ കാലുകുത്തിയിട്ടില്ല. പലദിക്കിലും സഞ്ചരിച്ചു് ജനങ്ങൾക്കു ധർമ്മമാർഗ്ഗോപദേശം ചെയ്കയായിരുന്ന അദ്ദേഹത്തിന്റെ പരിപാടി.

സ്വാമികൾ പല അത്ഭുതസിദ്ധികളും അവിടവിടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. അതെല്ലാം ജനങ്ങളുടെ മനസ്സിൽ ഈശ്വരവിചാരം ഉറപ്പിക്കാൻ പ്രേരകമായിരുന്നു. സ്വാത്മലാഭത്തിന്റെ കണികപോലും ചട്ടമ്പിസ്വാമികളെ തീണ്ടിയിരുന്നില്ല. സ്വന്തമായൊരാശ്രമമോ, വസ്തുവകകളോ, ധനാദിവിഭവങ്ങളോ സമ്പാദിക്കാൻ ശ്രമിക്കാതെ ആ മഹാപുരുഷൻ ലോകസേവനകുതുകിയായി സഞ്ചരിച്ചു.

പ്രാചീനകേരളം, വേദാധികാരനിരൂപണം, മുതലായ ചില വിശിഷ്ടഗ്രന്ഥങ്ങൾ സ്വാമികൾ നിർമ്മിച്ചു്, കേരളീയരുടെ അന്ധവിശ്വാസങ്ങളേയും, അനാചാരങ്ങളേയും അകറ്റാൻ അദ്ദേഹം യത്നിച്ചിട്ടുള്ള കാര്യവും എടുത്തു പറയേണ്ടതാണു്.

ലോകപ്രസിദ്ധനായ വിവേകാനന്ദസ്വാമികളും ചട്ടമ്പിസ്വാമികളും തമ്മിൽ ഏറണാകുളത്തുവച്ചു് കാണുവാനിടയായി. അല്പനേരത്തെ സംഭാഷണംകൊണ്ടു്

വിവേകാനന്ദസ്വാമികൾക്കു് കഥാപുരുഷനെപ്പോലെ അത്യധികമായ ആദരവും, ഭക്തിയും തോന്നി. തെക്കേ ഇൻഡ്യയിൽ ഇത്ര മഹാനായ ഒരാളിനെ കണ്ടിട്ടില്ലെന്നു് സ്വാമി പ്രസ്താവിച്ചിട്ടുള്ള സംഗതി പ്രസിദ്ധമാണു്.

സ്വാമികളുടെ സിദ്ധികൾ അത്ഭുതാവഹങ്ങളാണു്. അവയിൽ ചിലതുമാത്രം ഇവിടെ പ്രസ്താവിക്കാം. ഒരിക്കൽ സന്ധ്യയ്ക്കു് മൂവാറ്റുപുഴയാറിലെ ഒരു കടവിൽ വച്ചു് സ്വാമിയെ ഒരു സർപ്പം ദംശിച്ചു. അദ്ദേഹം കാൽവലിച്ചുകുടയുകയും സർപ്പം വെള്ളത്തിൽ വീഴുകയും ചെയ്തു. ശിഷ്യന്മാർ പരിഭ്രമിച്ചപ്പോൾ സ്വാമി പറഞ്ഞു "എന്റെ ശരീരത്തിൽ വിഷം ഫലിക്കുകയില്ല. എന്നെ കടിച്ചതുകൊണ്ടു് അവനാണു് അബദ്ധം പിണഞ്ഞതു്. പാവം, ചത്തുപോയി." ശിഷ്യന്മാർ നോക്കിയപ്പോൾ പാമ്പു് വെള്ളത്തിൽ ചത്തുകിടക്കുന്നു!

മറ്റൊരിക്കൽ സ്വാമി മലയാറ്റൂർ മലയിൽ സഞ്ചരിക്കുമ്പോൾ ഒരു ഭയങ്കരനായ കടുവാ അദ്ദേഹത്തിന്റെ നേരെ ചാടിവന്നു. സ്വാമികൾ കടുവായുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് നിലയായി. എന്തത്ഭുതം! ആ ഹിംസ്രമൃഗം ഒരു പട്ടിയെപ്പോലെ വാലാട്ടിക്കൊണ്ടു സ്വാമിയെ സമീപിച്ചു് പാദങ്ങളിൽ നക്കിത്തുടങ്ങി. സ്വാമികൾ കടുവായുടെ തലയിൽ തലോടി. അല്പം കഴിഞ്ഞു് കടുവാ അച്ഛനെപ്പിരിഞ്ഞുപോകുന്ന കുട്ടിയെപ്പോലെ മനസ്സില്ലാമനസ്സോടെ അവിടെനിന്നു പോകയുംചെയ്തു. കടുവായുടെ വരവുകണ്ടു ഭയപ്പെട്ടു് വൃക്ഷാഗ്രങ്ങളിൽ കയറി പതുങ്ങിയിരുന്ന ശിഷ്യന്മാർ ഇറങ്ങിവന്നു് സ്വാമികളെ സാഷ്ടാംഗം നമസ്കരിച്ചു.

തിരുവനന്തപുരത്തുവച്ച് സ്വാമി നടത്തിയ "പട്ടിസ്സദ്യ" ഇന്നും പഴമക്കാർ പറയാറുള്ള വൃത്താന്തമാണ്. ഒരു ശിഷ്യൻ അത്യാഴമൂത്തേത്തിനു് അദ്ദേഹത്തെ ക്ഷണിച്ചു. പത്തുനാല്പതു ശിഷ്യന്മാർ കൂടി കാണുമെന്നു് സ്വാമി ആതിഥേയനെ അറിയിച്ചു. ഗൃഹനാഥൻ വട്ടംകൂട്ടി കാത്തിരുന്നു. അഞ്ചു നാഴിക ഇരുട്ടിയപ്പോൾ സ്വാമി ആഗതനായി. ഇല വയ്ക്കാനുള്ള ഒരുക്കമായി. വിളമ്പിക്കഴിഞ്ഞു് ഗൃഹനാഥൻ സ്വാമിയെ സമീപിച്ചു് ശിഷ്യന്മാർ ആരേയും കാണാത്ത കാര്യം ഉണർത്തിച്ചു. "അവർ പിന്നകഴിഞ്ഞു, ഉണ്ണാനിരിക്കാമല്ലോ" എന്നു പറഞ്ഞു് സ്വാമി പുറത്തുപോയി കൈകാൽ കഴുകി മടങ്ങിവന്നു. എന്തൊരത്ഭുതം! അദ്ദേഹത്തെ പിൻതുടർന്നു് കുറെ പട്ടികൾ! അദ്ദേഹത്തെപ്പോലെ പട്ടികൾ ഓരോന്നും ഓരോ ഇലയുടെ പിമ്പിൽ സ്ഥാനം പിടിച്ചു്, മുറയ്ക്കു ഭക്ഷണവും തുടങ്ങി. ഗൃഹനാഥൻ ഭക്തിപരവശനായി ഇതെല്ലാം നോക്കിക്കൊണ്ടുനിന്നു. ഭക്ഷണം കഴിഞ്ഞപ്പോൾ സ്വാമി പട്ടികളോടു പറഞ്ഞു: "കൂട്ടുകാരെ, നിങ്ങളുടെ എച്ചിൽ എടുക്കാൻ ഇവിടെയാരുമില്ല; അതുകൊണ്ടു് നിങ്ങൾതന്നെ ഇലയെടുക്കണം." പട്ടികൾ അപ്രകാരം ചെയ്തു. സ്വാമികൾ പറഞ്ഞു: ഇവർ "വെറും പട്ടികളാണെന്നു കരുതി പുച്ഛിക്കരുതു്. പൂർവ്വജന്മത്തിൽ ഇവർ മനുഷ്യരായിരുന്നു. പല പാപവും ചെയ്തുകൊണ്ടു് ഇപ്പോൾ പട്ടികളായിപ്പിറന്നിരിക്കയാണു്. ദുഷ്കൃത്യങ്ങളുടെ ശിക്ഷ എല്ലാവരും അനുഭവിക്കും." ഇത്രയും പറഞ്ഞു് സ്വാമികൾ അവിടെനിന്നു പോകയുംചെയ്തു. സ്വാമിയുടെ സാന്നിദ്ധ്യത്തിൽ പട്ടികൾ തമ്മിൽ മുരളുകയോ, കടിക്കുടാൻ ഒരുമ്പെടുകയോ ചെയ്തില്ലെന്നുള്ളതു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അഹോ സിദ്ധന്മാരുടെ ശക്തിവിശേഷം!

ാമികളുടെ അത്ഭുതസിദ്ധികളെപ്പറ്റി പല കഥകളുമുണ്ട്. അവ വിവരിക്കുക ഇവിടെ സാധ്യമല്ല. അവധൂതന്മാർ ചിലപ്പോൾ മൂഢന്മാരെപ്പോലെയും, ചിലപ്പോൾ ജ്ഞാനികളെപ്പോലെയും വർത്തിക്കും. മറവുള്ള വക്കു് ഗുണപാഠങ്ങൾ നൽകുവാനാണു് അവർ ശ്രമിക്കുന്നതു്. ഈ തത്ത്വം നാം വിസ്മരിക്കരുതു്. മഹാന്മാരുടെ പ്രവൃത്തികൾ ശരിയായി ഗ്രഹിക്കാതെ അവരെ ആക്ഷേപിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനും ഒരുമ്പെടുന്നതു് മൗഢ്യമാണു്.

ഇങ്ങനെ ലോകസേവനകൃതകൃത്യയായിക്കഴിഞ്ഞ ആ ജ്ഞാനയോഗി എഴുപതാം വയസ്സിൽ പഞ്ചഭൂതാത്മകമായ ശരീരം വെടിഞ്ഞു പരമാത്മാവിൽ വിലയം പ്രാപിച്ചു. കരുനാഗപ്പള്ളിത്താലൂക്കിലെ പന്മന എന്ന സ്ഥലത്തുവച്ചാണു്, അദ്ദേഹം സമാധിയടഞ്ഞതു്. ആ സ്ഥാനത്തു് ഇന്നൊരു പുണ്യക്ഷേത്രം പരിലസിക്കുന്നു. അതാണു് പന്മന "ബാലഭട്ടാരകേശ്വര ക്ഷേത്രം".

പാഠം 19

സേതുബന്ധനം

കൊണ്ടാ ലക്ഷ്മണ വില്ലും ശരവും
കണ്ടീലേതും വരുണമിദാനീം
കണ്ടാലും മമ വീര്യം ജലനിധി
മണ്ടിവരുന്നതു നാരായണ ജയ.

പണ്ടോക്കും വഴി തന്നിട്ടില്ലെ–
ന്നുണ്ടഭിമാനം വരുണനുമുള്ളിൽ
കണ്ടേ മാമകളജബലമറിവൂ
കണ്ണാത്മാവുകൾ നാരായണ ജയ.

മൂന്നു ദിനങ്ങൾ കഴിഞ്ഞാറെയുമപി
തോന്നീലവനിഹ വഴി തരുവാൻ മേ
മാഞ്ഞീടേണം ജലനിധിശബ്ദം
പ്രാക്തനമിദമപി നാരായണ ജയ.

ഇത്ഥമയത്നം പറഞ്ഞു രഘൂത്തമ-
നസ്ത്രമെടുത്തു തൊടുത്തഭിമന്ത്രി–
ച്ചുദ്ധതജലനിധി തന്നിലയച്ചു
തദ്ധ്മശരം ഹരി നാരായണ ജയ.

ത്സലത്സലക്ഷോഭം ജലനിധി തിളയും
ളജഗാവലികളുരുണ്ടു തിരണ്ടും
ജലമാനുഷഗജതിമികൾ തിമിംഗില–
മലറിയുമധുനാ നാരായണ ജയ.

ചൂടുപിടിച്ചൊരു വരുണനു പണിയും
ആടലൊരോന്നേ പറവാൻ പണി പണി;
പേടി മുഴുത്തു വിറച്ചുവനോടി–
ച്ചാടി വണങ്ങീ നാരായണ ജയ.

"അഭയമഭയമയ്യോ! ഭഗവാനേ!
പരിപാലയ മാം പരദൈവതമേ!
പെരുവഴിയിതു ലങ്കാപുരിയോളം
ചിറയിടുക വിഭോ! നാരായണ ജയ.

ചരണാംബുജമലർ ക്ലപ്പും നിജ ജന-
പരിപാലനതൽപ്പരനേ പരനേ!
തിരുമിഴി കിമപി ചുവപ്പിച്ചതു മതി
കരുണേതരമയി നാരായണ ജയ.

മായാമോഹിതമതി ജനമുണ്ടോ
തവ മഹിമാനമറിഞ്ഞീടുന്നു?
സപദി നാനുഭവിക്കറിയാമോ നിജ-
പൂർശരീരം നാരായണ ജയ."

വരുണനിവണ്ണം പരമപുമാനൊട്ട
വചനമതീവ പറഞ്ഞ ദശായാം
വാനരപാളി മുതിർന്നു സമുദ്രേ
ചിറയിടുവാനായ് നാരായണ ജയ.

കപിജനസഭയോ വടിവൊടൊരുമ്പെ-
ട്ടിടിനിനദങ്ങൾ പൊഴിച്ചു പൊഴിച്ചും
പടുത നടിച്ചുവർ ഗിരിനികരങ്ങളെ-
ടുത്തു നടന്നാർ നാരായണ ജയ.

സകനകധാതുചയാമലപല്ലവ-
വിടപിഗുഹാമുഖഭാരി ഗിരീന്ദ്രൻ
പ്രഥമന്നളനാൽ നമിതോ മംഗല-
കലശമിവാബ്ധിയിൽ നാരായണ ജയ.

അംബരമാശ്ലമുരുമ്മിപ്പൊങ്ങിന
തുംഗതരംഗപരമ്പരയാഴിയിൽ
മുങ്ങിച്ചെന്നു കപിവീരന്മാ-
രുന്മദശാലികൾ നാരായണ ജയ.

നീളത്തിൽ ചിലർ ചരട പിടിച്ചും
നീളക്കതിചന കുററി തറച്ചും
വാലതുകൊണ്ടേ മലകൾ പറിച്ചും
നാലു ദിശന്തേ നാരായണ ജയ.

പഴതേ പഴതേ പാഴ്ചിറയിട്ടും
വഴിയറിയാതേയാഴിയിൽ വീണും
നാനാ ജലമാനുഷരെയെടുത്തും
തഴകിയയച്ചും നാരായണ ജയ.

ബന്ധുരജലനിധി സേതുമുദാരം
ബന്ധും പർവ്വതനികരമെടുത്തും
ധുന്ധുന്നെന്നങ്ങിട്ട കപീശവരർ
സിന്ധുവിൽ നടവേ നാരായണ ജയ.

സപ്തസമുദ്രസമുദ്ഗിതധരണീ-
ചക്രമഹീധരചക്രമെടുത്തും
ദീപ്തകപീശവരമണ്ഡലമധനാ
വച്ചു സമുദ്രേ നാരായണ ജയ.

മഹിതമഹീന്ദ്രൻ സാനോരുച്ചൈ-
രരിയസുബേലത്തോളം മുട്ടിന
നളകൃതചിറവഴി, തടുപരി വീണു
സുരകൃതകുസുമം നാരായണ ജയ.

പന്നഗശായി തനിക്കു ശയിപ്പാൻ
പന്നഗരാജൻ പാതാളതലാൽ
ഉന്നതനായിപ്പൊങ്ങിയപോലെ
തോന്നുന്നിതു ചിറ നാരായണ ജയ.

ദശശതയോജനയടി നീളം ച്ച
വഴിയേ തിങ്ങിനിറഞ്ഞു ദശമുഖ-
നഗരി നിറഞ്ഞു രഘുവരപ്രതനാ
മകരയിന്നു നാരായണ ജയ.

[ഇരുപത്തിനാലുവൃത്തം.

———

പാഠം 20

പിതൃകാരുണ്യം

ഒരു പ്രഭുവന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അദ്ദേഹം അവരെ അത്യധികം സ്നേഹിച്ചിരുന്നു.

മൂത്തമകൻ പിതാവിന്റെ ആജ്ഞ അനുസരിച്ചു ജീവിച്ചുവന്നു. എന്നാൽ ഇളയവൻ അത്തരക്കാരനായിരുന്നില്ല. സ്വാതന്ത്ര്യമില്ലാത്ത ജീവിതം, അച്ഛന്റെ ശാസന, കഠിനമായ ശിക്ഷ ഇവ അവനെ അലട്ടി. അവിടെനിന്നു കടക്കണമെന്നായി അവന്റെ വിചാരം. ദൂരദേശങ്ങളിൽ പോയാൽ വളരെ ധനം സമ്പാദിക്കാമെന്നും, അവിടെ പലവിധത്തിലുള്ള സുഖങ്ങളും ഉണ്ടായിരിക്കുമെന്നും പലരും പറഞ്ഞു് അവൻ കേട്ടിരുന്നു. സ്വാതന്ത്ര്യംകൊണ്ടുണ്ടാകാവുന്ന ആനന്ദത്തെക്കുറിച്ചു് അവൻ സ്വപ്നം കണ്ടു. ഏത്രയും വേഗം വീട്ടുവിട്ടു പോകണമെന്നു് അവൻ തീർച്ചയാക്കി.

ഒരു ദിവസം വൈകീട്ടു് പിതാവു പാടത്തുനിന്നും തിരിച്ചെത്തി. സന്ധ്യയ്ക്കു പ്രാർത്ഥന കഴിഞ്ഞപ്പോൾ ഇളയ

പുത്രൻ ധൈര്യമവലംബിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:— "അച്ഛാ! അവിടത്തേയ്ക്കു വാർദ്ധക്യമായല്ലോ, ഇനി ഗൃഹകാര്യങ്ങൾ അന്വേഷിക്കാൻ മഴയത്തും വെയിലത്തും നടന്നു ബുദ്ധിമുട്ടുന്നതു ശരിയല്ല. ഞങ്ങൾ ഇപ്പോൾ കൊച്ചുകുട്ടികളല്ലല്ലോ. അവിടത്തെ സ്വത്തിൽ എനിക്കുള്ള പങ്കു തന്നാൽ എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം." ലോകപരിചയം സിദ്ധിച്ചിട്ടില്ലാത്ത മക്കൾക്കു അപ്പോൾ ഒരുഹരി വേർതിരിച്ചുകൊടുക്കുന്നതിൽ വൃദ്ധനു വൈമനസ്യം ഉണ്ടായിരുന്നു. എങ്കിലും ഇളയ പുത്രന്റെ നിർബന്ധംകൊണ്ട് അദ്ദേഹം അതിനു വഴിപ്പെട്ടു. മക്കൾക്കു രണ്ടുപേർക്കും സ്വത്തു ഭാഗിച്ചുകൊടുത്തു. സ്വത്തു കൈയ്യിലായപ്പോൾ ഇളയപുത്രനു വലുതായ ആഹ്ലാദം ഉണ്ടായി.

രണ്ടുമൂന്നു ദിവസംകൊണ്ട് ഇളയ മകൻ ദ്രവ്യത്തും പണ്ടങ്ങളുമെല്ലാം വിറ്റു പണമാക്കി ദൂരദേശത്തേയ്ക്കു തിരിച്ചു. കുറേ ദിവസത്തേയ്ക്ക് വലിയ ക്ലേശമൊന്നും വഴിയിൽ ഉണ്ടായില്ല. എന്നാൽ യാത്രയുടെ വൈഷമ്യം ക്രമേണ വർദ്ധിച്ചുവന്നു. വല്ല തസ്കരന്മാരും പണമെല്ലാം അപഹരിച്ചേയ്ക്കുമോ എന്ന ഭയം കൂടക്കൂടെ അവനെ അലട്ടിക്കൊണ്ടിരുന്നു. എങ്കിലും മൃഗതൃഷ്ണയുടെ പിന്നാലെ മണ്ടുന്ന മാനിനെപ്പോലെ അവൻ ഒടുവിൽ ഒരു വലിയ പട്ടണത്തിൽ ചെന്നുചേർന്നു.

പട്ടണത്തിലെ കാഴ്ചകൾ ആ യുവാവിനെ വിസ്മയിപ്പിച്ചു. എത്ര ആഡംബരപൂർണ്ണമായ ജീവിതം! ഗ്രാമം വിട്ട് ഓടിപ്പോന്നതുതന്നെ ഭാഗ്യമായി എന്ന് അവൻ വിചാരിച്ചു. അത്തരമിത്തരം കണ്ടും വിനോദങ്ങളിൽ ഏർപ്പെട്ടും അവൻ പട്ടണത്തിലെ സുഖങ്ങളിൽ മുഴകി. പല യുവരസി

കന്മാരും അവനോട് അടുത്തുകൂടി. ആനന്ദിക്കാൻ മാത്രമാണ ജീവിതം എന്നു് അവർ ഉപദേശിച്ചു. മധുരവാക്കുകൊണ്ടു് അവനെ നിഷ്പ്രയാസം വശീകരിക്കാൻ അവർക്കു കഴിഞ്ഞു. ഉല്ലസിക്കാനുള്ള നൂതനമാർഗ്ഗങ്ങളും അവൻ അന്വേഷിച്ചു. കൈവശമുണ്ടായിരുന്ന പണമെല്ലാം ചോർന്നുപോയതു് അവൻ അറിഞ്ഞില്ല. ഒരു കാര്യവുമില്ലാതായിത്തീർന്നപ്പോഴാണു് കണ്ണു തുറന്നതു്. പക്ഷേ, അപ്പോൾ എന്തു പ്രയോജനം? ഒരു നേരത്തെ ഭക്ഷണത്തിനുപോലും വഴി കാണാതെ അവൻ കുഴങ്ങി. ആത്മസ്നേഹിതരെന്നു ഭാവിച്ചുകൂടെ നടന്നവരെല്ലാം കാലുമാറി. ആനന്ദമയമെന്നു വിചാരിച്ചിരുന്ന ജീവിതത്തിന്റെ മറുവശം അവൻ കണ്ടു തുടങ്ങി.

ആയിടയ്ക്കു ഭയങ്കരമായ ഒരു ക്ഷാമം ആ നഗരത്തിൽ ഉണ്ടായി. ഒരു പിടി ചോറിനുവേണ്ടി അയാൾക്കു ഇരന്നു തിരയേണ്ടിവന്നു. വീട്ടുപണി ചെയ്തു ജീവിക്കാൻ കാംക്ഷിച്ചെങ്കിലും അതിനും വഴിയുണ്ടായില്ല. ഒടുവിൽ ഒരു കർഷകന്റെ ഭവനത്തിൽ എത്തി അവിടത്തെ പന്നികളെ മേയ്ക്കുന്ന ജോലിയിൽഏർപ്പെട്ടു. ശമ്പളം തുച്ഛമായിരുന്നു. ഒരു നേരത്തെ ഭക്ഷണത്തിനുപോലും അതു മതിയായിരുന്നില്ല. പന്നികൾക്കു കൊടുക്കുന്നതവിട്ടു്, പിണ്ണാക്കു് മുതലായവപോലും കട്ടുതിന്നു വിശപ്പടക്കി. അപ്പോഴാണു് പിതൃഭവനയുടെ മാധുര്യവും ഗൃഹജീവിതത്തിന്റെ സുഖവും അവനു മനസ്സിലായതു്.

അവനെ ഓർത്തു് അവന്റെ വൃദ്ധപിതാവു് കണ്ണീരും കൈയുമായി ദിവസങ്ങൾ കഴിച്ചുവന്നു. അയാൾക്കു് ഊണും ഉറക്കവും കുറഞ്ഞു. പല രാത്രികളിലും അദ്ദേഹത്തിന്റെ ഉറക്കറയിൽനിന്നു് നെടുവീർപ്പും ദീനരോദനവും കേൾക്കാ

മായിരുന്നു. ആ ദുഃഖം അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല.

ഒരു ദിവസം ആ വൃദ്ധൻ വീടുവിട്ടുപോയ പുത്രനെ ഓർത്തു ചിന്തിച്ചുകൊണ്ട് പടിക്കൽ നിൽക്കുകയായിരുന്നു. ആരോ ദൂരെനിന്നു വരുന്നതു കണ്ടു് സൂക്ഷിച്ചുനോക്കി. അതു വീടുവിട്ടുപോയ മകൻതന്നെയാണെന്നു് മനസ്സിലായി. അവന്റെ കീറിപ്പറഞ്ഞ വസ്ത്രവും വികൃതരൂപവും കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം തകർന്നു. എല്ലാം മറന്നു് അവന്റെ സമീപത്തേയ്ക്കു് അദ്ദേഹം ഓടിച്ചെന്നു. അവനെ കെട്ടിപ്പുണർന്നു വാവിട്ടു കരയാൻ തുടങ്ങി. പശ്ചാത്താപവിവശനായി അവൻ അച്ഛന്റെ പാദങ്ങളിൽ വീണു് "അച്ഛാ ഞാൻ തെറ്റു ചെയ്തുപോയി, എല്ലാം ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കണം" എന്നു വിലപിച്ചു. അവനെ പിടിച്ചെഴുനേല്പിച്ചു മാറോടണച്ചു് നെഞ്ചകയിൽ ചുംബിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ ആശ്വസിപ്പിച്ചു:—"മകനേ, കണ്ണീരിൽ കുളിച്ച നിന്റെ മുഖവും, എല്ലും തോലുമായിത്തീർന്ന ശരീരവും കാണുമ്പോൾ എന്റെ ഹൃദയം തകർന്നുപോകുന്നു. നിന്റെ സകല പാപങ്ങളും നീ കണ്ണീരുകൊണ്ടു കഴുകിക്കളഞ്ഞിരിക്കുന്നു. കുഞ്ഞേ, എല്ലാ തെറ്റുകളും അച്ഛൻ ക്ഷമിച്ചിരിക്കുന്നു."

അദ്ദേഹത്തിന്റെ ഹൃദയം കുളിർത്തു. ആ ദിവസം ഒരു ഉത്സവമായി ആഘോഷിക്കാൻ അദ്ദേഹം തീർച്ചപ്പെടുത്തി. ഗൃഹത്തിലെ കോലാഹലങ്ങൾ കേട്ടു് മൂത്ത പുത്രൻ പാടത്തുനിന്നു വന്നുചേർന്നു. എല്ലാം മുടിച്ചുശേഷം തിരിച്ചുവന്നിരിക്കുന്ന അനുജനെ കണ്ടു്, അവനു് അടക്കാൻ വയ്യാത്ത കോപമുണ്ടായി. കല്പ തുള്ളിക്കൊണ്ടു് അവൻ ഇങ്ങനെ

പറഞ്ഞു: "എന്തിനു് ഇവിടെ കയറി, ഈ വിഡ്ഢിയെ? ഇവനെ ഉദ്ദേശിച്ചു് ഇവിടെ എന്തെല്ലാം കോലാഹലങ്ങൾ? ഞാൻ അവിടത്തെ ചൊല്പടിക്കു നില്ക്കുന്നു; എന്റെ പിറന്നാളു് ഒരിക്കലെങ്കിലും ഇതുപോലെ കൊണ്ടാടുവാൻ അച്ഛനു തോന്നിയില്ലല്ലോ. ഈ ദ്രോഹി!—എല്ലാം മുടിച്ചു കളഞ്ഞ ദ്രോഹി—അവൻ തിരിച്ചുവന്നതുകൊണ്ടു് അവിടുന്നു മതിമറന്നു പോയിരിക്കുന്നു."

വൃദ്ധൻ സമാധാനമായി പറഞ്ഞു:—"മകനേ! നീ അന്നും ഇന്നും എന്റെ കൂടെത്തന്നെ. അതു് എനിക്കു് സന്തോഷവുമാണു്. കുഞ്ഞേ, നിന്റെ അനുജനും എന്റെ പുത്രനല്ലേ! അവൻ ധൂർത്തനായിരുന്നു. എന്നാൽ ഇപ്പോൾ അവൻ പശ്ചാത്തപിക്കുന്നു. അവൻ മരിച്ചുപോയെന്നല്ലേ നാം വിചാരിച്ചതു്? മരിച്ചവർ തിരിച്ചുവന്നാലുള്ള സന്തോഷമാണു നമുക്കിപ്പോൾ ഉണ്ടായിരിക്കുന്നതു്. നീയും അവനെ ആശ്വസിപ്പിക്കുക."

മൂത്ത മകന്റെ വൈരസ്യം നീങ്ങി. അവൻ സഹോദരനെ ആലിംഗനം ചെയ്തു. അതുകണ്ടു് ആ വൃദ്ധപിതാവിന്റെ ഉള്ളു് അലിഞ്ഞു. അദ്ദേഹം അവരെ മനസ്സുതെളിഞ്ഞു അനുഗ്രഹിക്കുകയും ചെയ്തു.

പാഠം 21

ജവഹരിലാലും ജയിലിലെ ജന്തുക്കളും

സാധാരണങ്ങളായ കൃത്യങ്ങളിൽ ഏർപ്പെടാൻ നിവൃത്തിയില്ലാത്തതിനാൽ ഞങ്ങൾ (ജവഹറും മറ്റു രാഷ്ട്രീയ

തടവുകാരും) പ്രകൃതിയുടെ മാറ്റങ്ങളും കൂടുതലായി നിരീക്ഷിച്ചു തുടങ്ങി. അവിടെ കാണാൻ കിട്ടുന്ന പല മൃഗങ്ങളേയും പ്രാണികളേയും ഞങ്ങളും നോക്കിക്കൊണ്ടിരുന്നു. ഞാൻ കൂടുതൽ നിരീക്ഷണശീലനായപ്പോൾ എന്റെ അറയിലോ പുറത്തുള്ള കൊച്ചുമുറ്റത്തോ നാനാവിധങ്ങളായ പ്രാണികളും ജീവിച്ചു വരുന്നതായി എന്റെ ദൃഷ്ടിയിൽപ്പെട്ടു. ഏകാന്തതയെക്കുറിച്ചു ഞാൻ പരാതിപ്പെട്ടുകൊണ്ടിരിക്കെത്തന്നെ, ശൂന്യവും പരിത്യക്തവുമായിത്തോന്നിയ ആ മുറ്റം ജീവിതംകൊണ്ടു നിറഞ്ഞു വഴിഞ്ഞിരിക്കയാണെന്നു ഞാൻ മനസ്സിലാക്കി. അരിക്കുന്നതോ ഇഴയുന്നതോ പറക്കുന്നതോ ആയ ഈ പ്രാണികളൊക്കെ, എന്നെയാതൊരു വിധത്തിലും തടസ്സപ്പെടുത്താതെ സ്വസ്വജീവിതം നയിച്ചുപോന്നു. അവയെ തടസ്സപ്പെടുത്തുവാൻ യാതൊരു കാരണവും ഞാൻ കണ്ടില്ല. എന്നാൽ മൂട്ടകളും, കൊതുകുകളും (കുറെയെല്ലാം) ഈച്ചകളും എന്നിവയും ഞാനും തമ്മിൽ ഒരു നിരന്തരസമരമുണ്ടായി. ചേക്കാലികളേയും കടന്നലുകളേയും ഞാൻ സഹിച്ചു. എന്റെ അറയിൽ അവ നൂറുകണക്കിനുണ്ട്. കുരുതാതെയാണെന്നുതോന്നുന്നു, ഒരിക്കൽ ഒരു ചേക്കാലി എന്നെ കുത്തിയപ്പോൾ ഞങ്ങളും തമ്മിലൊരു ചെറിയ മത്സരമുണ്ടായി. ദ്വേഷ്യംവന്നു ഞാൻ അവയെ ഉന്മൂലനം ചെയ്യുവാൻ തുനിഞ്ഞു. എന്നാൽ തങ്ങളുടെ തൽക്കാലത്തെ വീട്ടിനെ—അതിൽ അവയുടെ മുട്ടകളുണ്ടായിരിക്കണം—രക്ഷിക്കാൻ അവ ധീരമായി സമരം ചെയ്തു. ഞാൻ എന്റെ ഉദ്യമത്തിൽനിന്നു പിൻവാങ്ങി. മേലാൽ അവ എന്നെ ഉപദ്രവിക്കുകയില്ലെങ്കിൽ അവയെ വെറുതേ വിട്ടേയ്ക്കാൻ ഞാൻ തീരുമാനിച്ചു. അതിനുശേഷം ഒരു കൊല്ലത്തിനുമേൽ, ഈ ചേക്കാലികളാലും

കടന്നലുകളാലും ചുറ്റപ്പെട്ട നിലയിൽ ആ അറയിൽ ഞാൻ പാർത്തു. അവ ഒരിക്കലും എന്നെ ദ്രോഹിക്കാൻ വന്നില്ല. ഞങ്ങൾ അന്യോന്യം ബഹുമാനിച്ചുകൊണ്ടു കഴിഞ്ഞുകൂടി.

കടവാതിലുകളെ ഞാൻ ഇഷ്ടപ്പെട്ടില്ല. എങ്കിലും അവയെ എനിക്കു സഹിക്കേണ്ടിവന്നു. ഇരുണ്ടവരുന്ന ആകാശത്തിനെതിരേ അവയെ കഷ്ടിച്ചുകാണാം—ഇഴലോകത്തിലേതല്ലാത്ത എന്തോ വസ്തുക്കൾ, എനിക്കവയെ ഒരു വല്ലാത്ത പേടിയും വെറുപ്പുമാണ്. നമ്മുടെ മുഖത്തിനു ഒരംഗുലം അരികത്തുടെ അവ പറക്കുന്നതായി തോന്നും. അവ എന്റെ മേൽ തട്ടിപ്പോകുമെന്നു് എനിക്കെല്ലായ്പോഴും പേടിയുമാണ്. ഞാകാശത്തിൽ കൂടെക്കൂടി ഉയരത്തിലാണ് വലിയ കടവാതിലുകൾ, വാവലുകൾ, പറക്കുക.

ഉറുമ്പുകൾ ചിതലുകൾ മറ്റു പ്രാണികൾ മുതലായവയെ ഞാൻ അനേകം മണിക്കൂറുകൾ തുടരെ നോക്കിക്കൊണ്ടിരിക്കും. സായാഹ്നങ്ങളിൽ മെല്ലെ മെല്ലെ അരിച്ചു ചെന്നു് ഇരയുടെമേൽ ചാടിവീഴാൻ തക്കം നോക്കുകയും, പ്രേക്ഷകർ ചിരിച്ചു മണ്ണുകപ്പുമാറു് അത്ര തമാശയായി വാലാട്ടിക്കൊണ്ടു് ഒന്നിനു പിന്നാലെ മറ്റൊന്നായി പായുകയും ചെയ്യുന്ന ഗൗളികളെയും ഞാനങ്ങനെ നോക്കിക്കൊണ്ടിരിക്കും. സാധാരണമായി അവ കടന്നലുകളെ ഒഴിഞ്ഞുമാറും; പക്ഷേ രണ്ടു പ്രാവശ്യം, അത്യന്തസൂക്ഷ്മതയോടേ കടന്നലുകൾ അവയുടെ മേൽ ചാടിവീണു് മുമ്പിൽക്കടന്നു പിടിക്കുന്നതായി ഞാൻ കണ്ടു. കടന്നലുകളുടെ കുത്തുകൊള്ളാതെ ഇങ്ങനെ ഒഴിഞ്ഞുമാറിയതു് കരുതിക്കൂട്ടിയോ യാദൃച്ഛികമായോ എന്നെനിക്കറിഞ്ഞുകൂടാ.

പിന്നെയുള്ളതു് അണ്ണാക്കൊട്ടന്മാരാണു്. അടുത്തെങ്ങാനും വല്ല മരങ്ങളുമുണ്ടെങ്കിൽ അവ കൂട്ടംകൂട്ടമായി ഉണ്ടായിരിക്കും. അവ വളരെ ധൈര്യത്തോടേ നമ്മുടെ തൊട്ടടുത്തു വന്നേയ്ക്കും. ലക്നോ ജെയിലിൽ ഞാൻ മിക്കവാറും അനങ്ങാതെ വളരെ നേരത്തോളം വായിച്ചുകൊണ്ടിരിക്കും. ഒരണ്ണാക്കൊട്ടൻ എന്റെ കാലിന്മേലൂടെ കയറി മുട്ടിന്മേലിലിരുന്നു ചുറ്റുമൊന്നു നോക്കും. അതിന്നുശേഷം എന്റെ കണ്ണുകളിലേയ്ക്കു നോക്കി ഞാനൊരു മരമോ മറ്റോ അല്ലെന്നു (ഞാനെന്താണെന്നു് അതു വിചാരിച്ചുവോ ആ വസ്തുവല്ലെന്നു്) മനസ്സിലാക്കും. ഒരു നിമിഷനേരത്തേയ്ക്കു പേടികൊണ്ടു് അതിനൊന്നും ചെയ്യാൻ വയ്യാതാകും. പിന്നീടതു പാഞ്ഞു പൊയ്ക്കളയും. നന്നേ ചെറിയ ശിശുപ്രായത്തിലുള്ള അണ്ണാക്കൊട്ടന്മാർ ചിലപ്പോൾ മരങ്ങളിൽനിന്നു താഴേവീഴും. അവയെ തിരഞ്ഞു് തള്ള വന്നെത്തും. അവയെ ചെറിയൊരു പന്തുപോലെ ചുരുട്ടും. എന്നിട്ടു് അടയസ്ഥാനത്തേയ്ക്കു് എടുത്തുകൊണ്ടുപോകും. ചിലപ്പോഴെല്ലാം ഈ ശിശുവെ കാണാതായിപ്പോകും.

മലയുടെ മുകളിലുള്ള അൽമോറാ ജെയിലൊഴിച്ചു ഞാൻ പോയ എല്ലാ ജെയിലുകളിലും പ്രാവുകൾ ധാരാളമുണ്ടായിരുന്നു. അവ ആയിരക്കണക്കിലുണ്ടു്. സന്ധ്യാസമയങ്ങളിൽ അവയെക്കൊണ്ടു് അന്തരീക്ഷം നിബിഡമായിരിക്കും. ചിലപ്പോൾ ജെയിലുദ്യോഗസ്ഥന്മാർ അവയെ വെടിവച്ചു വീഴ്ത്തി ഭക്ഷണമാക്കും. തീർച്ചയായും അവിടങ്ങളിൽ മൈനകളുമുണ്ടായിരുന്നു; അവയെ സർവ്വത്ര കാണാം. അവയിൽ ഒരു ജോടി ദമ്പതിമാരുടെ എന്റെ സെല്ലിന്റെ വാതിൽപ്പുറത്തു കൂടുകെട്ടി; ഞാനവയ്ക്കു തീനിട്ടുകൊടുത്തുപോന്നു. അവ വളരെ നല്ലവണ്ണം ഇണങ്ങി. അവയുടെ രാവിലത്തെയോ വൈകുന്നേരത്തെയോ ഭക്ഷണത്തിന്നു്

ല്ലും താമസിച്ചാൽ അവ എന്റെ വളരെ അടുത്തുവന്നിരുന്ന് തങ്ങളുടെ ഭക്ഷണത്തിനു് അതൃച്ഛത്തിൽ ആവശ്യപ്പെട്ടും. അവയുടെ അംഗ്യങ്ങളും നോക്കിക്കാണുകയും അക്ഷമമായ ചില ശബ്ദങ്ങൾ കേൾക്കുകയും വളരെ രസകരമായിരുന്നു.

ആയിരക്കണക്കിലാണു് നയിനിയിൽ തത്തകളുണ്ടായിരുന്നതു്. അവയിൽ വളരെയെണ്ണം എന്റെ ബാരക്കിലെ ചുമരുകളുടെ വിള്ളലുകളിൽ പാർത്തുവന്നു. അവയുടെ പ്രണയരംഗങ്ങളും, പ്രേമപ്രകടനങ്ങളും എപ്പോഴും ഹൃദയഹാരിയായ കാഴ്ചകളാണു്. ചിലപ്പോൾ ഒരു പെൺതത്തയ്ക്കുവേണ്ടി രണ്ടാൺതത്തകൾ തമ്മിൽ ഭയങ്കരമായ സംഗരങ്ങളും നടക്കും. പെൺതത്തയാകട്ടെ, സംഗരത്തിന്റെ പര്യവസിതി കാത്തുകൊണ്ടും തന്റെ പ്രേമം ജേതാവിനു സമർപ്പിക്കുവാൻ സന്നദ്ധയായും സമീപത്തുതന്നെ ശാന്തയായി കാത്തിരിക്കുന്നുണ്ടാവും.

മഹാരാഷ്ട്രയിൽ പലതരം പക്ഷികളുണ്ടു്. പാട്ടുപാടലും ഉന്മേഷകരമായ ചിലയ്ക്കലും ലഘുവായ ശബ്ദങ്ങളും പുറപ്പെടുവിക്കലും എല്ലാം ഒന്നിനൊന്നിണങ്ങാതെ കൂടിക്കുഴഞ്ഞിരിക്കും. അതിനൊക്കെ ഉപരിയായി കയിലിന്റെ ഹൃദയം ദ്രവിപ്പിക്കുന്ന പാട്ടു് പൊന്തിക്കേൾക്കാം.

കഴുകന്മാരും പരുന്തുകളും ആകാശത്തിൽ വളരെ ഉയരെ ചിറകു വിരുത്തി അങ്ങനെ ഒഴുകിപ്പോകുന്നതും ചിലപ്പോൾ പെട്ടെന്നു താഴെയെത്തുന്നതും അതിനുശേഷം തങ്ങളെ മുകളിലോട്ടു വഹിച്ചുകൊണ്ടുപോകുവാൻ ഒരു മാരുതപ്രവാഹത്തെ അനുവദിക്കുന്നതുമെല്ലാം ഞാൻ നോക്കിക്കാണാറുണ്ടു്. ചിലപ്പോഴെല്ലാം ഒരു കൂട്ടം എരണ്ടകളും ഞങ്ങളുടെ തലയ്ക്കുമീതേ പറന്നു പോകും

ബരേലി ജയിലിൽ ഒരു വലിയ സംഘം കുരങ്ങുകളുണ്ടാ
യിരുന്നു. അവരുടെ വികൃതികളും നോക്കിക്കൊണ്ടിരിക്കാൻ
എപ്പോഴും കൌതുകമുണ്ട്. ഒരു സംഭവം എന്റെ മനസ്സിൽ
പതിഞ്ഞു. നന്നേ ചെറിയൊരു കുരങ്ങിൻകുട്ടി എങ്ങ
നെയോ ഞങ്ങളുടെ ബാരക്കിന്റെ വലയത്തിനുള്ളിൽ പെ
പെട്ടു. അവനു് ആ ചുവർ വീണ്ടും കേറുവാൻ സാധിക്കില്ല.
വാർഡരും ചില പുള്ളി ഓവർസ്യർമാരും മറ്റു തടവുകാരും
അവനെ പിടിച്ചു് കഴുത്തിലൊരു ചെറിയ നൂൽ കെട്ടി.
ആ കൊച്ചുകുഞ്ഞിന്റെ പിതാക്കൾ (ആയിരിക്കണം)
ഇതെല്ലാം ആ ഉയർന്ന മതിലിനുകളിൽനിന്നു നോക്കിക്കണ്ടു;
അവരുടെ അരിശം വർദ്ധിച്ചു. പെട്ടെന്നു് അവയിലൊന്നു്,
ഒരു വലിയ കുരങ്ങച്ചാർ, താഴോട്ടു ചാടി, ആ കുട്ടിക്കുര
ങ്ങിന്റെ ചുറ്റും നില്ക്കുന്ന ആൾക്കൂട്ടത്തിന്റെ നടുവിലേയ്ക്കു്,
എന്നതന്നെ പറയാം, പാഞ്ഞുകേറി. അതൊരസാധാരണ
ധീരകൃത്യമായിരുന്നു. കാരണം വാർഡരുടേയും സി. ഓ.
മാരുടേയും കയ്യിൽ വടികളും ലാഠികളുമുണ്ടു്. അവരതു
വീശിക്കൊണ്ടിരിക്കയാണു്. അവരുടെ എണ്ണവും ചെറു
തല്ല. ഭവിഷ്യത്തുകളെയെല്ലാം അഗണ്യമാക്കുന്ന ധീരത
തന്നെ ഒടുവിൽ ജയിച്ചു. ആ ആൾക്കൂട്ടം പേടിച്ചോടുന്നു
വടികളെല്ലാം പിന്നിലെറിഞ്ഞുംവച്ചു് പറപറന്നു! കൊച്ചു
കുരങ്ങിൻകുഞ്ഞു് രക്ഷപ്പെട്ടു.

സാഹസതാർഹരല്ലാത്ത ചില ജന്തുക്കളും ചിലപ്പോൾ
ഞങ്ങൾക്കു് അതിഥികളായുണ്ടാവും. തേളുകളെ പല
പ്പോഴും ഞങ്ങളുടെ സെല്ലുകളിൽ കാണാം—വിശേഷിച്ചും,
ഒരു വലിയ ഇടിയും മഴയുമൊക്കെ കഴിഞ്ഞശേഷം.
അതൊന്നും എന്നെ കുത്തുകയുണ്ടായില്ലെന്നതു് ആശ്ചര്യമായി
ത്തോന്നുന്നു: എന്തുകൊണ്ടെന്നാൽ, തീരെ പ്രതീക്ഷിക്കാത്ത
സ്ഥലങ്ങളിൽ, എന്റെ വിരിപ്പിലും ഞാൻ വായിക്കാനെടു
ക്കുന്ന പുസ്തകങ്ങളുടെ പുറത്തുമൊക്കെ, അവയെ കാണാ

ഉണ്ട്. സാധാരണയിൽ കവിഞ്ഞു കറുത്തിരുണ്ട് വിഷ ജന്തുവെന്നു തോന്നിക്കുന്നതിനെ, ഈച്ചകളേയും മറ്റും തിന്നാൻകൊടുത്തുകൊണ്ട്, ഞാൻ കുറച്ചു ദിവസം കൂട്ടിൽ പോറ്റി. പിന്നീട് അതിനെ ഒരു ചൂവരിന്മേൽ കെട്ടി ഇട്ടുക്കിയപ്പോൾ അവിടെനിന്നു് അതു് എങ്ങിനെയോ രക്ഷപ്പെട്ടുകളഞ്ഞു. കെട്ടഴിഞ്ഞ രീതിയിൽ അതിനെ വീണ്ടും കാണാൻ ഞാൻ തീരെ ആഗ്രഹിച്ചില്ല. അതുകൊണ്ട് ഞാൻ എന്റെ സെൽ മുഴുവൻ അടിച്ചുതളിച്ചു വൃത്തിയാക്കുകയും അതിനെ എല്ലായിടത്തും തിരയുകയും ചെയ്തു—പക്ഷേ അതു് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു.

എന്റെ സെല്ലുകളിലേക്ക് അവയ്ക്കുടുത്തോ ആയി മൂന്നാലു പാമ്പുകളെയും കാണുകയുണ്ടായി. അവയിലൊന്നിനെക്കുറിച്ചുള്ള വർത്തമാനം എങ്ങിനെയോ പുറത്തെത്തി. പത്രങ്ങളിൽ വലിയ തലക്കുറിപ്പുകളുണ്ടായിരുന്നു. വാസ്തവത്തിൽ ഞാൻ ഈ വ്യതിയാനത്തെ സ്വാഗതം ചെയ്തു. ജയിൽ ജീവിതം നിരുന്മേഷമാണു്. ആ വൈചിത്ര്യശൂന്യതയെ ഭഞ്ജിക്കുന്ന എന്തും ആസ്വാദ്യംതന്നെ. പാമ്പുകളെ ഞാനിഷ്ടപ്പെടുന്നുവെന്നോ സ്വാഗതം ചെയ്യുന്നുവെന്നോ ഇതിനർത്ഥമില്ല. പക്ഷേ മറ്റു ചില ആളുകളെ എന്നപോലെ എന്നെ അവ ഭയചകിതനാക്കുന്നില്ല. തീർച്ചയായും അവയുടെ കടിയെക്കുറിച്ചു് എനിക്കു പേടിയുണ്ട്. ഒരു പാമ്പിനെക്കണ്ടാൽ ഞാൻ ആത്മരക്ഷയ്ക്കു വഴി നോക്കുകയും ചെയ്യും. പക്ഷേ വല്ലാത്ത ഒരാപ്പോ അതിരുകവിഞ്ഞ പേടിയോ തോന്നുകയുണ്ടായില്ല. എനിക്കു് അതിലും വളരെയേറെ ആപ്പും വെറുപ്പും ഉണ്ടാക്കുന്നതു് തേരട്ടകളാണു്. വാസനാജന്യമായ ആപ്പാണതു്, പേടിയല്ല. കൽക്കത്തയിലെ അലിപ്പൂർ ജയിലിൽ ഞാൻ അർദ്ധരാത്രി

യ്ക്കണ്ടപ്പോൾ എന്തോ ഒന്ന് എന്റെ കാലിന്മേലൂടെ അരിക്കുന്നുണ്ടെന്നു തോന്നി. കയ്യിലുണ്ടായിരുന്ന വൈദ്യുത വിളക്ക് അമർത്തിയപ്പോൾ വിരിപ്പിൽ ഒരു തേരട്ടയെ ക്കണ്ടു. വാസനാപ്രേരണയാൽ അത്യുത്കരമായ വേഗത്തോടെ ഞാൻ ആ വിരിപ്പിൽനിന്നും പുറത്തേയ്ക്കൊരൊറ്റ ച്ചാട്ടം. സെല്ലിന്റെ ചുവരിൽ ചെന്നടിച്ചില്ലെന്നുമാത്രം!

* * * * * * *

തടവുകാർ, വിശേഷിച്ച് ദീർഘകാലപ്പുള്ളികൾ വികാരപരമായ പട്ടിണികൊണ്ടാണ് ഏറ്റവുമധികം കഷ്ടപ്പെടേണ്ടിവരുന്നതു്. പലപ്പോഴും അവർ വികാരപരമായ സംതൃപ്തി തേടുന്നതു് ജന്തുക്കളെ ഓമനിച്ചു വളർത്തിയിട്ടാണ്. സാധാരണത്തടവുകാരനു് അവയെ പോറ്റാൻ നിവൃത്തിയില്ല. പക്ഷേ പുള്ളി ഓവർസ്യർമാർക്കു കൂടെക്കൂടി സ്വാതന്ത്ര്യമുണ്ടു്; ജയിലധികൃതന്മാർ സാധാരണമായ തടസ്സം പറകയുമില്ല. ഏറ്റവും സാധാരണമായി പോറ്റാവുള്ളതു് അണ്ണാക്കൊട്ടന്മാരെയും, കീരികളെയുമാണു്. ജയിലിൽ നായ്ക്കളെ അനുവദിക്കില്ല; പക്ഷെ പൂച്ചകൾക്കു് പ്രോത്സാഹനം ലഭിച്ചുവരുന്നതായിത്തോന്നുന്നു. ഒരിക്കൽ ഒരു പൂച്ചക്കുട്ടിയും ഞാനും തമ്മിൽ ചങ്ങാതികളായിത്തീർന്നു. അതൊരു ജയിലുദ്യോഗസ്ഥന്റേതായിരുന്നു. അയാൾ മാറ്റം പോയപ്പോൾ അതിനെയും കൂടെക്കൊണ്ടുപോയി. അതിന്റെ അഭാവം എന്നെ അലട്ടി. നായ്ക്കളെ അനുവദിക്കുകയില്ലെങ്കിലും ഒരിക്കൽ ദഹരാഡുണ്ണിൽവച്ചു ഞാൻ യദൃച്ഛയാ ചില നായ്ക്കളുമായി കെട്ടുപിണഞ്ഞു കഴിയേണ്ടിവന്നു. ഒരു ജയിലുദ്യോഗസ്ഥൻ ഒരു പട്ടിയെക്കൊണ്ടുവന്നിരുന്നു. പിന്നീടയാൾക്കു് മാറ്റമായി. അയാൾ അതിനെ അവിടെ ഉപേക്ഷിച്ചു; ആ പാവം അശരണമായ ഒരു തെണ്ടിയായി

ഓവുപാലങ്ങളുടെ അടിയിൽ താമസിയ്ക്കും, വാർഡർമാർ വല്ലതും എറിഞ്ഞു കൊടുത്താൽ അതു തിന്നും, സാധാരണയായി പട്ടിണി കിടക്കും—അങ്ങനെ കഴിഞ്ഞുപോന്നു. എന്നെ പാർപ്പിക്കുന്നതു് പുറത്തുള്ള ലോക്കപ്പിലാകയാൽ, അവർക്കു ഭക്ഷണമിരന്നു് എന്റെ അടുക്കൽ വരും. ഞാനവർക്കു നിത്യം ഭക്ഷണം കൊടുത്തുതുടങ്ങി. അവർ ഓരോവുപാലത്തിന്റെ ചുവട്ടിൽ കുറേ കുട്ടികളെ പ്രസവിയ്ക്കുകയും ചെയ്തു. അവയിൽ പലതും എടുത്തുകൊണ്ടുപോകപ്പെട്ടു. പക്ഷേ മൂന്നെണ്ണം ശേഷിച്ചു. അവയ്ക്കു ഞാൻ ഭക്ഷണം കൊടുത്തുപോന്നു. ആ നായ്ക്കുട്ടികളിലൊന്നിനു കഠിനമായ സുഖക്കേടു പിടിപെട്ടു. അതിനെ ഒട്ടേറെ ബുദ്ധിമുട്ടിച്ചു. ഞാൻ വളരെ ശ്രദ്ധയോടെ അവളെ ശുശ്രൂഷിച്ചുപോന്നു. ചിലപ്പോൾ രാത്രി അവളെ നോക്കുവാനായി ഞാൻ ഒരു ഡസൻ പ്രാവശ്യവും മറവും എഴുന്നേല്ക്കും. അവൾ ജീവിച്ചു. എന്റെ ശുശ്രൂഷകൊണ്ടവൾ സുഖപ്പെട്ടതിൽ ഞാൻ സന്തോഷിച്ചു.

പുറത്തേക്കാളധികം ജയിലിൽ വച്ചാണു് ഞാൻ ജന്തുക്കളുമായി ഇടപെട്ടതു്. നായ്ക്കളെ എനിയ്ക്കപ്പോഴും ഇഷ്ടമായിരുന്നു. ചിലതിനെ പോറ്റുകയും ചെയ്തിട്ടുണ്ടു്. പക്ഷേ എനിക്കു മറ്റു കായ്ങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടി വന്നതിനാൽ ഒരിക്കലും അവയെ വേണ്ടുംപോലെ നോക്കാൻ കഴിഞ്ഞില്ല. ജയിലിൽ അവയുടെ സാഹചര്യം ലഭിച്ചതിൽ ഞാൻ കൃതജ്ഞനായി. പൊതുവിൽ പറകയാണെങ്കിൽ ഇൻഡ്യാക്കാർ ജന്തുക്കളെ വീട്ടിൽ ഓമനിച്ചു വളർത്താൻ ഇഷ്ടപ്പെടുന്നില്ല. ജന്തുക്കളുടെ നേരെ അഹിംസ കാണിക്കണമെന്നു പൊതുവിൽ അവരുടെ തത്ത്വശാസ്ത്രം നിഷ്കർഷിച്ചിട്ടും, പലപ്പോഴും അവർ ജന്തുക്കളെ സംബന്ധിച്ചിട

ത്തോളം അസാമാന്യമായ അശ്രദ്ധയും നിർദ്ദയത്വവും കാണിയ്ക്കുന്നുവെന്നതു സവിശേഷം പ്രസ്താവ്യമാണ്. പ്രത്യേകാദരം ലഭിക്കുന്ന ജന്തുവായ പശുവിനോടുപോലും—അനേകം ഹിന്ദുക്കൾ അതിനെ ബഹുമാനിക്കുകയും മിക്കവാറും ഭക്തിപൂർവ്വം ആരാധിയ്ക്കുകയും ചെയ്യാറുണ്ടു, പലപ്പോഴും അതു ലഹളകൾക്കു ഹേതുവായിത്തീരുന്നുവെങ്കിലും— ദയാപൂർവ്വമല്ല പെരുമാറുന്നതു്. ആരാധനയും ഭ്രൂതദയയും എപ്പോഴും ഇണങ്ങിനില്ക്കുന്നില്ല.

വിവിധരാജ്യങ്ങൾ വിവിധ ജന്തുക്കളെ, തങ്ങളുടെ അഭിലാഷങ്ങളുടെയോ സ്വഭാവത്തിന്റെയോ പ്രതിരൂപമായി അംഗീകരിച്ചിട്ടുണ്ടു്—അമേരിക്കൻ ഐക്യനാടുകളിലും ജർമ്മനിയിലും ഗൃധ്രം, ഇംഗ്ലന്ദിൽ സിംഹവും ബുൾനായും, ഫ്രാൻസിൽ പൊരുത്തുകോഴി, പണ്ടത്തെ റഷ്യയിൽ കരടി. ഈ ദേവതാജന്തുക്കൾ ദേശീയസ്വഭാവത്തെ എത്രത്തോളം ആകൃതിപ്പെടുത്തുന്നു? അവയിൽ മിക്കതും അക്രമവാസനയുള്ള, പോരാടുന്ന ജന്തുക്കളാണു്—അന്യജന്തുക്കളെ തിന്നുന്നവ. ഈ മാതൃകകളെ മുൻനിർത്തി വളരുന്ന ജനത അറിഞ്ഞുകൊണ്ടതറിയാതെ അവയുടെ സാരമായി തങ്ങളെ ആകൃതിപ്പെടുത്തുകയും, അന്യരെ ഇരതേടി തിന്നുകയും ചെയ്യുന്നതിൽ ആശ്ചര്യത്തിനവകാശമില്ല. ഹിന്ദു ശാന്തനും അഹിംസാനിഷ്ഠനുമായിരിക്കുന്നതിലും ആശ്ചര്യമില്ല. കാരണം, അയാളുടെ ദേവതാജന്തു പശുവാണല്ലോ.

(ജവഹർലാൽ നെഹ്രുവിന്റെ
ആത്മകഥയിൽ നിന്നും)

———

പാഠം 22

ഉണ്ണിയേശു

ബാലാർക്കബിംബപ്രഭയും—നവ
പാലൊളിത്തിങ്കൾക്കതിരും—ഏക
മുത്തിയായ്ത്തീർന്ന രണ്ടായിരമാണ്ടുകൾ-
ക്കപ്പുറം ബേതലഹേമിൽ.

മണ്ണിന്റെ മംഗലകാന്തി—ദിവ്യ
വിണ്ണിന്റെ ശാശ്വതശാന്തി—ഇവ
സമ്മേളിച്ചോമനപ്പൈതലായ് മേവിയ-
ന്നമ്മയുമായ് പുൽക്കൂട്ടിൽ.

ചെമ്പനിനീരലർ ചന്തം—ചാരു
കാഞ്ചന ദീപ്തിയിണങ്ങി—ഏവം
ഉണ്ണിമിശിഹായെത്തൻമടിത്തട്ടിൽ ക-
ണ്ടംബികയാനന്ദം പൂണ്ടു.

ശാരദചാരുസരിത്തും—പരി
പാവനമന്ദമരുത്തും—മൃദു
മഞ്ജുള മർമ്മരരാഗമന്നോമലിൻ
പിഞ്ചിളം ചുണ്ടിൽ പകർന്നു.

വിശ്വസൗന്ദര്യമുകുളം—വിരി-
ഞ്ഞീശചൈതന്യം കലർന്നു—നിജ
സൗരഭ്യമെമ്പാടും വീശിയുടനജ-
പാലകരോടിയണഞ്ഞു.

വാർമഴവില്ലൊളിവെല്ലും—പരി-
വേഷവലയത്തിലായി-അവർ
ലോകൈകകോമളൻ യേശു മിശിഹതൻ
ചാരുരൂപംകണ്ടു ക്ലൂച്ചി.

ആലോലവായുവിലാട്ടം—സുമ
ലോലദലങ്ങളും കണക്കേ-മന്ദം
കാലും കരവും കുടഞ്ഞു കളിച്ചിത—
ബ്ബാലകൻ മായാമനുഷ്യൻ.

വിസ്തൃത വിണ്ണിൻ വിരിപ്പിൽ—ഓളം
തത്തുന്നൊരാഴിപ്പുറപ്പിൽ-കാണും
ശാന്തഗാംഭീര്യമോ ദേവകുമാരന്റെ
കാന്തമാം കണ്ണുകൾ കാട്ടി.

പാപാന്ധകാരമകറ്റാൻ—ശിശു
രൂപമെടുത്ത മഹേശൻ-വാണു
പൊന്നിൻ പുലരിയൊത്തുണ്ണിയേശനായ്—
'അംബികമേരി' തന്നങ്കേ.

നിസ്തുല ഭക്തിയിൽ മുങ്ങി—പ്രേമ
ചിത്തരാ ഗ്രാമീണർ നിൽക്കേ-വാനിൽ
ഉന്തിസ്ഫുരിക്കുമൊരുജ്ജ്വലതാരം വ-
ന്നുണ്ണിക്കരികത്തുവടി നിന്നു.

(കുത്തൂട്ടുകുളം മേരി ജോൺ)


———

പാഠം 23

ഡേവിഡ് ലിവിങ്സ്റ്റൻ

ആഫ്രിക്കാഖണ്ഡത്തിനു് ഇന്നു നാം കാണുന്ന ഉൽക്കർഷം ഉണ്ടായിട്ടു് കാലം അധികമായിട്ടില്ല. ഒരു നൂറാണ്ടിനുമുമ്പുവരെയും അതിന്റെ അധികഭാഗവും അജ്ഞാതമായി കിടന്നിരുന്നു. അതുകൊണ്ടായിരിക്കണം ആഫ്രിക്കയെ തമോവൃതഭൂഖണ്ഡമെന്നു് മുൻകാലത്തു് വിളിച്ചുവന്നിരുന്നതു്. എന്നാൽ ഈ അന്ധകാരഖണ്ഡത്തിന്റെ ഉത്തരഭാഗത്തുള്ള ചില രാജ്യങ്ങളും അനേക ശതാബ്ദങ്ങൾക്കു മുമ്പും പ്രസിദ്ധങ്ങളായിരുന്നു. കേളികേട്ട ചക്രവർത്തിമാരും മഹാരാജ്ഞിമാരും വിദ്വാന്മാരും ആ രാജ്യങ്ങളിൽ പണ്ടു ജീവിച്ചിരുന്നിട്ടുണ്ടു്. ഈജിപ്തിലെ പിരമിഡുകളെക്കുറിച്ചു് അതിപ്രാചീനകാലത്തുപോലും മിക്ക രാജ്യങ്ങളിലും കേട്ടിരുന്നു. ഇങ്ങനെ ആഫ്രിക്കയുടെ ഉത്തരഭാഗം പണ്ടേയ്ക്കുപണ്ടു പലതരത്തിൽ പ്രസിദ്ധമായിരുന്നെങ്കിലും മറ്റുള്ള ഭാഗങ്ങളെക്കുറിച്ചു് അക്കാലത്തെങ്ങും വിശദമായ അറിവു് ഉണ്ടായിരുന്നില്ല. മനുഷ്യഭോജികളായ ഒരുതരം കിരാതന്മാരുടെയും, ഒഷ്ടുമൃഗങ്ങളുടെയും അധിവാസസ്ഥാനങ്ങളാണു് അവിടം എന്നായിരുന്നു അന്നത്തെ ദേശസഞ്ചാരികളുടെയെല്ലാം ധാരണ. അതിനാൽ ആ പ്രദേശങ്ങളിൽ പര്യടനം നടത്തുവാൻ അവരാരും ധൈര്യപ്പെട്ടില്ല. എന്നാൽ ധീരന്മാരായ ചില രാജ്യാന്വേഷികൾ പിൽക്കാലത്തു് അതിനു മുതിർന്നു. തൽഫലമായി ആഫ്രിക്കയുടെ മുക്കും മൂലയും ലോകദൃഷ്ടിക്കു വിഷയമായിത്തീർന്നു. ആ സഞ്ചാരികളുടെ കൂട്ടത്തിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനാണു് മഹാനായ ഡേവിഡ് ലിവിങ്സ്റ്റൻ.

ക്രിസ്തുവർഷം 1813-ൽ ലിവിങ്സ്റ്റൻ സ്കോട്ട്ലണ്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു തേയിലക്കച്ചവടക്കാരൻ ആയിരുന്നു. തുച്ഛമായ ആദായമേ



തേയിലക്കച്ചവടത്തിൽനിന്നും ലഭിച്ചിരുന്നുള്ളൂ. അതിനാൽ ആ കുടുംബം വളരെ ദാരിദ്ര്യദുഃഖം അനുഭവിച്ചു

ചെറുപ്പംമുതലേ ഉപജീവനമാർഗ്ഗം തേടാൻ ലിവിങ്സ്റ്റനും നിർബ്ബന്ധിതനായി. പത്തു വയസ്സുള്ളപ്പോൾ യന്ത്രശാലയിൽ നൂൽനൂൽക്കുന്ന ജോലിക്കാരനായി. ഉത്സാഹിയായ ആ ബാലൻ നെയ്ത്തുശാലയിൽ യന്ത്രഗർജ്ജനങ്ങളുടെയിടയ്ക്ക് നൂൽനൂല്ക്കുന്നതിനോടുകൂടെത്തന്നെ പുസ്തകപാരായണംകൂടി നിർവ്വഹിച്ചിരുന്നു. ഒരു നൈശാപാഠശാലയിൽചേർന്ന് മുറപ്രകാരമുള്ള അഭ്യസനവും ലിവിങ്സ്റ്റൻ നടത്തിപ്പോന്നു. ഇതെല്ലാം കഴിഞ്ഞു വീട്ടിലെത്തിയാൽ അവിടെയും വിശ്രമമുണ്ടായിരുന്നില്ല. ഗൃഹജോലികളിൽ മാതാവിനെ സഹായിക്കേണ്ടിയിരുന്നു. വാസ്തവത്തിൽ ഇത്തരത്തിലുള്ള അദ്ധ്വാനമായിരുന്നു ലിവിങ്സ്റ്റന്റെ ജീവിതവിജയത്തിനുള്ള മുഖ്യഹേതു.

ലിവിങ്സ്റ്റൻ വളരെ ചെറുപ്പം മുതലേ സസ്യശാസ്ത്രം, ഭൂഗർഭശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ വായിക്കുവാൻ തുടങ്ങി. എന്നാൽ അദ്ദേഹത്തെ അത്യന്തം ആകർഷിച്ചതു് ദേശസഞ്ചാരികളുടെ ചരിത്രങ്ങളായിരുന്നു. അവരുടെ ധൈര്യവും, സേവനസന്നദ്ധതയും അദ്ദേഹത്തെ വിസ്മയിപ്പിച്ചു. എത്ര മഹനീയമായ ജീവിതലക്ഷ്യങ്ങളാണു് അവർക്കുണ്ടായിരുന്നതെന്നു് ലിവിങ്സ്റ്റനു തോന്നി. രാജ്യാനേഷണവും ആത്മരക്ഷണവും തന്റെയും ജീവിതലക്ഷ്യമായി അദ്ദേഹം തിരഞ്ഞെടുത്തു. ഇക്കാര്യത്തിൽ അദ്ദേഹത്തെ അത്യധികം പ്രേരിപ്പിച്ചതു് ആഫ്രിക്കയിൽ മിഷനറിവേല ചെയ്തുകൊണ്ടിരുന്ന ഡാക്ടർ മോഫാറ്റുമായുള്ള പരിചയം ആയിരുന്നു. അതനുസരിച്ചു് ഗ്ലാസ്ഗോ സർവ്വകലാശാലയിൽ നിന്നും വൈദ്യശാസ്ത്രപരീക്ഷ ജയിച്ചശേഷം അദ്ദേഹം 1841-ൽ ലണ്ടൻ മിഷനറിസംഘത്തിലെ ഒരു പ്രവർത്തകനായി ആഫ്രിക്കയിലേയ്ക്കു തിരിച്ചു.

ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറെ അറ്റത്തുള്ള കേപ് ടൗണിൽ ലിവിങ്സ്റ്റൻ ചെന്നിറങ്ങി. കുറേനാൾ കുറുമാൻ എന്ന സ്ഥലത്തു് ഡാക്ടർ മോഫറിനോടുകൂടി താമസിച്ചു. പിന്നീടു് ഉൾനാടുകളിലേയ്ക്കു തിരിച്ചു. മൂന്നു കൊല്ലം മൊബാറസാ ഗ്രാമത്തിൽ മിഷനറിവേല ചെയ്തു താമസിച്ചു. അതിനകം ചുറ്റുപാടുമുള്ള പല ജാതിക്കാരുടെയും വിശ്വാസബഹുമാനങ്ങൾ ആർജ്ജിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. അവരെല്ലാം ക്രൂരസ്വഭാവികളും തീരെ അപരിഷ്കൃതരും ആയിരുന്നെങ്കിലും ആ മിഷനറി അവരുടെ ഇടയിൽ ജീവിച്ചു് അവരെ ഹൃദയപൂർവ്വം സ്നേഹിച്ചു്, അവരുടെ അഭിവൃദ്ധിക്കുവേണ്ടി ആത്മാർത്ഥമായി പ്രയത്നിച്ചു. അത്യാവശ്യമായ പല തൊഴിലുകളും അദ്ദേഹം അവരെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതശുദ്ധിയും ത്യാഗസന്നദ്ധതയും അവർ കണ്ടറിഞ്ഞു. തൻമൂലം അവരെല്ലാം അദ്ദേഹത്തെ പിതാവിനെപ്പോലെ ആദരിക്കുവാനും അനുസരിക്കുവാനും തുടങ്ങി.

അക്കാലത്തു് അവിടെ കാട്ടുമൃഗങ്ങളുടെ ശല്യം അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. ആ ക്രൂരജന്തുക്കളെ കൊന്നൊടുക്കുവാൻ ലിവിങ്സ്റ്റൻ വേട്ടക്കാരെയും കൂട്ടി പലവട്ടം ശ്രമിക്കുകയുണ്ടായി. ഒരിക്കൽ ഒരു സിംഹത്തെ അവർ വളഞ്ഞു. അതു് അവരുടെ പിടിയിൽപ്പെടാതെ എവിടെയോ ഓടി ഒളിച്ചു. നൈരാശ്യത്തോടെ അവർ തിരിച്ചുപോരുമ്പോൾ അതു് ഒരു കുന്നിന്റെ ചുവട്ടിൽ പതുങ്ങിക്കിടക്കുന്നതു് ലിവിങ്സ്റ്റൻ കണ്ടു. അദ്ദേഹം ഉടനെ തോക്കു നിറയ്ക്കുവാൻ തുടങ്ങി. തോക്കു നിറച്ചു കഴിയുംമുമ്പേ, പിറകിൽ ഒരു ഗർജ്ജനം കേട്ടു. ഞെട്ടിത്തിരിഞ്ഞുനോക്കിയപ്പോഴേയ്ക്കും സിംഹം ചുമലിൽ ചാടി വീണു



കഴിഞ്ഞു. അതു ഭയങ്കരമായി മുരണ്ടു ചീറിക്കൊണ്ട് അദ്ദേഹത്തിന്റെ ഇടംതോൾ കടിച്ചുലച്ചു. അദ്ദേഹം ധൈര്യപൂർവ്വം ഉറച്ചുനിന്ന് ഉഗ്രക്കോടെ ഒന്നു കുടഞ്ഞു. അതോടുകൂടി

അല്ലേഹവും സിംഹവും ഒരുമിച്ചു നിലംപതിച്ചു. നീണ്ടു ഇടതൂർന്ന വിതറിയ സടയുള്ളിൽ ആ ബലിഷ്ഠൻ ഒളിഞ്ഞിപ്പോയി. എങ്കിലും ഉരുണ്ടും പിരണ്ടും രക്ഷപ്പെടുവാൻ വഴിനോക്കി. അപ്പോഴേയ്ക്കും മറവുള്ള വേട്ടക്കാർ പാഞ്ഞടുത്തു. ഒരാൾ ഉന്നം പിഴയ്ക്കാതെ വെടിവച്ചു. പെട്ടെന്നു അലറിക്കൊണ്ടു സിംഹം അയാളുടെ നേരെ ചാടി തുടയ്ക്കു പിടികൂടി. അടുത്തുനിന്ന വേറൊരാൾ സിംഹത്തെ ശക്തിയോടെ ഒന്നു കുത്തി. അതു തിരിഞ്ഞു അവന്റെ നേരെ കുതിച്ചുചാടി. വെടിയും കുത്തും ഏറ്റിരുന്നതുകൊണ്ടു അതു് ആ ചാട്ടത്തോടുകൂടി ചത്തു നിലത്തുവീണു. ലിവിങ്സ്റ്റന്റെ ശക്തി മിക്കവാറും ക്ഷയിച്ചുപോയിരുന്നു. രക്തം വാർന്നും എല്ലുകൾ തകർന്നും അല്ലേഹത്തിന്റെ ഇടംതോൾ മരവിച്ചുപോയി. ഏഴുനേറ്റിരിക്കുവാൻകൂടി കഴിഞ്ഞില്ല. അല്ലേഹത്തെ അനുചരന്മാർ എടുത്തുകൊണ്ടുപോയി ശുശ്രൂഷിച്ചു. ഇതശ്വരകാരുണ്യംകൊണ്ടു് അല്ലേഹം ക്രമേണ സുഖം പ്രാപിച്ചു.

അങ്ങനെ ഇരിക്കെ, ഡാക്ടർ മോഫറ്റിന്റെ പുത്രിയായ മേരി മോഫറ്റിനെ ലിവിങ്സ്റ്റൻ വിവാഹം ചെയ്തു. സുന്ദരിയും സുശീലയും ആയിരുന്ന ആ സ്ത്രീരത്നം മിഷനറി പ്രവർത്തനങ്ങളിൽ ആ മഹതി അല്ലേഹത്തിനു് ഉറ്റ തുണയായിരുന്നു. അവർ ഒരുമിച്ചു് മതപ്രചരണം നടത്തി തെക്കേ ആഫ്രിക്കയിൽ പലയിടത്തും സഞ്ചരിച്ചു. ചില സ്ഥലങ്ങളിൽ തുടർച്ചയായി കുറേനാൾ താമസിച്ചു് മിഷനറിവേല ചെയ്തുവന്നു. അവർ താമസിച്ച സ്ഥലങ്ങളിൽ എല്ലാം സ്കൂളുകൾ സ്ഥാപിച്ചു് ചുറ്റുപാടുമുള്ള ജനങ്ങളെ മതവും പരിഷ്കൃതജീവിതരീതികളും പഠി

പ്പിച്ചു. ആദർശപൂർണ്ണമായ ജീവിതം എന്താണെന്ന് ആ ദേശവാസികൾ ഗ്രഹിച്ചു. പാവങ്ങളെ സഹായിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും ലിവിങ്സ്റ്റനും കുടുംബവും കാണിച്ച ഔത്സുക്യംമൂലം അവർ ആ നാട്ടുകാരുടെയെല്ലാം ആരാധനാപാത്രങ്ങളായി. എന്നാൽ ആ സ്ഥലങ്ങളിൽ അടിമക്കച്ചവടം നടത്തിക്കൊണ്ടിരുന്ന ബോവർ വർഗ്ഗക്കാർക്ക് ഇതൊന്നും ഇഷ്ടമായില്ല. അതിനാൽ അവർ ലിവിങ്സ്റ്റനെയും കുടുംബത്തെയും പല തവണ ഉപദ്രവിക്കുകയും കൊല്ലുവാൻതന്നെ ശ്രമിക്കുകയും ചെയ്തു. തന്നിമിത്തം മിഷനറിവേലയ്ക്കു വേറെ സ്ഥലങ്ങൾ അന്വേഷിക്കുവാൻ അവർ നിർബ്ബന്ധിതരായി. അവർ കലഹാരി എന്ന വിസ്തൃതമരുഭൂമിയും കടന്ന് ശാമിതടാകവും, സാംബസി നദിയുടെ ചില ഭാഗങ്ങളും കണ്ടുപിടിച്ചു, മാകോമലാലോ എന്ന രാജ്യത്തും എത്തി. അവരുടെ പ്രവർത്തനങ്ങൾക്ക് അവിടെയും അടിമക്കച്ചവടം ഒരു വലിയ പ്രതിബന്ധമായിനിന്നു. ശിശുക്കളെയും യുവതികളെയും വൃദ്ധന്മാരെയും നകംവച്ചു, ഇരുമ്പു ചങ്ങലയിട്ടുപൂട്ടി, തെരുവിൽക്കൂടി ഉന്തിത്തള്ളിക്കൊണ്ടുപോകുന്ന കാഴ്ച സാധാരണമായിരുന്നു. ഇത്തരം ഹീനപ്രവൃത്തികളെ അമർച്ചചെയ്യുന്നതിന് ആ ധർമ്മതൽപ്പരൻ ആഗ്രഹിച്ചു. ഈ ശ്രമത്തിൽ തന്റെ കുടുംബിനിയും, കുഞ്ഞുങ്ങളും ആപത്തിൽ അകപ്പെടരുതെന്നുകരുതി, അവരെ ഇംഗ്ലണ്ടിലേയ്ക്കു അയച്ചു. അതിനുശേഷം ആ രാജ്യത്തിലെ പ്രധാനനഗരമായിരുന്ന ലിനിയാന്തിയിൽ അദ്ദേഹം താമസം ഉറപ്പിച്ചു് മതപ്രസംഗങ്ങൾവഴി അടിമക്കച്ചവടത്തോടു പൊരുതുന്നേക്കി. പക്ഷേ ഫലമൊന്നും ഉണ്ടായില്ല. തന്റെ ഉദ്ദേശം നിറവേറണമെങ്കിൽ സ്ഥിരമായ മിഷനറി സ്ഥാപനങ്ങൾ ആ ഇരുണ്ടടഞ്ഞ പ്രദേശങ്ങളിൽ

ഉണ്ടായിരുന്നേ മതിയാവൂ എന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനു് ആദ്യമേ വേണ്ടിയിരുന്നതു് കിഴക്കും പടിഞ്ഞാറും ഉള്ള സമുദ്രതീരങ്ങളിൽനിന്നും മിഷനറികൾക്കു് ആ ഉൾനാട്ടിലേയ്ക്കു കടന്നുവരുവാനുള്ള വഴികളായിരുന്നു. "ഒന്നുകിൽ ഇവിടെനിന്നു പടിഞ്ഞാറോട്ടും കിഴക്കോട്ടും സമുദ്രതീരത്തേയ്ക്കു് വഴികൾ ഞാൻ കണ്ടുപിടിക്കും; അല്ലെങ്കിൽ ആ ഉദ്യമത്തിൽ ഞാൻ മരിക്കും" എന്നു് അദ്ദേഹം ശപഥം ചെയ്തു.

ശപഥം ചെയ്യുവാൻ എളുപ്പംതന്നെ! പക്ഷേ നിറവേറുന്നതോ? അന്ധകാരവും അത്യാപത്തും നിറഞ്ഞ പർവ്വതപ്പുൽപ്പുകളിലും കൊടുമുടികളിലും കൂടിയാണു് സഞ്ചരിക്കേണ്ടിയിരുന്നതു്. ഭയാനകങ്ങളായ കാനനങ്ങളും, കടക്കാൻ പാടില്ലാത്ത ജലപാതങ്ങളും, ആകാശം മുട്ടിക്കിടക്കുന്ന കൊടുംപാറക്കെട്ടുകളും, ക്രൂരമൃഗങ്ങളും, രാക്ഷസതുല്യരായ കാട്ടുജാതിക്കാർ, മലമ്പനി, കൊടുംപട്ടിണി ഇങ്ങനെ എന്തെല്ലാം പ്രതിബന്ധങ്ങൾ! പക്ഷേ, മരണത്തേയും പ്രതിബന്ധങ്ങളെയും വെല്ലുവിളിച്ചുകൊണ്ടു് നാലു വർഷം ആ ഭൂഭാഗങ്ങളിൽ ഇഴഞ്ഞും നടന്നും ലിവിങ്സ്റ്റൻ തന്റെ ശപഥം നിറവേറ്റുകതന്നെ ചെയ്തു. ആഫ്രിക്കയുടെ മദ്ധ്യത്തിൽനിന്നും പശ്ചിമതീരത്തേയ്ക്കും പൂർവ്വതീരത്തേയ്ക്കും സഞ്ചരിച്ച ആദ്യത്തെ വെള്ളക്കാരനായിരുന്നു ലിവിങ്സ്റ്റൻ. അന്നേവരെ അറിഞ്ഞിട്ടില്ലാത്ത എത്ര സ്ഥലങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു! ഭൂമിശാസ്ത്രപരമായ എത്ര പുതിയ അറിവുകൾ അദ്ദേഹം സമ്പാദിച്ചു രേഖപ്പെടുത്തി!

പൂർവ്വതീരത്തേയ്ക്കുള്ള പര്യടനത്തിൽ ആയിരുന്ന അദ്ദേഹം സാംബസി നദിയിലുള്ള ജലപാതം കണ്ടുപിടി

ച്ചതു്. അതിനുമുമ്പു് തദ്ദേശവാസികൾക്കുപോലും അതിന്റെ സമീപത്തു ചെന്നുനിന്നു് ഒന്നു നോക്കുവാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. ലിവിങ്സ്റ്റൻ ആ വെള്ളച്ചാട്ടത്തിന്റെ സമീപത്തെത്തി. പവ്വതപ്പുൽപ്പുറ്റിൽക്കൂടി ആയിരം അടി വീതിയിൽ കവിഞ്ഞു് ഒഴുകി, നേരിയ ജലകണങ്ങൾ ധൂമപടലംപോലെ തല്ലിച്ചിതറി, താഴ്ചയിലേയ്ക്കു ഗർജ്ജിച്ചുകുതിക്കുന്ന ജലപാതത്തെ നോക്കിനിന്നു് അദ്ദേഹം വളരെനേരം ആനന്ദിച്ചു. "ഷോങ്വി" എന്നായിരുന്നു അതിന്റെ പഴയ പേരു്. ലിവിങ്സ്റ്റൻ അതിനു "വിക്ടോറിയ ഫാൾസ്" എന്നു പേരിട്ടു. വിക്ടോറിയാ മഹാരാജ്ഞിയെപ്പറ്റിയുള്ള സ്മരണയായിരുന്നു ആ പേരിട്ടതിനു കാരണം. ആ ജലപാതം കാണുവാൻ പിൽക്കാലത്തു് പല യൂറോപ്യന്മാരും അവിടെ ചെന്നിട്ടുണ്ടു്. ഒരു പക്ഷേ ആസന്നഭാവിയിൽ ആ ജലപാതം അമേരിക്കയിലെ നയാഗ്രാ ജലപാതത്തെക്കാൾ കൂടുതൽ ഉപകാരപ്രദമായിത്തീരാവുന്നതാണു്.

ഇതിനകം ലിവിങ്സ്റ്റന്റെ കീർത്തി യൂറോപ്പിലെങ്ങും വ്യാപിച്ചു. ഇംഗ്ലണ്ടിലെയും സ്കോട്ട്ലണ്ടിലെയും ആളുകളെല്ലാം അദ്ദേഹത്തെ ഒന്നു കാണുവാൻ കൊതിച്ചു. അധികം താമസിയാതെ അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്നുചേർന്നു. അനേകം സ്ഥാനമാനങ്ങളും ധാരാളം ധനവും അദ്ദേഹത്തിനു ലഭിച്ചു. പക്ഷേ അതൊന്നുമല്ലായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ആഫ്രിക്കയുടെ ഉൽക്കർഷത്തിനുവേണ്ടിയുള്ള അദ്ധ്വാനമായിരുന്നു, സ്വദേശത്തെ വിവിധ സുഖങ്ങളെക്കാളും അദ്ദേഹത്തിനു് അധികം ഇഷ്ടപ്പെട്ടതു്. അതിനാൽ വീണ്ടും അദ്ദേഹം പത്നിയുമൊന്നിച്ചു് ആഫ്രിക്കയിലേയ്ക്കു പോന്നു.

നാലഞ്ചുകൊല്ലം അവർ ആഫ്രിക്കയുടെ മദ്ധ്യപ്രദേശങ്ങളിൽത്തന്നെ സഞ്ചരിച്ചു. ആ ഘട്ടത്തിലാണ് മർച്ചീസൺ ജലപാതവും, ന്യാസാ, ഷെർവി എന്നീ തടാകങ്ങളും കണ്ടുപിടിച്ചതു്. പിന്നീടു് അവർ സാംബസി നദിയുടെ പതനസ്ഥലത്തുനിന്നു് ഉൾനാട്ടിലേയ്ക്കു പര്യടനം നടത്തി. ആ യാത്രയിലുണ്ടായ അത്യാഹിതങ്ങൾക്കു് കൈയും കണക്കും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സഹധർമ്മിണി മലമ്പനിമൂലം മൃതിയടഞ്ഞു. പല അനുചരന്മാരും മൃത്യുവിനു് ഇരയായി. എന്നാൽ ഇതിനെക്കാളെല്ലാം അദ്ദേഹത്തെ ദുഃഖിപ്പിച്ചതു് ആ പ്രദേശങ്ങളിലെ അടിമക്കച്ചവടത്തിന്റെ ഭീകരത ആയിരുന്നു. നോക്കുന്നിടത്തെല്ലാം തലയോട്ടിക്കൂമ്പാരങ്ങൾ; അസ്ഥികൂടങ്ങൾ; ചീഞ്ഞതും അല്ലാത്തതും ആയ ശവശരീരങ്ങൾ! ഈ കാഴ്ചകൾ ആ മിഷനറിയെ കലിതുള്ളിച്ചു. അദ്ദേഹം അടിമവ്യാപാരികളെ ശക്തിപൂർവ്വം എതിർത്തു. അവർ കയർത്തു് അദ്ദേഹത്തെ കൊല്ലുവാൻ തക്കംനോക്കി. ഈ വാർത്ത ഇംഗ്ലണ്ടിൽ അറിഞ്ഞു. അടിമക്കച്ചവടക്കാരിൽ പ്രധാനികൾ പോർട്ടുഗീസുകാർ ആയിരുന്നതുകൊണ്ടും, അവരെ പിണക്കുന്നതു് ആ ഘട്ടത്തിൽ ബുദ്ധിപൂർവമല്ലെന്നു തോന്നിയതുകൊണ്ടും ബ്രിട്ടീഷ് ഗവണ്മെൻറ് അദ്ദേഹത്തെ ഉടനെ തിരിയെ വിളിച്ചു. അതു് ആ മനുഷ്യസ്നേഹിക്കു് സന്തോഷകരമായിരുന്നില്ല. എന്നാൽ പരിതഃസ്ഥിതികൾ അനുകൂലമല്ലാതിരുന്നതുകൊണ്ടു് അദ്ദേഹത്തിനു് ആഫ്രിക്ക വിടേണ്ടിവന്നു.

ഒരു കൊല്ലത്തിനകം ലിവിങ്സ്റ്റൻ വീണ്ടും ആഫ്രിക്കയിലേയ്ക്കു വന്നു. അവിടെ രണ്ടുകൊല്ലം സഞ്ചരിച്ചു് തങ്കനൈക്കാ, മീറെ, ബാംഗ്വിലോ എന്നീ തടാകങ്ങളും

കോംഗോനദീതടവും കണ്ടുപിടിച്ചു. ഒരു നീഗ്രോ അടിമത്തെ കൊന്നുകളഞ്ഞു എന്നൊരു വാർത്ത ഇതിനിടയിൽ യൂറോപ്പിലെങ്ങും പരന്നു. അതനുസരിച്ചു് ശരിയായ വിവരങ്ങൾ അന്വേഷിച്ചറിയുവാൻ അമേരിക്കയിൽ നിന്നും സ്റ്റാൻലി എന്ന ദേശസഞ്ചാരി പുറപ്പെട്ടു.

ലിവിങ്സ്റ്റൻ തങ്കനൈക്കാ തടാകത്തിന്റെ ചുറ്റുപാടും മലകളിലും കൊടുങ്കാടുകളിലും സഞ്ചരിക്കുകയായിരുന്നു. പട്ടിണികൊണ്ടും രോഗംകൊണ്ടും അദ്ദേഹം അസ്ഥിമാത്രനായിത്തീർന്നിരുന്നു. എഴുന്നേറ്റു നടക്കുവാൻപോലും കഴിഞ്ഞിരുന്നില്ല. അനുചരന്മാർ എടുത്തും പിടിച്ചും അദ്ദേഹത്തെ ഉജിജി എന്ന ഗ്രാമത്തിൽ എത്തിച്ചു. അവിടെവച്ചു് അവശത വർദ്ധിച്ചു. തന്റെ ഉദ്ദേശ്യം പൂർണ്ണമായി ഫലിച്ചില്ലല്ലോ എന്നോർത്തു് അദ്ദേഹം വ്യസനിച്ചു. കൊല്ലം അഞ്ചുകഴിഞ്ഞിരുന്നു, വീട്ടിൽനിന്നോ നാട്ടിൽനിന്നോ എന്തെങ്കിലും വർത്തമാനം അറിഞ്ഞിട്ടു്; ഒരു വെള്ളക്കാരനെ എങ്കിലും കണ്ടിട്ടു്. ആ വിചാരവും അദ്ദേഹത്തെ അത്യധികം ദുഃഖിപ്പിച്ചു. ഒരു ദിവസം പ്രഭാതത്തിൽ അനുചരന്മാരിൽ ഒരാൾ ഓടിവന്നു് അദ്ദേഹത്തോടു പറഞ്ഞു:—"ഒരു വെള്ളക്കാരൻ! വെള്ളക്കാരൻ!—അതാ ഇങ്ങോട്ടു വരുന്നു."

സ്റ്റാൻലി ആയിരുന്നു ആ ആഗതൻ. എത്ര എത്ര സ്ഥലങ്ങളിൽ ലിവിങ്സ്റ്റനെ തേടി ഇദ്ദേഹം സഞ്ചരിച്ചു! എത്രവട്ടം മലമ്പനി പിടിച്ചു് മരണത്തിന്റെ വായിൽ കൂടഞ്ഞു! എങ്കിലും ഇപ്പോൾ ദൈവഗത്യാ തന്റെ യാത്രോദ്ദേശ്യം സഫലമായി. അപൂർവ്വനു് ഇരയായിത്തീർന്ന കരുതിയിരുന്ന ലിവിങ്സ്റ്റൻ ഇതാ തന്നെ കെട്ടിപ്പുണരുന്നു!!

ലിവിങ്സ്റ്റന്റെ അവശതനീങ്ങി. സ്റ്റാൻലിയോടൊരുമിച്ച് അദ്ദേഹം പല സ്ഥലങ്ങളിലും സഞ്ചരിച്ചു. അങ്ങനെ നാലുമാസം കഴിഞ്ഞു. അപ്പോഴേയ്ക്കും അവർ രണ്ടുപേരും വളരെ ക്ഷീണിച്ചു. ഉടനെ ഇംഗ്ലണ്ടിലേയ്ക്കു മടങ്ങുന്നതാണുത്തമം എന്ന് സ്റ്റാൻലി ഉണർത്തിച്ചു. എന്നാൽ ഉദ്ദിഷ്ടകാര്യം സാധിക്കാതെ താൻ മടങ്ങുന്നതല്ലെന്ന് ലിവിങ്സ്റ്റൻ തീർത്തുപറഞ്ഞു. അതിനാൽ സ്റ്റാൻലി തനിയെ തിരിച്ചുപോകേണ്ടിവന്നു.

അനാരോഗ്യം ഗണിക്കാതെ ലിവിങ്സ്റ്റൻ നൈൽ നദിയുടെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കാൻതന്നെ ഒരുമ്പെട്ടു. ആ പര്യടനം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. എന്നാൽ ചിതാംബോ ഗ്രാമത്തിൽ എത്തിയപ്പോഴേയ്ക്കും ക്ഷീണവും രോഗവും പൂർവാധികം വർദ്ധിച്ചു. അനുചരന്മാർ ഒരു കുടിൽ ഉണ്ടാക്കി അദ്ദേഹത്തെ അവിടെ കിടത്തി ശുശ്രൂഷിച്ചു. പക്ഷേ അവശത പ്രതിനിമിഷം വർദ്ധിച്ചുവന്നതേ ഉള്ളൂ. മൂന്നാലുദിവസം കഴിഞ്ഞു. അഞ്ചാംദിവസം രാത്രിയിൽ രോഗത്തിനു് അല്പം കുറവുള്ളതുപോലെ തോന്നി. അതുകൊണ്ടു് ഭൃത്യന്മാരെല്ലാം ഓരോ മൂലയിൽ പോയിക്കിടന്നുറങ്ങി. വെളുപ്പാൻകാലത്തു നാലുമണിക്കു് അവർ ഉണർന്നു് രോഗി കിടന്നിടത്തേയ്ക്കു ചെന്നു, അവിടെ ഒരു മെഴുകുതിരി മങ്ങിക്കത്തുന്നുണ്ടായിരുന്നു. അവർ കട്ടിലിൽ നോക്കി; യജമാനനെ കണ്ടില്ല. അദ്ദേഹം കട്ടിലിനരികത്തു തറയിൽ മുട്ടുകുത്തി കൈകുമ്പിൾകൊണ്ടു മുഖംമറച്ചു കമിഴ്ന്നുകിടന്നിരുന്നു. പ്രാർത്ഥിക്കയായിരിക്കുമെന്നു കരുതി അവർ വിളിച്ചില്ല. അല്പനേരം കാത്തുനിന്നു, അനക്കമില്ല. അവരിൽ ഒരാൾ അദ്ദേഹത്തിന്റെ

ശരീരത്തിൽ തൊട്ടുനോക്കി. ഹാ! ആകെ തണുത്തുപോയിരുന്നു; ആ മഹാന്റെ ആത്മാവു ദേവലോകത്തേയ്ക്കു പറന്നുപോയ് രുന്നു.

ലിവിങ്സ്റ്റന്റെ അനുചർന്മാർ അപരിഷ്കൃതരായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മഹാത്മ്യം ഏതാണ്ടു ഗ്രഹിക്കുവാൻ തക്ക ബുദ്ധിയുള്ളവരായിരുന്നു. ആ അവശിഷ്ടവും സഞ്ചാരക്കുറിപ്പുകളും വിലയുള്ളവയാണെന്നു് അവർക്കു തോന്നി. അവരുടെകൊല്ലത്തെ ജീവിതത്തിൽ പ്രകൃതിയും ആഫ്രിക്കയ്ക്കുവേണ്ടി ചെലവാക്കിയ ആ സഞ്ചാരിയുടെ ഹൃദയം അവർ ശസ്ത്രക്രിയ ചെയ്തെടുത്തു് അവിടെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നിക്ഷേപിച്ചു. മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശി ഉണക്കി. അതു് ഒരുതരം മരവുരിയിൽ ഭദ്രമായിക്കെട്ടി, ഏതോ വിക്രയസാധനമെന്ന ഭാവത്തിൽ തോളിൽ ചുമന്നുംകൊണ്ടു്, കാട്ടുംമേട്ടും താണ്ടി, ഒൻപതു മാസം കഷ്ടപ്പെട്ടു് അവർ പൂവ്വതീരത്തുള്ള സാൻസിബാർ തുറമുഖത്തു് കൊണ്ടുവന്നു. അവിടെനിന്നും അതു് ഇംഗ്ലണ്ടിലേയ്ക്കു് അയച്ചു. ഇംഗ്ലണ്ടിൽ വിശ്രുതന്മാരെ സംസ്കരിക്കുന്ന വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിലെ ശ്മശാനത്തിൽ ആ ശവശരീരം ആഘോഷപൂർവ്വം സംസ്കരിക്കപ്പെട്ടു.

രാജ്യാന്വേഷണതൽപരനും ധർമ്മപ്രചാരകനും ആയിരുന്ന ഡേവിഡു് ലിവിങ്സ്റ്റൻ ഇങ്ങനെ മൺമറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ കീർത്തി കാലപ്രവാഹത്തെയും ജയിച്ചുകൊണ്ടു നിലനിന്നുപോരുന്നു. തമോവൃതഭൂഖണ്ഡത്തിന്റെ മുക്കും മൂലയും വെളിച്ചത്തു കൊണ്ടുവരുന്നതിനും, അവിടത്തെ ജനങ്ങളെ സംസ്കാരസമ്പന്നരാക്കുന്നതിനും വേണ്ടി അദ്ദേഹം ചെയ്തതാണ്ടോ ലോകം എങ്ങനെ

വിസ്മരിക്കും? അദ്ദേഹത്തിന്റെ ഉത്സാഹശീലവും സ്വാർത്ഥത്യാഗവും ധർമ്മതൽപ്പരതയും കർമ്മശൂരതയും ജീവിതവിശുദ്ധിയും എക്കാലത്തും അനുകരണയോഗ്യങ്ങൾതന്നെ.

———

പാഠം 24

സഹകരണം

നാം ഒരു കൃത്യം ചെയ്യാൻ ഒരുമ്പെട്ടാൽ അതിന്റെ ശരിയായ നിർവ്വഹണം തന്നെ പ്രധാനമായി കരുതണം. അങ്ങനെ ആ കൃത്യം നിർവ്വഹിച്ചുകഴിയുമ്പോൾ നമുക്ക് കൃതാർത്ഥതയുണ്ടാകും. അന്യരുടെ അഭിനന്ദനത്തിനു നാം പാത്രമായേയ്ക്കാം. എന്നാൽ ചിലപ്പോൾ കൃത്യത്തെയല്ല പ്രധാനമായി കരുതുന്നതു്. നമുക്കു നമ്മുടെ സാമർത്ഥ്യം മുഴുവൻ പ്രകടിപ്പിക്കണമെന്നും അന്യരെ വിസ്മയിപ്പിക്കണമെന്നും ഉള്ള ആഗ്രഹവും കടന്നുകൂടിയേയ്ക്കും. ആ ആഗ്രഹം നാം വളരെ സൂക്ഷിച്ചു കണ്ടുപിടിച്ചു ദൂരീകരിക്കേണ്ടതാണു്. ഒന്നാമതായി അങ്ങനെ ഒരു ആഗ്രഹം നന്നല്ല. രണ്ടാമതു് നാം ഏർപ്പെട്ടുന്ന കൃത്യങ്ങളിൽ അപൂർവ്വം ചിലതൊഴിച്ചു മറ്റെല്ലാത്തിന്റെയും നിർവ്വഹണത്തിനു് അത്തരത്തിലുള്ള മനഃസ്ഥിതി ബാധകമായിത്തീരുകയും ചെയ്യും. ഒറ്റയ്ക്കു നിന്നു ടെന്നീസ്സു കളിക്കുമ്പോഴോ മറ്റോ ആ മനഃസ്ഥിതിയുടെ ദോഷഫലം പക്ഷേ നമുക്കു് അനുഭവപ്പെട്ടില്ലെന്നുവരാം. എന്നാൽ ലോകത്തിൽ നാം ഉൾപ്പെട്ടുന്ന കളികളാകട്ടെ കായ്ങ്ങളാകട്ടെ മിക്കവാറും ഒറ്റയ്ക്കു സാധിക്കാവുന്നവയല്ല.

കൂടെ ആളുകൾ ഒരു വള്ളത്തിൽ കയറി തണ്ടുപിടിച്ചു പോകയാണെന്നു വിചാരിക്കുക. ശക്തിയുടെയും അഭ്യാസത്തിന്റെയും കൂടുതൽ കുറവുകൊണ്ടു് തണ്ടു പിടിക്കുന്നവർ പല തരക്കാരായിരിക്കും. അവരെല്ലാപേരും ആകാംക്ഷിക്കുന്ന ക്രമത്തിൽ തണ്ടുപിടിച്ചു പോകയാണെങ്കിൽ വള്ളത്തിന്റെ ഗതി സുഖകരമായിരിക്കും. എന്നാൽ അവരിൽ ബലിഷ്ഠനായ ഒരാൾ ശക്തി പ്രകടിപ്പിക്കുവാനുള്ള മോഹത്താൽ ഊക്കോടുകൂടി ആഞ്ഞുപിടിക്കുകയാണെങ്കിൽ വള്ളത്തിൽ യാത്രചെയ്യുന്ന എല്ലാവർക്കും ഭയങ്കരമായ അപകടം പറ്റി എന്നുവരാം. ഫുട്ബാൾ പന്തയങ്ങളിൽ ചിലപ്പോൾ അനേകം നല്ല കളിക്കാരുള്ള വശം തോല്പിക്കുകയും സാമാന്യക്കാർ മാത്രമുള്ള വശം ജയിക്കുകയും ചെയ്യുന്നതു് നാം കാണാറുണ്ടു്. അവരുടെ കളി ശ്രദ്ധിച്ചാൽ തോൽവിയുടെ രഹസ്യം വെളിപ്പെടും. ആദ്യം പ്രബലപക്ഷത്തിലെ സമർത്ഥനായ ഒരു മുമ്പൻ (Forward) പന്തു് കൈവശപ്പെടുത്തി മറുവശത്തേയ്ക്കു വിട്ടുകൊടുക്കാതെ വളരെനേരം ഇടഞ്ഞുകൊണ്ടുപോകുന്നു. ക്രമേണ ക്ഷീണിക്കുമ്പോൾ ഇനി തന്റെ വശത്തു് ആ പന്തു സുരക്ഷിതമായിരിക്കുമോ എന്നു് അയാൾക്കു് സന്ദേഹം തോന്നുന്നു. സപക്ഷത്തിൽ ഒരുവനു് പന്തു വിട്ടുകൊടുക്കുകയാണു് അയാൾ അപ്പോൾ ചെയ്യേണ്ടതു്. എന്നാൽ വിജയം നേടുന്നതു് താൻതന്നെ വേണം എന്നുള്ള ദുരാഗ്രഹം നിമിത്തം അയാൾ കൂട്ടുകാരനു് പന്തു വിട്ടുകൊടുക്കാതെ വീണ്ടും തന്നെത്താൻ മുമ്പോട്ടു കൊണ്ടുപോകുന്നു. അപ്പോൾ മറുവശക്കാർ എളുപ്പത്തിൽ അതു് അയാളിൽനിന്നു തട്ടിയെടുക്കുന്നു. സമർത്ഥന്മാർ പലരും ഉള്ള അയാളുടെ പക്ഷം മുഴുവൻ പരാജയപ്പെടുകയും ചെയ്യുന്നു.

ഇതുയുംകൊണ്ട് ഒരു കൃത്യത്തിലുംപ്പെടുന്നവർ ഓരോരുത്തരും കൃത്യത്തെ പ്രധാനമായി ഗണിച്ച് പരസ്പരം സഹകരണബുദ്ധിയോടുകൂടി പ്രവർത്തിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു. കളികളിൽ എന്നപോലെതന്നെ ഗൃഹജീവിതത്തിലും പൗരജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും സഹപ്രധാനമായി വേണ്ടതു് ഈ സഹാർത്ഥഭാവവും സംയുക്തപ്രവർത്തനവും ആണു്.

ഒരു രാജ്യത്തിലെ ഭരണകർത്താക്കൾ അല്ലെങ്കിൽ ഒരു നഗരസഭയിലെ അംഗങ്ങൾ പരസ്പരം മേന്മ ഭാവിച്ചു മല്ലിട്ടുകൊണ്ടിരുന്നാൽ ആ രാജ്യത്തിന്റെ അല്ലെങ്കിൽ നഗരത്തിന്റെ അവസ്ഥ എത്രയും ശോചനീയമായിത്തീരും. പല നഗരങ്ങളുടെയും ഭരണം ഇങ്ങനെ അലങ്കോലപ്പെട്ടുകാണാറുണ്ടു്. നഗരസഭാസമ്മേളനത്തിൽ ഒരാൾ ഒരു പ്രമേയം കൊണ്ടുവരുന്നു എന്നു വിചാരിക്കുക നഗരത്തിനു് ഏറ്റവും ആവശ്യമുള്ള ഒരു കാര്യം അനുവദിക്കണമെന്നായിരിക്കും ആ പ്രമേയം. ഉദാഹരണമായി സാംക്രമിക രോഗപീഡിതരെ ശീഘ്രമായും ഉലച്ചിൽ കൂടാതെയും സങ്കേതസ്ഥലത്തേയ്ക്കു കൊണ്ടുപോകുവാൻ ഒരു ആംബുലൻസുകാർ വേണം എന്നൊരു പ്രമേയമാണു് അവതരിപ്പിക്കുന്നതു് എന്നിരിക്കട്ടെ. നഗരത്തിന്റെ ധനസ്ഥിതിക്കു് അതു ഭാരമുണ്ടാക്കുവാനും സാധ്യതയുണ്ടു്. എന്നാൽ പ്രമേയം അവതരിപ്പിച്ച ആൾ സപക്ഷനോ വിപക്ഷനോ എന്നു മാത്രമേ ഉറ്റുനോക്കുന്നുള്ളൂ. ആംബുലൻസുകാർ വേണ്ടെന്നു് ഭൂരിപക്ഷക്കാർ തീർച്ചപ്പെടുത്തുകയും ചെയ്യുന്നു. തന്നിമിത്തം എത്രയോ സാധുക്കൾക്കു് ദുസ്സഹമായ ക്ലേശവും പലപ്പോഴും അകാലമൃത്യുവും സംഭവിക്കുന്നു. ഇങ്ങനെയാണു് ചിലപ്പോൾ പൊതുനന്മ സ്വാർത്ഥപരതയ്ക്കു അടിമപ്പെട്ടു

പോകുന്നതു്. ത്യാഗവും സഹകരണവും ഒരിക്കലും ശീലിക്കാൻ ഇടവന്നിട്ടില്ലെന്നുള്ളതാണു് ഈ മാതിരി സഭകളിലെ അംഗങ്ങൾക്കുള്ള ന്യൂനത. അവർ കുട്ടികളായിരുന്നപ്പോൾ പന്തയത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ മുൻപറഞ്ഞ മുമ്പനെപ്പോലെ തങ്ങൾ നിന്നു കളിച്ചു വശംകെടുത്തി തോൽപിച്ചു വരുത്തിയിരിക്കും എന്നതന്നെ ഊഹിക്കണം. അഥവാ അവരവർക്കു പ്രാമാണ്യം ഇല്ലെന്നു വച്ചു്, പലരും ഏകോപിച്ചു സാധിക്കേണ്ട സമാരംഭങ്ങളോടതന്നെ ഇക്കൂട്ടർ അവജ്ഞാഭാവിച്ചു് അവയിൽ ഒന്നും ഉൾപ്പെടാതെ മാറിനിന്നിരുന്നു എന്നും വിചാരിക്കാവുന്നതാണു്.

നമ്മുടെ കുട്ടികാർ ഉൾപ്പെടുന്ന കളികളിലും കായ്ക്കളിലും നാം പങ്കുകൊള്ളണം. ഫുട്ബാൾ മുതലായ കളികൾ, നാടകാഭിനയം, സ്കൗട്ടിംഗ്, വിനോദയാത്രകൾ ഇവയിലെല്ലാം കൂട്ടുചേർന്നു പ്രവർത്തിക്കുക അത്യാവശ്യമാണു് ഇവയിൽ ഏർപ്പെട്ടു് ഇവ സംബന്ധിച്ചുള്ള ചില്ലറ സംശതികളിൽക്കൂടി സ്വാർത്ഥങ്ങളെ ഒക്കെ പിൻനിറുത്തി, പൊതുനന്മയ്ക്കും മറ്റുള്ളവരുടെ തൃപ്തിയ്ക്കും വേണ്ടുംവണ്ണം വഴങ്ങി പ്രവർത്തിക്കുവാൻ തയ്യാറാവണം. ഇതാണു് സഹകരണമനഃസ്ഥിതി.

ഒരു നാടകം അഭിനയിക്കുന്നു എന്നു വയ്ക്കുക. നടന്മാർ അവരവരുടെ ഭാഗം നല്ലവണ്ണം പഠിച്ചിട്ടുണ്ടെങ്കിലും പരസ്പരം പൊരുത്തം വരുത്തിയില്ലെങ്കിൽ അഭിനയം വിജയകരമാവുകയില്ല. അഭിനയമെല്ലാം താൻ സമയത്തു നടത്തിക്കൊള്ളാം എന്നു പറഞ്ഞു് പരിശീലനസമയത്തു് ഹാജരാകാതെ നാടകം മുഴുവൻ അലങ്കോലപ്പെടുത്തുന്നവർ പലരും ഉണ്ടു്. ചെറുപ്പത്തിൽ ഇങ്ങനെ പെരുമാറി ശീലിക്കുന്നവർ

ദൈവിജീവിതത്തിലെ ഗൗരവമേറിയ കൃത്യങ്ങളിലും അതേ രീതിയിൽ പ്രവർത്തിക്കുമെന്നതന്നെ അനുമാനിക്കണം. ഭടന്മാർക്ക് ഡ്രിൽ നിത്യാപേക്ഷിതമായി വച്ചിരിക്കുന്നതു് ഒന്നുചേർന്നു പ്രവർത്തിക്കുവാനുള്ളശീലം വിട്ടുപോകാതിരിക്കാനാണു്. രണ്ടായിരത്തിമുന്നൂറു വർഷങ്ങൾക്കുമുമ്പു് അലക്സാണ്ഡരുടെ ആക്രമണം മുതൽ അടുത്ത കാലത്തു് ബ്രിട്ടീഷ് ഗവണ്മെൻറിൻെറ സമാധാനപരമായ ഭരണം സ്ഥാപിതമായ ദിവസംവരെ ഇൻഡ്യയിൽ നടന്നിട്ടുള്ള യുദ്ധങ്ങളിൽനിന്നു് മേൽപ്പറഞ്ഞ പരിശീലനത്തിൻെറ മേന്മയ്ക്കും അതില്ലാഞ്ഞാലുള്ള ദോഷത്തിനും ഉദാഹരണങ്ങൾ വ്യക്തമായി ഗ്രഹിക്കാവുന്നതാണു്.

നിത്യവും നമ്മുടെ ചുറ്റും നടക്കുന്ന നിസ്സാരങ്ങളായ സംഭവങ്ങളിൽ ചിലതു നോക്കുക. ഒരു നാടകശാലയിലെ പ്രവേശനദ്വാരമോ റേയിൽവേസ്റ്റേഷനിലെ ടിക്കറ്റു കിളിവാതലോ തുറക്കുന്ന സമയത്തു് എന്തു തിക്കും തിരക്കും ബഹളവും ആണു കാണുന്നതു്! അശക്തന്മാർക്കു് പലപ്പോഴും അപകടം പറ്റാറുണ്ടു്. ചിലപ്പോൾ ടിക്കറ്റിനു് ഒരാൾ പണം കൊടുക്കും, മറ്റൊരാൾക്കു് ടിക്കറ്റു കിട്ടും; ചില്ലറ ചക്രം വല്ലതും ഉണ്ടെങ്കിൽ അതു് മൂന്നാമതൊരാളിനും. ഇംഗ്ലണ്ടിലെ ഒരു നാടകശാലയിലോ, ടിക്കറ്റു വില്ലന സ്ഥലത്തോ ഈ ബഹളമൊന്നും ഇല്ല. ആദ്യമായി വരുന്ന ആൾ മുമ്പേ നിൽക്കും. പിന്നീടു പിന്നീടു വരുന്നവർ പിമ്പുപിമ്പായി നിന്നുകൊള്ളും. ചിലപ്പോൾ ഈ മനുഷ്യശൃംഖല ഒരു ഫർലാങ്ങ് ദൂരം നീണ്ടുകാണാം. എന്നാൽ ആരും തന്നെ അക്ഷമ കാണിച്ചു മുമ്പോട്ടു കുതിക്കാറില്ല. നമുക്കാകട്ടെ അന്യന്മാർക്കു നേരിടുന്ന സാരമായ അസുഖം ഒരാൾപോലും രണ്ടു മിന്നിട്ടിനു മുമ്പു് ടിക്കറ്റു കിട്ടണ

മെന്നുള്ള നിസ്സാരമായ സ്വാർത്ഥം വെടിയുവാൻ മനസ്സുണ്ടാകുന്നില്ല. മനുഷ്യർക്ക് സമുദായമായിട്ടല്ലാതെ ജീവിക്കുവാൻ കഴികയില്ല. പരിഷ്കൃതരായ മനുഷ്യരുടെ പ്രവൃത്തികളിൽ പ്രായേണ പലരുംചേർന്നു ചെയ്യേണ്ടതും ആണ്. അതു കൊണ്ട് സഹകരണബുദ്ധിയും സംയുക്തപ്രവർത്തനത്തിലുള്ള പരിശീലനവും നാം ചെറുപ്പത്തിൽത്തന്നെ പരിപൂർണ്ണമായി സമ്പാദിക്കേണ്ടതാണ്.

പാഠം 25

കാലനില്ലാത്ത കാലം

മിത്രപുത്രൻ ധർമ്മരാജൻ സത്രമൊന്നു സമാരംഭി-
ച്ചുത്രനാളുണ്ടവൻ ദീക്ഷിച്ചുത്രതന്നെ വസിക്കുന്നു.
ധാത്രിവാസിജനങ്ങൾക്കു മരണവും നാസ്തിയായി
പാർത്തുകണ്ടാലെത്രകഷ്ടം കാലനേതും കൂട്ടമില്ല.
സത്രശാലയ്ക്കകംപുക്കു യാഗവും ചെയ്തിരിക്കുന്നു
പത്തുനൂറായിരം വർഷമിപ്രകാരം ധർമ്മരാജൻ.
വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊഴിവതിനേതും കുഴിവില്ല കാലനില്ല!
മുത്തച്ഛൻ മുതുക്കനെന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീല.
അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു, അപ്പൂപ്പനവർക്കുണ്ട്.
കുഞ്ഞിക്ക വകയില്ല വീടുകളിലൊരേടത്തും
കുന്നുണ്ടാക്കെട്ടുപത്തു പറയർ കൊണ്ടുപോരാ.

പത്തുനൂറു പറ വച്ചാൽ മുതുക്കന്മാക്കുകൊണ്ട–
ങ്ങതുമാത്രം രണ്ടുപറവിളമ്പുമ്പോളെല്ലുമെല്ലാം.
പത്തുകോടിജനമുണ്ടു പല്ലുപോയിട്ടൊരു വീട്ടിൽ
കുത്തിവച്ച പാവപോലെ തിങ്ങിവിങ്ങിക്കിടക്കുന്നു.
കണ്ണിലെപ്പോളകൊണ്ടുപോലും നരച്ചുള്ള നരന്മാക്ക–
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലയെണ്ണം
കണ്ണുകാണാത്തവർ പിന്നെ കാതുകേളാത്തവർ പിന്നെ
കിണ്ണനേക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ടു്.
അസ്ഥിയല്ലാതൊരുവസ്തു ശരീരത്തിലവക്കില്ല
ദുഃസ്ഥിതിയ്ക്കും കുറവില്ല ദുസ്സ്ഥിലയ്ക്കും കുറവില്ല.
പത്തുനാൾ ഭക്ഷിയാത്തതാലും ചത്തുപോമെന്നതുമില്ല.
പത്തനങ്ങൾക്കിടംപോരാഞ്ഞെത്രദുഃഖം മനുഷ്യർക്കു്.
ഉന്നതത്തിൽ കിടക്കുന്നോരുരുണ്ടു പാറമേൽ വീഴും
ഭിന്നമാകുന്നതുനേരം മസ്തകം ഹസ്തവും കാലും.
ഒന്നരണ്ടല്ലൊരുലക്ഷം മുതുക്കന്മാർ പതിക്കുന്നു.
ഒന്നുകൊണ്ടും പ്രാണനാശം വരുന്നീലിനൊരുത്തക്കും
ഉള്ളതിൽ സങ്കടമോത്താൽ നാടുവാഴിപ്രളയക്കിടക്കു്.
കള്ളനെക്കൊല്ലുവാൻമേലാ പെട്ടിയാൽ ചാകയില്ലേതും
ഉള്ളവസ്തുക്കളെപ്പോരും കട്ടതിന്മാനൊരുക്കൂട്ടം
തള്ളലോടെ നടക്കുന്ന തെല്ലുപേടിയവക്കില്ല.
രാജധാനിക്കകംപുക്കു രാജഭണ്ഡാരവും കട്ട
വ്യാജമെന്യേ പകൽക്കൂടെ തസ്കരന്മാർ നടക്കുന്നു.
രാജശിക്ഷ കുറഞ്ഞപ്പോൾ അമ്പലത്തിൽ പൂജമുട്ടി;
പൂജകൊണ്ടു പുറംമാറിത്തിരിച്ചു എമ്പ്രാന്മാരും.
മന്ത്രികൾക്കു തമ്പുരാനെപ്പേടിയില്ല തുടങ്ങോളം;
മന്ത്രികളെ പ്രജകൾക്കും ശങ്കയില്ല മനക്കാമ്പിൽ.

അന്തമില്ലാ ഒരാചാരം മുഴുത്തു ഭൂമിയിലെല്ലാം
അന്തകന്റെ യാഗമിപ്പോളനന്തമായൊക്കെമൂലം
അന്തണന്ന് യാഗമില്ല, കർമ്മമില്ല, ധർമ്മമില്ല,
ശാന്തി ചെയ്യാൻ ക്ഷേത്രമില്ല, ശാന്തരായിട്ടാരുമില്ല,
എന്തുപിന്നെ, നിനക്കിന്നാഹ്ലാകൃതിക്കാക്കൊത്തവണ്ണം
ജന്തുധർമ്മത്തിനും പിന്നെ വ്യസനമില്ലെന്നായിവന്നു.

പഞ്ചേന്ദ്രോപാഖ്യാനം] [കുഞ്ചൻനമ്പ്യാർ.

പാഠം 26

നഗരവും ഗ്രാമവും

"ദൈവം നാട്ടിൻപുറവും, മനുഷ്യൻ നഗരവും നിർമ്മിച്ചു." ഈ ചൊല്ലിന്റെ അർത്ഥം വ്യക്തമാക്കാം. പൂർവകാലങ്ങളിൽ മനുഷ്യർ വനങ്ങളിലും, നദീതീരങ്ങളിലും, പർവതസാനുക്കളിലും പാർത്തിരുന്നു. കാട്ടിൽനിന്നു കിട്ടുന്ന ഫലമൂലങ്ങളും ഭക്ഷിച്ചും, അരുവികളിലും, നദികളിലും നിന്നു വെള്ളം കുടിച്ചും, മൃഗങ്ങളെ വേട്ടയാടി മാംസം ഭുജിച്ചും അവർ നിത്യവൃത്തി നിർവഹിച്ചുപോന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ കൃഷിചെയ്ത് ആഹാരസമ്പാദനം സാധിക്കേണ്ടിവന്നു. ജനപ്പെരുപ്പം നിമിത്തം ഒരിടം വിട്ട് മറെറാരിടത്തേയ്ക്കു പോകാനും വിഷമമായി. അപ്പോൾ അവർ കൂട്ടം കൂട്ടമായിപ്പിരിഞ്ഞ് ഓരോ പ്രത്യേക സ്ഥാനങ്ങളിൽ വസിച്ചുതുടങ്ങി. ക്രമേണ സാധനങ്ങൾ പരസ്പരം കൈമാറാം ചെയ്യേണ്ട ആവശ്യം നേരിടുകയും, വാണിജ്യം നടപ്പിൽവരുകയും ചെയ്തു.

വേനങ്ങളും നിർമ്മിക്കാനും, ആഹാരം കഴിക്കാനും, സമൂഹമായി ജീവിക്കാനുമുള്ള പരിതഃസ്ഥിതികളും ഉണ്ടായതോടുകൂടി മനുഷ്യർ പരിഷ്കാരത്തിലേയ്ക്കു കാലൂന്നി എന്നു പറയാം.

കാടുകളും നാടായി, സമതലങ്ങളും കൃഷിഭൂമികളായി, ചെറുകുടിലുകളുടെ സ്ഥാനത്തു നല്ല വീടുകളുണ്ടായി, പല വ്യക്തികളും ചേർന്നു സമൂഹങ്ങളായി. ഇങ്ങനെ അനേകായിരം കൊല്ലങ്ങളും കഴിഞ്ഞിട്ടാണെങ്കിലും എല്ലാ രാജ്യത്തും ജനസംഖ്യ അധികമായി ആളുകൾക്കു തിങ്ങിപ്പാർക്കേണ്ടിവന്നു. അങ്ങനെയാണു നഗരത്തിന്റെ ആവിർഭാവം. നഗരങ്ങളും വേനങ്ങളെക്കൊണ്ടു നിബിഡമായിരിക്കും. എന്നാൽ നാട്ടിൻപുറങ്ങളിലുള്ള വീടുകളും, ഒന്നിനൊന്നകലെയായിട്ടാണു നിലകൊള്ളുന്നതു്. ഇങ്ങനെ ദൂരസ്ഥിതങ്ങളായ വേനങ്ങളുടെ സംഘാതത്തെയാണു ഗ്രാമം എന്നു വിളിക്കുന്നതു്. നഗരത്തിൽ തിങ്ങിപ്പാർക്കുന്നവരെ നാഗരികന്മാർ എന്നും, ഗ്രാമത്തിൽ വസിക്കുന്നവരെ ഗ്രാമീണർ എന്നും തരം തിരിച്ചുപറയുന്നു.

ഗ്രാമങ്ങളിൽ വർത്തകം വാണിജ്യത്തിനോ, വ്യവസായത്തിനോ സൗകര്യമില്ല. നഗരങ്ങളിൽ അതിനു സാദ്ധ്യതയുണ്ടുതാനും. ഗ്രാമീണർ പ്രായേണ കൃഷിവൃത്തികൊണ്ടു ശാന്തമായി ഉപജീവിക്കുന്നവരാണു്. ഗ്രാമത്തിലെ വീടുകൾ സാധാരണ ചെറുതായിരിക്കും. ആർഭാടപ്രകടനം കൂടാതെ അവർ ഗ്രാമങ്ങളിൽ സൈരമായി ജീവിതം നയിക്കുന്നു. നേരേ മറിച്ചു് നഗരങ്ങളിൽ എല്ലായ്പ്പോഴും ഒരുവക ബഹളമാണു്.

നമ്മുടെ തിരുവിതാംകൂർ–കൊച്ചിയിലാണെങ്കിൽ തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, കോട്ടയം,

ആലപ്പുഴ, കൊച്ചി, എറണാകുളം, തൃശ്ശൂർ എന്നിങ്ങനെ ചില നഗരങ്ങളുണ്ട്. മദ്രാസ്, ബാംബേ, കൽക്കട്ട, അലഹബാദ്, മധുര മുതലായി പല മഹാനഗരങ്ങളും ഇൻഡ്യയിൽ സ്ഥിതിചെയ്യുന്നു. ലണ്ടൻ, പാരീസ്, ബെർലിൻ, ന്യൂയാക്ക് മുതലായ മഹാനഗരങ്ങളും വിദേശങ്ങളിലുണ്ട്. രാജ്യങ്ങളും തമ്മിൽ കച്ചവടം നടത്തുന്നതിനു നഗരങ്ങൾ വളരെ പ്രയോജനപ്പെടുന്നുണ്ട്. കടൽത്തീരത്തുള്ള നഗരങ്ങളും മുഖേനയാണ് കപ്പൽക്കച്ചവടം നടക്കുന്നതു്.

ഒരു നല്ല നഗരത്തിന്റെ ലക്ഷണങ്ങളും അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. ഓരോ വ്യക്തിയുടേയും ജീവിതം സുഖമായി നിർവഹിക്കാനുള്ള സൗകര്യം നഗരത്തിലുണ്ടായിരിക്കണം. ഇതിലേയ്ക്കു് ആദ്യമായി വേണ്ടതു് നല്ല ഭവനങ്ങളാണല്ലോ. ആരോഗ്യവർദ്ധനവിനുതകുന്ന രീതിയിൽ വേണം ഭവനങ്ങളും നിർമ്മിക്കാൻ. വിദ്യാഭ്യാസസ്ഥാപനങ്ങളും, വ്യവസായശാലകളും, കളിസ്ഥലങ്ങളും, സ്നാനഘട്ടങ്ങളും, അങ്ങാടികളും, ആശുപത്രികളും, വൈദ്യശാലകളും എന്നിങ്ങനെ പലതും ഉണ്ടെങ്കിലേ ഒരു നഗരം നല്ലതാണെന്നു പറയാവൂ. വിവിധമതക്കാർ നിവസിക്കുന്നതുകൊണ്ടു് നഗരങ്ങളിൽ ക്ഷേത്രങ്ങളും, പള്ളികളും, ശ്മശാനങ്ങളും ഉണ്ടായിരിക്കണം. ഇതിനെല്ലാം പുറമേ നീതിനിർവഹണത്തിനുള്ള കച്ചേരികളും, പബ്ലിക്കു് ആഫീസുകളും ഒരു നഗരത്തിനു് അത്യാവശ്യമാകുന്നു.

നഗരത്തിനു ബാഹ്യമായ ഒരഴകും വൃത്തിയും ഉണ്ടായിരിക്കണം. ജനങ്ങൾക്കു തോന്നുന്നതുപോലെ് ഭവനങ്ങളും, മറ്റു കെട്ടിടങ്ങളും നിർമ്മിച്ചാൽ നഗരത്തിനു സൗന്ദര്യം ഇല്ലാതായിത്തീരും. അതിനാൽ നഗരസംവിധാനം

ചെയ്യുന്ന ജോലി വിഷമമേറിയ ഒന്നാണ്. ആ ജോലി പ്രത്യേകസാമർത്ഥ്യമുള്ളവരെ വേണം ഏൽപ്പിക്കുവാൻ.

ഗ്രഹങ്ങൾ വൃത്തിയും വെടിപ്പും ഉള്ളവയും, കാറ്റും വെളിച്ചവും ധാരാളം പ്രവേശിക്കാൻ സൗകര്യം ലഭിക്കുന്നവയും ആയിരിക്കണം. വീട്ടുകാർക്കു ചുറ്റും തുറന്ന സ്ഥലം ഉണ്ടായിരിക്കേണ്ടതും അത്യാവശ്യമാണ്. പക്ഷേ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളിൽ ഇതത്ര എളുപ്പമല്ല. നഗരത്തിലെ റോഡുകൾക്കു് നല്ല വീതിയുണ്ടായിരിക്കണം. അല്ലെങ്കിൽ വാഹനങ്ങളുടെയും, ജനങ്ങളുടെയും, സുഖസഞ്ചാരത്തിനു് വിഘാതം സംഭവിക്കുന്നതിനും, അപകടങ്ങൾ പിണയുന്നതിനും ഇടവരും.

നഗരവാസികളുടെ ക്ഷേമത്തെ സംരക്ഷിപ്പാൻ മുനിസിപ്പാലിറ്റികൾ എന്ന പേരുള്ള നഗരസഭകൾ സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് മുനിസിപ്പാലിറ്റി ഭരിക്കുന്നതു്. നഗരത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി വേണ്ട നടപടികൾ കൈക്കൊള്ളാൻ മുനിസിപ്പാലിറ്റികൾക്കു് അധികാരമുണ്ട്. തിരുവിതാംകൂർ–കൊച്ചിയിലെ നഗരങ്ങളിലെല്ലാം ഇത്തരം സ്ഥാപനങ്ങളുള്ളതിനാൽ നഗരഭരണം ഒരുവിധം ഭംഗിയായി നടക്കുന്നുണ്ടെന്നു പറയാം. തിരുവനന്തപുരം നഗരത്തിൽ ഒന്നര ലക്ഷത്തിനുമേൽ ജനങ്ങൾ പാർക്കുന്നുണ്ട്. ഇവിടത്തെ നഗരഭരണം നടത്തുന്നതു് കാർപ്പൊറേഷൻ കൌൺസിലാണ്. കാർപ്പൊറേഷൻ എന്നാൽ മഹാനഗരം എന്നാണർത്ഥം. നമ്മുടെ സംസ്ഥാനത്തുള്ള മഹാനഗരം തിരുവനന്തപുരം മാത്രമാണ്.

നഗരവാസികളെല്ലാം സമ്പന്നന്മാരാണെന്നും, ഗ്രാമീണർ ദരിദ്രരാണെന്നും ധരിച്ചുകൂടാ. കൃഷികൊണ്ടു് നല്ല

സമ്പത്തുണ്ടാക്കിയ ഗ്രാമീണർ വളരെയുണ്ട്. പട്ടിണിയിൽ കഴിയുന്ന നഗരവാസികളും ഒട്ടും കുറവല്ല. വീഥികളും തോടും തെണ്ടിനടക്കുന്ന യാചകന്മാർ ഗ്രാമങ്ങളിലെക്കാളും നഗരങ്ങളിൽ വളരെക്കൂടും. ദരിദ്രർ സാധാരണ ഒന്നിച്ചു ചേർന്നായിരിക്കും താമസിക്കുന്നതു്. അവരുടെ വാസസ്ഥാനങ്ങളും അശുചിയുടേയും അനാരോഗ്യത്തിന്റേയും സങ്കേതങ്ങളുമായിരിക്കും. യാചകന്മാർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ സംക്രമികരോഗങ്ങളും പടർന്നുപിടിക്കാറുണ്ടു്. മസൂരി, വിഷൂചിക, സന്നിപാതജ്വരം, വയറുകടി മുതലായ രോഗങ്ങളും വേഗത്തിൽ വ്യാപിക്കുന്നതു് വൃത്തിയും, വെടിപ്പുമില്ലാതെ ജീവിക്കുന്നവരുടെ ഇടയിലാണു്. ഈ വക രോഗങ്ങളും മറവുള്ളവരേയും ബാധിക്കാൻ അവസരം കൊടുക്കാതെ നഗരവാസികളും, നഗരസഭയും സഹകരിച്ചു പ്രവർത്തിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

ഗൃഹനിർമ്മാണത്തെയും നഗരസംവിധാനത്തെയും പറ്റി പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും ഉണ്ടു്. വാസ്തുവിദ്യ, ശില്പിരത്നം, മനുഷ്യാലയവിധി, മനുഷ്യാലയചന്ദ്രിക എന്നീ ഗ്രന്ഥങ്ങളും അതിപ്രധാനങ്ങളാകുന്നു. നഗരങ്ങളുടെ വളർച്ച അകത്തുനിന്നും പുറത്തേയ്ക്കാണെന്നു പറയാം. ഒരിക്കൽ നൂറു മന്ദിരങ്ങളുള്ള ഒരു നഗരത്തിൽ ഏട്ടോ പത്തോ കൊല്ലങ്ങൾക്കുള്ളിൽ ഇരുന്നൂറോ മുന്നൂറോ അതിലധികമോ ഭവനങ്ങളും ഉണ്ടാകാൻ പാടില്ലായ്കയില്ല. വാണിജ്യത്തിലും വ്യവസായത്തിലും ഒരു നഗരത്തിനുള്ള പ്രാധാന്യമനുസരിച്ചായിരിക്കും അതിന്റെ വളർച്ച. ബാംബെ, കൽക്കട്ട മുതലായ വൻകിട നഗരങ്ങളുടെ വളർച്ച വിസ്മയാവഹമാകുന്നു. ഇംഗ്ലണ്ടിന്റെ തലസ്ഥാന

മായ ലണ്ടൻനഗരം വളർന്നുവളർന്ന് ഇപ്പോൾ ഇംഗ്ലണ്ടിന്റെ ഒരു വലിയ വിഭാഗം ഉൾക്കൊള്ളുന്നു. അമേരിക്കയിലെ ന്യൂയാർക്ക് നഗരത്തിൽ കെട്ടിടങ്ങൾ പണിയാൻ സ്ഥലം മതിയാകാത്തതുകൊണ്ട് എൺപതും തൊണ്ണൂറും നിലയുള്ള സൗധങ്ങൾ ആകാശത്തേയ്ക്കുയർത്തുന്നതുകൊണ്ട് സ്ഥലദൗർല്ലഭ്യം പരിഹരിക്കപ്പെട്ടുമല്ലോ!

സമുദ്രതീരത്തുള്ള നഗരങ്ങളെ പട്ടണങ്ങൾ എന്നാണ് സാധാരണ വിളിക്കുന്നത്. ചെന്നപട്ടണം, നാഗപട്ടണം, കാവേരിപ്പൂമ്പട്ടണം മുതലായ നാമങ്ങൾ സ്മരിക്കുക. ഇവയിൽ ഒന്നിന്റെ കഥ പറയാം. കാവേരിപ്പൂമ്പട്ടണം ചോളരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇത് പത്തു നാഴിക നീളവും പത്തു നാഴിക വീതിയും ഉള്ള സമചതുരാകാരമായിരുന്നു. സമുദ്രസാമീപ്യം നിമിത്തം വൻതോതിലുള്ള കച്ചവടം ഇവിടെ നടന്നിരുന്നു. പുറനഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലാണ് യവനന്മാർ തുടങ്ങിയ വിദേശവണിക്കുകൾ വസിച്ചിരുന്നത്. നാലു പുറത്തുമുള്ള തെരുവുകളിൽ സുഗന്ധദ്രവ്യവ്യാപാരികളും പട്ടുതുണി കച്ചവടക്കാരും കസവുതുണി വ്യാപാരികളും പണ്ടശാലകൾ നെയ്ത്തുകാരും പാർത്തിരുന്നു. ഈ വലയത്തിനുള്ളിലായിരുന്നു ധാന്യസംഭരണം ചെയ്യുന്നവരുടെ ഗൃഹങ്ങൾ. കൊല്ലന്മാർ, ആശാരിമാർ, കുശവന്മാർ, കമ്മാളന്മാർ, തോൽപ്പണിക്കാർ തുടങ്ങിയ തൊഴിൽ വർഗ്ഗക്കാരുടെ ഭവനങ്ങൾ അതിനുള്ളിലായിരുന്നു. നഗരാന്തർഭാഗത്തായിരുന്നു രാജഗൃഹം സ്ഥിതിചെയ്തിരുന്നത്. അതിനു ചുറ്റുമുള്ള വീഥികളിൽ വൈദികന്മാർ, ഭിഷഗ്വരന്മാർ, ജ്യോത്സ്യന്മാർ മുതലായ വിദ്യാവിചക്ഷണന്മാർ

വസിച്ചിരുന്നു. രാജപരിവാരങ്ങളും രാജസേവകന്മാരും ഉദ്യോഗസ്ഥന്മാരും കൊട്ടാരത്തിനടുത്തുള്ള മറെറാരു തെരുവിലാണു പാർത്തിരുന്നതു്. വേറൊരു തെരുവിലായിരുന്നു ആനപ്പന്തി, കുതിരപ്പന്തി, തേർപ്പന്തി, ഭടസംഘം എന്നിവയുടെ ആസ്ഥാനം. വിശാലങ്ങളായ പുൽത്തകിടികളും ആവിടവിടെ നിർമ്മിക്കപ്പെട്ടിരുന്നു. മറെറാരുഭാഗത്തായിരുന്ന വിദ്യാമന്ദിരങ്ങളുടെയും നീതിന്യായമണ്ഡപങ്ങളുടെയും ക്ഷേത്രങ്ങളുടെയും സ്ഥാനം. ഉദ്യാനങ്ങളും, വാപീകൂപങ്ങളും ഉചിതസ്ഥാനങ്ങളിൽ സജ്ജമാക്കിയിരുന്നു. ഇങ്ങനെ ശ്രീദേവിയുടെ നൃത്തരംഗമായി കാവേരിപ്പൂമ്പട്ടണം ചിരകാലം ശോഭിച്ചു.

എല്ലാ നഗരങ്ങൾക്കും ശുചിത്വം, സൗകര്യം, സൗന്ദര്യം എന്ന മൂന്നു ഗുണങ്ങളും കൂടിയേതീരൂ. ജനബാഹുല്യം ഈ മൂന്നംശങ്ങളെയും സാരമായി ബാധിക്കാവുണ്ടു്.

ഒരു നഗരം വളർന്നു വലുതാകുമ്പോൾ അതിനെ മഹാനഗരം എന്നു വിളിക്കുന്നു. ചിലപ്പോൾ മഹാനഗരത്തിനു ചുറ്റും അല്പം അകലെയായി ഉപനഗരങ്ങളും നിർമ്മിക്കുന്നതു് നല്ല രീതിയാണു്. ഓരോ ദിക്കിൻെറയും പ്രാദേശികാവശ്യം നോക്കിവേണം ഇതെല്ലാം ചെയ്യുവാൻ. തോട്ടകളും തീവണ്ടിപ്പാതകളും നിർമ്മിക്കുന്നതു് ഏതേതു നഗരഭാഗങ്ങളിൽ വേണമെന്നു് വിദഗ്ദ്ധന്മാർ ആലോചിച്ചു തീരുമാനിക്കേണ്ടതാണു്.

നഗരവാസികളുടെ ആരോഗ്യം അവിടത്തെ ശുചീകരണവ്യവസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതു്. മുനിസിപ്പാലിറ്റികൾ എത്രതന്നെ പരിശ്രമിച്ചാലും ജനങ്ങൾ കർത്തവ്യബോധമില്ലാത്തവരായിപ്പോയാൽ ഏതു നഗരവും വൃത്തി

ഹീനവും അനാരോഗ്യകേന്ദ്രവും ആയി അധഃപതിച്ചേയ്ക്കും. മലിനജലം ഒരെപ്പായിക്കാനുള്ള ഓടകളും മലമൂത്രങ്ങൾ നീക്കംചെയ്യാനുള്ള ഏർപ്പാടുകളും എല്ലാ നഗരത്തിലും ഉണ്ടായിരിക്കുക പതിവാണ്. ഓരോ ഭവനത്തിലുമുള്ളവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പൊതു നിരത്തുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുക, റോഡുകളിൽ തുപ്പൽ വീഴ്ത്തുക, ശുദ്ധജലം വഹിക്കുന്ന പൈപ്പുകളുടെ ചുവട്ടിൽനിന്നു സ്നാനം ചെയ്യുക എന്നിങ്ങനെ നഗരവാസികൾ ഉപേക്ഷിക്കേണ്ട പതിവുകൾ പലതുമുണ്ട്. ഇതെല്ലാം മറവുള്ളവർ നിർബ്ബന്ധിച്ചു വരുത്തേണ്ട ശീലങ്ങളല്ല. വിദ്യാഭ്യാസവും, മനസ്സംസ്കാരവുംകൊണ്ടുളവാകേണ്ട ശീലങ്ങളാണ്.

മനുഷ്യന്റെ നഗരവാസാസക്തി ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്നു. ഗ്രാമീണർപോലും ഇന്നു നഗരവാസം ഇച്ഛിക്കുന്നു. രമ്യങ്ങളായ ഭ്രഷ്ടാഗങ്ങൾ നഗരങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. നഗരങ്ങളിൽ ജലക്ഷാമവും, രോഗഭീതിയും നേരിടുമ്പോൾ മാത്രമേ ജനങ്ങൾ നാട്ടിൻപുറത്തേയ്ക്കു പോകാൻ ആഗ്രഹിക്കുകയുള്ളൂ. ഗ്രാമദേശം ശുദ്ധവായുവിന്റെയും, ശുദ്ധജലത്തിന്റെയും ആസ്ഥാനമായതുകൊണ്ട് ആരോഗ്യസമ്പാദനത്തിനു വളരെ ഉപകരിക്കും. നല്ല കെട്ടിടങ്ങളും, റോഡുകളും നാട്ടിൻപുറങ്ങളിലും ആവശ്യമാണ്. പക്ഷേ അവിടവും നഗരംപോലെ ആക്കിത്തീർക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കേണ്ടതു ഗ്രാമീണരുടെ കർത്തവ്യമാകുന്നു. നമുക്കു നഗരം മാത്രം പോരാ, നാട്ടിൻപുറവും വേണം. നഗരവാസവും, ഗ്രാമവാസവും തമ്മിൽ ചൂടും തണുപ്പും പോലെയോ, ബഹളവും ശാന്തിയും പോലെയോ ഉള്ള വ്യത്യാസമുണ്ട്.

മനുഷ്യനു് പ്രവൃത്തിയും, നിവൃത്തിയും ആവശ്യമാണു്. ഇവ രണ്ടും ഉണ്ടായാലേ ജീവിതസൗഖ്യം ഉളവാകയുള്ളു. നഗരം പ്രവൃത്തിരംഗമാണെങ്കിൽ ഗ്രാമം നിവൃത്തിസ്ഥാനമാണെന്നു പറയാം.

പാഠം 27

ശശികല

[പൂർവ്വകാലങ്ങളിൽ എല്ലാ രാജ്യത്തും ഗദ്യവും പദ്യവും ഇടകലർത്തിയാണു് നാടകങ്ങൾ രചിക്കപ്പെട്ടിരുന്നതു്. ഈ സമ്പ്രദായം ക്രമേണ മാറി ഗദ്യനാടകങ്ങൾ നടപ്പിൽവന്നു. എന്നാൽ ഏകദേശം നാനൂറുകൊല്ലം മുമ്പു് ഇറ്റലിയിൽ പദ്യം മാത്രം ഉപയോഗിച്ചുള്ള ഒരു ഗാനനാടക പ്രസ്ഥാനം ഉടലെടുക്കുകയുണ്ടായി. ഇതിനു് ഓപ്പറാ (Opera) എന്നാണു പേർ. ഈ രീതിയിലുള്ള കൃതികൾ മലയാളഭാഷയിൽ അധികം ഉണ്ടായിട്ടില്ല. നമ്മുടെ ആട്ടക്കഥകൾ മറെറാരു തരത്തിലുള്ള കൃതികളാണു്. ഓപ്പറയുടെ ഒരു ലഘുമാതൃകയാണു് "ശശികല" എന്ന പാഠത്തിൽ കാണുന്നതു്. ഇതിൽ കഥാപാത്രങ്ങൾ മൂന്നേയുള്ളു. കിളികൾ ചേർന്നുള്ള ഒരു ഗായകസംഘവുമുണ്ടു്.]

രംഗം ൧.

[ശശികല; പത്തുവയസ്സുള്ള ബാലിക. വീടിന്റെ ഒരു വശത്തുള്ള ഉദ്യാനത്തിൽ പൂക്കളിറുത്തു തുള്ളിച്ചാടി നടക്കുന്നു. കുറച്ചു നേരം ഒരു വള്ളിയിൽ തൂങ്ങിയാടുന്നു.]

കിളികൾ:—(ഗായകസംഘം)

അതുകണ്ടോ, നോക്കുവിനാരാമലക്ഷ്മിത—
ന്നവതാരംപോലുള്ള പെൺകൊടിയെ.

അഴകിന്നഴകവൾ, പൂക്കളിലോരോന്നി—
ലൊഴുകി നടക്കും പൂമ്പാറ്റപോലെ,
മധുവും മണവും നിറങ്ങളും കൈകോർത്ത
മധുകാല ലീലാവിലാസംപോലെ,
മഴവില്ലിൻ മാദകവർണ്ണങ്ങളുംകൊള്ളും
മരതകമാണിക്കച്ചെപ്പുപോലെ,
മലരണിവല്ലീനികുഞ്ജത്തിലൂഞ്ഞാലി—
ലലയിളക്കീടുന്ന ലീലകണ്ടോ!

ശശികല, ശശികലയവളൊരു നാകീയ—
ശിശുകല, ശിശിരിതചന്ദ്രലേഖ.

തനയയെത്തേടിയിപ്പൂങ്കാവിലേയ്ക്കുതാ
തരുണിയാമമ്മിണി വന്നിടുന്നു.....!

(അമ്മിണി—താരുണ്യവും ലാവണ്യവും കലർന്ന രൂപം—ഖിന്നമായ മുഖഭാവം)

അമ്മിണി:—ഓമനേ! നീയെന്തീ പൂവനത്തി—
ലോടിക്കളിപ്പതീ നേരമെല്ലാം!

ശശികല:—ഓമനപ്പൂക്കളെ വിട്ടുപോവാൻ
ഹാ, മനം സമ്മതിക്കില്ല, തെല്ലും.
എന്തൊരു സങ്കടമമ്മയിന്നും
ചിന്തിയ കണ്ണുനീർപ്പാട കാൺമൂ.

അമ്മിണി:—ചിന്തകളേറെയുണ്ടോമലേ! നീ—
യെന്തിനിക്കായ്ങ്ങളം തേടിടുന്നു?.....

ശശികല:— അച്ഛനെക്കാണാത്ത ജീവിതത്തി—
ലിച്ചെറു കുഞ്ഞിനും ദുഃഖമില്ലേ?
അമ്മയ്ക്കെന്നച്ഛനെക്കാണുവാനും
സമ്മതമില്ലാത്തതെന്തുകൊണ്ടോ ।

അമ്മിണി:— സമ്മതമില്ലാത്തതല്ല കുഞ്ഞേ !
കർമ്മമാണല്ലോഹം നാടുവിട്ടു.

ശശികല:— എന്നു ഞാനച്ഛനെക്കാണുമമ്മേ !
അമ്മിണി:— നിർണ്ണയിച്ചീടുവാൻ വയ്യാ കുഞ്ഞേ !
ശശികല:— അച്ഛനീ നാട്ടിലെങ്ങാനുമുണ്ടോ ?.....
അമ്മിണി:— പിച്ചയും തെണ്ടിപ്പിരിഞ്ഞു പോയി.
ശശികല:— പിച്ചക്കാരുണ്ടമ്മേ പട്ടണത്തിൽ
അമ്മിണി:— അച്ഛനക്കൂട്ടത്തിലില്ല കുഞ്ഞേ !
ശശികല:— അച്ഛനെപ്പോലൊരാളുണ്ടവിടെ ;
അമ്മിണി:— ഉച്ചരിച്ചീടാതെ വല്ലതും നീ.
ശശികല:— താടിയും, മീശയും, കാവിമുണ്ടും !
അമ്മിണി:— പോടി, നീ ഭ്രാന്തുപറഞ്ഞിടാതെ.
ശശികല:— പള്ളിക്കൂടത്തിലേയ്ക്കുത്തമന്മാർ !
അമ്മിണി:— കള്ളസ്സന്ന്യാസിമാരാണു, തങ്കം !
ശശികല:— 'മോളേ'യെന്നെന്നെ വിളിച്ചിതങ്ങോർ;
അമ്മിണി:— 'മോളാ'ണവക്കേതു പെൺകിടാവും !
ശശികല:— അമ്മയാരെന്നു തിരക്കിയങ്ങോർ;
അമ്മിണി:— നന്മയുള്ളാരുമിടയ്ക്കു കാണും !
ശശികല:— ഇന്നു ഞാൻ കൂട്ടിച്ചുകൊണ്ടുപോരും
അമ്മിണി:— പെണ്ണിനു വേല വേറൊന്നുമില്ലേ ?

രംഗം 2.

കിളികൾ:—(ഗായകസംഘം)

കണ്ണുനീർ തൂകിക്കൊണ്ടു
മാതാവു നിന്നീടുന്നു—
താണ്ണയിൽ; ശശികല
പാഠശാലയിൽ പോണു!.....

അച്ഛനെന്നോതും താടി—
ക്കാരനെക്കണ്ടെത്തണം
നിശ്ചയം വരുത്താനും
ലോലബാലിക പോണു!....

[വഴിയിൽ ഒരു സന്ന്യാസി ഇരിക്കുന്നു. ശശികല നടന്നടുക്കുന്നു. സന്ന്യാസി ആനന്ദിക്കുന്നു.]

സന്ന്യാസി:—അരുമപ്പൂങ്കുലേ! ശശികലേ! ലോലേ!
വരുവാൻ വൈകിയതെന്തേ?.....

ശശികല:—മമ ജനനിതൻ മനോവിഷാദങ്ങൾ
മാറ്റെടുത്തു ഞാൻ കണ്ടു.

സന്ന്യാസി:—പറക, കോമളേ! തവജനനിക്കു
പതിവില്ലാതെന്തു ഖേദം?

ശശികല:—ജനകനില്ലാത്ത 'മകടെ' സങ്കടം
ജനനിക്കേകുന്നു ഖേദം.

സന്ന്യാസി:—ശശികലേ! ബാലേ! തവ പിതാവാകും
ശഠനെ ഞാനിന്നു കാട്ടാം!

ശശികല:—ശരി, യെന്നാലിന്നീ മകളുമമ്മയും
ശകുനംകണ്ടതു കൊള്ളാം!

സന്ന്യാസി:—ഹൃദയഹാരിണി! വരട്ടെയോ, നിന്റെ
സദനസീമയിൽ ഞാനും!

ശശികല:—വരണമേ, ഭവാൻ ഭവനത്തിലിന്നു
വരമരുളണേ, മോദാൽ

സന്ന്യാസി:—വരികയായി ഞാൻ, താമിക്കു മുമ്പിൽ നീ
വഴിയറിയും ഞാൻ പോരാൻ!

രംഗം ൩.

[വീടിന്റെ മൻവശം; അമ്മിണി കാത്തിരിക്കുന്നു. ശശികല ഓടി പ്രവേശിക്കുന്നു.]

ശശികല:—അച്ഛനമൊത്തിപ്പൊഴെത്തും
ഭിക്ഷുവയ്നമേ!

അമ്മിണി:—അച്ഛനേ നീ, കണ്ടോ കുഞ്ഞേ!
നിശ്ചയമോ, കായ്യം?.....

ശശികല:—കള്ളമെന്നോടോതുകില്ല—
പ്പുണ്യവാനാം യോഗി

അമ്മിണി:—കള്ളനാകാമെന്റെ തങ്കം
കാവിവസ്ത്രധാരി!

ശശികല:—ശാപമേകും മാമുനിമാർ
നമ്മളാക്ഷേപിച്ചാൽ!

അമ്മിണി:—ശാപമോക്ഷമേകുവാനും
വേറെയാരും വേണ്ടാ!

ശശികല:—പാപമോതാതമ്മെ! യതാ
വന്നുപോയ് സന്ന്യാസി!.....

[സന്ന്യാസി, നാമം ജപിച്ചുകൊണ്ടു പ്രവേശിക്കുന്നു.]

രാമ രാമ, സീതാരാമാ രാമ സീതാരാമാ
രാമ രാമ.....

ശശികല:—അച്ഛനേയും കൊണ്ടുവരാ—
തങ്ങു താനേ വന്നോ ?

സന്ന്യാസി:—അച്ഛനാരെന്നോർത്തും നിൻെറ—
യമ്മയിന്നു കൂഞ്ഞേ !

അമ്മിണി:—ഞാനറിയാതെങ്ങനെയാ—
ണൂരുചുറ്റുവോനെ ?.....

അമ്മിണി:—സ്ഥാനാക്കമങ്ങുന്നെൻെറ
കൂഞ്ഞിനേയും കൂട്ടി
ബുദ്ധിമുട്ടി വന്നതെന്തു—
കാരണത്താലാവോ ?....

ശശികല:—എൻെറ താതനെങ്ങിരിപ്പു,
ചൊല്ലുകില്ലേ, വേഗം

സന്ന്യാസി:—നിൻെറ താതനിങ്ങു നിൽപ്പു,
താടിമീശയോടെ.

അമ്മിണി:—കഷ്ടമങ്ങു സന്ന്യസിച്ചു—
തെന്നുതൊട്ടാണയ്യോ !
കെട്ടഴിച്ചുവെച്ചുവെന്നോ,
ചെയ്ത പാപമെല്ലാം !

സന്ന്യാസി:—കെട്ടഴിച്ചു കാട്ടിടാം ഞാൻ,
കൃത്രിമമായ് വെച്ചു—
കെട്ടിയതാണീ നരച്ച്
താടിമീശയെല്ലാം!

(സന്ന്യാസി കൃത്രിമത്താടിമീശ എടുത്തു മാറുന്നു.)

അമ്മിണി:—എന്മകളേ! നിൻെറ താതനിക്കപടയോഗി
നന്മയുള്ള നിൻെറ ജന്മം ഭാഗ്യപൂർണ്ണമായി.

സന്ന്യാസി:—എന്നകളേ! നീ നിമിത്തം
ഭാഗ്യവാനായ് ഞാനും!
തിന്നചെയ്തോനെങ്കിലും നീ
മാപ്പുനൽകുകില്ലേ!....

ശശികല:—അച്ഛനെനിക്കുമ്മതന്നാൽ
മാപ്പുനൽകാം,മെന്നെറ
ഇച്ഛപോലീ വീട്ടിലമ്മ-
യൊത്തുവാണീടേണം!!

(ശശികല അച്ഛനെ ചുംബിക്കുന്നു. അച്ഛൻ അവളെ ആശ്ലേഷിക്കുന്നു. അമ്മിണി നോക്കിനിന്നാനന്ദിക്കുന്നു.)

കിളികൾ:—(ഗായകസംഘം)
കൗതുകമാഹാ, കണ്ടാലും!
കൈതവരഹിതം ശിശുഹൃദയം
ശശികല നേടീ സൗഭാഗ്യം!
വിശദവിശാരദപിതൃസഖ്യം!

[പാലാ നാരായണൻ നായർ.

പാഠം 28

അഗ്നിപർവ്വതങ്ങൾ

പണ്ട് ഇറലിയിൽ പോമ്പി എന്നൊരു നഗരം ഉണ്ടായിരുന്നു. വെസൂവിയസ്സ് പർവ്വതത്തിനു സമീപമായിരുന്നു ആ നഗരം സ്ഥിതിചെയ്തതു്. മനോഹരങ്ങളായ മാളികകളും അങ്കക്കളങ്ങളും ആരാമങ്ങളും നിറഞ്ഞ ആ

നഗരത്തെ അക്കാലത്തു് പാശ്ചാത്യപരിഷ്കാരത്തിന്റെ കേന്ദ്രസ്ഥാനമായിട്ടു കരുതിപ്പോന്നു.

ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു് ഒരു ദിവസം പോമ്പിയിലെ പ്രസിദ്ധമായ അങ്കക്കളത്തിൽ അനേകായിരം ആളുകൾ ഒരു മല്ലയുദ്ധം കണ്ടുകൊണ്ടിരിക്കയായിരുന്നു. മല്ലന്മാരുടെ അലർച്ചകളും കാണികളുടെ ആർപ്പുവിളികളുംകൊണ്ടു് ആ നഗരമെങ്ങും മാറ്റൊലിക്കൊണ്ടു. പെട്ടെന്നു് ആകാശം ഭേദിക്കുന്ന ഒരു ശബ്ദം! അതുകേട്ടു സകലരും ഞെട്ടി. ഭൂമി തകർന്നുപോകുമെന്നു് അവർക്കു തോന്നി. പരിഭ്രമിച്ചു് അവർ വെസൂവിയസ്സിലേയ്ക്കു നോക്കി. കൊടുമുടിയിൽനിന്നും കറുത്തിരുണ്ട പുകതൂണിന്റെ ആകൃതിയിൽ കുതിച്ചുപൊങ്ങുന്നതു് അവർ കണ്ടു. പത്തായിരം അടി പൊങ്ങിയശേഷം ആ വമ്പിച്ച തൂണിന്റെ മുകൾഭാഗത്തുനിന്നും വൃക്ഷശാഖകൾ പോലെയുമായി നാലുപാടും പരന്നു. ക്രമേണ ആ ശാഖകൾ ചെന്തീയായി മാറി. കത്തിയെരിഞ്ഞും, ചിലപ്പോൾ നിറം മങ്ങിയും പ്രകാശിച്ച ആ അഗ്നിജ്വാലകൾ കണ്ടു് കാണികൾ അമ്പരന്നു. അവർ ജീവരക്ഷയ്ക്കായി നാലുപാടും പാച്ചിൽ തുടങ്ങി.

ഈ ബഹളത്തിനിടയ്ക്കു് ഭൂമിക്കുള്ളിൽനിന്നും അതിഭയങ്കരമായ ഒരു ഇരമ്പൽ കേട്ടു. അതിനെത്തുടർന്നു് ഭൂമി ചലിക്കാനും ആരംഭിച്ചു. ക്ഷണനേരം നിമിഷങ്ങൾക്കുള്ളിൽ അനേകം മാളികകൾ നിരനിരയായി തകർന്നുവീണു. അവയ്ക്കിടയിൽപ്പെട്ടു മരിച്ചവർക്കു് കയ്യും കണക്കുമില്ല.

പെട്ടെന്നു് പർവ്വതം കത്തിയെരിയുന്ന പാറക്കഷണങ്ങളും കറുത്ത പൊടിയും വർഷിക്കാൻ തുടങ്ങി. അല്പ

സമയത്തിനുള്ളിൽ അന്തരീക്ഷം പൊടികൊണ്ടു നിറഞ്ഞു. അതിനാൽ ശ്വാസോച്ഛ്വാസം അസാദ്ധ്യമായിത്തീർന്നു. പലരും മേഘാലസ്യപ്പെട്ടു വീണു. ഇതിനിടയ്ക്ക് ആ പ്രദേശം അന്ധകാരമയമായി.

ക്രമേണ സർവ്വവും ശാന്തമായി. അപകടം നീങ്ങിയെന്നു വിചാരിച്ച് ജനങ്ങൾ തെല്ലൊന്നു് ആശ്വസിച്ചു. എന്നാൽ ആ ശാന്തത നീണ്ടുനിന്നില്ല. പർവ്വതത്തിൽനിന്നു് നീരാവിയും ഉരുകിത്തിളയ്ക്കുന്ന ദ്രാവകവും തിളച്ചുപൊങ്ങി. തിളയ്ക്കുന്ന ദ്രാവകം—ലാവ എന്നാണു് ഇതിനു പേരു്—പർവ്വതത്തിന്റെ താഴ്വരയിൽക്കൂടി പ്രവഹിക്കാൻ ആരംഭിച്ചു. ലോകപ്രസിദ്ധമായിരുന്ന പോമ്പിനഗരം ലാവയിൽ നിശ്ശേഷം മുങ്ങി. ഒരൊറ്റ ജീവൻപോലും അവിടെയെങ്ങും ശേഷിച്ചില്ല.

ഈ ദാരുണസംഭവം നടന്നതു് ക്രിസ്തുവർഷം അറുപത്താൻപതാമാണ്ടായിരുന്നു. അന്നു് ആ പട്ടണത്തിൽനിന്നും രക്ഷപ്പെടാൻ ഭാഗ്യമുണ്ടായ പ്ലിനി എന്ന ചരിത്രകാരനാണു് ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്.

വെസൂവിയസ്സു് എത്ര ശക്തിയോടുകൂടിയാണു് പൊട്ടിയതെന്നും എന്തെല്ലാം നാശങ്ങളാണു വരുത്തിവച്ചതെന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ മറ്റു പർവ്വതങ്ങളുടെ സ്ഫോടനശക്തിയോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു് എത്രയും നിസ്സാരമെന്നേ തോന്നുകയുള്ളൂ. മുക്കാൽ ശതാബ്ദം മുൻപു് (ക്രി. പി. 1883–ൽ) ക്രാക്കത്തോവാ എന്ന അഗ്നിപർവ്വതം എത്രമാത്രം ശക്തിയോടുകൂടിയാണു പൊട്ടിത്തെറിച്ചതെന്നു് ഭൂശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ വിവരങ്ങൾ അറിയുന്നതു് രസാവഹമാണു്.


സുമാത്രാ, ജാവാ എന്നീ ദ്വീപുകളുടെ ഇടയ്ക്കാണ് ക്രാക്കത്തോവാ. അഞ്ചു മൈൽ നീളവും മൂന്നു മൈൽ വീതിയുമുള്ള ഒരു ദ്വീപായിരുന്നു അത്. അതിലെ പർവ്വതത്തിനു് ആറായിരം അടി പൊക്കമുണ്ടായിരുന്നു. അതു പൊട്ടിയപ്പോൾ ധൂമപടലത്തെയും പാറക്കഷണങ്ങളെയും പതിനേഴു മൈൽ പൊക്കത്തിലാണ് ചുഴറ്റി എറിഞ്ഞതു്. പൊട്ടിയപ്പോൾ ഉണ്ടായ ശബ്ദം ആയിരത്തിഅഞ്ഞൂറു മൈൽ അകലെയുള്ള ഫിലിപ്പൈൻ ദ്വീപിലും, രണ്ടായിരത്തിഅഞ്ഞൂറോളം മൈൽ അകലെയുള്ള പടിഞ്ഞാറെ ആസ്ത്രേലിയായിലും കേൾക്കാമായിരുന്നു. സ്ഫോടനഫലമായി ദ്വീപിന്റെ വടക്കുഭാഗം മുഴുവൻ പൊട്ടിത്തെറിച്ചു പോയി. പൊട്ടിത്തെറിച്ച പാറക്കഷണങ്ങൾ കൂമിഞ്ഞുകൂടി പുതിയ ദ്വീപുകൾ ഉണ്ടായി. ക്രാക്കത്തോവാതന്നെ എട്ടുമൈൽ നീളവും ആയിരം അടി താഴ്ചയുമുള്ള ഒരു വൻ കിടങ്ങായി രൂപാന്തരപ്പെട്ടു. ജ്വലിക്കുന്ന പാറക്കഷണങ്ങളും തിളയ്ക്കുന്ന ലാവയും വീണ് അടുത്തുള്ള ദ്വീപുകളിലെ വനങ്ങളെല്ലാം എരിഞ്ഞു ചാമ്പലായി. ആ പർവ്വതത്തിൽനിന്നും പുറപ്പെട്ട ധൂമം വ്യാപിച്ചതുകൊണ്ടു് നൂറു മൈൽ അകലെയുള്ള ബറേവിയ കുരിരുളിൽ ആണ്ടുപോയി. പകൽ വീടുകളിൽ വിളക്കു കത്തിക്കേണ്ടിവന്നു. ഈ ധൂമപടലം ആറാഴ്ചക്കാലംകൊണ്ടു് അമേരിക്കാ, ആഫ്രിക്കാ, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിലെ അന്തരീക്ഷം മുഴുവൻ വ്യാപിച്ചു. അക്കാലത്തു് അസ്തമയസൂര്യനെ ചെമ്പിച്ചനിറത്തിലാണ കണ്ടുവന്നതു്. അതിനു കാരണം ഈ ധൂമപടലമായിരുന്നു. പർവ്വതം പൊട്ടിയപ്പോൾ സമുദ്രത്തിനു് വലിയ ക്ഷോഭമുണ്ടായി. തിരമാലകൾ നൂറടിയോളം പൊങ്ങി. ഇവിടെനിന്നും പുറപ്പെട്ട അലകൾ

പതിനേരായിരം മൈൽ അകലെയുള്ള ഇംഗ്ലീഷ് ചാനൽ വരെ ചെന്നെത്തിയിട്ടുണ്ട്. ഈ പൊട്ടൽ അമ്പതിനായിരംപേരുടെ ജീവഹാനിക്കു കാരണമായിത്തീർന്നു. ഇത്രയേറെ ഭയങ്കരമായി പൊട്ടിത്തെറിച്ച മറെറാരു അഗ്നിപർവ്വതത്തെപ്പററിയും അറിവില്ല.

ഇത്രയും പറഞ്ഞതിൽനിന്നും അഗ്നിപർവ്വതങ്ങൾ എത്ര ശക്തിയോടുകൂടിയാണു പൊട്ടുന്നതെന്നു ഗ്രഹിക്കാമല്ലോ. ഈ ശക്തി ചില പർവ്വതങ്ങൾക്കുമാത്രം എങ്ങനെ സിദ്ധിക്കുന്നു എന്നാണു് ഇനി നോക്കാനുള്ളതു്.

ഭൂമിയുടെ ഉള്ളിലേയ്ക്കു പോകുന്തോറും ചൂടു കൂടിക്കൂടി വരുന്നു. വളരെ ആഴമുള്ള ഖനികളിൽ ചൂടു് അസഹ്യമായിരിക്കും. ഉപരിതലത്തിൽനിന്നും ശ്രദ്ധാപൂർവ്വം ഖനികൾക്കുള്ളിൽ പ്രവഹിപ്പിച്ചാണു് ഈ ചൂടു കുറയ്ക്കാറുള്ളതു്. മൂന്നും നാലും മൈൽ ആഴമുള്ള ഖനികളിലെ സ്ഥിതി ഇതാണെങ്കിൽ പതിനഞ്ചും ഇരുപതും മൈൽ ആഴത്തിൽ ഭൂമിയുടെ ചൂടു് എത്രത്തോളമായിരിക്കും! അത്രയും ചൂടിൽ യാതൊരു പദാർത്ഥത്തിനും കട്ടിയായിരിക്കുവാൻ സാദ്ധ്യമല്ല. അവിടെ പാറയും ലോഹവുമെല്ലാം ദ്രവരൂപത്തിൽ തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുകയായിരിക്കും. ഇതാണു് ഭൂമിയുടെ അന്തർഭാഗത്തിന്റെ സ്ഥിതി.

ഇങ്ങനെ തിളച്ചുമറിയുന്ന ദ്രാവകത്തിൽനിന്നും നീരാവി സദാ പൊങ്ങിക്കൊണ്ടിരിക്കും. നീരാവി കൂടുന്തോറും അതിനിരിക്കാൻ സ്ഥലവും കൂടുതൽ വേണമല്ലോ. എന്നാൽ നീരാവിയുടെ ആധിക്യം അനുസരിച്ചു് ഭൂമിയുടെ ഉള്ളിലുള്ള വിടവുകൾ വികസിക്കുന്നില്ല. അതുകൊണ്ടു് ഉള്ള സ്ഥലത്തു് നീരാവി തിങ്ങി ഞെരുങ്ങുന്നു. നൂറും ഇരുനൂറും



കൊല്ലം കൊണ്ട് എത്രമാത്രം നീരാവിയാണ് ഭൂമിയുടെ ഉള്ളിലുള്ള വിടവുകളിൽ തിങ്ങിഞെരുങ്ങുന്നതെന്ന് ഊഹിച്ചു നോക്കുക! ഈ നീരാവി വികസിച്ച് വെളിയിൽവരാൻ സദാ പ്രയത്നിച്ചുകൊണ്ടിരിക്കയാണ്. ആ പ്രയത്നത്തിൽ ചിലപ്പോൾ ഭൂമിയുടെ ഉർബുലങ്ങളായ ഭാഗങ്ങളെ തട്ടിത്തകർത്തുകൊണ്ട് അതു മേല്പോട്ടു കുതിച്ചു പായും. അതോടെ

കൂടി തിളച്ചുമറിയുന്ന ലാവയെയും വെളിയിലേയ്ക്കു തള്ളും. ഇക്കാര്യം ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. സോഡാക്കുപ്പി പൊട്ടിക്കുന്നതു കണ്ടിരിക്കുമല്ലോ. അതിനകത്തു് ഇംഗാലാമ്ലവാതകം ഞെരുക്കിക്കയറ്റിയിരിക്കയാണു്. കുപ്പി പൊട്ടിക്കുമ്പോൾ ഞെരുങ്ങിയിരിക്കുന്ന വാതകം കുമിളകളായി മേല്പോട്ടു പൊങ്ങും. വാതകം വികസിച്ചു വെളിയിൽ വരുമ്പോൾ സോഡാവെള്ളത്തെയും ഉയർത്തിക്കൊണ്ടു വെളിയിലേയ്ക്കു തള്ളും. നിറച്ച സോഡാക്കുപ്പികളിൽ ചിലപ്പോൾ സ്വയം പൊട്ടാറുണ്ടു്. അകത്തുള്ള വാതകം ചൂടുകൊണ്ടു വികസിച്ചു് വെളിയിലേയ്ക്കു വരാനുള്ള പ്രയത്നത്തിലാണു് ഇങ്ങനെ സംഭവിക്കുന്നതു്. ഇതുപോലെയാണു് അഗ്നിപർവ്വതങ്ങൾ പൊട്ടുന്നതും.

സാധാരണമായി അഗ്നിപർവ്വതങ്ങളിൽ കാണുന്ന വിടവുകൾ വൃത്താകൃതിയിലുള്ള വലിയ കിണറുകൾപോലെയാണു്. ഈ ദ്വാരങ്ങളിൽ ചിലതിനു് ഒന്നും ഒന്നരയും മൈൽ ചുറ്റളവുണ്ടു്. ലാവാപ്രവാഹം നിലയ്ക്കുന്നതോടുകൂടി ഈ ദ്വാരത്തിന്റെ മുകൾഭാഗം ലാവകൊണ്ടു് അടഞ്ഞുപോകുന്നു. ക്രമേണ ഈ ലാവ, തണുത്തു കട്ടിപിടിക്കും. പർവ്വതം പിന്നീടു് ഒരു കാലത്തു് പൊട്ടുമ്പോൾ ഈ അടപ്പിനെ തെറിപ്പിച്ചുകൊണ്ടാണു് നീരാവിയും മറ്റും വെളിയിൽ വരുന്നതു്. ചില പർവ്വതങ്ങളിൽ മാത്രമേ ഇങ്ങനെയുള്ള ദ്വാരങ്ങൾ കാണുകയുള്ളൂ.


എപ്പോഴും പർവ്വതങ്ങളിൽ മാത്രമേ ഇത്തരം ദ്വാരങ്ങൾ കാണുകയുള്ളൂ എന്നു വിചാരിക്കരുതു്. ഐസ്‌ലൻഡിലെ സമതലങ്ങളിലും ഈ വിധത്തിലുള്ള വിടവുകൾ ധാരാളമുണ്ടായിരുന്നു. ഇവയിൽക്കൂടെയാണു് ലാവ പൊട്ടിപുറത്തുവന്നിട്ടുള്ളതു്. ഡക്കാൻ ഉന്നതതടത്തിലും ഇങ്ങനെ

യുള്ള വിടവുകൾ ഉണ്ടായിരുന്നതായി ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

മുകളിൽ വിവരിച്ചതുപോലെയുള്ള പൊട്ടലുകൾ സമുദ്രത്തിനടിയിലും ഉണ്ടാകാറുണ്ട്. ഇതിന്റെ ഫലമായി ചിലപ്പോൾ പുതിയ ദ്വീപുകൾ സമുദ്രത്തിൽ പൊന്തിവരുന്നു. പശ്ചിമശാന്തസമുദ്രത്തിലെ ചില ദ്വീപുകൾ ഈ വിധത്തിൽ ഉണ്ടായിട്ടുള്ളവയാണ്.

അഗ്നിപർവ്വതങ്ങൾകൊണ്ട് നമുക്കു ചില പ്രയോജനങ്ങളും ഉണ്ട്. പർവ്വതം പൊട്ടുമ്പോൾ ചെടികളുടെ വളർച്ചയ്ക്ക് ആവശ്യമുള്ള ഇംഗാലാമ്ലവാതകം, ചുണ്ണാമ്പ്, ഫാസ്ഫറസ്, പൊട്ടാഷ് എന്നീ സാധനങ്ങൾ വാതകരൂപമായും ദ്രവരൂപമായും വെളിയിൽ വരുന്നു. മഴയും നദികളും മുഖാന്തരം ഇവ ഭൂമിയിൽ പലയിടത്തും വ്യാപിക്കുന്നു. ഇക്കാരണത്താൽ ആ പ്രദേശങ്ങൾ ഫലപുഷ്ടിയുള്ളതായിത്തീരുന്നു. ചില രാജ്യങ്ങളിൽ കട്ടിപിടിച്ച ലാവ വെട്ടിയെടുത്ത് വീടുകെട്ടുന്നതിന് ഉപയോഗിക്കാറുണ്ട്.

അഗ്നിപർവ്വതങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. ആകെ നാനൂറിലുപ്പത് അഗ്നിപർവ്വതങ്ങൾ ഉള്ളതായിട്ടാണ് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുള്ളത്. വെസൂവിയസ്സ്, ക്രാക്കത്തോവാ, സിസിലിയിലെ എറ്റ്ന, ജപ്പാനിലെ ബന്തായിസാൻ, മാർട്ടിനിക്കിലെ പെലി എന്നിവ വളരെ പ്രസിദ്ധങ്ങളാണ്. നെയ്യാറിൻകര താലൂക്കിലെ മൂക്കുന്നിമലയും ഒരു കാലത്ത് ഒരു അഗ്നിപർവ്വതമായിരുന്നുവെന്നാണ് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.


NAVIRUL ISLAM HIGH SCHOOL
ERNAKULAM

2495